www.malankaralibrary.com

# ഇൻഡ്യയുടെ മെത്രാപ്പോലീത്താ
# മാർ അബ്രഹാം

ജി. ചേടിയത്ത് - ജി. അപ്പശ്ശേരി

OIRSI-138

കോട്ടയം

1990

www.malankaralibrary.com

G. Chediath-G. Appassery, **Indiayude Metrapolita Mar Abraham**

A Publication of the Oriental Institute of Religious Studies,
P. B. I. Vadavathoor, Kottayam-686 010.

Copyright: G. Chediath, 1990

Price: Rs. 14

Printed at the Pro Sanctity Printers, Manganam, Kottayam-686 018

# ഉള്ളടക്കം

പേജ്

അവതാരിക – ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ 1
ആമുഖം 3
റോമാ മാർപ്പാപ്പാമാർ 6
കൽദായ കത്തോലിക്കാ പാത്രിയർക്കീസുമാർ 6
ജസ്വീട്ട് ജനറൽമാർ 6
കൊച്ചി മെത്രാന്മാർ 6
ഗോവൻ ആർച്ചുബിഷപ്പുമാർ 7
ഗോവൻ ജസ്വീട്ട് പ്രൊവിൻഷ്യൽമാർ 7
പോർട്ടുഗീസ് രാജാക്കന്മാർ 7
ഗ്രന്ഥസൂചിക 8
ഇൻഡ്യയുടെ മെത്രാപ്പോലീത്താ ആയ മാർ അബ്രഹാം (+1597) 9
രേഖകൾ
1. മാർ അബ്ദീശോയ്ക്ക് പീയൂസ് IV പാപ്പായുടെ കത്ത് (1565 ഫെ. 23) 16
2. ഗോവാ ആർച്ചുബിഷപ്പിനുള്ള കത്ത് (1565 ഫെ. 28) 18
3. കൊച്ചീമെത്രാന് പീയൂസ് IV പാപ്പാ (1565 ഫെ. 28) 20
4. ഫ്രാൻസിസ് ബോർജിയായുടെ കത്ത് (1565 മാർച്ച് 23) 22
5. ഗ്രിഗറി XIII പാപ്പായ്ക്ക് മൂന്നു നസ്രാണികളുടെ കത്ത് (1578) 23
6. ഗ്രിഗറി പാപ്പായ്ക്ക് കൊച്ചീരാജാവിന്റെ കത്ത് (1576 ജനു. 2) 25
7. കൊച്ചീരാജാവിന് ഗ്രിഗറി പാപ്പായുടെ കത്ത് (1576 ഡിസം. 21) 26
8. കൊച്ചീരാജാവിന്റെ പ്രതിനിധിക്ക് ഗ്രിഗറി പാപ്പാ (1576 ഡി. 21) 28
9. മാർ അബ്രഹാമിന്റെ വിശ്വാസ പ്രഖ്യാപനം 29
10. ഡയനീഷ്യോയുടെ കത്തുകളിൽനിന്ന് (1577-78) 32
11. ഗ്രിഗറി പാപ്പായ്ക്ക് മാർ അബ്രഹാം (1578 ജനു. 3) 38
12. ഗോവാ ആർച്ചുബിഷപ്പിന് ഗ്രിഗറി പാപ്പാ (1578 ഒക്ടോ. 13) 40
13. ഗോവാ ആർച്ചുബിഷപ്പിന് ഗ്രിഗറി പാപ്പാ (1578 നവം. 20) 42
14. ആർച്ചുഡീക്കന് ഗ്രിഗറി പാപ്പാ (1578 നവം. 20) 44
15. മാർ അബ്രഹാമിന് ഗ്രിഗറി പാപ്പാ (1578 നവം. 23) 45
16. പോർട്ടുഗൽ രാജാവിന് ഗ്രിഗറി പാപ്പാ (1578 ഡിസം. 3) 46
17. ആർച്ചുഡീക്കന് ഗ്രിഗറി പാപ്പാ (1579 ജനു. 3) 47
18. മാർ അബ്രഹാമിന് ഗ്രിഗറി പാപ്പാ (1579 ഡിസം. 1) 48
19. ജസ്വീട്ട് ജനറലിന് പീറ്റർ ലൂയിസ് (1580 ജനു. 6) 49
20. ജസ്വീട്ട് ജനറലിന് ഡിഡാക്കൂസ് (1580 ജനു. 10) 51
21. ജസ്വീട്ട് ജനറലിന് തക്ഷെയ്‌രാ (1580 ജനു. 10) 52

www.malankaralibrary.com


22. ജസ്വിട്ട് ജനറലിന് മാർ അബ്രഹാം (1580 ജനു. 15) 55
23 അങ്കമാലിയിലെ ജനങ്ങൾക്ക് ഗ്രിഗറി പാപ്പാ (1580 ഫെ. 12) 57
24. ആർച്ചുഡീക്കന് ഗ്രിഗറി പാപ്പാ (1580 മാർച്ച് 4) 58
25. അങ്കമാലിയിലെ ജനങ്ങൾക്ക് ഗ്രിഗറി പാപ്പാ (1580 മാർച്ച് 5) 60
26. പോർട്ടുഗീസ് രാജാവിന് ഗ്രിഗറി പാപ്പാ (1580 മാർച്ച് 5) 62
27. ജസ്വിട്ട് ജനറലിന് പീറ്റർ ലൂയീസ് (1580 ഡിസം. 23) 63
28. ജസ്വിട്ട് ജനറലിന് മാർ അബ്രഹാം (1581 ജനു. 1) 66
29. ജസ്വിട്ട് ജനറലിന് മാർ അബ്രഹാം (1581 ഡിസം. 29) 67
30. ജസ്വിട്ട് ജനറലിന് ആർച്ചുഡീക്കൻ (1581 ഡിസം. 30) 68
31. ജസ്വിട്ട് ജനറലിന് ജോർജ്ജ് കാസ്ത്രോ (1582 ജനു. 2) 69
32. ജസ്വിട്ട് ജനറലിന് ജോർജ്ജ് കാസ്ത്രോ (1582 ഡിസം. 30) 70
33. ഗ്രിഗറി പാപ്പായ്ക്ക് മാർ അബ്രഹാം (1584 ജനു. 13) 72
34. ജസ്വിട്ട് ജനറലിന് വലിഞ്ഞാനോ (1584 ഡിസം. 12) 75
35. ജസ്വിട്ട് ജനറലിന് ഫാ. റോസ് (1587 ജനു. 6) 76
36. ജസ്വിട്ട് ജനറലിന് ജറോണിമോ സവിയേർ (1587 ഡിസം. 28) 81
37. ഫൊൻസെക്കായ്ക്ക് ജോർജ്ജ് കാസ്ത്രോ (1588 ജനു. 1) 81
38. അൽബർതോ ലേർസ്യായുടെ കത്ത് (1588 നവം. 22) 85
39. ജസ്വിട്ട് ജനറലിന് ഫാ. റോസ് (1589 നവം. 18) 87
40. ജസ്വിട്ട് ജനറലിന് ജറോം സേവ്യർ (1590 ജനു. 8) 89
41. ജസ്വിട്ട് ജനറലിന് മാനുവൽ കർവാള്ളോ (1593 ഡിസം. 20) 98
42. ജസ്വിട്ട് ജനറലിന് ഫാ. റോസ് (1593 ഡിസം. 21) 99
43. ജസ്വിട്ട് ജനറലിന് ജോർജ്ജ് കാസ്ത്രോ (1593 ഡിസം. 23) 100
44. ജസ്വിട്ട് ജനറലിന് ഫാ. റോസ് (1593 ഡിസം. 24) 102
45. ജസ്വിട്ട് ജനറലിന് ആന്റണി തൊസ്കാനോ (1593 ഡിസം. 28) 103
46. മാർ അബ്രഹാമിനെപ്പറ്റി ഫാ. റോസ് (1594 ഡിസം. 30) 106
47. ജസ്വിട്ട് ജനറലിന് ജോർജ്ജ് കാസ്ത്രോ (1594) 117
48. പോർട്ടുഗീസ് രാജാവിന് ഒരു ജസ്വിട്ടിന്റെ കത്ത് (1594) 120
49. ജസ്വിട്ട് ജനറലിന് മാർ അബ്രഹാം (1594 ഡിസം. 17) 123
50. ഗോവാ ആർച്ചുബിഷപ്പിന് ക്ലെമെന്റ് VIII പാപ്പാ (1595 ജനു. 27) 124
51. ജസ്വിട്ട് ജനറലിന് കബ്രാൾ (1595 നവം. 20) 127
52. ജസ്വിട്ട് ജനറലിന് ജോർജ്ജ് കാസ്ത്രോ (1595 ഡിസം. 31) 129
53. ഫാബിയോ ബിയോണ്ടിക്ക് മെനേസിസ് (1597 ഡിസം. 22) 130
54. ഗോവാ ആർച്ചുബിഷപ്പിന് ക്ലെമെന്റ് VIII പാപ്പാ (1597 ജനു. 21) 131
55. ജസ്വിട്ട് ജനറലിന് ജോർജ്ജ് കാസ്ത്രോ (1597 ജനു. 5) 132
56. ജസ്വിട്ട് ജനറലിന് ജോർജ്ജ് കാസ്ത്രോ (1597 ജനു. 8) 133
57. കർദ്ദിനാൾ ആൽദോ ബ്രൻദീനിയുടെ കത്ത് (1597 ജനു. 18) 134
58. ജസ്വിട്ട് ജനറലിന് ഫാ. റോസ് (1597 ഡിസം. 24) 135
59. ഫാബിയോ ബിയോണ്ടിക്ക് മെനേസിസ് (1597 ഡിസം. 19) 137
60. ഉദയംപേരൂർ സൂനഹദോസിനുള്ള ക്ഷണക്കത്ത് (1599 മെയ് 14) 139




# അവതാരിക

കേരളനസ്രാണികളുടെ ചരിത്രത്തിന്റെ പല ഏടുകളും ഇനിയും വിശദമായ പഠനത്തിനു വിധേയമാകേണ്ടിയിരിക്കുന്നു. ഏതാനും ചരിത്രരചനകൾ സമീപകാലേ നടന്നിട്ടുണ്ടെങ്കിലും വിശദമായ ഗവേഷണത്തിനു ഏറെയാരും മുന്നോട്ടുവന്നിട്ടില്ല. ചിലരെ സംബന്ധിച്ചിടത്തോളം സ്വന്തം താല്പര്യമനുസരിച്ച് സ്വഭാവനയിൽനിന്നു മെനഞ്ഞെടുക്കാവുന്ന ഒന്നായിത്തീർന്നിട്ടുണ്ട് സഭാചരിത്രം.

ചേടിയത്ത് ബഹു. ഗീവറുഗീസച്ചൻ നമ്മുടെ സമൂഹത്തിന്റെ ഉറവിടങ്ങൾ തേടിപ്പോവുകയും അടിസ്ഥാനരേഖകൾ വെളിച്ചത്തുകൊണ്ടുവരികയും ചെയ്യുന്ന ഒരു ഗവേഷണ കുതുകിയാണ്. സഭാവബോധം വളർത്തിയെടുക്കുവാനുപകരിക്കുന്ന പലേ രേഖകളും അദ്ദേഹം ഇതിനോടകം പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നു. സഭാചരിത്രത്തിൽ ഗവേഷണം നടത്തുന്ന പണ്ഡിതനായ ബഹു. അപ്പശ്ശേരിയിൽ ജോജ്ജച്ചനും ബഹു. ഗീവറുഗീസ് ചേടിയത്തച്ചനും കൂടി പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥം സഭാചരിത്രത്തിൽ മഹത്തരമായ ഒരു മുതൽക്കൂട്ടാണ്.

മാർത്തോമ്മാ നസ്രാണികളുടെ പതിനാറും പതിനേഴും നൂറ്റാണ്ടുകളിലെ ചരിത്രം ആസ്പദമായി വളരെ ചുരുക്കം ഗവേഷണങ്ങളെ നടന്നിട്ടുള്ളു. എന്നാൽ ഈ പഠനങ്ങളിൽ പലതും ഇനിയും സഭാതനയർക്ക് ലഭ്യമായിട്ടില്ല. മാർ അബ്രാഹത്തെപ്പറ്റി റവ.ഡോ.സിറിയക്ക് തേവർമണ്ണിലിന്റെ പ്രബന്ധം നല്ലൊരു ശാസ്ത്രീയ പഠനമാണ്. ഇവിടെ പ്രസിദ്ധീകരിക്കുന്ന മാർ അബ്രാഹത്തെ സംബന്ധിക്കുന്ന രേഖകൾ മിക്കവയുടെയും ചരിത്രപശ്ചാത്തലവും വിശകലനവും ഡോ. തേവർമണ്ണിലിന്റെ ഗവേഷണഗ്രന്ഥത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്. ഇന്ത്യയിലെ അവസാനത്തെ പൗരസ്ത്യസുറിയാനി മെത്രാപ്പോലീത്തയായ മാർ അബ്രാഹത്തിന്റെ ചരിത്രം മലങ്കരനസ്രാണികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാന്യമർഹിക്കുന്നു. ഈ കാലഘട്ടത്തിലെ ചരിത്രഗതിവിഗതികൾ മനസ്സിലാക്കിയെങ്കിലേ നമ്മുടെ സഭയെ അറിയാനും അതിന്റെ ഇന്നത്തെ സ്ഥിതിഗതികൾ അപഗ്രഥിക്കുവാനും സാധിക്കുകയുള്ളു.

www.malankaralibrary.com

മൂലരേഖകൾ മാതൃഭാഷയിൽ ലഭ്യമാക്കുന്നത് നാട്ടിലെ ഗവേഷകർക്ക് തീർച്ചയായും വലിയ അനുഗ്രഹമായിരിക്കും. കത്തുകൾപോലുള്ള രേഖകൾ അവയുടെ ചരിത്രപശ്ചാത്തലത്തിൽ മനസ്സിലാക്കിയില്ലെങ്കിൽ പലപ്പോഴും തെററായ വ്യാഖ്യാനങ്ങൾക്കും നിഗമനങ്ങൾക്കും കാരണമായിത്തീരും. പ്രഥമദൃഷ്ട്യാ മാർ അബ്രാഹത്തെ പഴിക്കുന്ന കത്തുകളാണല്ലോ അധികവും. അതിനാൽ ഗ്രന്ഥകർത്താക്കൾ ഓരോ കത്തിന്റെയും ചരിത്രപശ്ചാത്തലം ഹ്രസ്വമായെങ്കിലും വിവരിച്ചിരുന്നെങ്കിൽ ദുർവ്യാഖ്യാനസാധ്യത ഒഴിവാക്കാമായിരുന്നു.

റോമാസഭയുടെ പാരമ്പര്യങ്ങളും ജീവിതശൈലിയും മാത്രമേ ക്രിസ്തീയമായിട്ടുള്ളു എന്നു ധരിച്ചുവശായ പാശ്ചാത്യരുടെ ലത്തീനീകരണ പ്രവണതയുടെ പശ്ചാത്തലത്തിൽ മാത്രമേ മാർ അബ്രാഹത്തിനെതിരായ ആരോപണങ്ങളെ വിലയിരുത്തുവാൻ പാടുള്ളു. ''ലത്തീൻ റീത്തിൽപ്പെട്ട മെത്രാന്മാരെ പരിശുദ്ധ പിതാവ് ഈ ക്രിസ്ത്യാനികൾക്കായി നിയമിക്കണം. ഈ രീതിയിൽ ഈ ക്രിസ്ത്യാനികളെ കൂടുതൽ എളുപ്പത്തിൽ ലത്തീൻകാരാക്കാം'' (പേ. 81) എന്ന് ജറോണിമോ സവിയേർ പാതിരി എഴുതിയതു് അന്നത്തെ ചിന്താഗതി വ്യക്തമാക്കുന്നു.

പൗരസ്ത്യസുറിയാനിസഭയിലെ നിയമാനുസൃത പാരമ്പര്യങ്ങൾപോലും പാഷണ്ഡതയായി ചിലർ വ്യാഖ്യാനിച്ചിരുന്നുവെന്ന് ഫാ. റോസ് എസ്. ജെ. യും മററും രേഖപ്പെടുത്തുന്നു. നമുക്ക് പട്ടം കൊടുക്കുന്ന ക്രമം ഇല്ലായിരുന്നുവെന്നുപോലും പറഞ്ഞുവച്ചിട്ടുണ്ടല്ലോ! (പേജ് 113). ഇന്നുപോലും പൗരസ്ത്യസുറിയാനി സഭകളുടെ ദൈവശാസ്ത്രത്തെയും ആചാരക്രമങ്ങളെയും അന്യമായി കാണുകയും പരിഹസിക്കുകയും ചെയ്യുന്നവരുള്ളപ്പോൾ കഴിഞ്ഞകാലത്തെ നാം ഏറെ പഴിക്കേണ്ടതില്ല. ഇന്ന് ഈ ഗ്രന്ഥത്തെ തെററായി വ്യാഖ്യാനിച്ചാലും വിസ്മയിക്കേണ്ടതില്ല എന്നു പറയാം.

ചരിത്രരേഖകൾ വെളിച്ചത്തുകൊണ്ടുവരുവാനുള്ള പരിശ്രമത്തിന്റെ ഭാഗമായ ഈ ഗ്രന്ഥത്തെ എല്ലാവരും സ്വാഗതം ചെയ്യട്ടെ എന്നാശംസിക്കുന്നു. ഗ്രന്ഥകർത്താക്കൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും ഭാവുകങ്ങളും.

ചങ്ങനാശ്ശേരി — മാർ ജോസഫ് പവ്വത്തിൽ

8-3-1990 — ചങ്ങനാശ്ശേരി അതിരൂപതാമെത്രാപ്പോലീത്താ.



# ആമുഖം

മാർ അബ്രഹാമിനെപ്പററി മലയാളത്തിൽ ഇതുവരെ ഒരു ഗ്രന്ഥവും കാണാനിടയായില്ല. ഇംഗ്ലീഷ് ഭാഷയിൽ ബ. സിറിയക് തേവർമണ്ണിലച്ചൻ ഒരു തീസിസ് എഴുതിയിട്ടുണ്ട്. മാർ അബ്രഹാം മരിച്ചിട്ട് ഏതാണ്ട് നാനൂറ് വർഷം തികയാൻ പോകുകയാണ്. കേരളത്തിലെ അവിഭക്തക്രൈസ്തവസഭയുടെ അവസാനത്തെ പൗരസ്ത്യസുറിയാനി മെത്രാനായിരുന്ന മാർ അബ്രഹാം ഇക്കാലമത്രയും വിസ്മൃതിയിൽ ആണ്ടുപോയി. പോർട്ടുഗീസ്, സ്പാനിഷ്, ലത്തീൻ ഭാഷകളിൽ അദ്ദേഹത്തെപ്പററി നിരവധി രേഖകളുണ്ട്. പ്രസ്തുത ഭാഷകളിലുള്ള രേഖകൾ അവഗാഢം പഠിച്ചെങ്കിലേ അദ്ദേഹത്തെക്കുറിച്ചുള്ള ഒരു സമ്പൂർണ്ണ ചരിത്രം രചിക്കാനാവൂ. ഈ വിഷയത്തിലേക്കുള്ള ഒരാമുഖം മാത്രമാണ് ഈ കൃതി. കേരളത്തിലെ ക്രൈസ്തവസഭയെ സംബന്ധിച്ച് മാർ അബ്രഹാമിന്റെ ശുശ്രൂഷാകാലം ഒരു വലിയ വഴിത്തിരിവായിരുന്നു. ഇവിടത്തെ അപ്പസ്തോലിക സഭയെ പാശ്ചാത്യസഭയുടെ ഭാഗമാക്കാനും ലത്തീൻ രീതികൾ നടപ്പിലാക്കാനും പോർട്ടുഗീസുകാർ പരിശ്രമം നടത്തിയതു് ഈ കാലഘട്ടത്തിലാണ്. മാർ അബ്രഹാം ഇതിൽ സഹകരിച്ചപ്പോഴൊക്കെ അദ്ദേഹത്തെ പോർട്ടുഗീസുകാർ പിൻതാങ്ങി; അദ്ദേഹത്തിനു വേണ്ടി ശിപാർശക്കത്തുകളയച്ചു. എന്നാൽ ലത്തീനീകരണത്തിനു വിസമ്മതിച്ചപ്പോഴെല്ലാം അദ്ദേഹത്തിന്റെ മേൽ അവർ ''നെസ്തോറിയൻ പാഷണ്ഡത'' ആരോപിച്ചു. റോമിൽപോയി കത്തോലിക്കാവിശ്വാസം ഏററുപറയുകയും സത്യവിശ്വാസിയാണെന്ന് പരിശുദ്ധ പിതാവ് നാലാം പീയൂസ് പാപ്പാ ശ്ലാഘിക്കുകയും ചെയ്ത ആളായിരുന്നു മാർ അബ്രഹാം. മാർപാപ്പാ തന്നെ അദ്ദേഹത്തെ ശിപാർശ ചെയ്തുകൊണ്ട് ഗോവയിലെ ആർച്ചുബിഷപ്പിനും കൊച്ചി മെത്രാനും മററും എഴുതുകയുണ്ടായി.

ഇവിടത്തെ ആരാധനക്രമത്തിൽ മാററം വരുത്തി ലത്തീനീകരിക്കാൻ അവർ മാർ അബ്രഹാമിനെ പ്രേരിപ്പിച്ചു. ലത്തീൻ രീതിയിൽ പട്ടം കൊടുക്കുന്നതിനും ആരാധനാഭാഷയായ സുറിയാനി വായിക്കാൻപോലും അറിവില്ലാത്തവരെ വൈദികരാക്കുന്നതിനും വിലയേറിയ സുറിയാനി കൈയെഴുത്തുഗ്രന്ഥങ്ങൾ അനാവശ്യമായി വെട്ടിത്തിരുത്താൻ കൊടുക്കുന്നതിനും അദ്ദേഹം വിസമ്മതം പ്രകടി

www.malankaralibrary.com

പ്പിച്ചപ്പോൾ വാഗ്ദാനലംഘനം, വിശ്വാസവഞ്ചന, പാഷണ്ഡത തുടങ്ങിയവ ആരോപിച്ച് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കാൻ ജസ്വിട്ടരും മററും മുതിർന്നു. അതിനുവേണ്ടിയാണ് റോസ് എന്ന ജസ്വിട്ട് പാതിരി ''നെസ്തോറിയരുടെ തെററുകൾ'' എന്ന പേരിൽ ഒരു ലഘുലേഖ തന്നെ പ്രസിദ്ധീകരിച്ചതു്. റോസിൻെറ ലഘുലേഖ പ്രസിദ്ധീകൃതമായിട്ടുണ്ട് *(Orientalia Christiana*, XI/1, No. 40 (1928); *Christian Orient* X/4 (1989), 143-162; ജി. ചേടിയത്തു്, *മാർത്തോമ്മാശ്ളീഹായുടെ ഇൻഡ്യൻ സഭ*, കോട്ടയം, 1988, പേ. 152-170). അതിൻെറ ശൈലിയിൽ തന്നെ റോസ് റോമിലേക്ക് മാർ അബ്രഹാമിനെതിരെ എഴുതുകയും ചെയ്തു. (പേജ് 106-116) മാർ അബ്രഹാമിനെ ''നെസ്തോറിയൻ'' എന്നു മുദ്രകുത്തി, പൗരസ്ത്യ സുറിയാനി മെത്രാന്മാരുടെ ഭരണം അവസാനിപ്പിക്കുക എന്നതായിരുന്നു പോർട്ടുഗീസ് ലക്ഷ്യം. ഇവിടുത്തെ ഭരണം കയ്യടക്കി ഈ സഭയെ തങ്ങൾക്ക് കീഴ്പ്പെടുത്തുക കച്ചവടത്തിനു് ആവശ്യമാണെന്നു് പോർട്ടുഗീസുകാർ കണ്ടു. അതിലവർ വിജയിക്കുകയും ചെയ്തു.

തങ്ങൾക്ക് യാതൊരധികാരവും ഇല്ലാതിരുന്ന കേരളത്തിലെ നസ്രാണികളുടെ സഭയിൽ കടന്നുവന്നു് സഭാഭരണം തട്ടിയെടുത്തു് ഈ അപ്പസ്തോലികസഭയെ തങ്ങളുടെ ഹിതാനുസരണം പോർട്ടുഗീസുകാർ പന്താടി. സഭാചരിത്രത്തിൽ ഒരിക്കൽപോലും സംഭവിക്കരുതാത്തവയാണ് ഇവിടെ സംഭവിച്ചതു്. അതിൻെറ ഫലമായി ഈ സഭ പിളർന്നു. ഇന്നും ഈ പിളർപ്പ് ദയനീയമാംവിധം നിലനിൽക്കുന്നു. അക്കാലത്തു് കൊളോണിയൽ ശക്തികൾ റോമിനെ നിരന്തരം തെററിദ്ധരിപ്പിച്ചുകൊണ്ടിരുന്നു (G. Beltrami, *La chiesa caldea*, p.125-6).

മാർ അബ്രഹാമിൻെറ ''നെസ്തോറിയൻ'' തെററുകളെപ്പററി എഴുതിയിട്ടുള്ള ഫാ. റോസ് തന്നെയും ഇവിടുത്തെ ക്രിസ്ത്യാനികളുടെ ഒന്നാമത്തെ ലത്തീൻ മെത്രാനായി കഴിഞ്ഞപ്പോൾ ഇവിടുത്തെ സഭയെപ്പററി വ്യത്യസ്തമായ രീതിയിലും ശൈലിയിലുമാണ് റോമിൽ ധരിപ്പിച്ചതു്. ഉദയംപേരൂർ സൂനഹദോസിൽ പങ്കെടുത്ത റോസ്, മെത്രാനെന്നനിലയിൽ സത്യസന്ധമായ വിവരണം നൽകുകയും മെനെസിസിൻെറ നടപടികളെ കുററപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉദയംപേരൂർ സിനഡിൻെറ നടപടികൾക്ക് ഒരു കാരണവശാലും അംഗീകാരം നൽകാൻ പാടില്ല എന്നു് റോസ് ശിപാശ് ചെയ്യുന്നു.

ഇവിടുത്തെ സഭാനേതൃത്വം ഏതു വിധേനയും തട്ടിയെടുക്കുക എന്നതാണ് ജസ്വിട്ടരുടെ തന്ത്രം എന്നു് ഫ്രാൻസിസ്കൻ സന്യാസികൾ കരുതിയതായി ജസ്വിട്ടർ പറഞ്ഞിരിക്കുന്നു (പേ. 135).



1599 ൽ റോസ് എന്ന ലത്തീൻ പാതിരി നസ്രാണികളുടെ ബിഷപ്പായി. തുടർന്നുള്ള 300 വർഷക്കാലം ഈ സഭ ലത്തീൻ മിഷനറിമാരുടെ കീഴിലായിരുന്നു. തദ്ഫലമായി ആരാധനക്രമവും വ്യക്തിത്വവും വികലമാകുകയും സഭാപൈതൃകവും സഭാത്മകചിന്തയും നശിക്കുകയും ചെയ്തു.

ഇവിടെയെത്തിയ യൂറോപ്യൻ മിഷനറിമാരുടെ ചിന്താരീതിയും ഈ നാട്ടുകാരെപ്പററി അവർക്കുണ്ടായിരുന്ന മനോഭാവവും അറിയാനും അവരുടെ ഗൂഢലക്ഷ്യങ്ങൾ മനസ്സിലാക്കാനും ഈ ഗ്രന്ഥത്തിലെ രേഖകൾ സഹായിക്കും. കേരളസഭാചരിത്രത്തിൻെറ സുപ്രധാനമായ ഈ കാലഘട്ടത്തിലെ നിരവധി ഈടുററ രേഖകൾ ജ്യമിൽ, വിക്കി, തൈനർ, ബൽട്രാമി, സിൽവ റേഗോ എന്നിവരുടെ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. മാർതോമ്മാ നസ്രാണികളുടെ പൊതുപിതാവായ മാർ അബ്രഹാമിൻെറ ഓർമ്മ വാഴ്വിനായി ഭവിക്കട്ടെ. അദ്ദേഹത്തിൻെറ പ്രാർത്ഥന നമ്മെ സഹായിക്കട്ടെ.

ഈ ഗ്രന്ഥത്തിനു് ഒരു അവതാരിക എഴുതിത്തന്ന അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായോടുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. ഇതിൻെറ അച്ചടി ഭംഗിയായി നിർവ്വഹിച്ച പ്രോസാങ്ററിററി പ്രിൻേറഴ്സിലെ അധികാരികൾക്കും പ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഈ കൃതി സഹൃദയ സമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

ജി. ചേടിയത്തു് – ജി. അപ്പശ്ശേരി

കോട്ടയം
27-3-1990

www.malankaralibrary.com

## 1 റോമാ മാർപാപ്പാമാർ

| | |
|---|---|
| പോളം IV | 1555—1559 |
| പീയൂസ് IV | 1559—1565 |
| വി. പീയൂസ് V | 1566—1572 |
| ഗ്രിഗറി XIII | 1572—1585 |
| സിക്സ്റ്റസ് V | 1585—1590 |
| ഉർബൻ VII | 1590 |
| ഗ്രിഗറി XIV | 1590—1591 |
| ഇന്നസൻറ് IX | 1591 |
| ക്ലെമൻറ് VIII | 1592—1605 |

## 2. കൽദായ കത്തോലിക്കാപാത്രിയർക്കീസുമാർ

| | |
|---|---|
| ശീമോൻ VIII സൂലാക്കാ | 1551— 55 |
| അബ്ദീശോ IV മാറോൻ | 1555— 71 |
| യാബാലാഹാ V | 1578— 80 |
| ശീമോൻ IX ദൻഹാ | 1581—1600 |

## 3. ജസ്വീട്ട് ജനറൽമാർ

| | |
|---|---|
| ഇഗ്നേഷ്യസ് ദി ലൊയോള | 1541—1556 |
| ദിയേഗോ ലേൻ[1] | 1556—1565 |
| ഫ്രാൻസിസ് ബോർജിയാ[1] | 1565—1572 |
| എവെരാർദോ മെർക്കുറിയാനോ | 1573—1580 |
| ക്ലൗദിയോ അക്വവീവാ | 1581—1615 |

## 4. കൊച്ചി മെത്രാന്മാർ[2]

| | |
|---|---|
| ജോർജ്ജ് തെമ്മുദോ | 1557— 67 |
| ഹെൻറിക് ദി തവോറ | 1576— 78 |
| അന്തോണിയോ ദി ബായാ | 1578 |
| മത്തെയൂസ് ദി മെദീനാ | 1579— 88 |
| അൻദ്രെൻ ദി സാന്താ മരിയ | 1588—1610 |

1. ലേൻ (Laines) 1556-8 വരെ വികാരി ജനറാൾ ആയിരുന്നു. ബോർജിയയും 1565-ൽ വികാരിജനറാൾ ആയിരുന്നു.

2. *The Light of Cochin*, 14/12 (1989) 146-7.



## 5. ഗോവൻ ആർച്ചുബിഷപ്പുമാർ

| | |
|---|---|
| ഗാസ്പർ | 1560— 67 |
| ജോർജ്ജ് തെമ്മുദോ | 1567— 71 |
| ഗാസ്പർ (വീണ്ടും) | 1574— 76 |
| ഹെൻറിക് ദി തവോറ | 1578— 81 |
| ഫ്രെ വിചെന്തെ | 1583— 87 |
| മത്തെയൂസ് ദി മെദീനാ | 1589— 93 |
| മെനെസിസ് | 1595—1610 |

## 6. ഗോവൻ ജസ്വീട്ട് പ്രൊവിൻഷ്യൽമാർ

| | |
|---|---|
| ഫ്രാൻസിസ് സേവ്യർ, സുപ്പീരിയർ | 1542—1552 |
| ഗൊൺസാലോ ദി സിൽവെയ്‌രാ | 1556—1559 |
| അന്തോണിയോ ദി ക്വാദ്രോസ് | 1559—1572 |
| ഫ്രാൻചിസ്കോ റൊഡ്രീഗെസ്[3] | 1572—1573 |
| മാനുവൽ തക്സെയിരാ[3] | 1573—1574 |
| റുയി വിചെൻതെ | 1574—1583 |
| അലക്സാണ്ടർ വലിഞ്ഞാനോ | 1583—1587 |
| പെദ്രോ മാർട്ടിൻസ് | 1587—1592 |
| ഫ്രാൻചിസ്കോ കബ്രാൾ | 1592—1597 |
| നൂനോ റൊഡ്രീഗെസ് | 1597—1602 |

## 7. പോർട്ടുഗീസ് രാജാക്കന്മാർ[4]

| | |
|---|---|
| മാനുവൽ I | 1495—1521 |
| ജോൺ III | 1521—1557 |
| സെബാസ്റ്റ്യൻ | 1557—1578 |
| ഹെൻട്രി | 1578—1580 |
| ഫിലിപ്പ് I | 1580—1598 |
| ഫിലിപ്പ് II | 1598—1621 |

3. വൈസ് പ്രൊവിൻഷ്യൽ

4. *The Light of Cochin*, 15/2 (1990) 34.

www.malankaralibrary.com

## ഗ്രന്ഥസൂചിക


ARSI = Archivium Romanum Societatis Jesu.

Beltrami, G., *La Chiesa caldea nel secolo dell'unione, Rome, 1933.*

BPPA-I = Bullarium Patronatus Portugalliae Regum... Appendix I. Lisbon 1872.

CO = Christian Orient.

Giamil, S., *Genuinae Relationes* inter Sedem Apostolicam et Assyriorum Orientalium seu Chaldaeorum Ecclesiam, Rome, 1902.

Theiner, *Annales Ecclesiastici*....ab anno 1572....t.I-III, Rome, 1856.

Thevarmannil Cyriac, *Mar Abraham the Archbishop of St. Thomas Christians in Malabar* (1508—1597): A Study of his life and activities (Doctoral Dissertation, Gregorian University: unpublished) Rome, 1965.

Wicki, J., ed. *Documenta Indica*, vol. VI-XVIII, Rome, 1960-1988.




# ഇൻഡ്യയുടെ മെത്രാപ്പോലീത്താ ആയ മാർ അബ്രഹാം (+ 1597)

മലങ്കരനസ്രാണികളുടെ അവസാനത്തെ പൗരസ്ത്യസുറിയാനി മെത്രാനായിരുന്ന മാർ അബ്രഹാം. പോർട്ടുഗീസ് ആഗമന കാലത്തു് (1498) മാർ യോഹന്നാൻ (1490–1504) എന്ന പശ്ചിമേഷ്യൻ മെത്രാൻ സഭാശുശ്രൂഷ നിർവഹിച്ചിരുന്നു. അതേത്തുടർന്നു് മാർ യാക്കോബ് ആബൂനാ (1504–50/52), മാർ യൗസേപ്പ് (1556–69) എന്നിവർ സഭാസേവനം നടത്തി. അവരുടെ പിൻഗാമിയായിട്ടാണ് മാർ അബ്രഹാം മെത്രാനായതു് (1568–97).

പശ്ചിമേഷ്യയിൽനിന്നു വന്ന ഈ മെത്രാന്മാരെല്ലാം കത്തോലിക്കരായിരുന്നു എന്നു് പോർട്ടുഗീസുകാരും റോമാക്കാരും മലങ്കര നസ്രാണികളും സാക്ഷിക്കുന്നു. പേഷ്യൻ പാത്രിയർക്കീസ് ശീമോൻ IV ന്റെ കാലംമുതൽ (1437–97) പേർഷ്യൻസഭയിൽ പാത്രിയാർക്കാസ്ഥാനം കുടുംബവഴിക്കായിരുന്നു. ഇതിൽ അതൃപ്തരായ കുറേപ്പേർ ശീമോൻ VII ബർമാമായുടെ കാലശേഷം (+1551) റമ്പാൻ ഹൊർമിസ്ദിലെ പാത്രിയാർക്കൽ ശാഖയ്ക്കു ബദലായി ജോൺ സൂലാക്കായുടെ നേതൃത്വത്തിൽ ദിയാർബക്കീറിൽ ഒരു പാത്രിയാർക്കൽ ശാഖ ആരംഭിച്ചു. ശീമോൻ VIII സൂലാക്കാ (ജോൺ സൂദ് സൂലാക്കാ) എന്നറിയപ്പെടുന്നയാളാണിദ്ദേഹം. 1551–ൽ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ട ജോൺ, ശീമോൻ എന്ന പേരെടുത്തു. ജൂലിയസ് III പാപ്പാ 1553 ഫെബ്രുവരി 20 നു് ഈ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയും കത്തോലിക്കാപാത്രിയർക്കീസായി അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. 1555–ൽ മുഹമ്മദീയർ ഈ പാത്രിയർക്കീസിനെ കൊന്നുകളഞ്ഞു. തുടർന്നു് ഈ ശാഖയിൽ അബ്ദീശോ IV മാറോൻ പാത്രിയർക്കീസായി (1555–1571). ഈ പാത്രിയർക്കീസാണ് മാർ യൗസേപ്പിനെ ഇൻഡ്യയിലേക്കയച്ചതു്. കൊല്ലപ്പെട്ട സൂലാക്കാ പാത്രിയർക്കീസിന്റെ സഹോദരനായിരുന്നു മാർ യൗസേപ്പ്. മാർ അബ്ദീശോ പാത്രിയർക്കീസ് 1562–ൽ റോമിൽ പോയി മാർപാപ്പായിൽനിന്നു പാലിയം സ്വീകരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്നു യാബാലാഹാ(അഹത്തള്ളാ) പാത്രിയർക്കീസും (1578–80). ശീമോൻ IX ദൻഹാ പാത്രിയർക്കീസും

www.malankaralibrary.com

(1581-1600). ഗ്രിഗറി XIII പാപ്പാ 1581 ജൂൺ 16 ന് ശീമോൻ IX ദൻഹായുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ചു. ഈ പാത്രിയാർക്കീസുമാരുടെ ശാഖയിൽപ്പെട്ടയാളായിരുന്നു മാർ അബ്രഹാം.

മാർ യൗസേപ്പ് മലങ്കരയിൽ എത്തുന്നതിനു മുൻപുതന്നെ (1556) മാർ അബ്രഹാം മലങ്കരയിലെ നസ്രാണികളുടെ ഇടയിൽ എത്തിയിരുന്നു. അതായത് മാർ യാക്കോബ് മരിച്ചുകഴിഞ്ഞ് (1550/2) പശ്ചിമേഷ്യയിൽനിന്നു വന്ന അധ്യക്ഷൻ മാർ അബ്രഹാമായിരുന്നു. എന്നാൽ അന്ന് ഒരു വൈദികൻ മാത്രമായിരുന്നതിനാൽ, അദ്ദേഹം മററ് പേരിലായിരിക്കാം അറിയപ്പെട്ടിരുന്നത്. അക്കാലത്ത് അദ്ദേഹം മാർ അബ്ദീശോ IV എന്ന പൗരസ്ത്യ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസിൻെറ കക്ഷിയിൽപെട്ടയാളല്ലായിരുന്നു. മാർ യൗസേപ്പ് മലങ്കരയിൽ എത്തിയപ്പോൾ (1557/8) അബ്രഹാം കത്തനാരെ പോർട്ടുഗീസുകാർ തിരികെ അയച്ചു. അദ്ദേഹം അബ്ദീശോയുടെ പക്ഷം ചേർന്നു, വിശ്വാസപ്രഖ്യാപനം നടത്തി; അബ്ദീശോ അദ്ദേഹത്തെ കത്തോലിക്കാ മെത്രാനായി വാഴിച്ചു. 1564 ൽ പോർട്ടുഗീസുകാർ മാർ യൗസേപ്പിനെ പോർട്ടുഗലിലേക്ക് നാടുകടത്തി. അവരുടെ ഇഷ്ടമനുസരിച്ച് അദ്ദേഹം പ്രവർത്തിച്ചില്ല എന്നതാണിതിനു കാരണം. മാർ അബ്ദീശോയുടെ നിർദ്ദേശപ്രകാരം മാർ അബ്രഹാം റോമിൽ പോയി (1564/5) പാപ്പായെ കണ്ട് ശിപാർശക്കത്തുകൾ സമ്പാദിച്ചു. മലങ്കര മെത്രാപ്പോലീത്താ ആയി നിയമിതനായ അബ്രഹാമിനെ പോർട്ടുഗീസുകാർ ഗോവയിൽവച്ചു പിടികൂടി ജയിലിലടച്ചു. എന്നാൽ അദ്ദേഹം തടവുചാടി (1568 ഏപ്രിൽ 15) മലങ്കരയിലെത്തി. മാർ അബ്രഹാം ഗോവയിലായിരിക്കുമ്പോഴാണ് (1568) ഒന്നാം ഗോവൻസിനഡ് കൂടിയത്. മാർ യൗസേപ്പ് 1569 ൽ റോമിൽവച്ചു മരിച്ചു.

പോർട്ടുഗീസുകാരുടെ പിടിയിൽപ്പെടാതെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽതന്നെ മാർ അബ്രഹാം കഴിഞ്ഞു. 1575-ൽ രണ്ടാം ഗോവൻ സിനഡിലേക്ക് പോർട്ടുഗീസുകാർ മാർ അബ്രഹാമിനെ ക്ഷണിച്ചെങ്കിലും അദ്ദേഹം അതിൽ സംബന്ധിച്ചില്ല. മലങ്കര നസ്രാണികളുടെ പ്രതിനിധികളാരും സംബന്ധിച്ചില്ല എങ്കിലും ഈ സിനഡ് മലങ്കരസഭയെ ബാധിക്കുന്ന ചില സുപ്രധാന തീരുമാനങ്ങളെടുത്തു: അങ്കമാലി അതിരൂപത ഗോവൻ സഭാപ്രൊവിൻസിൻെറ ഭാഗമാണ്; അവിടത്തെ മെത്രാന്മാരും ജനങ്ങളുമെല്ലാം പോർട്ടുഗീസ് രാജാവിൻെറ നിയന്ത്രണത്തിൻകീഴിൽ വരണം. ഇവിടെ മെത്രാന്മാരെ നിയമിക്കേണ്ടത് പോർട്ടുഗീസ് രാജാവാണ്. ഭാവി സിനഡുകളിൽ മാർ അബ്രഹാം പങ്കെടുക്കണം, എന്നെല്ലാം സിനഡ് തീരുമാനിച്ചു: ''മലബാറിൽ പാർക്കുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ നന്മയ്ക്കുവേണ്ടി, കൽദായ പാത്രിയർക്കീസല്ല,



പോർട്ടുഗീസ് രാജാവ് നാമനിർദ്ദേശം ചെയ്യുന്ന മെത്രാനായിരിക്കണം ഈ രൂപത ഭരിക്കേണ്ടത്; ഇപ്രകാരമല്ലെങ്കിൽ അവരുടെ ഇടയിൽ പല ദുരാചാരങ്ങളും നുഴഞ്ഞുകയറാനിടയുണ്ട്. അങ്കമാലി ആർച്ചുബിഷപ്പിന് സഹായമെത്രാൻമാരില്ലാത്തതിനാലും വളരെ ദൂരെയായതിനാൽ സിറിയായിലേക്കു പോകുന്നതിന് പ്രയാസമായതിനാലും പ്രോവിൻഷ്യൽസിനഡിൽ നിർബന്ധമായി പങ്കെടുക്കണമെന്ന് കുറഞ്ഞപക്ഷം സിനഡ് ആവശ്യപ്പെടണം'' (BPPA. I. 51).

മലങ്കരയിൽ അക്കാലത്തുണ്ടായിരുന്ന ഈശോസഭക്കാരുമായി (ജസ്വിട്ടരുമായി) നല്ല ബന്ധം സ്ഥാപിക്കാൻ മാർ അബ്രഹാമിനു കഴിഞ്ഞു. മാർ ശീമോൻ എന്നു പേരുള്ള ഒരാൾ 1577-ൽ പശ്ചിമേഷ്യയിൽനിന്ന് ഇവിടെ വന്ന് താൻ മെത്രാനാണെന്ന് പ്രചരിപ്പിക്കയും കുറേപ്പേരെ തൻെറ കൂടെ കൂട്ടുകയും ചെയ്തു. എതിർവിഭാഗത്തിൽപ്പെട്ട പാത്രിയക്കീസ് അയച്ചയാളാകാം ഈ ശീമോൻ. ഇയാളെ മലങ്കരയിൽനിന്നു പുറത്താക്കാൻ മാർ അബ്രഹാമും ഗീവർഗീസ് ആർച്ചുഡീക്കനും പ്രയത്നിക്കയും ഈ പരിശ്രമത്തിൽ ജസ്വിട്ടരോട് കൂടുതൽ അടുക്കുകയും ചെയ്തു. എന്നാൽ ചില ഫ്രാൻസിസ്ക്കൻ സന്യാസികൾ ശീമോനെ പിൻതുണച്ചതായി കാണുന്നു. അവസാനം 1583 ൽ ശീമോൻ തിരികെപ്പോയി. ലിസ്ബണിലെ ഒരു ഫ്രാൻസിസ്ക്കൻ ആശ്രമത്തിൽവച്ച് 1599-ൽ മരിച്ചു. മലങ്കരയിൽ നാട്ടുകാരനായ ഒരാളെ മെത്രാനാക്കാനുള്ള നിർദ്ദേശം അക്കാലത്തു നടന്നു. ആർച്ചുഡീക്കനായിരുന്നു തൽസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട വ്യക്തി. എന്നാൽ അദ്ദേഹം ഭരണം ഏററതിൻെറ സൂചന കാണുന്നില്ല.

## അങ്കമാലി സിനഡ് (1583)

1583-ഒക്ടോബർ 26-ന് അങ്കമാലിയിൽ പരിശുദ്ധ കന്യക മറിയത്തിൻെറ നാമത്തിലുള്ള ദൈവാലയത്തിൽ വച്ച് മലങ്കരസഭയുടെ ഒരു സിനഡ് മാർ അബ്രഹാം വിളിച്ചുകൂട്ടി. ഗീവർഗീസ് ആർച്ചുഡീക്കനും അങ്കമാലിയിലെ വൈദിക വൃന്ദവും അടുത്തുള്ള പള്ളികളിലെ വൈദികരും മലങ്കരയിലെ പല പള്ളികളിൽനിന്നുള്ള പ്രതിനിധികളും ഇതിൽ സംബന്ധിച്ചു. രണ്ട് ജസ്വിട്ട് വൈദികരും പങ്കെടുത്തിരുന്നു. ജോർജ് ദി കാസ്ത്രോ, പീററർ ലൂയീസ് എന്നീ പാതിരിമാരായിരുന്നു പോർട്ടുഗീസുകാരുടെ പ്രതിനിധികൾ. പൗരസ്ത്യസുറിയാനിക്കുർബാനയും ലത്തീൻ കുർബാനയും ചൊല്ലി. മാർ അബ്രഹാം വിശ്വാസപ്രഖ്യാപനം നടത്തി. അതിനുശേഷം ഫ്ളോറൻസ് കൗൺസിലിൻെറ അർമേനിയക്കുള്ള ഡിക്രി വായിച്ചു. വലിഞ്ഞാനോ എന്ന വിസിററർ പാതിരി നിർദ്ദേശിച്ചവയെല്ലാം വായിച്ച് അംഗീകരിച്ചു. പങ്കെടുത്തിരുന്ന

www.malankaralibrary.com

വരെല്ലാം ഒപ്പിട്ടു. അതിനുശേഷം മറ്റൊരു സ്ഥലത്തുവച്ച് കുറേ വൈദികരെ വിളിച്ചുകൂട്ടി ഈ സിനഡ് അംഗീകരിപ്പിച്ച് ഒപ്പിടുവിച്ചു. റോമാസഭയുടെ രീതികളോട് മലങ്കരസഭയെ കൂടുതൽ അനുരൂപപ്പെടുത്താനായിരുന്നു സിനഡ് വിളിച്ചുകൂട്ടിയത്. 28 നിയമങ്ങൾ പാസ്സാക്കി എന്ന് മൂന്നാം ഗോവൻ സിനഡ് സൂചിപ്പിക്കുന്നു. (1) പട്ടം സ്വീകരിച്ച വൈദികർ വിവാഹം കഴിക്കാൻ പാടില്ല; അപ്രകാരം ചെയ്യുന്നവർ മുടക്കപ്പെടും. (2) തിരിച്ചറിവിന്റെ പ്രായം ചെന്നവരെല്ലാം കുറഞ്ഞപക്ഷം ആണ്ടിലൊരിക്കൽ കുമ്പസാരിച്ചു കുർബാന സ്വീകരിക്കണം. ആൺകുട്ടികൾക്ക് 14 വയസ്സും പെൺകുട്ടികൾക്ക് 12 വയസ്സും ആണ് തിരിച്ചറിവിന്റെ പ്രായം. (3) മെത്രാന്റെ അനുവാദം കൂടാതെ, മരണകരമായ സാഹചര്യത്തിലല്ലെങ്കിൽ, ആരും കുമ്പസാരം കേൾക്കരുത്. (4) ഗ്രിഗോറിയൻ കലണ്ടർ ഉപയോഗിക്കുക. വൈപ്പിക്കോട്ടു ഒരു സെമിനാരി തുടങ്ങുവാനുള്ള തീരുമാനവും സ്വീകരിച്ചു. 1584-ൽ സെമിനാരി തുടങ്ങി. പൗരസ്ത്യസുറിയാനിയിലേക്ക് വിവർത്തനം ചെയ്ത ലത്തീൻ ആരാധനക്രമഗ്രന്ഥങ്ങൾ അച്ചടിക്കാൻ ഒരു പ്രസ്സ് ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയ്ക്കു വന്നെങ്കിലും നടന്നില്ല.

## മൂന്നാം ഗോവൻ സിനഡ് (1585)

മാർ അബ്രഹാമും മാർ ശീമോൻ എന്ന മെത്രാനും ഇതിലേക്കു ക്ഷണിക്കപ്പെട്ടു. വലിഞ്ഞാനോ പാതിരിയുടെ ഉറപ്പിലാണ് മാർ അബ്രഹാം പോയത്. ആർച്ചുഡീക്കൻ സംബന്ധിച്ചോ എന്നറിയില്ല. വലിഞ്ഞാനോ, മാനുവൽ ടെക്സെയ്‌രാ എന്നീ മലബാറിലുള്ള ജസ്വിട്ട് പാതിരിമാരും സംബന്ധിച്ചു. മാർ ശീമോനെ പോർട്ടുഗീസുകാർ യൂറോപ്പിലേക്കു നാടുകടത്തി. സിനഡിന്റെ മൂന്നാം സെഷൻ അങ്കമാലി രൂപതയെയും അതിന്റെ ആർച്ചുബിഷപ്പിനെയും കുറിച്ചായിരുന്നു. മലങ്കരസഭയെപ്പറ്റി പത്തു ഡിക്രികൾ പാസ്സാക്കി (BPPA. I. 59-89).

1. റോമിൽ വച്ചു മാർ അബ്രഹാം നടത്തിയ വിശ്വാസപ്രഖ്യാപനം മാർതോമാ ക്രിസ്ത്യാനികളെക്കൊണ്ടു ചൊല്ലിച്ച് നടപ്പാക്കണം. ''ഇരുസ്വഭാവങ്ങളിൽ ഏകയാൾ'' എന്ന വിശ്വാസം പ്രഖ്യാപിക്കണം. മറിയം ദൈവമാതാവാണ് എന്നു പറയണം. ഇവയ്ക്കെതിരെയുള്ള എല്ലാ പാഷണ്ഡതകളെയും ശപിക്കണം. എഫേസൂസ്, കാൽസിഡൺ എന്നീ കൗൺസിലുകൾ അംഗീകരിക്കണം. ഇതിനെതിരേ ആരെങ്കിലും പഠിപ്പിക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കണം.



2. വൈദികസംരക്ഷണാർത്ഥം വിശ്വാസികൾ കർശനമായി ദശാംശം കൊടുക്കണം. പോർട്ടുഗീസ് രാജാവും ഒരു സംഖ്യ സഹായമായി (1000 ക്രുസാദോസ്) നൽകണം.

3. വൈദികരുടെ തിരഞ്ഞെടുപ്പും പട്ടവും ത്രെന്തോസ് സൂനഹദോസ് അനുസരിച്ചാക്കി. – വൈദികരെ സംബന്ധിച്ച് ഈ സഭയിലുണ്ടായിരുന്ന രീതി മാറ്റി ലത്തീൻ രീതി നടപ്പാക്കാനുള്ള ഉദ്യമമായിരുന്നു അത്. –വൈദികനാകാനുള്ള പ്രായം 25, ഡീക്കന്-23, സബ് ഡീക്കന് 22 എന്നിങ്ങനെ നിശ്ചയിച്ചു: വൈദികസ്ഥാനികൾ വിവാഹം കഴിക്കരുത്; പട്ടത്തിനുശേഷമുള്ള കല്യാണം വാസ്തവമല്ല, മുടക്കിലുമാകും. ''പിതൃസ്വത്ത്'' (patrimony) കൂടാതെ ആർക്കും പട്ടം കൊടുക്കരുത്. പട്ടങ്ങൾക്കിടയ്ക്ക് ഇടവേള ഉണ്ടായിരിക്കണം. വൈദികവസ്ത്രം നിർബന്ധമാക്കി; തലയിൽ പട്ടം വെട്ടണമെന്ന് നിശ്ചയിച്ചു.

4. ഒരു സെമിനാരി തുടങ്ങണം എന്നു തീരുമാനിച്ചു.

5. ഏതെങ്കിലും രൂപതയ്ക്കുവേണ്ടി പട്ടം സ്വീകരിച്ചയാൾ മെത്രാന്റെ അനുവാദം കൂടാതെ രൂപത വിട്ടുപേക്ഷിച്ചു പോകാൻ പാടില്ല; അയാളെ മെത്രാന്മാർ സ്വീകരിക്കാനും പാടില്ല.

6. ഗോവൻ സിനഡുകളുടെയും ത്രെന്തോസ് സൂനഹദോസിന്റെയും ഡിക്രികളുടെ സംക്ഷേപം ഉണ്ടാക്കി മാർ അബ്രഹാമിനു നൽകണം. അദ്ദേഹം അതു മലയാളത്തിലാക്കി സാവധാനം നടപ്പാക്കണം. ഒന്നാം ഗോവൻ സിനഡിന്റെ 28 കാനോനാകൾ ഈ സിനഡ് അംഗീകരിച്ചു.

7. റോമൻ തക്സാ, കാനോനാനമസ്കാരം, പൊന്തിഫിക്കൽ, റോമൻ അനുഷ്ഠാനക്രമം ആദിയായവ കൽദായ സുറിയാനിയിലാക്കി നടപ്പാക്കണം. വേദപാഠപുസ്തകം ആദിയായവ ഉണ്ടാക്കണം. നിലവിലുള്ള സുറിയാനിഗ്രന്ഥങ്ങൾ പരിശോധിച്ച് തിരുത്തണം.

8. മേല്പറഞ്ഞവ നടപ്പാക്കാൻ ലത്തീൻ സഭയിൽനിന്ന് ഒരു ഉപദേശകനെ വയ്ക്കണം.

9. കൂദാശകളുടെ പരികർമ്മത്തിന് സംഭാവന സ്വീകരിക്കരുത്.

10. പാപ്പായുടെയോ കൽദായ പാത്രിയർക്കീസിന്റേയോ രേഖകൾ കൂടാതെ ആരെയും മലങ്കരയിൽ സ്വീകരിക്കാൻ പാടില്ല. രേഖകൾ ഗോവൻ മെത്രാനെ കാണിച്ച് അദ്ദേഹം അനുവദിക്കുന്ന വരെ മാത്രമേ ഇങ്ങോട്ടു കടത്തിവിടാവൂ. മറിച്ചുപ്രവർത്തിക്കുന്നവരെല്ലാം നുഴഞ്ഞു കയറ്റക്കാരാണ്.

www.malankaralibrary.com

മാർ അബ്രഹാം ഇതിൽ ഒപ്പുവച്ചു. ഉപദേശകനായ റോസ് എന്ന ജസ്വിട്ട് പാതിരിയുമായി 1586 – ൽ മലങ്കരയിലെത്തി. റോസ് എന്ന പാതിരി ഇവിടെ കണ്ട സുറിയാനി ഗ്രന്ഥങ്ങളിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 1586/7 - ൽ ഒരു ലഘുലേഖ തയ്യാറാക്കി. ''പൗരസ്ത്യഇൻഡ്യയിലെ നെസ്തോറിയരുടെ തെറ്റുകൾ'' എന്നാണ് അതിന്റെ പേര്. ലത്തീൻ ദൈവശാസ്ത്രത്തിന്റെ വെളിച്ചത്തിൽ റോസ് കണ്ടെത്തിയ തെറ്റുകളാണവ. സുറിയാനി സഭാപാരമ്പര്യത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ അവ തെറ്റുകളല്ല, പാഷണ്ഡതയുമല്ല.

തുടന്ന് മാർ അബ്രഹാമും ജസ്വിട്ടരും തമ്മിലുള്ള ബന്ധം അത്ര സൗഹാർദ്ദപരമല്ലായിരുന്നു. ഈ കാലത്ത് ഫ്രാൻസിസ്കൻ സന്യാസികൾ മാർ അബ്രഹാമിനെ പിൻതുണച്ചിരുന്നു. കൽദായ പാത്രിയർക്കീസിന്റെ ഭരണാധികാരം നിർത്തലാക്കാനുള്ള പോർട്ടുഗീസ് തന്ത്രവും മാർ അബ്രഹാമിനെ ജസ്വിട്ടർ നിരന്തരം സംശയദൃഷ്ട്യാ വീക്ഷിച്ചതും, അവർ പഠിപ്പിച്ചവർക്ക് മാർ അബ്രഹാം പട്ടം നല്കാതിരുന്നതും, സുറിയാനി ഗ്രന്ഥങ്ങൾ തിരുത്തലിന് സമർപ്പിക്കാതിരുന്നതും മറ്റും ജസ്വിട്ടരെയും മാർ അബ്രഹാമിനെയും തമ്മിലകറ്റി. ജസ്വിട്ട് പ്രവർത്തനങ്ങൾക്ക് അദ്ദേഹം തടസ്സം നിൽക്കുന്നു എന്ന് 1589 – ൽ റോസ് കുറ്റപ്പെടുത്തി. മാർ അബ്രഹം സുറിയാനി രീതിയിൽ പട്ടം നൽകിയവർക്ക് ലത്തീൻ രീതിയിൽ വീണ്ടും പട്ടം കൊടുക്കാൻ ജസ്വിട്ടർ നിർബന്ധിച്ചതും മാർ അബ്രഹാമിനെ കുപിതനാക്കി.

എന്നാൽ 1594 ആയപ്പോഴേക്കും ആർച്ചുബിഷപ്പും ആർച്ചുഡീക്കനും ജസ്വിട്ടരുമായി രമ്യതയിലായി. തുടർന്നുള്ള കുറേ വർഷങ്ങൾ ആർച്ചുബിഷപ്പ് രോഗിയായി കിടന്നു. അവസാനം 1597 ജനുവരി മൂന്നിന് മരിച്ചു. അങ്കമാലിയിൽ വി. ഹൊർമിസ്ദാസിന്റെ നാമത്തിൽ അദ്ദേഹം തന്നെ പണികഴിപ്പിച്ച പള്ളിയിൽ സംസ്കരിക്കപ്പെട്ടു. ഈ പള്ളി നവീകരിക്കപ്പെട്ട രീതിയിൽ എറണാകുളം അതിരൂപതയിൽ സ്ഥിതി ചെയ്യുന്നു. മദ്ബഹായിലേക്കു പ്രവേശിക്കുന്നിടത്ത് ഒരു കല്ലറയുണ്ട് കല്ലറശിലയിൽ എഴുത്തുകളൊന്നുമില്ല. ഇപ്പോൾ ക്ലാരിസ്റ്റ് സന്യാസിനികളുടെ പള്ളിയാണിത്.

ആർച്ചുബിഷപ്പിന്റെ മരണശേഷം ആർച്ചുഡീക്കൻ സഭാനേതൃത്വം ഏറ്റെടുത്തു. ഗോവൻ ആർച്ചുബിഷപ്പിന് ഫാ. റോസിനെ നിയമിക്കാനായിരുന്നു താൽപ്പര്യം. എന്നാൽ ആർച്ചുഡീക്കൻ എതിർത്തതിനാൽ ആർച്ചുഡീക്കനെത്തന്നെ വികാരി അപ്പസ്തോലിക്കാ ആയി 1597 മെയ് 21 – ന് നിയമിച്ചു. റോസിനെയും



ബ്രിട്ടോയേയും ആലോചനക്കാരിയും നിയമിച്ചു. എല്ലാക്കാര്യങ്ങളും ഇവരുമായി ചർച്ചചെയ്ത് തീരുമാനിക്കണമെന്നും ആർച്ചുഡീക്കനെ അറിയിച്ചു. എന്നാൽ ഇതൊന്നും അംഗീകരിക്കാൻ ആർച്ചുഡീക്കൻ തയ്യാറല്ലായിരുന്നു. തുടന്ന് ആർച്ചുഡീക്കനും ലത്തീൻ മിഷനറിമാരും തമ്മിൽ ഉടക്കായി. 1599 – ൽ മെനെസിസ് ഇവിടെ വന്ന് ഉദയംപേരൂർവച്ച് ഒരു സിനഡ് നടത്തി. മലങ്കരസഭയുടെ ലത്തീനീകരണ നടപടികൾ പൂർത്തിയാക്കിയ നിഷ്ഠൂര സംഭവമായിരുന്നു ഉദയംപേരൂർ സൂനഹദോസ്. പശ്ചിമേഷ്യൻ മെത്രാന്മാരുടെ ഭരണം അവസാനിപ്പിച്ച് ലത്തീൻ മെത്രാന്മാരുടെ ഭരണം തുടങ്ങി. അങ്ങനെ റോസ് പാതിരി ഇവിടത്തെ നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായി.

മാർ അബ്രഹാവുമായി ബന്ധപ്പെട്ട കുറേ കത്തുകളാണ് ഈ ഗ്രന്ഥത്തിൽ പ്രസിദ്ധീകരിക്കുന്നത്.

www.malankaralibrary.com

# 1

## *മാർ അബ്ദീശോ പാത്രിയർക്കീസിനു് 1565 ഫെബ്രുവരി 23 നു് നാലാം പീയൂസ് മാർപ്പാപ്പ എഴുതിയ കത്തു്*

അസ്സീറിയാക്കാരുടെ അഥവാ മോസ്സൂളിന്റെ പാത്രിയർക്കീസായവന്ദ്യസഹോദരൻ അബ്ദീശോയ്ക്കു് പീയൂസ് നാലാമൻ പാപ്പാ.

വന്ദ്യസഹോദരാ, ആശംസകളും ശ്ലൈഹികാശീർവാദവും. പ്രിയ സഹോദരൻ അബ്രഹാം 'ആദ്‌ലിമിനാ' സന്ദർശനത്തിനു വരികയും നാം താങ്കളിൽനിന്നു പ്രതീക്ഷിച്ചിരുന്ന കത്തുകൾ ഇവിടെ കൊണ്ടുവരികയും ചെയ്തതുകൊണ്ടു് നമുക്കു് വാസ്തവത്തിൽ വലിയ സന്തോഷം ഉണ്ടായി. താങ്കളെ ആരോഗ്യവാനും സുരക്ഷിതനുമായി അവിടെ എത്തിച്ച സർവശക്തനായ ദൈവത്തിനു നാം നന്ദിപറയുന്നു. അബ്രഹാമിന്റെ വരവ് നമുക്കു് സന്തോഷകരമായിരുന്നു. താങ്കൾ അദ്ദേഹത്തിനു നൽകിയ സാക്ഷിപത്രം മൂലം അദ്ദേഹത്തെ നാം സൗമനസ്യത്തോടെ വീക്ഷിക്കുകയും സ്നേഹവായ്പോടെ സ്വീകരിക്കുകയും ചെയ്തു. താങ്കൾ അദ്ദേഹത്തെ കത്തോലിക്കാസഭയിലേക്കു് ആനയിക്കുകയും, അദ്ദേഹത്തിന്റെ സ്ഥിതിക്കനുസൃതമായി അദ്ദേഹത്തെ ബഹുമാനിക്കുകയും ചെയ്ത വിവരം നാം താൽപര്യപൂർവം മനസ്സിലാക്കി. മററുള്ളവരെക്കൂടി അപ്രകാരം ആനയിക്കുന്നതിനു് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുമെന്നു് പ്രതീക്ഷിക്കുകയും ചെയ്യുന്നു. നാം കേട്ടറിഞ്ഞതുപോലെ, അദ്ദേഹം വളരെയധികം കഴിവുള്ള വ്യക്തിയും വിശുദ്ധ ലിഖിതങ്ങളും കത്തോലിക്കാപ്രബോധനങ്ങളും താല്പര്യപൂർവം പഠിച്ചറിഞ്ഞ ആളുമാണ്. അതുപോലെ അദ്ദേഹം ഒരാത്മീയമനുഷ്യനു യോജിച്ച രീതിയിൽ വാക്കിലും പ്രവൃത്തിയിലും സത്യസന്ധത പുലത്തുന്നവനുമാണ്. *അദ്ദേഹം ഇൻഡ്യയിൽ അനുഭവിച്ച കഷ്ടപ്പാടുകളെക്കുറിച്ച് നമുക്കു ഖേദമുണ്ട്.* എന്നാലതു് അദ്ദേഹത്തിന്റെ വിശ്വാസം പരീക്ഷിക്കുന്നതിനും അതുവഴി അദ്ദേഹം പരീക്ഷയിൽ വിജയിക്കുന്നതിനും വേണ്ടി ദൈവം അനുവദിച്ചതാണെന്നു നാം കരുതുന്നു. ഇൻഡ്യയിലേക്കു തിരിക്കുന്ന അദ്ദേഹത്തിനു്, അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചു് ശിപാർശക്കത്തു കൊടുത്തുവിടുന്നതു് യുക്തമാണെന്നു് നമുക്കു തോന്നുന്നു. സഹോദരനായ താങ്കൾ അദ്ദേഹ



ത്തിനു സ്വന്തമായി ഒരു രൂപത നൽകണം. അതുപോലെ അദ്ദേഹത്തിനു താമസിക്കാൻ ഒരു സ്ഥലവും നിശ്ചയിച്ചു കൊടുക്കണം. അതിനായി അദ്ദേഹത്തിനും, ആ നാട്ടിൽ പാർക്കുന്നുണ്ടെന്നു നാം കേട്ട, താങ്കളുടെ നാട്ടുകാരനായ മററൊരു മെത്രാനുമായി രൂപതകൾ പങ്കിട്ടു കൊടുക്കണം. ഒരാൾ മററൊരാളുടെ ഭരണത്തിൽ കൈകടത്താതിരിക്കാൻ, അവരിരുവരും താന്താങ്ങളുടെ അജഗണത്തെ മേയിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി നിശ്ചയിച്ചു കൊടുക്കണം. പോർട്ടുഗീസുകാരുടെ വാസസ്ഥലത്തിനടുത്തുള്ള അങ്കമാലിയിൽ വാസമുറപ്പിക്കാൻ അബ്രഹാം ആഗ്രഹിക്കുന്നു എന്നാണ് നമുക്കു ലഭിച്ച റിപ്പോർട്ടു്. അദ്ദേഹത്തിന്റെ ആഗ്രഹമനുസരിച്ചു ചെയ്തുകൊടുക്കണമെന്നു് സഹോദരനായ താങ്കളെ നാം ഉപദേശിക്കുന്നു. എത്യോപ്യക്കാരനും, എത്യോപ്യരുടെയും സൈപ്രസുകാരുടെയും മെത്രാനായി നാം നിശ്ചയിച്ചവനും, ശ്ലൈഹികസിംഹാസനത്തിൽ നിന്നു് പൗരസ്ത്യദേശത്തേക്കു് അവിടെയുള്ള നമ്മുടെ ജനത്തിനുവേണ്ടി നൺഷ്യോ ആയി അയയ്ക്കപ്പെട്ടവനും ആയ പ്രിയ സഹോദരൻ ജോൺ ബാപ്റ്റിസ്റ്റ് ഇക്കാര്യം താങ്കളോടു നേരിട്ട് പറയുന്നതാണ്. നമ്മുടെ നാമത്തിൽ താങ്കളെ സന്ദർശിച്ചു്, പ്രശസ്തനായ താങ്കളേയും താങ്കളുടെ ജനത്തേയും സ്നേഹവായ്പോടെ മംഗളമാംശസിക്കുക എന്നതും അദ്ദേഹത്തിന്റെ ഒരു ദൗത്യമാണ്. ക്രമീകരിക്കേണ്ടവ ക്രമീകരിക്കുന്നതിനും തിരുത്തേണ്ടവ തിരുത്തുന്നതിനും അദ്ദേഹത്തിന്റെ വരവ് ഒരവസരമാണ്. അദ്ദേഹത്തിന്റെ ഉത്തമവും രക്ഷാകരവുമായ ഉപദേശങ്ങൾ നമ്മുടേതെന്നവണ്ണം സ്വീകരിക്കുകയും നടപ്പിൽ വരുത്തുകയും വേണം. താങ്കളുടെ ചുമതലയിലുള്ളവരുടെ വിശ്വാസം, കാതോലികവും ശ്ലൈഹികവുമായ സഭയുടെ വിശ്വാസത്തോടു് ഒത്തുപോകാനും, രക്ഷയ്ക്കാവശ്യമായ കാര്യങ്ങളിൽ യാതൊരു വ്യത്യാസവും ഉണ്ടാകാതിരിക്കാനുമായിപ്രവർത്തിക്കാമെന്നു് താങ്കൾ വാഗ്ദാനം ചെയ്തതുപോലെ കഴിവനുസരിച്ചു് എല്ലാ സഹകരണവും നൽകണം. *റീത്തും അനുഷ്ഠാനങ്ങളും സംബന്ധിച്ച് ഐകരൂപ്യം ഉള്ളത് ഏററം നല്ലതാണെങ്കിലും,* നിങ്ങളുടെ പാരമ്പര്യങ്ങളും പുരാതന റീത്തും അംഗീകരണാർഹമായതിനാൽ അവ നിലനിർത്തുന്നതിനു നാം അനുവദിക്കുന്നു. എന്നാൽ കൂദാശകളിലും രക്ഷയ്ക്കാവശ്യവും വിശ്വാസസംബന്ധവുമായ മററു കാര്യങ്ങളിലും, നാം മുമ്പു പറഞ്ഞതുപോലെ, സർവ ക്രിസ്ത്യാനികളുടെയും മാതാവും പ്രബോധകയുമായ റോമാസഭയെ അനുകരിക്കണം. നമ്മുടെ പ്രതിപുരുഷനെ താൽപര്യപൂർവം സ്വീകരിക്കണം. ഏററം പ്രിയ സഹോദരാ, സർവശക്തനായ ദൈവം താങ്കളേയും താങ്കളുടെ വൈദിക ഗണത്തേയും ജനങ്ങളേയും സുരക്ഷിതരായി കാത്തുസൂക്ഷിക്കട്ടെ.

www.malankaralibrary.com

വിശുദ്ധ പത്രോസിന്റെ സിംഹാസനമായ റോമിൽ നിന്നു് 1565 ഫെബ്രുവരി 23 നു് നമ്മുടെ ഭരണത്തിന്റെ ആറാം വർഷം [1]

## 2

## *ഗോവാ ആർച്ചുബിഷപ്പിനു് 1565 ഫെബ്രുവരി 28 നു് നാലാം പീയൂസ് മാർപാപ്പാ എഴുതിയ കത്തു്*

ഇൻഡ്യയുടെ ഭാഗമായ ഗോവയിലെ വന്ദ്യസഹോദരനായ മെത്രാപ്പോലീത്തായ്ക്കു്: പീയൂസ് നാലാമൻ പാപ്പാ.

വന്ദ്യസഹോദരാ, ആശംസകളും ശ്ലൈഹികാശീർവാദവും.

കൽദായക്കാരനായ പ്രിയ സഹോദരൻ അബ്രഹാം ഇൻഡ്യയിൽ നിന്നു് 'ആദ് ലിമിനാ' സന്ദർശനത്തിനു് ഇവിടെ എത്തുകയുണ്ടായി. അസ്സീറിയാക്കാരുടെ പാത്രിയർക്കീസും നമ്മുടെ വന്ദ്യസഹോദരനുമായ അബ്ദീശോയിൽ നിന്നു നാം ഗ്രഹിച്ചതുപോലെ ഇൻഡ്യയിൽ അദ്ദേഹത്തിന്റെ കീഴിലുള്ള രൂപതയിൽ അബ്രഹാമിന്റെ യോഗ്യതകൾ പരിഗണിച്ചു് ആർച്ചുബിഷപ്പായി അദ്ദേഹം അവരോധിച്ചയാളാണു് അബ്രഹാം. അബ്ദീശോയുടെ ശിപാർശക്കത്തുകളുമായാണു് അബ്രഹാം ഇവിടെ വന്നതു്. ഇത്ര സുദീർഘവും അപകടപൂർണ്ണവുമായ യാത്രയിൽ അദ്ദേഹത്തിനു നേരിടേണ്ടി വന്ന വിപത്തുകൾ നമ്മുടെ മനസ്സിനെ ആഴമായി സ്പർശിച്ചു. യഥാർത്ഥത്തിൽ, ഈ ശ്ലൈഹിക സിംഹാസനത്തോടു് അദ്ദേഹത്തിനുള്ള ശ്രേഷ്ഠവും പ്രകടവുമായ ആദരവാണു് പ്രധാനമായി നമ്മെ സ്പർശിച്ചതു്. അദ്ദേഹത്തെക്കുറിച്ചു് അദ്ദേഹത്തിന്റെ പാത്രിയർക്കീസും അദ്ദേഹത്തെ നന്നായി അറിയാവുന്ന മറ്റുള്ളവരും നല്കിയ ഏറ്റം വിശ്വസനീയമായ സാക്ഷ്യത്തിൽ നിന്നു്, അദ്ദേഹം ഒരു ഭക്തനും

1. Arch. Vat. Secret. Arch. de Castello, Armad. VII. n. 9. ed. S. Giamil, *Genuinae Relationes inter Sedem Apostolicam et Assyriorum Orientalium Seu Chaldaeorum Ecclesiam*, Romae, 1909, p. 69 ff.



മതതീക്ഷ്ണത ഉള്ളവനും ആണെന്നു് നാം ഗ്രഹിച്ചു. എങ്കിലും തന്നെക്കുറിച്ചു തന്നെയുള്ള അദ്ദേഹത്തിന്റെ സാക്ഷ്യം യഥാർത്ഥത്തിൽ അദ്ദേഹം ഇവിടെ തെളിയിക്കുക തന്നെ ചെയ്തു. അദ്ദേഹം നേരത്തെ സ്വീകരിച്ച വിശുദ്ധ റോമാസഭയുടെ വിശ്വാസം, നാം നിയോഗിച്ച പണ്ഡിതരും മതകാര്യങ്ങളിൽ തീക്ഷ്ണതയുള്ളവരുമായ ആളുകൾ ഈ വിശുദ്ധ നഗരത്തിൽ അദ്ദേഹം താമസിച്ച അവസരത്തിൽ അദ്ദേഹത്തെ ശ്രദ്ധയോടെ പഠിപ്പിച്ചപ്പോൾ, അദ്ദേഹം അതു മുഴുവനായി സ്വീകരിക്കുകയും തന്റെ പാത്രിയർക്കീസിന്റെ മാതൃക അനുസരിച്ചു് അതിന്റെ വ്യക്തമായ രേഖ സ്വന്തം കൈപ്പടയിൽ ഒപ്പിട്ടു് ഇവിടെ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. അതുകൊണ്ടു് ബഹുമാന്യനായ അദ്ദേഹത്തെ നമ്മുടെ സാക്ഷിപത്രത്തോടും ശിപാർശയോടും കൂടെ അങ്ങോട്ടു തന്നെ അയയ്ക്കേണ്ടതാണെന്നു് സകാരണം നാം കരുതുന്നു. അവിടെ കൊച്ചിരൂപതയോടു ചേർന്നു കിടക്കുന്ന അദ്ദേഹത്തിന്റേതായ രൂപതയെ അദ്ദേഹത്തിനും മറ്റൊരാൾക്കുമായി വീതിക്കുന്നതിനും ഓരോരുത്തരും തങ്ങളുടെ അജഗണത്തെ മേയ്ക്കുന്നതിനും അപരന്റെ ഭരണത്തിൽ കൈകടത്താതിരിക്കുന്നതിനും രണ്ടുപേർക്കും താമസിക്കുന്നതിനു പറ്റിയ സ്ഥലം നിശ്ചയിക്കുന്നതിനും അദ്ദേഹത്തിന്റെ പാത്രിയക്കീസിനെ നാം ഉപദേശിച്ചിരിക്കുന്നതിനാൽ നമ്മുടെ ശിപാർശ്ശയ്ക്കു് മാർ അബ്രഹാം അർഹനാണെന്നു നാം കരുതുന്നതുകൊണ്ടും അദ്ദേഹത്തെപ്പറ്റി വളരെ താല്പര്യത്തോടു കൂടി എഴുതിയ അദ്ദേഹത്തിന്റെ പാത്രിയർക്കീസിനെ അംഗീകരിക്കേണ്ടതാണെന്നു നാം കരുതുന്നതുകൊണ്ടും, മാർ അബ്രഹാത്തെക്കുറിച്ചു നാം പ്രതീക്ഷിക്കുന്നതുപോലെ വിശ്വാസത്തിലും കത്തോലിക്കാസഭയുടെ ഐക്യത്തിലും നിലനില്ക്കുകയാണെങ്കിൽ, ആവശ്യമെങ്കിൽ അവരിരുവരെ സംബന്ധിച്ചും ഉചിതമായതെല്ലാം ചെയ്യുന്നതിനു് പാത്രിയക്കീസിനു് സാധിക്കുന്നതിനു് നമ്മുടെ പ്രിയപുത്രനും മാന്യദേഹവുമായ വൈസ്രോയിയുടെ പക്കൽ നമുക്കുള്ള അധികാരം ഉപയോഗിച്ചു് വേണ്ടതു ചെയ്യണമെന്നു് സഹോദരനായ താങ്കളെ നാം ഉപദേശിക്കുന്നു.

നമ്മുടെ കല്പനയിൽ പറഞ്ഞിരിക്കുന്നതു് എന്തെങ്കിലും അവഗണിക്കപ്പെടാൻ ഇടയായാൽ പരിശുദ്ധസിംഹാസനത്തിനും നമുക്കും അപമാനവും നാണക്കേടും ഉണ്ടാകും. അതുകൊണ്ടു് ഇതേക്കുറിച്ചു് ആവലാതി പറയാൻ ഇടം കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണം. നല്ലവനും മതതീക്ഷ്ണതയുള്ളവനും റോമാസഭയുമായി ഐക്യപ്പെട്ടയാളും മൂന്നുവർഷം മുൻപ് അസ്സീറിയായിൽ നിന്നു് നമ്മുടെ ശ്ലൈഹികസിംഹാസനത്തിലേക്കു വരികയും ഈ സിംഹാസനത്തോടു് വേണ്ടത്ര ബഹുമാനവും വിധേയത്വവും വേണ്ടവണ്ണം പ്രകടിപ്പിക്കുകയും ചെയ്തയാളുമാണു് ആ പാത്രിയർക്കീസ്. അദ്ദേഹത്തെ നാം അംഗീകരിക്കുകയും പാലിയം കൊടുത്തു് അതിന്റെ അവകാശങ്ങൾ

www.malankaralibrary.com

അദ്ദേഹത്തിനു നൽകി ഉറപ്പിക്കുകയും നമ്മുടെയും നമ്മുടെ ശ്ലൈഹിക സിംഹാസനത്തിന്റെയും വിശ്വാസത്തിൽ അദ്ദേഹത്തെ നാം സ്വീകരിക്കുയും ചെയ്തിട്ടുള്ളതാണ്. അക്കാരണത്താൽ അദ്ദേഹത്തിന്റെ അധികാരപരിധി സുരക്ഷിതവും അലംഘനീയവും ആയിരിക്കണമെന്ന് നാം ന്യായമായി ആഗ്രഹിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

വിശുദ്ധ പത്രോസിന്റെ സിംഹാസനമായ റോമിൽ നിന്ന്. 1565 ഫെബ്രുവരി 28 ന്. നമ്മുടെ ഭരണത്തിന്റെ ആറാം വർഷം[2].

## 3

## കൊച്ചിമെത്രാന് 1565 ഫെബ്രുവരി 28ന് നാലാം പീയൂസ് മാർപ്പാപ്പാ എഴുതിയ കത്ത്

ഇൻഡ്യയിലെ വന്ദ്യസഹോദരനായ കൊച്ചിമെത്രാന്:
പീയൂസ് നാലാമൻ പാപ്പാ.

വന്ദ്യസഹോദരാ, ആശംസകളും ശ്ലൈഹികാശീർവാദവും. നമ്മുടെ വന്ദ്യസഹോദരനും അസ്സീറിയാക്കാരുടെ പാത്രിയർക്കീസുമായ മാർ അബ്ദീശോയാൽ ആ പ്രദേശങ്ങളുടെ ആർച്ചുബിഷപ്പായി നിയമിതനായ ആളാണ് താങ്കൾക്ക് ഈ കത്തു കൊണ്ടുവരുന്ന കൽദായക്കാരനായ മാർ അബ്രഹാം. അദ്ദേഹം തന്റെ പാത്രിയർക്കീസിന്റെ ശിപാർശക്കത്തുകളുമായി ഈ ശ്ലൈഹികസിംഹാസനത്തിലേക്കു വരികയുണ്ടായി. അദ്ദേഹത്തിന്റെ സത്യസന്ധവും സുകൃതപൂർണവുമായ ജീവിതത്തെക്കുറിച്ചുള്ള വിശ്വസനീയസാക്ഷ്യങ്ങൾ ലഭിച്ചതിനാൽ നാം അദ്ദേഹത്തെ സ്നേഹപൂർവം സ്വീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പാത്രിയർക്കീസ് തന്റെ പൗരോഹിത്യത്തിനു സ്ഥിരീകരണം ലഭിക്കുന്നതിനും ശ്ലൈഹിക സിംഹാസനത്തോടുള്ള വിധേയത്വം പ്രഖ്യാപിക്കുന്നതിനുംവേണ്ടി ഏകദേശം മൂന്നുവർഷം മുൻപ് റോമിൽ വന്നപ്പോൾ വിശുദ്ധ റോമാസഭയുടെ വിശ്വാസം ശരിയായും ഭക്തിയായും ഏറ്റുപറഞ്ഞതിനാൽ നാം അദ്ദേഹത്തെ പാത്രിയർക്കാസ്ഥാനത്ത് അംഗീകരിച്ചുറപ്പിക്കുകയും പതിവനുസരിച്ച് അദ്ദേഹം

2. Giamil, *op. cit.* p. 71ff.



പാലിയം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മാതൃക അനുസരിച്ച് അബ്രഹാമും റോമാസഭയുടെ വിശ്വാസം സ്വീകരിക്കുകയും അത് എന്നേക്കും കാത്തുസൂക്ഷിക്കുമെന്ന് പ്രതിജ്ഞാപത്രത്തിൽ സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പിടുകയും തന്റെ ചുമതലയിൽ പെട്ടവക്ക് അതു കൈമാറുമെന്ന് ആത്മാർത്ഥമായി പ്രഖ്യാപിക്കുകയുംചെയ്തു. പരിശുദ്ധ സിംഹാസനത്തോടുള്ള കൂട്ടായ്മ അദ്ദേഹത്തിനു ലഭിച്ചതിനാലും അദ്ദേഹത്തിന്റെ പാത്രിയർക്കീസിനെ നാം ആദരിക്കുന്നതിനാലും അദ്ദേഹത്തെ സഹോദരസ്നേഹത്തോടെ ആശ്ലേഷിക്കണമെന്നും, നാം പ്രതീക്ഷിക്കുന്നതുപോലെ ഈ പരിശുദ്ധ സിംഹാസനത്തോടുള്ള വിശ്വസ്തതയിലും വിശ്വാസത്തിലും ഉറച്ചുനില്ക്കുന്ന അദ്ദേഹത്തെ എല്ലാത്തരത്തിലുമുള്ള ഉപദ്രവങ്ങളിൽനിന്നും സംരക്ഷിക്കണമെന്നും മനസ്സിലാക്കണം. അതുപോലെ താങ്കളുടെ സംരക്ഷണയിൽ അദ്ദേഹം വിശ്വാസം അർപ്പിക്കുന്നതിനും, അദ്ദേഹത്തിന്റെ പാത്രിയർക്കീസ് അദ്ദേഹത്തിന് ആ സ്ഥാനം നൽകുന്നിടത്ത് യാതൊരു ശല്യമോ തടസ്സമോ കൂടാതെ താമസിക്കുന്നതിനും അദ്ദേഹത്തെ ഏല്പിച്ച ജോലി നിർവഹിക്കുന്നതിനും അനേകം ആത്മാക്കളെ കർത്താവിനു നേടുന്നതിനും അദ്ദേഹത്തിനു കഴിയുന്നതിനുവേണ്ടി അദ്ദേഹത്തെ എല്ലാത്തരത്തിലുമുള്ള ഉപദ്രവങ്ങളിൽനിന്നും ശ്രദ്ധയോടെ സംരക്ഷിക്കണം എന്നും മനസ്സിലാക്കണം. താങ്കൾ എത്രമാത്രം നീതിയേയും മര്യാദയേയും ശ്ലൈഹികസിംഹാസനത്തോടുള്ള ബഹുമാനത്തേയും സ്നേഹിക്കുന്നു എന്നും നമ്മെയും ശ്ലൈഹികസിംഹാസനത്തെയും എന്തുമാത്രം അനുസരിക്കുന്നു എന്നും മററുള്ളവക്ക് ഇതുവഴി ബോധ്യമാകാൻ ഇടയാകും. ഈ കാര്യം സഹോദരനായ താങ്കൾ അറിയണമെന്നു നാം ആഗ്രഹിക്കുന്നു. പാത്രിയർക്കീസ് അദ്ദേഹത്തെ ഏല്പിക്കുന്ന രൂപത തടസ്സംകൂടാതെ അദ്ദേഹം ഭരിക്കുന്നതിനു നാം ആഗ്രഹിക്കുയും അഭിലഷിക്കുകയും ചെയ്യുന്നു എന്നു മനസ്സിലാക്കിയാലും.

വിശുദ്ധ പത്രോസിന്റെ സിംഹാസനമായ റോമിൽനിന്ന്. 1565 ഫെബ്രുവരി 28ന്. നമ്മുടെ ഭരണത്തിന്റെ ആറാംവർഷം[3].

3. Giamil, *op. cit.* p. 73ff.

www.malankaralibrary.com

## 4

### ജസ്വിട്ട് വികാരിജനറാൾ ഫാ. ഫ്രാൻസിസ് ബോർജിയ ഇൻഡ്യയിലുള്ള റെക്ടർമാർക്കും സുപ്പിരിയർമാർക്കും 1565 മാർച്ച് 23-ന് എഴുതിയ കത്ത്

ജസ്വിട്ട് വികാരിജനറാൾ ഫ്രാൻചിസ്കുസ് ദെ ബോർജിയാ: ഇൻഡ്യൻ പ്രദേശങ്ങളിലുള്ള നമ്മുടെ സമൂഹത്തിന്റെ കോളേജുകളുടെയും ഭവനങ്ങളുടെയും റെക്ടർമാർക്കും ശ്രേഷ്ഠന്മാർക്കും കർത്താവിൽ എന്നേക്കുമുള്ള ആശംസകൾ!

പൗരസ്ത്യഇൻഡ്യയിലെ മാർതോമാക്രിസ്ത്യാനികളുടെ അങ്കമാലിയിലെ ആർച്ചുബിഷപ്പായി നിയമിതനും കൽദായക്കാരനും വന്ദ്യനുമായ മാർ അബ്രഹാം, വിശുദ്ധ റോമൻ കത്തോലിക്കാസഭയോടുള്ള ഐക്യത്തിനും പരിശുദ്ധ പിതാവായ നമ്മുടെ പാപ്പായോടുള്ള വിധേയത്വത്തിനുംവേണ്ടി പല ജാതിക്കാരുടെ ഇടയിൽകൂടി വളരെ സുദീർഘമായ തീർത്ഥാടനം നടത്തുകയുണ്ടായി. ആയതിനാൽ അദ്ദേഹത്തെ നിങ്ങൾക്കു ശിപാർശചെയ്യുന്നു. നിങ്ങളുടെ ഏതെങ്കിലും കോളേജോ ഭവനമോ അദ്ദേഹത്തെ അതിഥിയായി സ്വീകരിക്കണമെന്നും മര്യാദയുടെയും ക്രിസ്തീയസ്നേഹത്തിന്റെയും കടമകൾ അദ്ദേഹത്തോട് കാണിക്കണമെന്നും, ആത്മാർത്ഥമായ സഹായവും കനിവും ചെയ്തുകൊടുക്കണമെന്നും കർത്താവിൽ നിങ്ങളോട് ആവശ്യപ്പെടുന്നത് യുക്തമെന്നു നാം കരുതുന്നു.[4]

റോമാ
മാർച്ച് 23, 1565.

---

4. J. Wicki, (ed), *Documenta Indica*, Vol. VI, Roma,1960, p.450 ff.



## 5

### മൂന്ന് മാർതോമാ ക്രിസ്ത്യാനികൾ ഗ്രിഗറി XIII മാർപ്പാപ്പായ്ക്ക് അയച്ച കത്ത് (1578)

പരിശുദ്ധ പിതാവും ഞങ്ങളുടെ നാഥനുമായ പാപ്പായ്ക്കു: അത്യുന്നതനായ ദൈവത്തിന്റെ ശ്ലീഹാ ആയ മാർതോമായുടെ ഇൻഡ്യയിലെ എല്ലാ ക്രിസ്ത്യാനികളും സമാധാനവും ക്രിസ്തീയ സ്നേഹവും പിതാവിനോടുള്ള തീവ്രാഭിലാഷവും (ആശംസിക്കുന്നു).

ദൈവമായ മിശിഹായ്ക്കുള്ളവരുടെയെല്ലാം ഉന്നതനായ ഇടയനേ, അങ്ങയുടെ സ്നേഹത്തോട് ഞങ്ങൾ അറിയിക്കുന്നതെന്തെന്നാൽ: ഇൻഡ്യാക്കാരും അയോഗ്യപാപികളുമായ ഞങ്ങൾ, കർതൃശിഷ്യനും ഞങ്ങളുടെ നാഥനുമായ തോമാശ്ലീഹായുടെ കാലംമുതൽ ക്രിസ്ത്യാനികളാണ്. ഞങ്ങൾ മാമോദീസാ സ്വീകരിച്ചവരും കൂദാശകളിലും കർത്താവിന്റെ ശരീരത്തിലും ഞങ്ങളുടെ ദൈവത്തിലും ഭാഗഭാഗിത്വം ഉള്ളവരുമാണ്. ഞങ്ങളുടെ നാഥനായ മാർതോമാശ്ലീഹായിൽ നിന്ന് പരമ്പരാഗതമായി ലഭിച്ച സുറിയാനി അഥവാ കൽദായ ഭാഷയിലാണ് ഞങ്ങളുടെ പ്രാർത്ഥനകൾ. ഞങ്ങളും ഞങ്ങളുടെ പൂർവികരും ഈ ഭാഷയിൽ പ്രാവീണ്യമുള്ളവരാണ്. പൗരസ്ത്യസുറിയാനിക്കാരിൽനിന്ന് ഞങ്ങളുടെ പക്കലേക്കു അയയ്ക്കപ്പെട്ടവരാണ് ഞങ്ങളുടെ മെത്രാന്മാരും ആർച്ചുബിഷപ്പന്മാരും. അവരാണ് വൈദികപട്ടവും ഡീക്കൻപട്ടവും ഞങ്ങൾക്കു നൽകുന്നത്.

ഞങ്ങളുടെ നാഥൻ (അബ്ദീശോ IV പാത്രിയർക്കീസ്) ഞങ്ങളുടെ പക്കലേക്ക് മാർ ഏലിയായേയും മാർ യൗസേപ്പിനെയും അയച്ചതിൽ ഞങ്ങൾക്കു വളരെ സന്തോഷം ഉണ്ട്. അതിനു ഞങ്ങൾ ദൈവത്തിനു നന്ദിപറയുന്നു. എന്നാൽ പിന്നീട് മാർ ഏലിയാ ഞങ്ങളെ അനാഥരായി വിട്ടിട്ട് പൊയ്ക്കളഞ്ഞു. മാർ യൗസേപ്പ് സൂലാക്കായെ ആകട്ടെ പോർട്ടുഗീസ് വൈസ്രോയി കൂട്ടിക്കൊണ്ടു പോയി. അദ്ദേഹത്തോട് അവർ എന്തുചെയ്തു എന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങൾ ഇടയനില്ലാത്ത ആടുകളെപോലെ കഴിയുന്നു; ഞങ്ങളുടെ തൊഴുത്ത് വൈധവ്യം അനുഭവിക്കുന്നു. ഞങ്ങൾക്കു മെത്രാന്മാർ ഇല്ലെന്നും ഞങ്ങൾ അനാഥരാണെന്നും മററുമുള്ള ഞങ്ങളുടെ വിവരങ്ങൾ ധരിപ്പിച്ചുകൊണ്ട്, ഞങ്ങൾ മാർ അബ്ദീശോയ്ക്കു എഴുതിയയച്ചു. അതിന്റെ ഫലമായി ആബൂൻ മാർ അബ്ദീശോ മിശിഹായിലുള്ള

സ്നേഹത്തെപ്രതി മാർ അബ്രഹാമിനെ മെത്രാപ്പോലീത്തായായി വാഴിച്ച് തൻെറയും പരിശുദ്ധ മാർപ്പാപ്പായുടെയും ശിപാർശക്കത്തുകളോടെ ഞങ്ങളുടെ പക്കലേക്ക് അയച്ചു. വൈസ്രോയിയുടെ ആസ്ഥാനമായ ഗോവാപ്പട്ടണത്തിൽ അദ്ദേഹം എത്തിയപ്പോൾ വൈസ്രോയി അദ്ദേഹത്തെ ജയിലിൽ അടച്ചെന്നു ഞങ്ങൾ കേട്ടു. അങ്ങനെ കർത്താവിൻെറ അജഗണം ചിതറിക്കപ്പെട്ടു; ചെന്നായ്ക്കൾ അവയെ ദയാരഹിതമായി ആക്രമിച്ച് നശിപ്പിക്കുകയുംചെയ്തു. ആകയാൽ ഞങ്ങളുടെ പരിശുദ്ധ പിതാവേ, ആടുകളുടെ ഇടയന് കണക്കു ബോധിപ്പിക്കാൻ അങ്ങേയ്ക്കു സാധിക്കുമോ എന്ന് അങ്ങുതന്നെ തീരുമാനിക്കുക. അജഗണത്തോടു കരുണ കാണിക്കാൻ ഭയമില്ലെങ്കിൽ , ക്രിസ്തുവിൻെറ സ്നേഹത്തെപ്രതി പോർട്ടുഗീസ് വൈസ്രോയിക്ക് ഈ ക്രിസ്ത്യാനികളുടെ മനോഭാവവും അവസ്ഥയും സൂചിപ്പിച്ചുകൊണ്ടുള്ള ഒരു കത്തു കൊടുക്കുന്നതിൽ വീഴ്ചവരുത്തരുത്. പാത്രിയർക്കീസ് മുൻകാലങ്ങളിൽ ഞങ്ങളുടെ പക്കലേക്ക് മെത്രാന്മാരെ അയച്ചുതന്നിരുന്നതുപോലെ അഞ്ചുമെത്രാന്മാരെ ഞങ്ങൾക്കയച്ചുതരുവാൻ ഞങ്ങളുടെ പാത്രിയർക്കീസിന് ഒരു കത്തെഴുതി ശിപാർശ ചെയ്താലും. പോർട്ടുഗീസുകാരുടെ അധീനതയ്ക്കു പുറത്തായി, ഒരു പറങ്കിക്കും എത്തിനോക്കാൻ സാധിക്കാത്ത സ്ഥലത്ത് ധാരാളമാളുകൾ താമസിക്കുന്നുണ്ട്. അവർക്കു വളരെ വർഷങ്ങളായി മാമോദീസായും കുർബാനയും ലഭിക്കുന്നില്ല. ഞങ്ങളുടെ ഇടയിൽ ആയിരുന്നപ്പോഴും മാർ ഏലിയായ്ക്കും മാർ യൗസേപ്പിനും മാർ അബ്രഹാമിനും അവരുടെ പക്കലെത്താൻ കഴിഞ്ഞില്ല. ആയതിനാൽ ഞങ്ങളുടെ പിതാവേ, ഈശോമിശിഹായുടെ തിരുവിലാവിൽ നിന്നൊഴുകിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഈ അജഗണത്തിൻെറ പാപത്തിന് ഞങ്ങൾ ഉത്തരവാദികളല്ല എന്ന് അങ്ങ് അറിയുന്നുവല്ലോ; എന്തെന്നാൽ അങ്ങാണ് എല്ലാ ക്രിസ്ത്യാനികളുടെയും പിതാവ്. ആയതിനാൽ, ഉചിതമാംവിധം അങ്ങയുടെ അജഗണത്തോടുകൂടെ രാജ്യം പ്രാപിക്കുന്നതിനും കർത്താവിൽ ഏററം നന്നായി വ്യാപരിക്കുന്നതിനും അങ്ങേയ്ക്കു കഴിയട്ടെ.[5]

ഇൻഡ്യയിലെ അങ്കമാലി പട്ടണത്തിൽനിന്ന്; ഗ്രീക്കുവർഷം 1889; ക്രിസ്തുവർഷം 1578.

അബ്രഹാം റീശ് ബന്ദർ
യൗസേപ്പ് ,,
ഗീവർഗീസ് ,,

5. Giamil, *op. cit.* p. 85-86.



## 6

## *കൊച്ചി രാജാവ് ഗ്രിഗറി XIII മാർപ്പാപ്പായ്ക്കു 1576 ജനുവരി 2 നു് എഴുതിയ കത്ത്*

ഞങ്ങൾ ജീവിക്കുന്ന മാർഗ്ഗത്തിൻെറ വ്യത്യാസം കാരണം എൻെറ പൂർവികരായ രാജാക്കന്മാർക്ക് അങ്ങയോട് ബന്ധം പുലർത്താൻ സാധിച്ചിട്ടില്ല. എങ്കിലും എന്നെക്കുറിച്ചുള്ള വിവരം നൽകുന്നത് ഉചിതമെന്ന് എനിക്കു തോന്നുന്നു. മാർതോമാശ്ലീഹായുടെ നാമത്തിലുള്ള ധാരാളം ക്രിസ്ത്യാനികളും, എൻെറ സഹോദരനായ പോർട്ടുഗീസ് രാജാവിൻെറ തീക്ഷ്ണതയാൽ എൻെറ സംപ്രീതിക്കു പാത്രീഭൂതരായ മററനേകരും എൻെറ കീഴിലുണ്ട്. ഈ രാജ്യത്തെക്കുറിച്ച് അറിവുണ്ടെങ്കിൽ ഈ സ്ഥലത്ത് അങ്ങേയ്ക്ക് താല്പര്യമുള്ള കാര്യങ്ങൾ എന്നോട് ആവശ്യപ്പെടുകയും കല്പിക്കുകയും ചെയ്യുമ്പോൾ അവ ചെയ്യുവാൻ എനിക്ക് എളുപ്പമായിരിക്കും. അങ്ങയുടെ മനോഗുണത്തിലും സംരക്ഷണയിലും ആശ്രയിക്കുന്ന എൻെറ അധീനതയിലുള്ളവരെ സഹായിക്കുന്നതിനും അവരോട് ദാക്ഷിണ്യം കാണിക്കുന്നതിനും സാധിക്കും. എന്നെ സംബന്ധിച്ചാണെങ്കിൽ, എൻെറ ജനത്തിൻെറ നിയമത്തിലാകട്ടെ ജോലികളിലാകട്ടെ, മുഖംനോട്ടമില്ലാതെയാണ് പെരുമാറുന്നത്.

അങ്കമാലിയുടെ ആർച്ചുബിഷപ്പും എൻെറ പ്രജയും എൻെറ രാജ്യത്തിലുള്ള മാർതോമാക്രിസ്ത്യാനികളുടെ മെത്രാനുമായ മാർ അബ്രഹാമിനോട് ഗോവൻ പ്രൊവിൻഷ്യൽ കൗൺസിലിൽ സംബന്ധിക്കാനായി ഗോവൻ ആർച്ചുബിഷപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും, ഗോവയിൽവച്ച് അദ്ദേഹത്തിനു വളരെയധികം മർദ്ദനങ്ങളും പീഡനങ്ങളും അനുഭവിക്കേണ്ടി വന്നതിനാലും അദ്ദേഹത്തെ അവർ അവിടെ രണ്ടുപ്രാവശ്യം ജയിലിൽ അടച്ചതിനാലും, കൗൺസിലിൽ പങ്കെടുക്കാൻ അദ്ദേഹത്തിനു മനസ്സു വന്നില്ല എന്ന് അദ്ദേഹം എന്നെ ധരിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിനു മേല്പറഞ്ഞ കൗൺസിലിനെ വിശ്വസിക്കാൻ കഴിയുന്നില്ല. അങ്ങ് അദ്ദേഹത്തിന് സുരക്ഷിതത്വം ഉറപ്പുകൊടുക്കുകയാണെങ്കിൽ, പരിശുദ്ധസിംഹാസനത്തിൻെറ അനുസരണമുള്ള മകൻ എന്ന നിലയിൽ അവിടെ നടക്കുന്ന കൗൺസിലുകളിൽ സംബന്ധിക്കാമെന്നും, ഈ ക്രിസ്ത്യാനി

www.malankaralibrary.com

കൾക്കു വലിയ നന്മ ഉണ്ടാകത്തക്കവിധം പോർട്ടുഗീസ് സന്യാസിമാരോടും മെത്രാന്മാരോടും സമ്പർക്കം പുലർത്താമെന്നും അങ്ങയെ അറിയിക്കാൻ അദ്ദേഹം എന്നോട് ആവശ്യപ്പെടുകയുണ്ടായി.

സ്വർഗ്ഗാരോഹണ നാഥയുടെ ബഹുമാനാർത്ഥം ആഗസ്റ്റുമാസത്തിൽ സ്ഥാപിതമായ പുതിയ പള്ളിക്കു ചില ദണ്ഡവിമോചനങ്ങൾ അനുവദിച്ചു കിട്ടുന്നതിന് അങ്ങയോടപേക്ഷിക്കാൻ മിശിഹായുടെ ഗീവർഗീസ് എന്ന അദ്ദേഹത്തിന്റെ അർക്കദിയാക്കോൻ എന്നോട് അഭ്യർത്ഥിച്ചു.

അങ്ങ് ഈ അപേക്ഷ സ്വീകരിക്കുന്നത് ഒരു വലിയ ഉപകാരമായി ഞാൻ കരുതുന്നതാണ്. എന്നെക്കുറിച്ചും എന്റെ രാജ്യകാര്യങ്ങളെക്കുറിച്ചും പൂർണമായ ഒരു റിപ്പോർട്ട് ലഭിക്കുക അങ്ങേയ്ക്കിഷ്ടമാണെങ്കിൽ, അതിനുള്ള ഒരാരംഭമായി മാത്രമാണ് ഇതെഴുതുന്നത്. അതുകൊണ്ട് ഞാൻ മറ്റൊന്നും ഇപ്പോൾ എഴുതുന്നില്ല. അങ്ങയുടെ നിർദ്ദേശങ്ങൾക്കായി കാത്തിരിക്കുന്നു.[6]

## 7

## കൊച്ചിരാജാവിന് ഗ്രിഗറി XIII പാപ്പാ 1576 ഡിസംബർ 21 ന് എഴുതിയ കത്ത്

പ്രശസ്തനായ കൊച്ചിരാജാവിന് ഗ്രിഗറി XIII പാപ്പാ

പ്രശസ്തനായ രാജാവേ, യഥാർത്ഥ സന്തോഷത്തിന്റെ അംഗീകാരവും ആശംസയും.

താങ്കൾ ജനുവരി 2 ന് നമുക്കെഴുതിയ കത്തിൽനിന്നു വ്യക്തമാകുന്ന താങ്കളുടെ സന്മനസ്സിനെ നാം ശ്ലാഘിക്കുന്നു. താങ്കളുടെ രാജ്യത്തിലുള്ള ക്രിസ്ത്യാനികളെയും, നമ്മുടെ പ്രിയപുത്രനും പോർട്ടുഗീസ് രാജാവുമായ സെബാസ്റ്റ്യന്റെ തീക്ഷ്ണത നിമിത്തം നമ്മുടെ കർത്താവും ദൈവവുമായ ഈശോമിശിഹായിലുള്ള വിശ്വാസ

6. Arch. Vat· Secret. Nunziatura di Portugallo, p.316-317. *ed* A. Theiner, *Annales Ecclesiastici ad an. 1576*, II. 576. n.78.



ത്തിലേക്കു വരികയും വിശുദ്ധ മാമോദീസാ സ്വീകരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരെയും, താങ്കളുടെ നിയമമനുസരിക്കുന്ന മറ്റുള്ളവരെപ്പോലെ പരിഗണിക്കുന്നു എന്ന് താങ്കൾ എഴുതിയിരുന്നല്ലോ. ലോകമെങ്ങുമുള്ള ക്രിസ്ത്യാനികളെല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാണെന്ന് ഞങ്ങളുടെ വിശ്വാസം ഞങ്ങളെ പഠിപ്പിക്കുന്നതുകൊണ്ട്, നമ്മുടെ ക്രിസ്തീയ മക്കളോടു താങ്കൾ കാണിക്കുന്ന ദയയും വാത്സല്യവും, ക്രിസ്തുവിന്റെ കാരുണ്യത്താൽ ഈ ലോകത്തിൽ അവിടുത്തെ പ്രതിനിധിയായിരിക്കുന്ന നമ്മോടുതന്നെ ചെയ്യുന്നതായി നാം പരിഗണിക്കുകയും താങ്കൾക്കു നന്ദി പറയുകയും ചെയ്യുന്നു. പ്രസ്തുത സന്മനസ്സ് തുടർന്നും കാണിക്കുന്നതിനും നമ്മെപ്രതി കുറേക്കൂടി മനോഗുണം ചെയ്യുന്നതിനും നാം അഭ്യർത്ഥിക്കുന്നു. നാം പ്രതീക്ഷിക്കുന്നതുപോലെ ഔദാര്യപൂർവം പ്രവർത്തിക്കുവാൻ താങ്കളുടെ ഹൃദയവിശാലത താങ്കളെ പ്രേരിപ്പിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. നാമാകട്ടെ, ഇപ്പോൾ നമുക്ക് മറ്റൊന്നും സാധിക്കുക ഇല്ലെങ്കിലും, ആരംഭത്തിലെഴുതിയതുപോലെ, സത്യമതം പഠിപ്പിക്കുന്ന ഏറ്റം ഉന്നതവും യഥാർത്ഥവുമായ സൗഭാഗ്യത്തിന്റെ അഭിലാഷവും അംഗീകാരവും താങ്കൾക്കാശംസിക്കുന്നു. ഈ മതത്തിന്റെ നിയമത്തിനും ചട്ടങ്ങൾക്കും അനുസൃതമായ വിശുദ്ധവും ഭക്തവുമായ ജീവിതമാണ് അതിലേക്കു നയിക്കുന്നത്.

അങ്കമാലി ആർച്ചുബിഷപ്പിനെ സംബന്ധിച്ച് നമുക്കൊന്നും തീരുമാനിക്കാനാവില്ല. കാരണം, അദ്ദേഹം ക്ഷണിക്കപ്പെട്ടതായി താങ്കളെഴുതിയ പ്രൊവിൻഷ്യൽ സിനഡിൽ പങ്കെടുക്കാതിരിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ഉപദ്രവങ്ങൾ ഏതൊക്കെയാണെന്ന് നമുക്കറിഞ്ഞുകൂടാ. അതുപോലെ ഏതെല്ലാം കാരണംകൊണ്ടാണ് അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ടതെന്ന് നമുക്ക് അറിവുകിട്ടിയാൽ നീതിയും ന്യായവുമെന്നു നമുക്കു ബോധ്യമായതു നാം കല്പിക്കുന്നതാണ്. അദ്ദേഹത്തെ മർദ്ദിച്ച് പീഡിപ്പിക്കുവാൻ നാം അനുവദിക്കുകയില്ല.

ആർച്ചുഡീക്കൻ ഗീവർഗീസിന്റെ നാമത്തിൽ താങ്കൾ അപേക്ഷിച്ച ദണ്ഡവിമോചനങ്ങൾ സസന്തോഷം അനുവദിക്കുന്നു. തത്സംബന്ധമായ അവശ്യരേഖകൾ തയാറാക്കി അയയ്ക്കുന്നതിന് നാം കല്പിച്ചിട്ടുണ്ട്. മേലിൽ താങ്കൾക്കുവേണ്ടി ചെയ്യാൻ സാധിക്കുന്ന എന്തെങ്കിലും കാര്യം ഉണ്ടെങ്കിൽ അതു ചെയ്തുതരുന്നതിനു നമുക്കു സന്തോഷമേയുള്ളു. പത്രോസിന്റെ സിംഹാസനമായ റോമിൽ നിന്ന് മുക്കുവന്റെ മുദ്രവച്ച് ഡിസംബർ 21, 1576-ൽ. നമ്മുടെ ഭരണത്തിന്റെ അഞ്ചാം വർഷം.[7]

7. Theiner, *op. cit.* p. 250. n. 119.

www.malankaralibrary.com

## 8

## കൊച്ചീരാജാവിന്റെ പ്രതിനിധിക്ക് 1576 ഡിസംബർ 21ന് ഗ്രിഗറി XIII പാപ്പാ എഴുതിയ കത്ത്

കൊച്ചീരാജാവിന്റെ പ്രതിനിധിയായ പ്രിയ മകന് ഗ്രിഗറി XIII പാപ്പാ: പ്രിയമകനേ, ആരോഗ്യവും ശ്ലൈഹികാശീർവാദവും.

താങ്കളുടെ കത്തുകളെല്ലാം നമുക്കു ലഭിച്ചു. കൊച്ചീരാജാവിന്റെ കത്ത് സന്തോഷത്തോടുകൂടെ വായിക്കുകയും അദ്ദേഹത്തിനു നന്ദി പറയുകയും ചെയ്തു. ഗീവർഗീസ് ആർച്ചുഡീക്കന്റെ നാമത്തിൽ അപേക്ഷിച്ചിരുന്ന ദണ്ഡവിമോചനങ്ങൾ അനുവദിക്കുകയും തത്സംബന്ധമായ രേഖകൾ തയ്യാറാക്കുവാൻ കല്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവ താങ്കൾക്കയച്ചുതരുമ്പോൾ രാജാവിനു കൊടുക്കണം. ക്രിസ്ത്യാനികളുടെ നേരേയുള്ള അദ്ദേഹത്തിന്റെ സന്മനോഭാവം ഉറപ്പിക്കുന്നതിനു താങ്കൾ കഴിവുള്ളതു ചെയ്യുമല്ലോ. കരുണയിൽ സമ്പന്നനായ ദൈവം അദ്ദേഹത്തിന്റെ ഈ സന്മനസ്സിനു, അദ്ദേഹം ഒരിക്കൽ ക്രിസ്തീയ വിശ്വാസവും സത്യവും അംഗീകരിക്കുന്നതിനും ആചരിക്കുന്നതിനുമുള്ള കൃപാദാനം ധാരാളമായി പ്രദാനം ചെയ്യട്ടെ. നന്മതന്നെയായ ദൈവത്തോട് അതിനായി നാം പ്രാർത്ഥിക്കുന്നു.

പത്രോസിന്റെ സിംഹാസനമായ റോമിൽനിന്നു്. മുക്കുവന്റെ മുദ്രവച്ച്. ഡിസംബർ 21. 1576 - ൽ. നമ്മുടെ ഭരണത്തിന്റെ അഞ്ചാം വർഷം.[8]

[8] Theiner, *op. cit.* p. 251. n. 120



## 9

## മാർ അബ്രഹാമിന്റെ വിശ്വാസപ്രഖ്യാപനം
(1564 / 5)

മാർ അബ്രഹാം ആയ ഞാൻ, വിശുദ്ധ റോമാസഭ ഉപയോഗിക്കുന്ന വിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്ന എല്ലാ കാര്യങ്ങളും ഉറച്ച വിശ്വാസത്തോടെ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. അതായതു്, സർവശക്തിയുള്ള പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യേകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകപുത്രനും യുഗങ്ങൾക്കു മുമ്പ് പിതാവിൽനിന്നു ജനിച്ചവനും ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും പിതാവിനോടുകൂടെ ഏകസത്തയായിരിക്കുന്നവനും ആയ ഈശോമിശിഹാ എന്ന ഏക കർത്താവിലും ഞാൻ വിശ്വസിക്കുന്നു. അവൻ വഴി സകലവും സൃഷ്ടിക്കപ്പെട്ടു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി, പരിശുദ്ധാത്മാവിനാൽ കന്യകമറിയത്തിൽനിന്നു് ശരീരം സ്വീകരിച്ചു മനുഷ്യനായി. അവൻ പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ക്രൂശിക്കപ്പെടുകയും പീഡകൾ സഹിച്ച് മരിക്കുകയും സംസ്കരിക്കപ്പെടുകയും ചെയ്തു. അവൻ മൂന്നാം ദിവസം ഉയിർത്തെഴുന്നേററ് പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വരാനിരിക്കുന്നു. അവന്റെ രാജ്യത്തിന് അവസാനമില്ല. പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും പിതാവിനോടും പുത്രനോടും കൂടെ ആരാധിക്കപ്പെടുകയും മഹത്ത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും പ്രവാചകന്മാർ വഴി സംസാരിച്ചവനും ജീവിപ്പിക്കുന്നവനും കർത്താവുമായ ഏക പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയിലും പാപമോചനത്തിനുള്ള ഏക മാമോദിസായിലും മരിച്ചവരുടെ ഉത്ഥാനത്തിലും നിത്യജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

www.malankaralibrary.com

ശ്ലൈഹികവും സഭാപരവുമായ പാരമ്പര്യങ്ങളും റോമാസഭയുടെ മററു് ആചാരങ്ങളും നിയമങ്ങളും ഞാൻ ഉറപ്പായി അംഗീകരിക്കുകയും ആശ്ലേഷിക്കുകയും ചെയ്യുന്നു. വിശുദ്ധ ലിഖിതങ്ങളുടെ ശരിയായ അർത്ഥവും വ്യാഖ്യാനവും സംബന്ധിച്ച് വിധി പറയാൻ അധികാരമുള്ള വിശുദ്ധ സഭാമാതാവ് പഠിപ്പിച്ചതും പഠിപ്പിക്കുന്നതുമായ അർത്ഥത്തോടുകൂടി വിശുദ്ധ ഗ്രന്ഥവും ഞാൻ സ്വീകരിക്കുന്നു. പിതാക്കന്മാരുടെ ഏകകണ്ഠമായ സമ്മതം അനുസരിച്ച് ഞാൻ വി. ഗ്രന്ഥം സ്വീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യും. നമ്മുടെ കർത്താവീശോമിശിഹാ സ്ഥാപിച്ചവയും ഓരോരുത്തക്കും ആവശ്യമില്ലെങ്കിലും മനുഷ്യവഗ്ഗത്തിന്റെ രക്ഷയ്ക്കാവശ്യവും ആയ പുതിയനിയമത്തിലെ യഥാർത്ഥവും പ്രത്യേകവുമായ ഏഴു കൂദാശകളെ ഞാൻ അംഗീകരിക്കുന്നു. അവ: മാമോദീസാ, മൂറോനഭിഷേകം, കുർബാന, കുമ്പസാരം, അന്ത്യലേപനം, പട്ടം, വിവാഹം എന്നിവയാണ്. അവ പ്രസാദവരം നൽകുന്നു. ഇവയിൽ മാമോദീസാ, മൂറോനഭിഷേകം, പട്ടം എന്നിവ ദൈവദോഷം കൂടാതെ രണ്ടാമതു് ആവർത്തിക്കാൻ പാടില്ല. പ്രസ്തുത കൂദാശകൾ ആഘോഷമായി പരികർമ്മം ചെയ്യുന്നതിനു് കത്തോലിക്കാസഭ സ്വീകരിച്ച് അംഗീകരിച്ചിട്ടുള്ള *രീതികൾ* (ritus) ഞാനും അംഗീകരിക്കുന്നു. ഉത്ഭവപാപത്തെക്കുറിച്ചും നീതീകരണത്തെക്കുറിച്ചും വിശുദ്ധ ത്രെന്തോസ് സൂനഹദോസ് നിർവ്വചിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തവയെല്ലാം ഞാനും സ്വീകരിച്ച് അംഗീകരിക്കുന്നു. ജീവിച്ചിരിക്കുന്നവക്കും മരിച്ചവർക്കും വേണ്ടി ദൈവത്തിനർപ്പിക്കുന്ന യഥാർത്ഥവും പ്രത്യേകവുമായ പരിഹാരബലിയാകുന്ന കുർബാനയും ഞാൻ അംഗീകരിക്കുന്നു. അതുപോലെ വി. കുർബാന കൂദാശയാണെന്നും, നമ്മുടെ കർത്താവിന്റെ ദൈവത്വവും, ആത്മാവോടുകൂടെ ശരീരവും, സത്താപരമായും വസ്തുനിഷ്ഠമായും സത്യമായും കുർബാനയിൽ സന്നിഹിതമാണെന്നും, അപ്പത്തിന്റെ മുഴുവൻ സത്തയും ശരീരമായും വീഞ്ഞിന്റെ മുഴുവൻ സത്തയും രക്തമായും മാറുന്നു എന്നും ഞാൻ സമ്മതിച്ച് ഏറ്റുപറയുന്നു. ഈ മാററത്തെ കത്തോലിക്കാസഭ ''വസ്തുഭേദം'' (transubstantiaton) എന്നു വിളിക്കുന്നു. അപ്പത്തിലോ വീഞ്ഞിലോ തനിച്ചാണെങ്കിലും മിശിഹാ പൂർണ്ണമായും സത്യമായ കൂദാശയായും സ്വീകരിക്കപ്പെടുന്നു എന്നു ഞാൻ സമ്മതിക്കുന്നു. ശുദ്ധീകരാവസ്ഥ ഉണ്ടെന്നും അവിടെ ''പിടിച്ചിടപ്പെട്ട'' ആത്മാക്കൾക്കു് വിശ്വാസികളുടെ പ്രാർത്ഥനകൾ (Suffragis) സഹായകമാകുമെന്നും ഞാൻ സമ്മതിക്കുന്നു. അതുപോലെ മിശിഹായോടുകൂടി വാഴുന്ന വിശുദ്ധരെ ബഹുമാനിക്കുകയും അവരുടെ മാധ്യസ്ഥ്യം യാചിക്കുകയും ചെയ്യേണ്ടതാണെന്നും, അവർ നമുക്കുവേണ്ടി ദൈവത്തിനു പ്രാർത്ഥന അർപ്പിക്കുന്നു എന്നും, അവരുടെ തിരുശേഷിപ്പുകൾ വണങ്ങേണ്ടതാണെന്നും ഞാൻ എപ്പോഴും



സമ്മതിക്കുന്നു. മിശിഹായുടെയും നിത്യകന്യകയായ ദൈവമാതാവിന്റെയും മററു വിശുദ്ധരുടെയും രൂപങ്ങൾ വേണ്ടതും സൂക്ഷിക്കേണ്ടതും അവയ്ക്കു് അർഹമായ ബഹുമാനവും വന്ദനവും നൽകേണ്ടതും ആണെന്നും ഞാൻ ഉറപ്പായി പ്രസ്താവിക്കുന്നു. ദണ്ഡവിമോചനം നല്കുന്നതിനുള്ള അധികാരം മിശിഹാ സഭയ്ക്കു കൊടുത്തിട്ടുണ്ടെന്നും അതിന്റെ ഉപയോഗം ക്രിസ്തീയ ജനതയ്ക്കു് വളരെ രക്ഷാകരമാണെന്നും ഞാൻ പ്രഖ്യാപിക്കുന്നു. വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ റോമാസഭയാണ് എല്ലാ സഭകളുടെയും മാതാവും പ്രബോധകയുമെന്നു ഞാൻ ഏറ്റുപറയുന്നു. ശ്ലീഹന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെ പിൻഗാമിയും ഈശോമിശിഹായുടെ വികാരിയുമായ റോമാ മാപ്പാപ്പായ്ക്കു് ഞാൻ യഥാർത്ഥമായ അനുസരണം വാഗ്ദാനം ചെയ്യുകയും ഉറപ്പായി പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു. വിശുദ്ധ കാനോനാകളിലും സാർവത്രിക സൂനഹദോസുകളിലും, പ്രത്യേകിച്ച് വി. ത്രെന്തോസ് സൂനഹദോസിലും നൽകിയതും നിർവ്വചിച്ചതും പ്രഖ്യാപിച്ചതുമായ മററെല്ലാ കാര്യങ്ങളും സംശയലേശമെന്യേ ഞാൻ സ്വീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. അതേ സമയം, അവയ്ക്കെതിരായവയും സഭ ശപിച്ചുതള്ളിയതും മഹറോൻ ചൊല്ലിയതുമായ എല്ലാ പാഷണ്ഡതകളും ഞാനും ശപിച്ചുതള്ളുകയും മഹറോൻ ചൊല്ലുകയും ചെയ്യുന്നു. ഏതു കൂടാതെ ആക്കും രക്ഷ പ്രാപിക്കാൻ സാധിക്കയില്ലയോ, ആ സത്യകത്തോലിക്കാവിശ്വാസം ഞാൻ ഇപ്പോൾ സ്വമനസ്സാ ഏറ്റുപറയുകയും സത്യസന്ധമായി സ്വീകരിക്കുകയും അലംഘനീയമായും എന്റെ ജീവന്റെ അന്ത്യശ്വാസം വരെയും നിരന്തരം സംരക്ഷിച്ചുകൊള്ളാമെന്നും, ഏറ്റുപറഞ്ഞുകൊള്ളാമെന്നും, എന്റെ അധീനതയിൽ പെട്ടവരെല്ലാം, അതായതു്, ആരുടെയെല്ലാം അജപാലനം എന്റെ ഉദ്യോഗം വഴി എനിക്കു് ഭരമേല്പിക്കപ്പെട്ടിരിക്കുന്നുവോ, അവരെല്ലാം അതു സ്വീകരിക്കാനും പഠിപ്പിക്കാനും പ്രസംഗിക്കാനും വേണ്ടി എന്റെ കഴിവിൽ പെട്ടതെല്ലാം ഞാൻ ചെയ്തുകൊള്ളാമെന്നും ദൈവസഹായത്താൽ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

മാർ അബ്രഹാം ആയ ഞാൻ തന്നെ പ്രതിജ്ഞ ചെയ്യുകയും വാഗ്ദാനം ചെയ്യുകയും സത്യം ചെയ്യുകയും ചെയ്യുന്നു. ദൈവവും ദൈവത്തിന്റെ ഈ വിശുദ്ധ സുവിശേഷവും എന്നെ സഹായിക്കട്ടെ.

അങ്ങയുടെ ദാസന്മാരുടെ ദാസനും അങ്കമാലി ആർച്ചുബിഷപ്പും ബലഹീനനുമായ അബ്രഹാം [9]

---

9. S. Giamil, *op. cit.* p. 83ff.

www.malankaralibrary.com

# 10

## ജസ്വീട്ട് ജനറൽ എവെരാർദോ മെർക്കുറിയാനോയ്ക്ക് ഫാ. ഫ്രാൻചിസ്കുസ് ഡയനീഷ്യോ എഴുതിയ കത്തുകളിൽനിന്ന്:

1. *1577 ജാനുവരി 25 ന് എഴുതിയ കത്തിൽനിന്ന്:* ''അവർ (മാർത്തോമ്മാ ക്രിസ്ത്യാനികൾ) ആദിമസഭയുടെ ആചാരങ്ങൾ നിലനിർത്തുന്നു. അവരുടെ ആചാരങ്ങളിലും വിശ്വാസത്തിലും ചില തെററുകൾ ഉണ്ട്. കാരണം, അവരുടെ പക്കലേയ്ക്ക് പാത്രിയർക്കീസ് അയയ്ക്കുന്ന മെത്രാന്മാർ പാണ്ഡിത്യമില്ലാത്തവരാണ്. അവർ (മെത്രാന്മാർ) കത്തോലിക്കരാണോ എന്നറിഞ്ഞുകൂടാ; ഇവിടെ അവർ അവക്കിഷ്ടമുള്ളതുപോലെ പ്രവർത്തിക്കുന്നു''[10].

2. *1578 ജാനുവരി 2 ന് എഴുതിയ കത്തിൽനിന്ന്:* ''ഈ ക്രിസ്ത്യാനികൾ കലീനരും ബഹുമാന്യജാതിയിൽപ്പെട്ടവരുമാണ്. രാജാവിന്റെ സൈനികരും കലീനരുമായ നായന്മാരുമായി അവർ ഇടപെടുന്നു. ഈ ക്രിസ്ത്യാനികളുമായി ഇടപഴകുന്നതിനാൽ ഈ നായന്മാരെ മാനസ്സാന്തരപ്പെടുത്താനുള്ള വാതിൽ തുറന്നുകിടക്കുകയാണ്. എങ്കിലും ഈ ജാതിക്കാർ ക്രിസ്തീയ മിഷനു് ശ്രദ്ധാർഹമായ രീതിയിൽ വാതിൽ അടച്ചിരിക്കുകയാണ്. ഞങ്ങൾക്കു് താഴ്ന്ന ജാതിയിൽ നിന്നുള്ള മാനസ്സാന്തരമേയുള്ളു. അവരെ നായന്മാർ വെറുക്കുകയും നിന്ദിക്കുകയും ചെയ്യുന്നതിനാൽ, സന്തോഷപൂർവ്വം അവരെ നായന്മാരുടെ ഭവനങ്ങളിൽ കയററാറില്ല.

ഈ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രവർത്തിക്കുന്നതു് വളരെ സന്തോഷപ്രദമായ കാര്യമാണ്. അവക്ക് അവരുടെ മെത്രാന്മാരും വൈദികരും ഉണ്ട്; അവർ പള്ളികളുടെ കാര്യം നോക്കുന്നു. അതുകൊണ്ട് ആത്മാക്കളുടെ പരിപാലനയിൽനിന്ന് ഞങ്ങൾ സ്വതന്ത്രരാണ്; അനുദിനമിഷൻപ്രവർത്തനം കഴിഞ്ഞാൽ ഞങ്ങൾക്കു് ഞങ്ങളുടെ ഭവനങ്ങളിലേക്കു തിരിച്ചുപോരാം. മിക്കവാറും എല്ലാവരും തന്നെ ധനികരും കഴിവുള്ളവരും ബുദ്ധിമാന്മാരും ആകയാൽ അവ

10. J. Wicki, *Documenta Indica*, Vol. 10, Rome, 1968, p. 842.



രുടെ ഇടയിൽ പ്രവർത്തിക്കുക എളുപ്പമാണ്. *കുരുമുളകിന്റെ കുത്തകവ്യാപാരം ഈ ക്രിസ്ത്യാനികൾക്കാകയാൽ ഇതു പോർട്ടുഗലിനും പ്രയോജനപ്രദമാണ്.* സിറിയായിൽ നിന്നാണ് അവരുടെ മെത്രാന്മാർ വരുന്നതു്. *ഇപ്പോഴത്തെ മെത്രാൻ (മാർ അബ്രഹാം) കത്തോലിക്കനാണ്.* അവരുടെ നെസ്തോറിയൻ തത്ത്വങ്ങൾ വ്യക്തമല്ല. നെസ്തോറിയനിസത്തിന്റെ ചില സൂചനകൾ അവർ കാണിച്ചിട്ടുണ്ട്. ചില തെററുകളുമായി കൂടികലർന്നതാണ് അതു്. അവരുടെ കത്തനാരന്മാർക്കു് പൊതുവേ നല്ല ജീവിതമല്ല. അവർ നിയന്ത്രണമില്ലാത്തവരാണ്. അവരുടെ ജീവിതം വലിയ തടസ്സമാണ്. അന്യായപ്പലിശ വാങ്ങുന്നതിനാൽ ഈ ക്രിസ്ത്യാനികൾ ധനികരാണ്. അവർ വലിയ പണക്കൊതിയന്മാരാകയാൽ ഈ തിന്മ നീക്കുക വളരെ പ്രയാസമാണ്. സ്വേച്ഛാധിപതികളായ അക്രൈസ്തവരാജാക്കന്മാരുടെ കീഴിലാണ് ഈ ക്രിസ്ത്യാനികൾ. ഈ ക്രിസ്ത്യാനികൾ ഒരിക്കലും ഒരു സ്ഥലത്തല്ല. അവർ നിർബന്ധിത സ്വേച്ഛാധിപത്യത്തിൽ നിന്നു് രക്ഷപെടാൻ കൂടെക്കൂടെ നാടുവിട്ടുപോകുന്നു.

അനുസരിപ്പിക്കാൻ അവരെ നിർബന്ധിക്കുന്ന ഒരു നിർബന്ധിത ശക്തിയും ഇവിടില്ല. മെത്രാന്മാർക്കും വൈദികർക്കും ഇവരെക്കൊണ്ട് നിർബന്ധിച്ച് അനുസരിപ്പിക്കാനാവില്ല. ചിലപ്പോൾ അവർ അക്രൈസ്തവാധികാരികളുടെ സഹായം തേടി മെത്രാന്മാരെ എതിർക്കാറുണ്ട്. അവരാഗ്രഹിക്കുന്നതു നേടിയെടുക്കാൻ അവർക്കറിയാം. ഈ ക്രിസ്ത്യാനികളുടെ ദുഷ്ടതയെപ്പററി പറഞ്ഞാൽ ഒരു പ്രതീക്ഷക്കും വകയില്ല. എന്തെങ്കിലും പ്രതീക്ഷക്കു് വക ഉണ്ടെങ്കിൽ അവരുടെ കുട്ടികളെ സംബന്ധിച്ചുമാത്രമാണ്. ക്രിസ്ത്യാനികളിൽ നല്ല പങ്ക് മലകളിൽ കൂട്ടംകൂട്ടമായി ചിതറിത്താമസിക്കുന്നു. അതുകൊണ്ട് അവരെ ഒന്നിച്ചുകൂട്ടി പഠിപ്പിക്കുക ശ്രമകരമാണ്. ബാബിലോണിൽ നിന്നുവന്ന, സ്വയം മെത്രാനാക്കിയ ഒരു നുഴഞ്ഞുകയററക്കാരൻ ബിഷപ്പ് (മാർ ശീമോൻ) ഇവിടെ വന്നു് ഒരുതരം സ്വതന്ത്രജീവിതരീതി പ്രസംഗിക്കുകയും അനേകമാളുകളെ ആകർഷിക്കുകയും ചെയ്തുകൊണ്ട് ഈ ക്രിസ്ത്യാനികളുടെ ഇടയിൽ ഇപ്പോൾ വളരെ കലക്കമുണ്ടാക്കുന്നു. മിക്കവാറും എല്ലാവരും തന്നെ മാർ അബ്രഹാമിന്റെ കൂടെയാണ്. മൂന്നോ നാലോ സ്ഥലത്തുള്ളവർ മാത്രമേ[11] മാർ ശീമോന്റെ കൂടെ കൂടിയിട്ടുള്ളു. ഈ ശീശ്മക്കാരനെപ്പററിയുള്ള വിവരം ഇതാണ്. ഈ ക്രിസ്ത്യാനികളുടെ ഇടയിൽനിന്നു് അയാളെ പുറംതള്ളുവാൻ ഞങ്ങൾ പരിശ്രമിച്ചു; എന്നാൽ പ്രഭുക്കന്മാർ അയാളെ പിൻതുണയ്ക്കുന്നു. ഈ ക്രിസ്തുമതത്തിൽ പല പ്രതികൂല സംഗതികളും

11. കടുത്തുരുത്തി പള്ളിയായിരുന്നു അവരുടെ പ്രധാനകേന്ദ്രം.

www.malankaralibrary.com

ബുദ്ധിമുട്ടുകളും കാണാനുണ്ട്. ഈ ക്രിസ്ത്യാനികളുടെ പക്കലേയ്ക്കു സിറിയായിൽനിന്ന് ഒരു മെത്രാനും വരാൻ പാടില്ല എന്നതു് എത്ര മാത്രം പ്രധാനപ്പെട്ടതാണെന്ന് 1576 ലെ *കൺസൽട്ടേഷനു* വന്നപ്പോൾ വിസിററർ പാതിരിയും മാർട്ടിൻ ദി സിൽവാ പാതിരിയും അങ്ങയെ ധരിപ്പിച്ചിട്ടുണ്ടല്ലോ. ഈ മെത്രാന്മാരുടെ വരവിന് തടസ്സം ഉണ്ടാക്കുക എന്നതാണ് ചൂണ്ടിക്കാണിക്കപ്പെട്ട ഒരു മാർഗ്ഗം. ഇതിനായി റോമിലുള്ള ഏററം കഴിവുള്ള കൽദായ സുറിയാനിക്കാരനെ മെത്രാന്റെ ചുമതലകൾ നിർവഹിക്കാൻ പരിശുദ്ധ പിതാവായ മാർപ്പാപ്പാ അയയ്ക്കണം. അയാളിന് അതിനുള്ള യോഗ്യത ഉണ്ടെന്ന് പാത്രിയർക്കീസ് മാർപാപ്പായ്ക്കെഴുതണം. മാർപാപ്പാ ഒരു സുറിയാനിക്കാരനെ അയയ്ക്കുന്നില്ലെങ്കിൽ കഴിവും യോഗ്യതയുമുള്ള ഒരാളെ റോമിൽനിന്ന് അയയ്ക്കണം. അവരുടെ അധ്യക്ഷന്മാർ സിറിയായിൽനിന്നുള്ള മെത്രാന്മാരായിരുന്നതിനാൽ ഈ ക്രിസ്ത്യാനികൾക്ക് ഈ സിറിയൻ മെത്രാന്മാരോട് താല്പര്യമാണ്. അതുകൊണ്ട് റോമൻ പ്രബോധനങ്ങൾ സ്വാംശീകരിച്ച മെത്രാനെ അവതരിപ്പിക്കാൻ ഈ കൗശലം പ്രയോഗിക്കേണ്ടതു് ആവശ്യമാണ്. തീരുമാനിക്കേണ്ട കാര്യം സംബന്ധിച്ച് അങ്ങേയ്ക്കു നല്ല അറിവു ലഭിക്കാനായി ഈ പുരാതനസഭയുടെ ആചാരാനുഷ്ഠാനങ്ങൾ സംബന്ധിച്ച് ഒരു കത്തു കൂടി ഞാൻ അയയ്ക്കുന്നുണ്ട്[12].

3. *1578 ജനുവരി 4 നു് എഴുതിയ കത്തിൽനിന്നു്*: ''പലതും തിരുത്തുകയുണ്ടായി. ത്രെന്തോസ് സൂനഹദോസിന്റെ ചട്ടങ്ങളനുസരിച്ച് ആർച്ചുബിഷപ്പ് എല്ലാ കാര്യങ്ങളും ചെയ്യുന്നു. കുറേ വർഷങ്ങൾക്കുമുമ്പുവരെ വൈദികർ വിവാഹിതരായിരുന്നു. ഇപ്പോൾ എല്ലാവരും തന്നെ ബ്രഹ്മചര്യം പാലിക്കുന്നു. എന്നാൽ വിവാഹം ചെയ്യുന്നവർ മുടക്കപ്പെടുന്നു. പള്ളികളിലെല്ലാം ഒന്നോ രണ്ടോ കത്തനാരന്മാർ കൽദായ സുറിയാനിയിൽ കാനോന നമസ്കാരം ഗണമായി പാടുന്നു. അവരുടെ നമസ്കാരം, പ്രത്യേകിച്ച് വലിയ നോമ്പിന്റെയും, ഇരുപത്തഞ്ചു നോമ്പിന്റെയും രാത്രികളുടേതു് വളരെ നീണ്ടതാണ്. ആഘോഷദിവസങ്ങളിൽ നമ്മുടേതിൽനിന്നു വ്യത്യസ്തമായ വിവിധ ശുശ്രൂഷകൾ കൊണ്ട് രാത്രിയും പകലും അവർ ചെലവഴിക്കുന്നു. അവരുടെ പള്ളികളിൽ ഇടവകപ്പട്ടക്കാരനും സഹായപട്ടക്കാരനും തമ്മിൽ വ്യത്യാസമില്ല[13]. എല്ലാവരും കൂദാശകൾ പരികർമ്മം ചെയ്യുന്നു; എല്ലാവരും മരിച്ചവരെ സംസ്കരിക്കുന്നു. പുരാതനപാരമ്പര്യങ്ങളോട് അവർക്കു കൂടുതൽ ബഹുമാനമുണ്ടെന്നതു്

12. J. Wicki, *Documenta Indica*, XI. Rome, 1970, p. 67-70.

13. Parish Priest and Vicar



വാസ്തവംതന്നെ. തങ്ങൾക്കു കിട്ടുന്ന നേർച്ചകൾ[14] തങ്ങൾക്കിടയിൽ തന്നെ അവർ വിതരണം ചെയ്യുന്നു. കുമ്പസാരം ഒരത്യാവശ്യ കാര്യമായി മുൻകാലങ്ങളിൽ അവർ കണക്കാക്കിയിരുന്നില്ല; കുമ്പസാരം കൂടാതെ അവർ വിശുദ്ധ കുർബാന സ്വീകരിച്ചിരുന്നു. എന്നാലിപ്പോൾ കുർബാന സ്വീകരണത്തിനു മുമ്പ് കുമ്പസാരം അവശ്യഘടകമായി നടപ്പാക്കിയിട്ടുണ്ട്. കത്തനാരന്മാർ അറിവില്ലാത്തവരാണ്. അവർക്കു് ദൈവശാസ്ത്രവും ധാർമ്മിക പ്രശ്നാവലിയും[15] അറിയില്ല; ഫലവും നാസ്തി. കത്തനാരന്മാർ ജനങ്ങളെ മാമോദീസാ മുക്കുകയോ ജനങ്ങൾക്കുവേണ്ടി കുർബാന അർപ്പിക്കുകയോ ചെയ്യാത്തതിനാൽ -അപൂർവമായിട്ടേ ചെയ്തിരുന്നുള്ളൂ.- മുൻകാലങ്ങളിൽ ക്രിസ്ത്യാനികൾ സ്നാനാർത്ഥികളായി കഴിഞ്ഞതേയുള്ളൂ. അവരുടെ മെത്രാന്മാർ അതു് തങ്ങൾക്കുള്ള ദൗത്യമായി നിശ്ചയിച്ചിരുന്നു; അതുകൊണ്ട് മാമോദീസാ സ്വീകരിക്കാൻ അവർ മെത്രാനെ സമീപിക്കേണ്ടിയിരുന്നു. സ്നാനാർത്ഥികളായി ദീർഘനാൾ കഴിഞ്ഞിരുന്നതിനാൽ അവർക്കു കൂദാശകൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. സ്നാനാർത്ഥികളായിത്തന്നെ അനേകർ മരിക്കുകയും ചെയ്തു. *ക്രിസ്ത്യാനികളെ തങ്ങളുടെ വീടുകളുടെ അടുത്താണ് അടക്കുന്നതു്. പള്ളികളുടെ സമീപത്തു്* അടക്കുന്ന രീതി തുടങ്ങിയിട്ട് ഏതാണ്ട് നാല്പതു വർഷമേ ആയിക്കാണുകയുള്ളൂ. നാല്പതു വർഷം മുമ്പ് അവർക്ക് നാലിൽ കൂടുതൽ പള്ളികൾ ഇല്ലായിരുന്നു. ഇപ്പോൾ അവർക്ക് ഏതാണ്ട് 60 പള്ളികളോളമുണ്ട്. കുമ്പസാരവും കുർബാനസ്വീകരണവും അവർ നടപ്പാക്കിയിട്ടുണ്ട്. അതുപോലെ പള്ളിക്കടുത്താണ് അവർ ശവം അടക്കുന്നതു്. എന്നാൽ പള്ളിക്കകത്തല്ല. അവർ ധാരാളം വീടുകളൊടുകൂടി അൻപതു സ്ഥലങ്ങളിലായിട്ടാണ് കഴിയുന്നതു്. ചേരരാജ്യത്തെ മലകളിൽ ചിന്നിച്ചിതറിക്കിടക്കുന്ന നിരവധി കുടുംബങ്ങളെ കൂടാതെ അവർ 80000 ലേറെ ആളുകളുണ്ട്. കത്തനാരന്മാർക്കു ചില കാര്യങ്ങളറിയാം. പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും വാക്യങ്ങളറിയാം. *അവർക്കു് അനേകം മൽപ്പാൻമാരുണ്ടു്.* അവർ വേദപുസ്തകം വ്യാഖ്യാനിച്ചുകൊടുക്കുന്നു. ജനങ്ങൾ അവരെ വളരെ ബഹുമാനിക്കുന്നു. മാർത്തോമ്മാക്രിസ്ത്യാനികൾക്ക് അപ്പോക്രിഫൽ കഥകൾ വലിയ ഇഷ്ടമാണ്. വ്യാപാരം ചെയ്തും പള്ളിവരുമാനം കൊണ്ടും ആണ്ടുവട്ടം മുഴുവനും ഉള്ള ചാത്തത്തിനു കിട്ടുന്ന നേർച്ചകൊണ്ടും കത്തനാരന്മാർ ജീവിക്കുന്നു. അവർ വളരെയധികം പലിശ വാങ്ങുന്നു. ജീവിതരീതിയിൽ അവർ ക്രമരഹിതരും അയഞ്ഞവരുമാണ്. കാരണം, പള്ളി പിരിഞ്ഞുകഴിഞ്ഞാൽ അവരും മററുള്ളവരെ

14. benefices

15. moral casus

www.malankaralibrary.com

പ്പോലെ വ്യാപരിക്കുകയും മററുള്ളവരെപ്പോലെ വസ്ത്രധാരണം ചെയ്യുകയും ചെയ്യുന്നു. ഒന്നുമറിയാൻ പാടില്ലാത്ത കത്തനാരന്മാരുടെ പ്രസംഗങ്ങൾ ഈ ക്രിസ്ത്യാനികൾക്കു പ്രിയംകരമാണ്. ദിവസത്തിന്റെ പ്രാധാന്യത്തെപ്പററി പറയാതെ ഒന്നിനുപിറകെ ഒന്നായി കഥകൾ പറഞ്ഞു പിടിപ്പിക്കുക എന്നതാണ് അവരുടെ പ്രസംഗരീതി. പ്രസംഗത്തിനു് രണ്ടും മൂന്നും മണിക്കൂറുകൾ അവർ ചെലവഴിക്കുന്നു. നിർബന്ധിത ഉപവാസം അവർക്കിഷ്ടമാണ്. അവർ വലിയനോമ്പിലും ക്രിസ്മസിനും പെന്തിക്കോസ്തിക്കും, സ്വർഗാരോഹണത്തിനും, മാതാവിന്റെയും വി.ഹൊർമിസ്ദാസിന്റെയും[16] പെരുന്നാളിനും ഒരുക്കമായും തലേദിവസം ഉപവസിക്കുന്നു. ഭക്തിപരമായി ഇടവക മദ്ധ്യസ്ഥന്റെ പെരുന്നാളിനൊരുക്കമായും തലേദിവസം അവർ ഉപവസിക്കുന്നു. മാതാവിന്റെ കരേററത്തിനു മുമ്പുള്ള ദിവസവും, മംഗലവാർത്തക്കാലം മുഴുവനും നിനിവേനോമ്പിന്റെ മൂന്നു ദിവസവും[17] അവർ ഉപവസിക്കുന്നു.

വലിയ നോമ്പ് *പേത്രത്തായ്ക്കു ശേഷം* തിങ്കളാഴ്ചയാണ് ആരംഭിക്കുന്നതു്. നോമ്പിന്റെ ഈ ദിവസങ്ങളിൽ അവർ മത്സ്യമോ, പാലിൽ നിന്നുള്ള സാധനങ്ങളോ, മദ്യമോ കഴിക്കാറില്ല; അവർ ലൈംഗികബന്ധത്തിൽ നിന്നകന്നിരിക്കുന്നു; അവർ അവരുടെ പായും പാത്രങ്ങളും കഴുകി വെടിപ്പാക്കുന്നു; പ്രധാന ഭക്ഷണം ഉച്ചകഴിഞ്ഞു് മൂന്നിനോ നാലിനോ കഴിക്കുന്നു. നമ്മുടെ കർത്താവിന്റെ തിരുനാൾ, മാതാവിന്റെ വാങ്ങിപ്പ് എന്നു തുടങ്ങി നമ്മുടെ ചില പെരുന്നാളുകൾ അവർക്കുണ്ട്. മാതാവിന്റെ മംഗലവാർത്ത തുടങ്ങി നമ്മുടെ ചില പെരുന്നാളുകൾ ഇപ്പോൾ നടപ്പായി തുടങ്ങിയിട്ടുണ്ട്.

ആ മെത്രാനു മുമ്പ് നാല് മെത്രാന്മാർ ഇവിടെയുണ്ടായിരുന്നു. മെത്രാനാണ് സഭയെ ഭരിക്കുന്നതു്. തന്റെ വികാരിയായും കാര്യവിചാരിപ്പുകാരൻ ആയും[18] അങ്കമാലിയുടെ ആർച്ചുഡീക്കനായും മാർ യൗസേപ്പ് സഭയിൽ ആർച്ചുഡീക്കനെ നിയമിച്ചു; അദ്ദേഹം വടക്കൻ പ്രദേശങ്ങളുടെ ആർച്ചുഡീക്കനായിരിക്കണമെന്നു തീരുമാനിച്ചു. തെക്കൻ പ്രദേശങ്ങൾക്കു വേണ്ടി മറെറാരാളുണ്ടായിരുന്നു, തെക്കൻ പ്രദേശങ്ങൾക്കുവേണ്ടിയുള്ള ആൾ മരിച്ചുപോയി. മിശിഹായുടെ ഗീവർഗീസാണ് എല്ലാ ക്രിസ്ത്യാനികളുടെയും കാര്യവിചാരിപ്പുകാരനും അങ്കമാലിയുടെ ആർച്ചുഡീക്കനും. മെത്രാന്മാർ സന്ദർശിക്കുന്ന സ്ഥലത്തുനിന്നു് അവക്കു ലഭിക്കുന്ന സംഭാവന കൊണ്ടാണ് മെത്രാ

16. പശ്ചിമേഷ്യയിൽ ബാർ ഈതാ ആശ്രമാംഗം.

17. മൂന്നു നോമ്പുകാലത്തു് കത്തനാരന്മാർ പള്ളിക്കു പുറത്തുപോയിരുന്നില്ല.

18. Provisor



ന്മാരുടെ ചെലവ് നടക്കുന്നതു്. *മെത്രാന്റെ ചെലവിനായി സ്ഥലനിവാസികൾ കഴിവനുസരിച്ച് സംഭാവന ചെയ്യുന്നുണ്ട്.* ഓരോ സ്ഥലവും മെത്രാന് എന്തുമാത്രം കൊടുക്കണമെന്നു് ആർച്ചുഡീക്കൻ നിശ്ചയിക്കുന്നു. അവർ ഉദാരമായി മെത്രാനു് സംഭാവന കൊടുക്കുന്നു. മെത്രാൻ രണ്ടു ഘട്ടമായി വൈദിക പട്ടം കൊടുക്കുന്നു. ഒന്നാംഘട്ടത്തിൽ ഡീക്കൻപട്ടംവരെ കൊടുക്കുന്നു. ശെമ്മാശ്ശൻ എന്നു് അവർ വിളിക്കപ്പെടുന്നു. പിന്നീടു് വൈദിക പട്ടം. *കത്തനാർ* എന്നു് അവർ വിളിക്കപ്പെടുന്നു. പള്ളി പണിയിക്കുന്നതു ജനങ്ങളാണ്. അതിനും മററു ചെലവുകൾക്കും ഓരോരുത്തരും കഴിവനുസരിച്ചു സംഭാവന ചെയ്യുന്നു. ഏതെങ്കിലും ഒരു മാന്യവ്യക്തി ഈ പണമെല്ലാം ശേഖരിച്ചു വയ്ക്കുന്നു. ചെലവുകൾക്കായി അയാളതു വിനിയോഗിക്കുന്നു. വിവാഹാവസരം സ്ത്രീധനത്തിന്റെ പത്തിൽ ഒന്നോ പതിനഞ്ചിൽ ഒന്നോ പള്ളിക്കു സംഭാവന ചെയ്യുന്നു. മാമ്മോദീസാക്കു് കഴിവനുസരിച്ച് പള്ളിക്കു കൊടുക്കുന്നു. *മെത്രാൻ തറക്കല്ലിടാതെ പള്ളി പണിയാനോ, പള്ളി കൂദാശ ചെയ്യാതെ* കുർബാന അർപ്പിക്കാനോ സാധിക്കയില്ല. പരസ്യമായ കുററങ്ങൾക്കു് രാജ്യത്തെ രാജാവാണ് ശിക്ഷിക്കുന്നതു്. സഭാനിയമങ്ങൾക്കെതിരായ ഗൗരവമായ കുററങ്ങൾക്കു് മെത്രാനാണ് ശിക്ഷിക്കുന്നതു്. ചെറിയ കുററങ്ങൾക്കു് ക്രിസ്തീയ പ്രമാണികളുടെ യോഗത്തോടു കൂടി കത്തനാരാണ് ശിക്ഷ നൽകുന്നതു്. പിഴ ഒടുക്കേണ്ടയാൾ ഒടുക്കാൻ വിസമ്മതിച്ചാലും ഇപ്രകാരം തന്നെ. കത്തനാരന്മാർ അയാളെ പള്ളിയിൽ നിന്നു പുറത്താക്കുന്നു. എന്നാൽ അയാൾ അനുസരിക്കാൻ കൂട്ടാക്കാതെ ഇരുന്നാൽ അയാളുമായി യാതൊരു സംസർഗ്ഗവും പാടില്ലെന്നു് മററുള്ളവരെ അറിയിക്കുന്നു. കുററവാളി ഒരു കത്തനാർ ആണെങ്കിൽ അയാൾക്കു കൈകസൂരി_പള്ളിയുടെ വാതിക്കൽ വച്ചുള്ള സമാധാനാശംസ _ കൊടുക്കാറില്ല. കത്തനാരന്മാർ പള്ളിയിൽ കയറി ശുശ്രൂഷ നടത്തുമ്പോൾ പള്ളിയിൽ കയറുന്ന ജനങ്ങളെല്ലാം കൂപ്പുകൈകളുമായി, കൂട്ടായ്മയുടെ അടയാളമായി വൈദികന്റെ കൈകളെ സ്പർശിക്കുന്നു. ആർക്കെങ്കിലും കത്തനാർ ഇതു നിഷേധിച്ചാൽ, സഭയുടെ പ്രാർത്ഥനയിൽ പങ്കെടുക്കാൻ അയാൾക്കനുവാദമില്ല എന്നാണ് അതിന്റെ സൂചന. ഇതു് ഈ ക്രിസ്ത്യാനികളുടെ ഒരു പാരമ്പര്യമാണ്. കൂട്ടായ്മ നിഷേധിക്കപ്പെട്ടയാൾ കത്തനാരാണെങ്കിൽ, ധൂപക്കുററികൊണ്ടു് ശുദ്ധീകരിക്കുമ്പോൾ ആ വൈദികന്റെ നേർക്കു ധൂപം വീശാറില്ല. അയാൾ തിരുത്തുന്നില്ലെങ്കിൽ, അയാളുമായി സംസർഗ്ഗം നടത്താതിരിക്കാൻ അവർ നിർബന്ധിതരാകും. ഈ ക്രിസ്ത്യാനികളുമായി ഈ വർഷം ഇടപഴകിയതിന്റെ ഫലമായി ഈ ക്രിസ്തുമതത്തെപ്പററി ഇതാണെനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്'' [19].

19. J. Wicki, *Documenta Indica*, XI. p. 139-143.

www.malankaralibrary.com

## 11

## ഗ്രിഗറി XIII പാപ്പായ്ക്ക് 1578 ജനുവരി 3 ന് മാർ അബ്രഹാം എഴുതിയ കത്ത്

പരിശുദ്ധ പിതാവേ,

അങ്ങയുടെ തൃപ്പാദത്തിങ്കൽ വീണ് എത്രയും ഭയഭക്തിയോടും വിധേയത്വത്തോടും കൂടെ പൂജ്യമായി ചുംബിച്ചുകൊണ്ട് എന്റെ സുദീർഘമായ മൗനത്തിനു മാപ്പു ചോദിക്കുന്നു. അതിനുള്ള കാരണം അങ്ങ് മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ കാര്യത്തിനുവേണ്ടിയുള്ള യാത്രതന്നെ അസാധ്യമായി എനിക്കു തോന്നിയിരുന്നു. കാരണം, പോർട്ടുഗീസുകാരെ ഞാൻ അത്രയധികം വിശ്വസിച്ചിരുന്നില്ല. അവർ വഴി വേണമായിരുന്നല്ലോ അങ്ങേയ്ക്കുള്ള കത്ത് കൊടുത്തയയ്ക്കേണ്ടിയിരുന്നത്. ക്രിസ്ത്യാനികളും കത്തോലിക്കരുമായ മനുഷ്യരിൽ പോലും ആത്മാർത്ഥമായ വിശ്വാസം അർപ്പിക്കാൻ പറ്റാത്തവിധത്തിലുള്ള അനുഭവമാണ് എനിക്കുള്ളത്. സത്യം ചെയ്യുന്നതാണ് വിശ്വസനീയതയുടെ ഏറ്റം വലിയ അടയാളം എന്ന് പൂർവ്വികർ കരുതിയിരുന്നു. എന്നാൽ ഞാൻ സുരക്ഷിതനായിരിക്കുമെന്ന് എന്നോടു സത്യം ചെയ്തു പറഞ്ഞവർ തന്നെ എന്നെ ജയിലിൽ അടച്ചു. അങ്ങയുടെ മുൻഗാമിയും ഭാഗ്യസ്മരണാർഹനുമായ നാലാം പീയൂസ് പാപ്പായുടെ സാക്ഷിപത്രങ്ങൾ ഞാൻ കാണിച്ചപ്പോൾ, ഉന്നതാധികാരികളായ ചിലർ എന്നെ സ്വീകരിച്ച രീതി കണ്ടപ്പോൾ അവിടെ നിന്ന് ഒളിച്ചോടുകയാണ് ഉചിതമെന്ന് എനിക്കു തോന്നി. ഇത്തരത്തിലുള്ള പെരുമാറ്റം സത്യസന്ധനായ മനുഷ്യന് ലജ്ജാകരമാണ്. അപ്പോൾ ഒരു കത്തോലിക്കാമെത്രാന് എത്രമാത്രം അനുചിതമായിരിക്കും. എന്തുദ്ദേശത്തോടും എന്തു മനസ്സാക്ഷിയോടുംകൂടെ അവരതു ചെയ്തു എന്നുള്ളത്, സർവർക്കും നീതി നടത്തികൊടുക്കുന്നവനായ മിശിഹാതമ്പുരാൻ തന്നെ വിധിക്കട്ടെ. ഞാനാകട്ടെ, ഇത്രയും നാൾ, പോർട്ടുഗീസുകാരെ ഭയപ്പെടണം എന്നു കരുതി. അങ്ങനെയിരിക്കെ, ഭയവും ബലഹീനതയെക്കുറിച്ചുള്ള ആശങ്കയും നീക്കിവച്ചിട്ട്, ജസ്വിട്ട് വൈദികരുടെ സഹായത്തോടുകൂടെ ഞാൻ കൊച്ചിയിലെ കോട്ടവരെ പോയി. കൊച്ചി മെത്രാനും പ്രമുഖ നേതാക്കന്മാരും ജനങ്ങളും എന്നെ മാന്യതയോടും സ്നേഹത്തോടും കൂടെ സ്വീകരിച്ചു. അന്ന് വിശുദ്ധ കുർബാന ആഘോഷമായി എഴുന്നെള്ളിക്കുക പതിവുള്ള ദിവസമായിരുന്നു. തദവസരത്തിലെ അവരുടെ മര്യാദയും സൗഹാർദ്ദവും വഴി, അവർക്കെന്നോടുള്ള ആദരവും സ്നേഹവും എത്രമാത്രമെന്ന് എനിക്കു ബോധ്യമായി. തദ്ഫലമായി, പൊതുവായ അനുരഞ്ജനത്തിന്റെ പേരിൽ, അവർ ചെയ്ത എല്ലാ കഠിനോപദ്രവങ്ങളും, സ്വഭാവികമായ മറവിയാൽ ഞാൻ മറന്നുകളഞ്ഞു. മാത്രമല്ല, മറ്റാരോടും എന്നതിനേക്കാൾ പോർട്ടുഗീസുകാരോട് കടപ്പാടുണ്ടെന്ന് എനിക്കു തോന്നുകയും ചെയ്തു. ഇപ്പോൾ ഉണ്ടായിട്ടുള്ള ഈ സമാധാനത്തിനും സൗഹാർദ്ദത്തിനും ഇനി ഒരിക്കലും കോട്ടം തട്ടാതിരിക്കാൻ, പോർട്ടുഗൽ വഴിയല്ലാതെ ഹോർമൂസ് വഴി ഞാൻ വന്നതിന്റെ പേരിൽ പാഷണ്ഡതയോ ശീശ്മയോ എന്റെ മേൽ ആരോപിച്ചുകൊണ്ട്, അങ്ങയുടെ കല്പന കൂടാതെ, മേലിലാരെങ്കിലും എന്നെ പീഡിപ്പിക്കുകയാകട്ടെ, ജയിലിൽ അടയ്ക്കുകയാകട്ടെ ചെയ്യുന്നത് മഹറോൻവഴി അങ്ങു തടയുന്നത് നന്നായിരിക്കും. ജസ്വിട്ട് സമൂഹത്തെപ്പറ്റി കർദ്ദിനാൾ ഫിലിപ്പ് കോമൻവഴി അങ്ങ് എനിക്കു ശിപാർശ ചെയ്ത ബാക്കി കാര്യങ്ങൾ ഞാൻ ശ്രദ്ധാപൂർവ്വം നിറവേറ്റും. കാരണം, ഈ പ്രോവിൻസിനെ ശരിയായ വിശ്വാസത്തിലേക്കും റോമാസഭയുടെ അനുസരണത്തിലേക്കും ആചാരങ്ങളിലേക്കും തിരിച്ചുകൊണ്ടുവരുന്നതിനും യഥാർത്ഥാനുഷ്ഠാനങ്ങളിൽ നിലനിർത്തുന്നതിനും, ഈ സമൂഹത്തിലെ വൈദികരുടെ വിശ്വാസവും ഭക്തിയും എനിക്കു വലിയ സഹായമായിരിക്കുമെന്നു ഞാൻ കരുതുന്നു. ഈ കാര്യത്തിൽ ഞാൻ എന്റെ എല്ലാ ശ്രദ്ധയും കേന്ദ്രീകരിക്കുന്നു. ജസ്വിട്ട് വൈദികർക്ക് എന്റെ രൂപതയിൽ പ്രവർത്തിക്കുന്നതിനും അവരുടെ സമൂഹത്തിന്റെ ദൗത്യം നിറവേറ്റുന്നതിനും വേണ്ട അനുവാദം രേഖാമൂലം നല്കിയിട്ടുണ്ട് എന്ന് ഈ കാര്യം സംബന്ധിച്ച് എന്റെ ഭാഗത്തുനിന്ന് അറിയിച്ചുകൊള്ളട്ടെ. എന്നെക്കുറിച്ചും എന്റെ കാര്യങ്ങളെക്കുറിച്ചും കൃത്യമായ വിവരങ്ങൾ അറിയാൻ അങ്ങേയ്ക്കാഗ്രഹമുണ്ടെന്ന് കൊച്ചീ രാജാവിന് അങ്ങ് അയച്ച കത്തിൽനിന്ന് എനിക്കു വ്യക്തമായി. അക്കാര്യം നിറവേറ്റാൻ ഞാൻ ജസ്വിട്ട് ജനറലിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എന്റെ വിശ്വാസപ്രഖ്യാപനവും, എന്നെ വിളിച്ചിട്ടും ഗോവായിലെ പ്രൊവിൻഷ്യൽ കൗൺസിലിൽ ഞാൻ സംബന്ധിക്കാതിരുന്നതിന്റെ കാരണവും, അങ്ങയുടെ സന്മനസ്സിൽ നിന്നു ഞാൻ പ്രതീക്ഷിക്കുന്നകാര്യവും ശ്രദ്ധാപൂർവ്വം അങ്ങയെ ധരിപ്പിക്കും.

ഇനിയുമുള്ളത് ഒരു പ്രാർത്ഥനയും അപേക്ഷയുമാണ്: അതായത്, എന്നെ സംരക്ഷിക്കുകയും, എല്ലാവിധ ഉപദ്രവങ്ങളിൽനിന്നും

www.malankaralibrary.com

ഭീതിയിൽനിന്നും വിമുക്തനാക്കി നേരത്തെയുണ്ടായിരുന്ന സ്വാതന്ത്ര്യത്തിലും സ്ഥാനത്തും പുനഃപ്രതിഷ്ഠിക്കുകയും ചെയ്യണം എന്നു പ്രാർത്ഥിക്കുന്നു. അങ്ങയുടെ വിശുദ്ധ സഭയ്ക്കുവേണ്ടി അങ്ങയെ ദീർഘകാലം സുരക്ഷിതനായി കാത്തു പരിപാലിക്കട്ടെ എന്ന് വലിയവനും നല്ലവനുമായ ദൈവത്തോടു പ്രാർത്ഥിക്കുന്നു.[20]

കൊച്ചിയിലെ ജസ്വിട്ട് കോളേജിൽ നിന്ന്.

ജനുവരി 3, 1578.

## 12

## ഗോവാ ആർച്ചുബിഷപ്പ് ഹെൻട്രിക്ക് ഗ്രിഗറി XIII പാപ്പാ 1578 ഒക്ടോബർ 13 ന് എഴുതിയ കത്ത്

ഗോവാ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട കൊച്ചി മെത്രാനായ വന്ദ്യസഹോദരൻ ഹെൻട്രിക്ക്: ഗ്രിഗറി XIII പാപ്പാ:

വന്ദ്യസഹോദരാ, ആരോഗ്യവും ശ്ലൈഹികാശീർവാദവും. കൽദായക്കാരനായ ഒരു ശെമഓൻ അസ്സീറിയായിൽനിന്ന് അവിടെ വന്ന് താൻ മെത്രാനാണെന്നു പറയുകയും അതുപോലെ പ്രവർത്തിക്കുകയും ചെയ്യുന്നെന്നും, പരിശുദ്ധസിംഹാസനത്തിന്റെയോ കൽദായ കത്തോലിക്കാ പാത്രിയർക്കീസിന്റെയോ സാക്ഷിപത്രങ്ങളൊന്നും കാണിച്ചിട്ടില്ലെന്നും, കൊച്ചീരൂപതയോടു തൊട്ടുകിടക്കുന്ന മലബാർ ക്രിസ്ത്യാനികളുടെമേൽ പതിവായി അധികാരം നടത്തിവരുന്ന അങ്കമാലി ആർച്ചുബിഷപ്പ് വന്ദ്യസഹോദരൻ അബ്രഹാമിന്റെ ഭരണാധികാരത്തിൽ കൈകടത്താൻ ശ്രമിക്കുന്നെന്നും അടുത്തകാലത്ത് താങ്കൾ നമ്മെ അറിയിച്ചിരുന്നല്ലോ. ആർച്ചുബിഷപ്പ് മാർ അബ്രഹാമിന് കഴിവുള്ള എല്ലാ ഉപകാരവും സഹായവും ചെയ്തുകൊടുക്കണമെന്ന് താങ്കളെ ഉപദേശിച്ച ഭാഗ്യസ്മരണാർഹനായ നമ്മുടെ മുൻഗാമി നാലാം പീയൂസ് പാപ്പായുടെ തിരുവെഴ

20. G. Beltrami, *La Chiesa Caldea nel secolo dell' Unione*, Rome' 1933, p· 98-99.



ത്തുകളുടെ അധികാരത്താലും, ക്രിസ്തീയ സ്നേഹത്തിൽനിന്നുളവാകുന്ന വാത്സല്യത്താലും ദൈവശാസ്ത്രജ്ഞന്മാരുടെ ഉപദേശം അനുസരിച്ചും സാഹോദര്യത്തോടെ ശീമോനെ ഉപദേശിക്കയും, ശ്ലൈഹിക കത്തുകൾ കാണിക്കണമെന്നും അല്ലാത്തപക്ഷം നിശ്ചിത സമയപരിധിക്കുള്ളിൽ മേല്പറഞ്ഞ ആർച്ചുബിഷപ്പിന്റെ രൂപതയിൽനിന്നു പുറത്തുപോകണമെന്നും ആവശ്യപ്പെട്ടെന്ന് താങ്കൾ നമ്മെ അറിയിച്ചല്ലോ. ഇപ്രകാരം എല്ലാം ചെയ്തിട്ടും പ്രസ്തുത ശീമോൻ പിന്മാറാൻ തയ്യാറല്ലെന്നു തോന്നുകയാൽ ലൗകികാധികാരികളുടെ സഹായത്താൽ ആവശ്യമായ ബലപ്രയോഗം നടത്തുന്നതിനും, പോർട്ടുഗലിന്റെയും അൽഗാർബിയരുടെയും രാജാവിന്റെയോ അവിടെയുള്ള സ്ഥാനപതിയുടെയോ സഹായം ആവശ്യപ്പെടുന്നതിനും താങ്കൾ തീരുമാനിച്ചല്ലോ. അങ്ങനെ, അവിടെയുള്ള ക്രിസ്ത്യാനികളുടെ സമാധാനത്തിനും സ്വസ്ഥതയ്ക്കും, ഇങ്ങനെയുള്ള സംഭവങ്ങൾ മേലിൽ ഉണ്ടാകാതിരിക്കുന്നതിനും കർത്താവായ ക്രിസ്തുവിന്റെ തൊഴുത്തിലേയ്ക്കുകടക്കുന്ന ചെന്നായ്ക്കളെ തടയുന്നതിനും, ഭാവിയിൽ ഇപ്രകാരം സംഭവിക്കാതിരിക്കുന്നതിനും ശ്ലൈഹിക മനോഗുണം ഉണ്ടായി തക്കതായ പ്രതിവിധി നിർദ്ദേശിക്കണമെന്ന് താങ്കൾ എളിമയോടെ നമ്മോട് അപേക്ഷിച്ചിരുന്നല്ലോ. ഈ കാര്യത്തിൽ താങ്കളുടെ നല്ല അഭ്യർത്ഥന മാനിച്ചുകൊണ്ട്, താങ്കൾ ഭരിച്ചിരുന്ന കൊച്ചീരൂപതയുമായുള്ള ബന്ധത്തിൽനിന്ന് താങ്കളെ വിടുവിച്ച് ഗോവാ അതിരൂപതയിലേയ്ക്ക് സ്ഥലം മാറുകയുണ്ടായെങ്കിലും, കടലിലും കരയിലുംകൂടിയുള്ള യാത്രയുടെ വൈഷമ്യം മൂലം ശ്ലൈഹിക കല്പനയനുസരിച്ച് ഗോവാ അതിരൂപതയുടെ സ്ഥാനാരോഹണവും ഭരണവും ഏറ്റെടുത്തു നടത്താൻ താങ്കൾക്കു കഴിഞ്ഞില്ല. എങ്കിലും മേല്പറഞ്ഞ ശീമോനെ മാത്രമല്ല, കൽദായക്കാരോ, മറ്റേതെങ്കിലും രാജ്യക്കാരോ ആയ ആരെങ്കിലും താങ്കളുടെയോ അങ്കമാലി ആർച്ചുബിഷപ്പിന്റെയോ രൂപതയിലോ പ്രദേശങ്ങളിലോ വരുകയോ, മറ്റേതെങ്കിലും രൂപതയിൽ കടന്നാക്രമണം നടത്തുകയോ ചെയ്താൽ അയാൾക്ക് മുന്നറിയിപ്പു നൽകുന്നതിനും അയാളുടെ കൈവശമുള്ള സാക്ഷിപത്രങ്ങളും, പരിശുദ്ധസിംഹാസനത്തിൽനിന്നോ, മറ്റേതെങ്കിലും ന്യായമായ അധികാരികളിൽനിന്നോ ഉള്ള അധികാരങ്ങളും പരിശോധിക്കുന്നതിനും അവ കാണിക്കുന്നില്ലെങ്കിൽ നിയമനടപടികൾ സ്വീകരിച്ച് (iuris et facti remedies) അയാളെ അവിടെനിന്ന് ഓടിക്കുന്നതിനും അതിനായി ബലപ്രയോഗം നടത്താൻ ലൗകികാധികാരികളെ സ്വതന്ത്രമായും നൈയാമികമായും വിളിക്കുന്നതിനും പൂർണ്ണവും സ്വതന്ത്രവുമായ അധികാരം

www.malankaralibrary.com

ഈ തിരുവെഴുത്തുവഴി ശ്ലൈഹികാധികാരത്താൽ നാം അനുവദിക്കുകയും നൽകുകയും ചെയ്യുന്ന ഇതിനെതിരായ എല്ലാ ശ്ലൈഹികരേഖകളും ഇതുവഴി അസാധുവാക്കുന്നു.[21]

റോമിൽനിന്നു്, ഒക്ടോബർ 13, 1578.

## 13

### ഗോവാ ആർച്ചുബിഷപ്പ് ഹെൻട്രിക്ക് മാർ അബ്രഹാമിനെ ശിപാർശ ചെയ്തുകൊണ്ട് 1578 നവംബർ 20 നു് ഗ്രിഗറി XIII പാപ്പാ അയച്ച കത്ത്

ഗോവാ അതിരൂപതയുടെ ആർച്ചുബിഷപ്പായ വന്ദ്യസഹോദരനു് ഗ്രിഗറി XIII പാപ്പാ.

വന്ദ്യസഹോദരാ, ആരോഗ്യവും ശ്ലൈഹികാശീർവാദവും. നമുക്കു താങ്കളോടുള്ള സ്നേഹം താങ്കൾക്കു വ്യക്തമായി അറിയാവുന്നതാണല്ലോ. എങ്കിലും താങ്കളുടെ ഭക്തിയും തീക്ഷ്ണതയും നിമിത്തം സംഭവിക്കുന്ന ചില കാര്യങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെടുത്താൻ ഈയവസരം നാം ഉപയോഗപ്പെടുത്തുന്നു. ദൈവമഹത്ത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി താങ്കൾ അധ്വാനിക്കുന്നു എന്നു് ചില സുപ്രധാനവ്യക്തികളുടെ സാക്ഷ്യം തെളിയിക്കുന്നു. നമ്മുടെ വന്ദ്യസഹോദരൻ അങ്കമാലി ആർച്ചുബിഷപ്പ് പ്രൊവിൻഷ്യൽ സിനഡിൽ സംബന്ധിക്കണമെന്നു നാം ആഗ്രഹിക്കുന്നു. അതേക്കുറിച്ച് നാം അദ്ദേഹത്തിനു് എഴുതിയിട്ടുണ്ട്. അദ്ദേഹത്തെ സൗഹാർദ്ദത്തോടെ താങ്കൾ സ്വീകരിക്കണം എന്നും അവിടെയും അതുപോലെ മററിടങ്ങളിലും താങ്കളുടെ സ്നേഹവും സഹാനുഭൂതിയും അദ്ദേഹം മനസ്സിലാക്കാൻ ഇടവരുത്തണം എന്നും നാമാഗ്രഹിക്കുന്നു. ഇതു് നമ്മുടെ സഹോദരൻ അർഹിക്കുന്നതാണെന്നും അവിടെയുള്ള ജനങ്ങളുടെ മനസ്സിൽ കത്തോലിക്കാവിശ്വാസം ജനിപ്പിക്കുന്നതിനും ക്രിസ്തീയാരാധന പ്രചരിപ്പിക്കുന്നതിനും ഇതു വളരെ പ്രധാനപ്പെട്ടതാണെന്നും നാം കരുതുന്നു. ക്രിസ്ത്യാനികൾ അന്യോന്യം സ്നേഹിക്കുന്നവരും തങ്ങളുടെ

21. *Ibid.* 192–4.



നിയമം അനുസരിക്കുന്നവരുമാണെന്നു ജാതികൾ കാണുമ്പോൾ കത്തോലിക്കാവിശ്വാസസ്വീകരണവും ക്രിസ്തീയാരാധനയുടെ വ്യാപിക്കലും എളുപ്പമായിത്തീരുമല്ലോ. മെത്രാൻ എത്രമാത്രം ശ്രദ്ധാലുവായിരിക്കണമെന്നാണ് പൗലോസ്ശ്ലീഹാ ആഗ്രഹിക്കുന്നതെന്നു് താങ്കൾക്കറിവുള്ളതാണല്ലോ. എതിരാളിക്കുപോലും നമുക്കെതിരായി യാതൊന്നും പറയാൻ ഇടം ലഭിക്കാതിരിക്കാൻ വേണ്ടിയാണിതു്. ആയതിനാൽ താങ്കളുടെ അധികാരം എല്ലാവരും അംഗീകരിക്കത്തക്കവിധം ആർച്ചുബിഷപ്പിനോടു പെരുമാറുക. കാര്യത്തിന്റെ ഗൗരവവും നമ്മെ അനുസരിക്കുന്നതിലുള്ള തീക്ഷ്ണതയും നിമിത്തം താങ്കൾ ഇക്കാര്യം ശ്രദ്ധാപൂർവം ചെയ്യുമെന്നതിൽ നമുക്കു സംശയമില്ല. ജസ്വിട്ടു് വൈദികരെ താങ്കൾക്കു ശിപാർശ ചെയ്യേണ്ട കാര്യമില്ലെന്നു നാം കരുതുന്നു. മനുഷ്യരെ അധർമ്മങ്ങളിൽനിന്നു തിരിച്ചുകൊണ്ടുവരുന്നതിലും കത്തോലിക്കാസഭയിലേക്ക് – അതിനുപുറമേ ആർക്കും രക്ഷയില്ല – അവരെ അതീനരാക്കുന്നതിലും മിശിഹായെപ്രതി അവർ എത്രമാത്രം ശ്രദ്ധയോടും താല്പര്യത്തോടും കൂടെ പ്രവർത്തിക്കുന്നു എന്നുള്ളതു് താങ്കൾക്കു് അനുഭവവേദ്യമാണല്ലോ. എങ്കിലും നമുക്കു് ജസ്വിട്ടു് സമൂഹത്തോടുള്ള നിരന്തരസ്നേഹത്തെപ്രതി നമ്മുടെ കഴിവനുസരിച്ച് നാം അവരെ ശിപാർശ ചെയ്യുന്നു.

റോമിൽ നിന്നു്, നവംബർ 20, 1578.
നമ്മുടെ ഭരണത്തിന്റെ ഏഴാം വർഷം[22].

22 Theiner *op. cit.* p.442.

www.malankaralibrary.com

## 14

### ആർച്ചുഡീക്കനു് 1578 നവംബർ 20 നു് ഗ്രീഗറി XIII പാപ്പാ എഴുതിയ കത്തു്

അങ്കമാലി രൂപതയിലെ ആർച്ചുഡീക്കനായ പ്രിയമകനു് ഗ്രീഗറി XIII പാപ്പാ:

പ്രിയമകനേ,

ആരോഗ്യവും ശ്ലൈഹികാശീർവാദവും. കത്തോലിക്കാവിശ്വാസം എല്ലായിടത്തും വ്യാപിക്കുകയും എല്ലാവരും അതു ഭക്തിയോടും വിശുദ്ധിയോടും അഭ്യസിക്കുകയും ചെയ്യുന്നതിനേക്കാൾ കൂടുതൽ താല്പര്യമുള്ള ഒന്നും നമുക്കില്ല. മതപ്രചരണത്തിൽ തീക്ഷ്ണതയും താല്പര്യവും കാണിക്കുന്നവരെ അത്യധികമായി നാം സ്നേഹിക്കണം എന്നു നമുക്കറിയാം. ഈ കാര്യത്തിൽ താങ്കളെ നാം അവിടെ ഒന്നാമനായി കണക്കാക്കുന്നു. പരിശുദ്ധ സിംഹാസനത്തിന്റെ അധികാരത്തെ അംഗീകരിച്ചു ബഹുമാനിക്കുന്നതിലും, കത്തോലിക്കാവിശ്വാസം ജീവിക്കുന്നതിലും, സാത്താന്റെ വഞ്ചനയാൽ അതിൽനിന്നകന്നിരിക്കുന്നവരെ രക്ഷാകവാടം സുരക്ഷിതമായിരിക്കുന്ന വിശുദ്ധ സഭയിലേയ്ക്കു് ആനയിക്കുന്നതിനുവേണ്ടി തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നതിലും താങ്കൾക്കുള്ള അർപ്പണബോധം താങ്കളുടെ കത്തുകളിൽനിന്നു നാം മനസ്സിലാക്കുന്നു. ജസ്വിട്ടു് വൈദികരുടെ സേവനം ഉപയോഗിക്കുന്നതിൽ താങ്കൾക്കുള്ള വിവേകത്തെ നാം പ്രശംസിക്കുന്നു. യാതൊരു തളർച്ചയും കൂടാതെ കർത്താവിനെപ്രതി ജാഗരൂകരായി പ്രവർത്തിക്കുന്നവരാണവർ. അതുകൊണ്ടു് ഈ കത്തു് താങ്കളോടുള്ള നമ്മുടെ സ്നേഹത്തിന്റെയും താങ്കളുടെ കഴിവിനെക്കുറിച്ചുള്ള നമ്മുടെ പ്രതീക്ഷയുടെയും സാക്ഷിയായിരിക്കും. താങ്കൾക്കു് ഈ സന്മനസ്സു് പ്രദാനം ചെയ്ത ദൈവം, തന്റെ മഹത്വത്തിനും കത്തോലിക്കാസഭയുടെ വിസ്തൃതിക്കും വേണ്ടിയ കാര്യങ്ങൾ തുടർന്നും ചെയ്യുന്നതിനുള്ള കഴിവും ശക്തിയും താങ്കൾക്കു നൽകട്ടെ എന്നു് നാം ദൈവത്തോടു പ്രാർത്ഥിക്കുന്നു.

റോമിൽനിന്നു്, നവംബർ 20, 1578.
നമ്മുടെ ഭരണത്തിന്റെ ഏഴാം വർഷം [23]

---

23 G. Beltrami, *op. cit.* p. 270.



## 15

### മാർ അബ്രഹാമിനു് 1578 നവംബർ 23നു് ഗ്രീഗറി XIII പാപ്പാ എഴുതിയ കത്തു്

അങ്കമാലി ആർച്ചുബിഷപ്പായ വന്ദ്യസഹോദരനു് ഗ്രീഗറി XIII പാപ്പാ:

വന്ദ്യസഹോദരാ, ആരോഗ്യവും ശ്ലൈഹികാശീർവാദവും. താങ്കളുടെ കത്തു് നമുക്കു് വളരെ ഇഷ്ടപ്പെട്ടു. കാരണം, അപ്പസ്തോലിക സിംഹാസനത്തിന്റെ അധികാരത്തെ ഏററുപറയുന്നതിലും താങ്കളുടെ കത്തോലിക്കാവിശ്വാസത്തെ സാക്ഷിക്കുന്നതിലും ഉള്ള വിധേയത്വമനോഭാവവും സ്നേഹവും നിറഞ്ഞതായിരുന്നു അതു്. മെത്രാന്മാർ സ്വന്തം ആത്മരക്ഷയിൽ മാത്രം ശ്രദ്ധിച്ചു് തൃപ്തിപ്പെട്ടിരുന്നാൽ പോരാ. പിന്നെയോ, സാത്താന്റെ തന്ത്രങ്ങളിൽനിന്നും ദുർമാർഗ്ഗത്തിൽനിന്നും മററുള്ളവരെയും കത്തോലിക്കാസഭയിലേയ്ക്കും ക്രിസ്തുവിലേയ്ക്കും മനസ്സുതിരിച്ചുകൊണ്ടുവരുവാനും, അങ്ങനെ ക്രിസ്തുവിന്റെ സഹായി ആയി വർത്തിക്കുവാനും കടപ്പെട്ടവനാണു്. രക്ഷയുടെ ഉറപ്പുള്ള അടിസ്ഥാനം ഇതാണെന്നു താങ്കൾക്കറിയാമല്ലോ: ഇക്കാര്യം സഹോദരനായ താങ്കൾ അത്യധികമായി ആഗ്രഹിക്കുന്നെന്നും അതിനായി പ്രവർത്തിക്കുന്നെന്നും, മിശിഹായിലുള്ള വിശ്വാസം പ്രചരിപ്പിക്കുന്നതിനേക്കാൾ മറെറാന്നും അഭിഗാമ്യമായി കരുതുന്നില്ലെന്നും, മതപ്രചരണാർത്ഥം ജസ്വിട്ടു് വൈദികരുടെ സഹായം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും നാം മനസ്സിലാക്കുന്നു. അങ്ങനെ ചെയ്യുന്നതു് നാം അംഗീകരിക്കുകയും നമ്മുടെ കഴിവനുസരിച്ചു് താങ്കൾക്കു് അവരെ ശിപാർശ ചെയ്യുകയും ചെയ്യുന്നു. കാരണം, ആ സമൂഹത്തിലെ അംഗങ്ങൾ ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി തീക്ഷ്ണതാപൂർവം എത്ര ഫലവത്തായി പ്രവർത്തിക്കുന്നു എന്നു നാം അറിയുന്നു. ഇൻഡ്യയിലെ മററു മെത്രാന്മാരോടും മെത്രാപ്പോലീത്താമാരോടും കൂടെ ഗോവയിൽ കൂടാറുള്ള പ്രൊവിഷ്യൽ സിനഡിൽ താങ്കളും സംബന്ധിക്കുന്നതു് അത്യാവശ്യമാണെന്നു നാം കരുതുന്നു. താങ്കൾക്കു പങ്കെടുക്കാൻ പററിയ വേറെ സിനഡു് അവിടെ ഇല്ലല്ലോ. താങ്കൾക്കു് ഇതുവരെ സഫ്രഗൻ മെത്രാൻ ഇല്ലാത്തതുകൊണ്ടു് താങ്കൾക്കു സ്വന്തമായി ഒരു സിനഡു കൂടാനും സാധിക്കയില്ല. ഗോവയിൽവച്ചു് എന്തെങ്കിലും ഉപദ്രവമോ പീഡനമോ

www.malankaralibrary.com

ഉണ്ടാകുമെന്ന് ഭയപ്പെടേണ്ട. താങ്കളെ സ്നേഹത്തോടും ബഹുമാനത്തോടുംകൂടെ സ്വീകരിക്കണമെന്നും, ഒരു കാര്യത്തിലും താങ്കൾക്ക് പ്രയാസം ഉണ്ടാകാൻ ഇടയാക്കരുതെന്നും മെത്രാന്മാക്കുതന്നെ നാം എഴുതിയിട്ടുണ്ട്. ആ കാര്യത്തിന്റെ ധാർമ്മികനീതിയാലും നമ്മെ പ്രീതിപ്പെടുത്താനും അനുസരിക്കാനുമുള്ള ആഗ്രഹത്താലും പ്രേരിതരായി അവർ അപ്രകാരം പ്രവർത്തിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു.

റോമിൽനിന്ന്, നവംബർ 23, 1578
നമ്മുടെ ഭരണത്തിന്റെ ഏഴാംവർഷം[24]

## 16

### *പോർട്ടുഗൽ രാജാവിന് 1578 ഡിസംബർ 3 ന് ഗ്രിഗറി XIII പാപ്പായുടെ കത്ത്*

പോർട്ടുഗലിന്റെയും അൽഗാർബിയരുടെയും പ്രശസ്തരാജാവും ക്രിസ്തുവിൽ നമുക്കേറ്റം പ്രിയംകരനുമായ നമ്മുടെ പ്രിയ പുത്രൻ ഹെൻട്രിക്ക്, ഗ്രിഗറി XIII പാപ്പാ.

ക്രിസ്തുവിൽ നമ്മുടെ ഏറ്റം പ്രിയ പുത്രാ, ആരോഗ്യവും ശ്ലൈഹികാശീർവാദവും. ദൈവമഹത്ത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി ഏതെല്ലാം കാര്യങ്ങളിൽ താങ്കളുടെ മതതീഷ്ണത പ്രായോഗികമാക്കുവാൻ സാധിക്കുമോ, അവയെല്ലാം സന്തോഷപൂർവ്വം നാം താങ്കളോടു ശിപാർശ ചെയ്യുന്നു. ഇതിനേക്കാൾ താങ്കൾ ആഗ്രഹിക്കുന്നതോ സന്മനസ്സോടെ ചെയ്യുന്നതോ ആയി മറ്റൊന്നും ഇല്ലെന്നു നമുക്കുറപ്പുണ്ട്. തന്റെ രാജാവിൽനിന്നു തെറ്റിപ്പിരിഞ്ഞവനും വലിയ സ്വാധീനമുള്ളവനുമായ ഏതോ അസ്മാക്കോ എന്നയാൾ ഇളക്കിവിട്ട ലഹളകളും എത്യോപ്യൻ ജനതയുടെ ഇടയിൽ ഉള്ള സ്വാഭാവികഭിന്നതകളും നിമിത്തവും, തുർക്കികളുടെയും അതിർത്തിക്കടുത്തുള്ള മുഹമ്മദീയരുടെയും സ്വാധീനവും ഒളിപ്പോരുകളും നിമിത്തവും എത്യോപ്യൻ പാത്രിയാർക്കേറ്റിലെ ക്രിസ്ത്യാനികൾ വലിയ അപകടത്തിലാണെന്ന് നാമറിയുന്നു. ആ ക്രിസ്ത്യാനികളെ താങ്കളുടെ സംരക്ഷണയിലുള്ളവരായി കരുതി, ഇത്തരം ലഹളകൾ ശമി

24 Theiner, *op. cit.* p. 441.



പ്പിക്കാനും സമാധാനം പുനഃസ്ഥാപിക്കാനും ഇൻഡ്യയിലെ വൈസ്രോയിയോട് കല്പിക്കണമെന്നു നാം അഭ്യർത്ഥിക്കുന്നു. ദരിദ്രരായ ആ മനുഷ്യരോടുകൂടി ക്രിസ്തുവിലുള്ള വിശ്വാസവും അവിടെ ഇല്ലാതാകാനുള്ള അപകടം ഉണ്ടെന്നു കേൾക്കുന്നതിനാൽ, അവർക്കാവശ്യമുണ്ടെന്നു താങ്കൾക്കു ബോധ്യം വരുന്ന സഹായങ്ങൾ അവക്കു ചെയ്തുകൊടുക്കണം. ഈ അവസരത്തിൽ താങ്കൾ ചെയ്യേണ്ടതു് ഇതാണ്.

നമ്മുടെ വന്ദ്യ സഹോദരൻ അങ്കമാലി ആർച്ചുബിഷപ്പിനെ താങ്കൾക്കു ഭരമേല്പിക്കുന്നു. ചിലർ അദ്ദേഹത്തെ പീഡിപ്പിക്കുന്നെന്നു നാം കേട്ടു. അദ്ദേഹത്തെ സംരക്ഷിക്കുന്നതിനും ഉപദ്രവങ്ങൾ കൊണ്ട് അദ്ദേഹത്തെ പീഡിപ്പിക്കാൻ ആരെയും അനുവദിക്കാതിരിക്കുന്നതിനും ഇൻഡ്യയിലെ വൈസ്രോയിയോടും ഗവർണർമാരോടും കല്പിക്കയാണെങ്കിൽ അതു് നമുക്ക് പ്രിയംകരമായിരിക്കും. റോമിൽനിന്ന്, ഡിസംബർ 3, 1578. നമ്മുടെ ഭരണത്തിന്റെ ഏഴാം വർഷം[25].

## 17

### *ഗീവർഗീസ് ആർച്ചുഡീക്കന് 1579 ജനുവരി 3 ന് ഗ്രിഗറി XIII പാപ്പായുടെ കത്ത്*

അങ്കമാലി രൂപതയിലെ ആർച്ചുഡീക്കനും പ്രിയമകനുമായ മിശിഹായുടെ ഗീവർഗീസിന് ഗ്രിഗറി XIII പാപ്പാ.

പ്രിയ മകനേ, ആരോഗ്യവും ശ്ലൈഹികാശീർവാദവും. നാം കേട്ടതുപോലെ, അങ്കമാലി രൂപതയിൽ മെത്രാൻ സ്ഥാനം ഒഴിവു വരികയാണെങ്കിൽ, താങ്കളുടെ കഴിവും പ്രവർത്തനങ്ങളും അതിനു പ്രയോജനപ്രദമാകയാലും, അങ്കമാലിയിൽ ഭരിച്ചുകൊണ്ടിരിക്കുന്ന അങ്കമാലി ആർച്ചുബിഷപ്പ് തയ്യാറാക്കിയ ഏതോ ഭരണക്രമം അനുസരിച്ച് അങ്കമാലി അതിരൂപതയിൽ ഒഴിവു വന്നാൽ സ്വതന്ത്രമായും നൈയാമികമായും അങ്കമാലി രൂപത ഭരിച്ചുപരിപാലിക്കാൻ താങ്കൾക്കവകാശമുള്ളതിനാലും പ്രസ്തുത ഭരണക്രമത്തിന്റെ കൂടുത

25 Arch. Vat. Secret. Brev. Ad Princip. XLIV. 24. Gregorii. XIII an. VII. ep. 201. fol. 136.

www.malankaralibrary.com

ലായ ഉറപ്പിനുവേണ്ടി നമ്മുടെ ഈ കത്തുവഴി നമ്മുടെ ശ്ലൈഹികാധികാരത്തിൽ പ്രസ്തുത ഭരണക്രമം നാം അംഗീകരിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. വന്ദ്യസഹോദരനായ അങ്കമാലി ആർച്ചുബിഷപ്പിന്റെ നിര്യാണം മൂലം പ്രസ്തുത അതിരൂപതയിൽ ഉണ്ടാകാവുന്ന ഒഴിവിൽ അങ്കമാലി ആർച്ചുബിഷപ്പായി മറ്റൊരാൾ നിയമിതനാകുന്നതുവരെ കൂടുതൽ ഉറപ്പിനുവേണ്ടിയും ആവശ്യാനുസരണവും അങ്കമാലി അതിരൂപതയിലെ ജനങ്ങളെ സ്വതന്ത്രമായും നൈയാമികമായും ആത്മീയകാര്യങ്ങളിൽ ഭരിക്കുന്നതിനും പരിപാലിക്കുന്നതിനും താങ്കൾക്കു കഴിയുന്നതിന് നാം ഇതിനാൽ അനുവാദവും അധികാരവും നൽകുന്നു. ഇതിനു വിരുദ്ധമായ ശ്ലൈഹിക കോൺസ്റ്റിറ്റ്യൂഷനുകൾക്കും ഓർഡിനൻസുകൾക്കും മററു ഡിക്രികൾക്കും യാതൊരു പ്രാബല്യവുമുണ്ടായിരിക്കുന്നതല്ല.

റോമിൽനിന്ന്, ജനുവരി 3, 1579
നമ്മുടെ ഭരണത്തിന്റെ ഏഴാംവർഷം [26]

## 18

## *മാർ അബ്രഹാമിന് 1579 ഡിസംബർ 1 ന് ഗ്രിഗറി XIII പാപ്പാ എഴുതിയ കത്ത്*

വന്ദ്യസഹോദരൻ അങ്കമാലി ആർച്ചുബിഷപ്പ് അബ്രഹാമിന് ഗ്രിഗറി XIII പാപ്പാ.

വന്ദ്യസഹോദരാ, ആരോഗ്യവും ശ്ലൈഹികാശീർവാദവും. താങ്കളെ ദൈവം ഭരമേല്പിച്ചിരിക്കുന്ന അജഗണങ്ങളിൽ വളരെപ്പേർ പലതരത്തിലുള്ള പലിശയുടെ ഭാരത്താൽ വലയുന്നവരാണെന്നു വളരെ വേദനയോടുകൂടെ നാം അറിയാൻ ഇടയായി. അവർ പലപ്പോഴും, പലിശ ലഭിക്കുന്ന വ്യാപാരങ്ങളും ഉടമ്പടികളും നടത്തുന്നത് വളരെ മോശമാണ്. അക്കാരണത്താൽ അവർ അനർഹമായി സമ്പാദിച്ച നേട്ടത്തിന്റെ ഉത്തരിപ്പുകടം വീട്ടണമെന്നു താങ്കൾ നിശ്ചയിക്കുകയും, അതിനുള്ള ശ്ലൈഹികാധികാരം ലഭിച്ചാൽ അവർക്ക് ഇക്കാര്യത്തിൽ ഇളവുകൊടുക്കാൻ താങ്കൾ ആഗ്രഹിക്കുകയും ചെയ്യുന്നു

26 G. Beltrami, *op. cit.* p. 270.



ണ്ടല്ലോ. താങ്കൾ ഇതിൽനിന്ന് വിമോചിതനാണെന്നു മനസ്സിലാക്കിക്കൊണ്ട്, താങ്കളുടെ ജനത്തിന്റെ രക്ഷയെ കരുതി, താങ്കളുടെ അഭ്യർത്ഥന അനുസരിച്ച്, അമിതലാഭവും പലിശയും വാങ്ങിയ താങ്കളുടെ അജഗണത്തിൽപെട്ടവരുടെ പിഴ പോക്കുന്നതിനും, ആളുകളെ നിശ്ചയമുണ്ടെങ്കിൽ തിരിച്ചുകൊടുക്കേണ്ടവ തിരിച്ചുകൊടുക്കുകയും നിശ്ചയമില്ലെങ്കിൽ ദരിദ്രർക്കോ പരോപകാര പ്രവർത്തനത്തിനോ കൊടുക്കുന്നവരെ മോചിക്കുന്നതിനും, അവർതന്നെ ദാരിദ്ര്യമനുഭവിക്കുന്നവരാണെങ്കിൽ വേണ്ടെന്നു വയ്ക്കുന്നതിനും പകരം മറെറാന്നായി മാററുന്നതിനും ആവശ്യമനുസരിച്ച് അവരെ രണ്ടു തലങ്ങളിലും (internal & external forum) മോചിക്കുന്നതിനും വേണ്ട അനുവാദവും അധികാരവും ശ്ലൈഹികാധികാരം ഉപയോഗിച്ച് ഈ തിരുവെഴുത്തിലൂടെ താങ്കൾക്കു നാം കനിഞ്ഞു നൽകുന്നു. ജനങ്ങൾ അനുവദനീയമല്ലാത്ത വ്യപാരങ്ങൾ നടത്താതിരിക്കാനും പലിശയുടെ വ്യസനം ഉപേക്ഷിക്കാനും വേണ്ടി ഇവ ഗൗരവമായ കുററമാണെന്നറിഞ്ഞുകൊണ്ട് അവർക്കു മുന്നറിയിപ്പു കൊടുക്കണമെന്നു നാം താങ്കളെ ഉപദേശിക്കുന്നു.

റോമിൽനിന്ന്, ഡിസംബർ 1, 1579
നമ്മുടെ ഭരണത്തിന്റെ എട്ടാം വർഷം[27]

## 19

## *ജസ്വിട്ട് ജനറൽ എവെരാർദോ മെർക്കൂറിയാനോയ്ക്ക് 1580 ജനുവരി 6ന് പീററർ ലൂയിസ് അയച്ച കത്തിൽനിന്ന്*

ഈ തണുപ്പുകാലത്ത് ജൂണിൽ ഞങ്ങൾ ചേരരാജ്യത്തെ ക്രിസ്ത്യാനികളെ സന്ദർശിച്ചു. അവരുടെ കത്തോലിക്കാമെത്രാനും പീയൂസ് IV ന്റെ കാലത്ത് റോമിൽ പോയ ആളും ആയ മാർ അബ്രഹാമിന്റെ അനുവാദത്തോടുകൂടിയാണ് ഞങ്ങൾ ഇവിടെ വന്നത്. ഞങ്ങൾ എന്റെ ഭാഷയിൽ (നാട്ടുഭാഷയിൽ) പ്രസംഗിച്ചതിൽ അവർ സന്തുഷ്ടരായി. പ്രതിഫലം ഒന്നും വാങ്ങാതെ ഞങ്ങൾ അവരുടെ കുട്ടികളെ സ്നാനപ്പെടുത്തി; കാരണം ഇപ്രകാരം ചെയ്യുമ്പോൾ

27. S.Giamil, *op. cit.* p.87.

www.malankaralibrary.com

ചിലയാളുകൾ പണം വാങ്ങിയിരുന്നു. ഞങ്ങൾ പണം വാങ്ങാത്തതിൽ അവർ ഞങ്ങളെ അഭിനന്ദിച്ചു. അവർ ഞങ്ങൾക്ക് വാഴപ്പഴവും കോഴിയും കൊടുത്തയച്ചു; അവർ ഞങ്ങളെ ഊണിനു ക്ഷണിച്ചു. വളരെ സന്തോഷത്തോടുകൂടെ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് അവർ ഞങ്ങളെ അനുഗമിച്ചു. വീടുകൾ വെയ്ക്കാൻ പള്ളിപ്പണത്തിൽനിന്ന് അവർ സംഭാവനകൾ നൽകി. ലത്തീൻ രീതികളിൽ അഭ്യസനം ലഭിക്കാൻ അവർ തങ്ങളുടെ കുട്ടികളെ ഞങ്ങളെ ഏല്പിച്ചു. എല്ലായിടത്തും അവർ ഇപ്രകാരമായിരുന്നു. വലിഞ്ഞാനോപാതിരി[28] ഈ ക്രിസ്ത്യാനികളുടെ കാര്യത്തിൽ തല്പരനായിരുന്നു എന്നതായിരുന്നു സന്തോഷകരമായ ഒരു കാര്യം. ഇതായിരുന്നു ജനറലിന്റെയും ഹിതം. ഞങ്ങളോട് അവർക്കെല്ലാം താല്പര്യമായിരുന്നു. എല്ലായിടത്തും ഞങ്ങളെത്തണമെന്ന് അവർ ആവശ്യപ്പെട്ടു. ഞങ്ങളുടെ പെരുമാറ്റം അവർക്കു പ്രിയങ്കരമാണ്. ഞാൻ അവരുടെ രണ്ടു കുട്ടികളെ സ്നാനപ്പെടുത്തി. ഒന്നിന് പതിനാറു വയസ്സുണ്ടായിരുന്നു. അനേകം കുട്ടികൾ സ്നാനം കൂടാതെ മരിക്കുന്നു എന്നത് പരിതാപകരമാണ്. ഈ ക്രിസ്ത്യാനികൾ താമസിക്കുന്ന ഈ ചേരരാജ്യത്തിന് 50 ലീഗ് നീളമുണ്ട്.[29] പാതിരിമാർക്ക് നാട്ടുഭാഷ വശമാണെങ്കിൽ അവരെ പെട്ടെന്ന് വശത്താക്കാം.[30] അതിനായി 1000 പർദാവൂസ് തരണം.[31] അവിടെയുള്ള ധനികരായ കത്തനാരന്മാരെ കാണാൻ എനിക്കാഗ്രഹമുണ്ട്. അവിടെ താമസിക്കാനും മാർക്ക് ആന്റണി കൊളോണായെയും അതുപോലെയുള്ളവരെയും കണ്ട് സംസാരിക്കാനും അവിടുന്നെന്നെ അനുവദിക്കുമെന്നു ഞാൻ കരുതുന്നു. ഇവിടെ ധാരാളം പാവപ്പെട്ടവർ ഉള്ളപ്പോൾ, അവർ ചെലവാക്കുന്നത് ദൈവസേവനത്തിനല്ല. ഗോവൻ പ്രൊവിൻഷ്യൽ സിനഡിൽ സംബന്ധിക്കണമെന്ന് പരിശുദ്ധ പിതാവായ മാർപാപ്പാ അങ്കമാലി ആർച്ചുബിഷപ്പിന് എഴുതുന്നതു നന്നായിരിക്കും. അവർ അദ്ദേഹത്തോട് മുമ്പു പെരുമാറിയ രീതിയിൽ അദ്ദേഹം തികച്ചും വ്രണിതനാണ്. അദ്ദേഹം നേരിട്ടോ തന്റെ പ്രൊക്കുറേറ്റർ വഴിയോ സിനഡിൽ സംബന്ധിക്കും എന്ന് എനിക്കു തോന്നുന്നു; കാരണം ഇപ്പോൾ അദ്ദേഹം നല്ലവനാണ്. ആർച്ചുഡീക്കനും ഒരു നല്ല മനുഷ്യനാണ്. ഈ രൂപതയിൽ അദ്ദേഹം മാർ അബ്രഹാമിന്റെ പിൻഗാമിയാകുന്നതു നല്ലതാണ്. ഇരുവരും ഞങ്ങളുടെ യഥാർത്ഥ സ്നേഹിതരാണ്. ചില മാർത്തോമ്മാക്രിസ്ത്യാനികളെ നമ്മുടെ ജസ്വിട്ട് സമൂഹത്തിലേയ്ക്ക്

28 ജസ്വിട്ട് ഗോവൻ പ്രോവിൻസിന്റെ സുപ്പീരിയർ (1583–7) കത്തെഴുതുന്ന കാലത്ത് വിസിറ്ററായിരുന്നു.

29 300 കിലോമീറ്റർ

30 They could soon be reduced.

31 ഒരു പോർട്ടുഗീസ് നാണയം



എടുത്ത് കത്തോലിക്കരാക്കുക, പിന്നീട് പരിശുദ്ധ പിതാവ് അവരെ മെത്രാന്മാരായി വാഴിച്ച് അവിടേയ്ക്കയയ്ക്കുക, ജസ്വിട്ട് സമൂഹത്തിലെ ചില സഹോദരന്മാർ സുറിയാനി പഠിച്ച് മെത്രാന്മാരായി ഇവിടെ വരിക, എന്നു തുടങ്ങിയ കാര്യങ്ങൾ നല്ലതാണെന്ന് ഞാൻ ചില പ്രായമുള്ള വൈദികരോടും വിസിറ്ററോടും (വലിഞ്ഞാനോ പാതിരി) പറയുകയുണ്ടായി. ഈ മെത്രാന്മാർ വരുന്നതും ഇവയെല്ലാം ചെയ്യേണ്ടതും ബാബിലോണിലെ പാത്രിയാർക്കീസ് വഴിയായിരിക്കണം. അവരെ വളരെ വേഗത്തിൽ മാനസാന്തരപ്പെടുത്താനുള്ള[32] വഴിയായിരിക്കും ഇത്. കാരണം, ''അവരുടെ രീതിയിൽ അവരോടൊത്ത് അകത്തു കടക്കുക, നമ്മുടേതുമായി പുറത്തുവരുക.''[33] വലിയ ശിക്ഷണം ലഭിക്കാത്ത ഒരു പ്രജയുടെ സ്വാതന്ത്ര്യവും ധീരവുമായ അഭിപ്രായങ്ങളാണിവ.[34]

## 20

### ജസ്വിട്ട് ജനറൽ എവെരാർദോ മെർക്കൂറിയാനോയ്ക്ക് ഡിഡാക്കൂസ് ദെ സൊവെറാൾ പാതിരി 1580 ജനുവരി 10ന് എഴുതിയ കത്ത്

''ഈ ക്രിസ്ത്യാനികളെ അർമേനിയൻ (സുറിയാനി) മെത്രാന്മാർ ഭരിക്കുന്നതിനാലും ഇവർക്കു പ്രായം കുറഞ്ഞവരും പാണ്ഡിത്യം ഇല്ലാത്തവരും, കൽദായഭാഷ ഉപയോഗിക്കുന്നവരും ആയ വൈദികർ ഉള്ളതിനാലും ഈ ക്രിസ്തുമതത്തിൽനിന്ന് ഒരു ഫലവും പ്രതീക്ഷിക്കേണ്ടതില്ല. റോമൻ റീത്തിനോടോ നമ്മുടെ പ്രബോധനങ്ങ

32 reduce

33 ഇഗ്നേഷ്യസ് ലൊയോളാ നൽകിയ മുദ്രാവാക്യം

34 J. Wicki, *Documenta Indica*, XI, Rome, 1970, p. 790-4; ബ്രാഹ്മണരിൽനിന്ന് ക്രിസ്ത്യാനിയായി, ജസ്വിട്ട് സമൂഹത്തിൽ ചേർന്നു പഠിച്ച് വൈദികനായ ആളാണ് പീറ്റർ ലൂയിസ്. ബർണദീൻ ഫെറാറി എന്ന ഇറ്റാലിയൻ പാതിരിയും പീറ്റർ ലൂയിസ് എന്ന ബ്രാഹ്മണ വൈദികനും ഒന്നിച്ച് വൈപ്പിനിൽ താമസം തുടങ്ങി. ലത്തീൻ രീതിയിൽ കൂദാശകൾ പരികർമ്മം ചെയ്യാനും മലങ്കരസഭയിൽ പ്രവർത്തിക്കാനും മാർ അബ്രഹാം ഇവരെ അനുവദിച്ചു.

www.malankaralibrary.com

ളോടോ അവർ അനുരൂപപ്പെടുകയില്ല. ഈ രാജ്യത്തിന്റെ മററു പല ഭാഗത്തും വളരെയധികം ക്രിസ്ത്യാനികൾ ഉള്ളപ്പോൾ നമ്മുടെ പാതിരിമാർ ഈ ക്രിസ്ത്യാനികളുടെ കാര്യത്തിൽ വ്യാപൃതരായിരിക്കുന്നതു് പാഴ്‌വേലയാണ്. തിരുവിതാംകൂറിന്റെ കടൽത്തീരത്തുള്ള അസംഖ്യം ക്രിസ്ത്യാനികളെ സഹായിക്കുന്നതുവഴി കർത്താവിനു് വളരെക്കൂടുതൽ സേവനം അനുഷ്ഠിക്കാൻ കഴിയും. ആ ക്രിസ്ത്യാനികൾ വളരെ പാവപ്പെട്ടവരാണ്; ഇപ്പോഴും അവരെ കാര്യമായി ആരും ശുശ്രൂഷിക്കുന്നില്ല. നമ്മുടെ പാതിരിമാരാണ് അവിടെ ക്രിസ്തുമതം അവതരിപ്പിച്ചതു്. എന്നാൽ അവരെ നോക്കാനാരുമില്ല........''[35]

## 21

### *ജസ്വീട്ട് ജനറൽ എവെരാർദോ മെർക്കൂരിയാനോയ്ക്ക് 1580 ജനുവരി 10 ന് എമ്മാനുവേൽ തക്‌സെയ്‌രാ പാതിരി[36] അയച്ച കത്തിൽനിന്ന്*

(മാർത്തോമ്മാ നസ്രാണികളെപ്പററിയാണ് ചർച്ച)

''ഞങ്ങൾക്കു് അവരോടുള്ള സ്നേഹംകൊണ്ടു് അവർ ഞങ്ങളെ സ്വീകരിച്ചു. സ്നാനപ്പെടുത്താനും കുമ്പസാരം കേൾക്കാനും റോമൻ റീത്തിൽ കുർബാന ചൊല്ലാനും അവർ ഞങ്ങളെ അനുവദിച്ചു. അവർ കുർബാന സ്വീകരിച്ചു; ഞങ്ങൾ അവരുടെ മരിച്ചവരെ സംസ്കരിച്ചു; മററെല്ലാ കർമ്മങ്ങളും ഞങ്ങൾ അനുഷ്ഠിച്ചു. ഇവ വഴി അവരുടെ തെററുകളിൽനിന്നു് അവരെ മാനസ്സാന്തരപ്പെടുത്താമെന്നു് ഞങ്ങൾ കരുതുന്നു. അവർക്കു് അപ്രകാരം ഉണ്ടെങ്കിൽതന്നെ അജ്ഞതയാൽ അത്രേ അവർ പാപം ചെയ്യുന്നതു്. സാധാരണക്കാരെപ്പോലെ അവർ അറിവില്ലാത്തവരായി കഴിയുന്നു. തങ്ങളുടെ മെത്രാന്മാർ സംഭാവന സ്വീകരിക്കുമ്പോൾ, ഞങ്ങൾ ഇവയെല്ലാം സ്വാർത്ഥ

35 J. Wicki, *Documenta Indica*, XI. Rome, 1970, p. 822–3.

36 വി. ഫ്രാൻസിസ് സേവ്യറിന്റെ ജീവചരിത്രം ആദ്യമായി എഴുതിയ ആളാണിദ്ദേഹം (1536-90). കൊച്ചി കോളേജിന്റെ റെക്ടർ (1569–73) ഗോവൻ വൈസ്-പ്രൊവിൻഷ്യൽ (1573--4) എന്നീ നിലകളിൽ ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്.



താല്പര്യം കൂടാതെ അനുഷ്ഠിക്കുന്നതു കണ്ടപ്പോൾ ഞങ്ങളിൽ അവർക്കു് വളരെയധികം മതിപ്പുണ്ടായി. ഞങ്ങൾക്കു തന്ന സംഭാവനകൾ ഞങ്ങൾ അവർക്കുതന്നെ തിരികെ കൊടുത്തപ്പോൾ അവരുടെ കത്തനാരന്മാർക്കും (വൈദികർക്കും) മതിപ്പുണ്ടായി. ഇങ്ങനെ അവരെ നേടാമെന്നു് ഞങ്ങൾ കരുതുന്നു. ആർച്ചുബിഷപ്പിനും ആർച്ചുഡീക്കനും ഈ സമൂഹത്തിൽ വളരെ അധികാരവും സ്വാധീനവും ഉണ്ടു്. അവർ ഞങ്ങളുടെ സ്നേഹിതരായി കാണപ്പെട്ടു. അവരുടെ പ്രശ്നങ്ങൾ വെളിപ്പെടുത്തി ഞങ്ങളെ അറിയിക്കയുണ്ടായി. പാതിരിമാർ വഴി പരിശുദ്ധ പിതാവു് ഗ്രിഗറി XIII അവർക്കുനൽകിയ സഹായങ്ങളും ആനുകൂല്യങ്ങളും നിമിത്തം അവർക്കു നമ്മുടെ പാതിരിമാരിൽ വലിയ ആത്മവിശ്വാസമാണ്. പോർട്ടുഗീസ് രാജാവിന്റെയും പട്ടണത്തിലെ ക്യാപ്റ്ററന്റെയും സഹായത്തോടെ ഞങ്ങൾക്കു ധാരാളം പ്രവർത്തിക്കാൻ കഴിയും.

ആഗസ്ററുമാസത്തിൽ മാതാവിന്റെ കരേററപ്പെരുന്നാൾ ദിവസം അങ്കമാലിയിൽ ചെന്നു് കുർബാന അർപ്പിക്കാൻ ആർച്ചുബിഷപ്പ് ഞങ്ങളോടു് ആവശ്യപ്പെടുകയുണ്ടായി. ഇതാണ് ആ പള്ളിയുടെ പെരുന്നാൾ ദിവസം. മറെറാരു പള്ളി പണിയാനും അവർക്കു് ആഗ്രഹമുണ്ടു്. ഞങ്ങൾ ഞങ്ങളുടെ പക്കലുള്ള തിരുവസ്ത്രങ്ങളും സംഗീതോപകരണങ്ങളും എല്ലാംകൊണ്ടാണ് പോയതു്. അവിടെ പെരുന്നാളിനു് ഏതാണ്ടു് 5000 ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ഈ ക്രിസ്ത്യാനികൾ ധനികരും മാന്യരുമാണ്. അവിടെ അവരുടെ ഇരുപതോ, മുപ്പതോ കത്തനാരന്മാർ അഥവാ വൈദികർ ഉണ്ടായിരുന്നു. ഞങ്ങൾ സന്ധ്യാനമസ്കാരം (vespers) ലത്തീൻ രീതിയിൽ പാടി. അവർ കൽദായയിലും പാടി. പിറേറ ദിവസം ആർച്ചുബിഷപ്പിന്റെ കൽദായയിലുള്ള കുർബാനസ്സു മുമ്പ് ഞങ്ങൾ നമ്മുടെ രീതിയിൽ പാട്ടുകുർബാന പാടി. അവരുടെ സഭയെ ലത്തീൻ സഭയുമായി ഐക്യപ്പെടുത്തുന്നതു സംബന്ധിച്ചു് മലയാളത്തിൽ ഒരു പ്രസംഗം ഉണ്ടായിരുന്നു. അവർക്കു് ഈ പ്രസംഗം തൃപ്തികരമായിരുന്നു.

കുർബാന കഴിഞ്ഞപ്പോൾ ആർച്ചുബിഷപ്പിന്റെ പുതിയ പള്ളിക്കു് കല്ലിടാനായി ഞങ്ങൾ പ്രദക്ഷിണമായി പോയി. ഞങ്ങൾ ഈ കർമ്മം ലത്തീനിൽ ചെയ്യാൻ അദ്ദേഹം ഞങ്ങളോടാവശ്യപ്പെട്ടു. അദ്ദേഹം ഇതു് ആവശ്യപ്പെട്ടതിനാൽ ഞങ്ങൾക്കു് വാസ്തവത്തിൽ സന്തോഷമായിരുന്നു. ഞങ്ങൾ ലത്തീനിലും അവർ കൽദായയിലും രണ്ടു ഗണമായി പല ഭാഷകളിൽ നമ്മുടെ കർത്താവിനെ പ്രകീർത്തിച്ചുകൊണ്ടു് സങ്കീർത്തനങ്ങൾ പാടി.

www.malankaralibrary.com

അങ്കമാലിയിലെ ആർച്ചുബിഷപ്പും ആർച്ചുഡീക്കനും ഇപ്പോൾ ഈ കോളേജിൽ (കൊച്ചി) ആണു താമസിക്കുന്നത്. ഈ വർഷം അവർക്കു ലഭിച്ച സമ്മാനത്തിനു നന്ദി പറഞ്ഞുകൊണ്ട് അവരിരുവരും അങ്ങേക്കെഴുതുന്നുണ്ട്. അവരുടെ കത്തുകളിൽനിന്ന് അങ്ങേയ്ക്കു മനസ്സിലാകുന്നതുപോലെ റോമൻ സഭയുമായുള്ള ഐക്യത്തിനും റോമൻ സഭയുടെ അനുഷ്ഠാനരീതികൾക്കും (customs) വേണ്ടി അവർ പ്രവർത്തിക്കുന്നു. നമ്മുടെ പ്രാർത്ഥനകൾ കൽദായയിലേക്കു വിവർത്തനം ചെയ്ത് അച്ചടിക്കാനായി ഒരു കൽദായ പ്രസ്സ് വേണമെന്ന് അവർ വളരെയധികം നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതേപ്പററി ഇവിടെയുള്ള നമ്മുടെ വൈദികരുടെ ഇടയിൽ പല അഭിപ്രായങ്ങളുണ്ട്. ഇത് അവരുടെ മാതൃഭാഷ അല്ലാത്തതിനാൽ ഇത് സാധ്യമല്ലെന്നു അവർ കരുതുന്നു. കൽദായയിലാണെങ്കിൽ നമുക്ക് ആ ഭാഷ അറിയാൻ പാടില്ലാത്തതിനാൽ ധാരാളം തെററുകൾ കടന്നുകൂടാനും നമ്മുടെ അറിവുകൂടാതെ അവ നിലനിർത്താനും ഇടയുണ്ട്. വളരെ പുരാതനവും അവക്ക് വളരെ താല്പര്യവുമുള്ള കൽദായഭാഷ മാററിക്കളയുക വളരെ പ്രയാസമാണ് അഥവാ അസാധ്യമാണ് എന്ന് മററു ചിലർ പറയുന്നു. ആർച്ചുബിഷപ്പ് മാർ അബ്രഹാമിനും ഈ അഭിപ്രായം തന്നെയാണ്. നാം അവരുടെ ഭാഷ എടുത്തുകളഞ്ഞാൽ അവർ നമ്മുടെ വൈദികർക്കു എതിരായിത്തീരും. ഇതിനൊക്കെ സമയദൈർഘ്യം ആവശ്യമാണ്. ദൈവത്തിൻെറ സഭ വിവിധ ഭാഷകളിൽ സംസാരിക്കുന്നുമുണ്ടല്ലോ. അവരുടെ മാതൃഭാഷയിൽ അച്ചടിച്ചാൽ, ചേരരാജ്യത്ത് ധാരാളം വേദപാഠപുസ്തകങ്ങളുണ്ടാകും. ഏതാണ് ഉത്തമമെന്ന് അങ്ങുതന്നെ തീരുമാനിക്കുക. എന്നാൽ പ്രസ്സ് ആവശ്യമാണെങ്കിൽ, യഥാർത്ഥകത്തോലിക്കരും കൽദായഭാഷ നന്നായറിയാവുന്നവരും സത്യത്തിൽ നിലനില്ക്കുന്നവരുമായ കുറേ ആളുകളും വരുമെന്ന് ഉറപ്പുവരുത്തുക എന്നുള്ളതും അത്യാവശ്യമാണ്. അപ്രകാരമുള്ള വ്യക്തികളെ കൂടാതെ ഇവയെല്ലാം കൽദായയിലോ മലയാളത്തിലോ ആക്കിയാൽ, ഞങ്ങൾ, കുറഞ്ഞപക്ഷം മെത്രാന്മാരെപ്പററിയെങ്കിലും, എപ്പോഴും ഉള്ളിൻെറ ഉള്ളിൽ സംശയാലുക്കളായിരിക്കും. കാരണം, ഇവർ ഒരിക്കൽ നെസ്തോറിയൻ ശീശ്മക്കാരായിരുന്നു; ഈ തെററുകൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളാകട്ടെ, ഈ ഭാഷയാകട്ടെ ഞങ്ങൾക്ക് മനസ്സിലാകുകയുമില്ല. ഇത് എപ്പോഴും സംശയത്തിനും ഉൽക്കണ്ഠയ്ക്കും കാരണമായിരിക്കും. എന്നാൽ റോമും ഇവിടെയുമായി കൂടുതൽ സമ്പർക്കവും ധാരണയും ഉണ്ടാകുമ്പോൾ അവരെപ്പററി മെച്ചപ്പെട്ട അറിവ് ഉണ്ടാകുമെന്ന് കർത്താവിൽ ഞങ്ങൾ പ്രത്യാശിക്കുന്നു''.[37]

37 J. Wicki, *op. cit.* XI. p. 797-801.



## ൨൨

### *ജസ്വീട്ട് ജനറൽ എവെരാർദോ മെർക്കൂറിയാനോയ്ക്ക് 1580 ജനുവരി 15 ന് മാർ അബ്രഹാം അയച്ച കത്ത്*

മിശിഹായിൽ ഏററം ബഹുമാന്യനായ അച്ചാ,

എന്നോടും ഈ ക്രിസ്ത്യാനികളോടും അങ്ങു കാണിച്ച കരുണയും സ്നേഹവും നിമിത്തം സന്തോഷത്തോടും ആശ്വാസത്തോടുംകൂടെ 1578 ഡിസംബറിലെ അങ്ങയുടെ കത്ത് ജസ്വീട്ട് സമൂഹത്തിലെ പാതിരിമാർവഴി എനിക്കു ലഭിച്ചു. അങ്ങ് സൂചിപ്പിക്കുന്ന, പരിശുദ്ധപിതാവിൻെറ കത്തും എനിക്കു കിട്ടി; ഗോവൻ ആർച്ചുബിഷപ്പിൻേറതും കിട്ടി. എല്ലാം എനിക്കനുകൂലമാണ്; എന്നെ ബഹുമാനിക്കുകയും ചെയ്യുന്നു.

അങ്ങയുടെ ഔദാര്യത്തിൽ നിന്ന്, പ്രത്യേകിച്ച് ഫാദർ പ്രൊവിൻഷ്യലിൽ നിന്ന്[38] എനിക്ക് ധാരാളമായി ലഭിച്ചവയെല്ലാം ഞാൻ അങ്ങയോടു കടപ്പെട്ടിരിക്കുന്നു എന്ന് എനിക്കറിയാം. കർത്താവ് അതിനു പ്രതിഫലം നൽകട്ടെ. എല്ലാററിനും പ്രത്യുപകാരം ചെയ്യാൻ ഞാൻ അശക്തനാണ്. എൻെറ കഴിവനുസരിച്ച് അങ്ങേയ്ക്കു സേവനം ചെയ്യാൻ ഞാൻ ബാധ്യസ്ഥനാണ്. (റോമാസഭയ്ക്കു) വിധേയമാക്കുന്നതിനെപ്പററിയും[39] അതിൻെറ പുരോഗതിയെപ്പററിയും യൂറോപ്പിലുള്ള പരിശുദ്ധപിതാവായ പാപ്പായ്ക്കും ഞാൻ മറുപടിയെഴുതുന്നു. എന്നെ ജസ്വീട്ട് പാതിരിമാർ സഹായിക്കുന്ന സഹായംകൊണ്ട് എന്തുചെയ്യണമെന്നു ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കിക്കാര്യം ഞാൻ എഴുതുന്നില്ല; പാതിരിമാർ അങ്ങയെ ധരിപ്പിച്ചുകൊള്ളും. ഈ ക്രിസ്ത്യാനികളുടെ ഇടയിൽ ഉപയോഗത്തിലില്ലാത്ത അന്ത്യകൂദാശയും മൂറോനഭിഷേകവും റോമൻ രീതി അനുസരിച്ച് ഞാൻ നടപ്പാക്കാൻ പോകുകയാണ്. ഇവിടെ എണ്ണയില്ല; അതുണ്ടാക്കാൻ യന്ത്രവുമില്ല. ഇപ്പോൾ എണ്ണ ആശീർവദിക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കയാണ്. ഇവിടെ കുമ്പസാര

38. Ruy Vicente (1574-83)
39. reducing

www.malankaralibrary.com

മുണ്ട്; കുർബാന രണ്ടു സാദൃശ്യത്തിൽ കൊടുക്കുന്ന രീതിയാണ് ഇപ്പോഴം ഇവിടെയുള്ളത്. മുമ്പ് അവർ ഉപയോഗിച്ചിരുന്ന രീതിയിൽ രണ്ടു സാദൃശ്യത്തിൽ കൊടുക്കുന്ന പതിവ് ഒരു സാദൃശ്യത്തിൽ കുർബാന കൊടുക്കാനായി ഈയടുത്ത കാലത്ത് ഞങ്ങൾ മാററാൻ തുടങ്ങിയിട്ടുണ്ട്. ദൈവകൃപയാൽ മററു കൂദാശകളും ത്രെന്തോസ് സൂനഹദോസിനേതുപോലെ ഞങ്ങൾ ആക്കിത്തീർക്കുന്നതാണ്. പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടതുപോലെ ആർച്ചുബിഷപ്പും ഞാനും ഗോവൻ പ്രൊവിൻഷ്യൽ കൗൺസിലിനു പോകുന്നതാണ്......... കൽദായഭാഷയിൽ എനിക്കൊരു പ്രസ്സുണ്ടെങ്കിൽ എല്ലാ പള്ളികളിലും റോമൻ കാനോനാനമസ്കാരവും തക്സായും നടപ്പാക്കാൻ ഞങ്ങൾ ശ്രമിക്കുന്നതാണ്. അതിനായി ഒരു പ്രസ് ആവശ്യമാണ്. ഈ കാര്യം സംബന്ധിച്ച് പരിശുദ്ധ പിതാവായ മാർപ്പാപ്പായ്ക്ക് ഞാൻ എഴുതുന്നുണ്ട്. മലയാളത്തിൽ ഒരു പ്രസ്സുള്ളതിനാൽ ജസ്വീട്ട്സമൂഹത്തിൽ ഇവിടെ അതുണ്ടാക്കാൻ പററുമോ എന്ന് ഞാൻ എമ്മാനുവേൽ തെക്സെയ്രാ പാതിരിയോട് ഇതിനോടകം സംസാരിച്ചതാണ്. പ്രൊവിൻഷ്യൽ എന്നിൽ പ്രതീക്ഷ ഉണർത്തിയിട്ടുണ്ട്. ഇവിടെ ഉണ്ടാക്കാൻ സാധിക്കയില്ലെങ്കിൽ, അവിടെ നിന്ന് ഏതെങ്കിലും പ്രസ്സുകാർ ഇവിടെ വരാൻ അങ്ങ് നിർദ്ദേശിക്കണം. കാരണം, പുസ്തകങ്ങളും മററു കാര്യങ്ങളും നൽകി ഈ ക്രിസ്ത്യാനികളെ പ്രസ്സുവഴി സഹായിക്കാനാവും. എന്തുകൊണ്ടെന്നാൽ ജനങ്ങൾക്കു തങ്ങളുടെ പാരമ്പര്യങ്ങളോടും ആചാരക്രമങ്ങളോടും സ്നേഹമാണ്. സഭ ഏകമാമ്മോദീസാ, പ്രസംഗിക്കുന്നു; ഏകസഭ പല ഭാഷകളിൽ പ്രസംഗിക്കുന്നു. ആവശ്യമെങ്കിൽ ഇതേക്കുറിച്ച് പരിശുദ്ധ പിതാവായ പാപ്പായോട് അങ്ങേയ്ക്കു സംസാരിക്കാവുന്നതാണ്[40].

മ്ഹീലാ അബ്രാഹാം മെത്രോപോലീത്താ ദ് അങ്കമാലി

മ്ശംശാനാക്

40. J. Wicki *op. cit.* XI p. 826-828



## 23

## *അങ്കമാലിയിലെ ജനങ്ങൾക്ക് ഗ്രീഗറി XIII പാപ്പാ 1580 ഫെബ്രുവരി 12ന് എഴുതിയ കത്ത്*

(പൗരസ്ത്യഇൻഡ്യയിലെ കൊച്ചിരാജ്യത്തിലും അങ്കമാലി പ്രോവിൻസിലുമുള്ള മാർതോമ്മാ ക്രിസ്ത്യാനികളുടെ അൽമായർക്കും വൈദികർക്കും ഉപദേശം കൊടുക്കുന്ന മൂന്നാമത്തെ ബൂളാ)

അങ്കമാലി ആർച്ചുബിഷപ്പായ മാർ അബ്രഹാമിനെ, പ്രത്യേകിച്ചും ക്രിസ്തീയവിശ്വാസം, ക്രിസ്തീയജീവിതം, സന്മാർഗ്ഗം എന്നിവയിൽ അദ്ദേഹത്തിൻെറ അജപാലനം സംബന്ധിച്ച കാര്യങ്ങളിൽ, കേൾക്കുകയും സ്വീകരിക്കുകയും ആശ്ലേഷിക്കുകയും ചെയ്യേണ്ടതാണ്. അദ്ദേഹത്തെ തങ്ങളുടെ ആർച്ചുബിഷപ്പ് എന്ന നിലയിലും ഗീവർഗീസിനെ പാലയൂർ മെത്രാനെന്ന നിലയിലും ഉത്സാഹത്തോടെ കീഴ്പ്പെട്ടനുസരിക്കേണ്ടതാണ്. സ്വയം മെത്രാനാക്കിയ ശീശ്മക്കാരനും, ശ്ലൈഹികവും പരിശുദ്ധവുമായ റോമാസഭയുടെ കൂട്ടായ്മയിൽ നിന്ന് അന്യനും, ക്രിസ്തീയവിശ്വാസികളെ പ്രസ്തുത കൂട്ടായ്മയിൽ നിന്നകററുന്നവനും, ആത്മാർത്ഥവും യഥാർത്ഥവുമായ വിശ്വാസം മലിനപ്പെടുത്താനും അതിനെതിരെയുള്ള പാഷണ്ഡതകൾ പ്രചരിപ്പിക്കാനും ശ്രമിക്കുന്നവനും ആയ ഏതോ ഒരു ശീമോന് ഒരിക്കലും ചെവികൊടുക്കാനോ ശ്രദ്ധിക്കാനോ പോകരുത്. അവൻെറ പാഷണ്ഡതയാകുന്ന പകർച്ചവ്യാധി പടർന്നുപിടിച്ച് നശിക്കാതിരിക്കാൻ അവൻെറ വിനാശകരമായ പ്രസംഗത്തിൽ നിന്നും ദുഷിച്ച ഉപദേശങ്ങളിൽനിന്നും പിൻമാറണം. അവനെ കത്തോലിക്കാ വിശ്വാസത്തിൻെറ ശത്രുവും ദുഷിപ്പിക്കുന്നവനും ആയി കരുതി അവനെയും അതുപോലെയുള്ള മററു ശീശ്മക്കാരെയും പാഷണ്ഡികളെയും ഒഴിഞ്ഞോടിക്കളെയുകയും അകന്നുമാറുകയും നിങ്ങളിൽനിന്ന് അവരെ ആട്ടി ഓടിച്ചു പുറത്താക്കുകയും ചെയ്യണം. സത്യവിശ്വാസത്തിൻെറ ലാളിത്യത്തിലും ആത്മാർത്ഥതയിലും നിലനിന്ന് വിശുദ്ധ സഭാമാതാവിനോടുള്ള കൂട്ടായ്മയിൽ ജീവിച്ച്, സർവശക്തനായ ദൈവത്തിൽനിന്ന് എല്ലാ നീതിമാന്മാരും സത്യവിശ്വാസികളും പ്രതീക്ഷിക്കുന്ന മഹത്ത്വത്തിൻെറ വാടാത്ത കിരീടം സന്തോഷത്തോടെ പ്രാപിക്കാൻ, അതായത് സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ യോഗ്യരാകുന്നതിനു പരിശ്രമിക്കാം.

www.malankaralibrary.com

1580 ഫെബ്രുവരി 12നു് കൂടിയ കൺസിസ്റ്ററിയിലെ രഹസ്യസംഭാഷണത്തിൽ വച്ച് ഇപ്രകാരം അയസ്റ്റാൻ മാപ്പാപ്പാ അംഗീകരിച്ചു.[41]

## 24

## ആർച്ചുഡീക്കനെ പാലയൂർ മെത്രാനായി ഉറപ്പിച്ചുകൊണ്ട് ഗ്രിഗറി XIII പാപ്പാ 1580 മാർച്ച് 4 ന് എഴുതിയ കത്ത്

പാലൂർ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട മിശിഹായുടെ ബ. ഗീവർഗീസ് കത്തനാക്ക് അയച്ച രണ്ടാമത്തെ ബ്യൂളാ.

പാലൂർ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടവനും വന്ദ്യ സഹോദരനും പ്രിയമകനുമായ മിശിഹായുടെ ഗീവർഗീസിനു്:

വന്ദ്യസഹോദരാ, പ്രിയ മകനേ, ആരോഗ്യവും ശ്ലൈഹികാശീർവാദവും. അങ്കമാലി സഭയുടെ ആർച്ചുഡീക്കനായിരുന്ന താങ്കളുടെ വിശിഷ്ടയോഗ്യതകൾ പരിഗണിച്ച് പൗരസ്ത്യ അസ്സീറിയായിലുള്ള മോസൂൾ പാത്രിയർക്കീസ്മാർ അബ്ദീശോ, തന്റെ ജാതിയിൽപ്പെട്ട മെത്രാന്മാരുടെ പേട്രിയാർക്കൽ കൗൺസിലിൽ വച്ച്, പൗരസ്ത്യ ഇൻഡ്യയിലെ അങ്കമാലി പ്രോവിൻസിൽ അബ്രഹാം ആർച്ചുബിഷപ്പിന്റെ അധികാരത്തിൻ കീഴിൽ, അദ്ദേഹത്തിന്റെ സഫ്രഗനായി, അതായത് പാലൂരിലെ കത്തോലിക്കാസഭയുടെ മെത്രാനായി താങ്കളെ തെരഞ്ഞെടുത്തെന്നും താങ്കൾ പട്ടം സ്വീകരിച്ചെന്നും, എന്നാൽ കുറേ നാളത്തേക്ക് ആ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ചില പ്രത്യേക കാരണങ്ങൾ നിമിത്തം സാധിക്കാതെ വന്നെന്നും, പിന്നീട് എളിമയോടെ ആ ഉത്തരവാദിത്വം നിരസിച്ചു എന്നും നാം കേട്ടു. എന്നാൽ പ്രസ്തുത ആർച്ചുബിഷപ്പ് അബ്രഹാമിന്റെയും അറിവും ഭക്തിയുമുള്ള മററാളുകളുടെയും ഉപദേശവും പരിപക്വമായ നിർദ്ദേശങ്ങളും മൂലം ഒരുപക്ഷേ ഇപ്പോൾ താങ്കൾ പ്രസ്തുത സ്ഥാനം സ്വീകരിക്കുകയും മെത്രാൻസ്ഥാനത്തിന്റെ ചുമതലകൾ ഏറ്റെടുക്കുകയും ചെയ്തുകാണുമല്ലോ. താങ്കളുടെ മനസ്സമാധാനത്തിനു വേണ്ടിയും, നടന്ന കാര്യങ്ങളുടെ ഉറപ്പിനുവേണ്ടിയും പ. സിംഹാസനം നിശ്ചയിച്ച ഫോർമുല അനുസരിച്ച് സിംഹാസനത്തോട് താങ്കൾ

41 G. Beltrami, *op. cit.* p. 198



കളുള്ള വിധേയത്വം കൊണ്ട് സ്വമനസ്സാലെ സത്യവിശ്വാസപ്രഖ്യാപനം അയച്ചുതന്നുകൊണ്ട്, മുൻപു പറഞ്ഞതുപോലെ പ്രസ്തുത തെരഞ്ഞെടുപ്പും താങ്കളെ പാലൂർമെത്രാനാക്കിക്കൊണ്ടുള്ള പട്ടശുശ്രൂഷയും, ശ്ലൈഹികാധികാരം ഉപയോഗിച്ച് ഉറപ്പിക്കുന്നതിനു് ആവശ്യമായ കാര്യങ്ങൾ കനിവോടെ നാം ചെയ്യണമെന്ന് നമ്മോട് എളിമയോടെ യാചിക്കാൻ താങ്കൾ താല്പര്യം കാണിച്ചല്ലോ. വിശ്വസ്തരായ ആളുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ സത്യസന്ധത, സത്യപ്രബോധനം, വിവേകം, കാര്യങ്ങൾ ചെയ്യുന്നതിനുള്ള അനുഭവജ്ഞാനം, കത്തോലിക്കാമതത്തോടുള്ള തീക്ഷ്ണത എന്നിവ മനസ്സിലാക്കി, മേല്പറഞ്ഞ തെരഞ്ഞെടുപ്പും പട്ടവും മെത്രാഭിഷേകവും സ്ഥാനാരോഹണവും നമ്മുടെ ശ്ലൈഹികാധികാരത്താൽ ഈ തിരുവെഴുത്തുവഴി നാം അംഗീകരിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. അതോടൊപ്പം അവയിൽ നൈയാമികമായോ വസ്തുനിഷ്ഠമായോ എന്തെങ്കിലും പോരായ്മ ഉണ്ടായിട്ടുണ്ടെങ്കിൽ അവയെ ഇതിനാൽ നാം പരിഹരിക്കുകയും ചെയ്യുന്നു. ഇനി താങ്കളുടെ മെത്രാഭിഷേകം നടന്നിട്ടില്ലെങ്കിൽ, താങ്കളുടെ ആർച്ചുബിഷപ്പ്-മെത്രാപ്പോലീത്താ ആയ മാർ അബ്രഹാമിൽനിന്നോ ശ്ലൈഹികസിംഹാസനത്തോട് ഐക്യത്തിലും വിധേയത്വത്തിലും കഴിയുന്ന വേറേ ഏതെങ്കിലും കത്തോലിക്കാ മെത്രാനിൽ നിന്നോ മെത്രാഭിഷേകം സ്വീകരിക്കാം. പരിശുദ്ധ സിംഹാസനത്തോട് ഐക്യവും വിധേയത്വവുമുള്ള രണ്ടോ മൂന്നോ കത്തോലിക്കാ മെത്രാന്മാരെ സഹായത്തിനായി അവക്കു വിളിക്കാവുന്നതാണ്. താങ്കളുടെ സഭ ആക്കു കീഴ്പ്പെട്ടിരിക്കുന്നുവോ, ആ പാത്രിയർക്കീസിനോ ആർച്ചുബിഷപ്പിനോ ആവലാതിയോ പരാതിയോ ഉണ്ടാകുകയില്ലെങ്കിൽ, നമ്മുടെയും റോമാസഭയുടെയും പേരിൽ പതിവുള്ള സത്യപ്രതിജ്ഞ നടത്തി മേല്പറഞ്ഞ പട്ടം കൊടുക്കൽ ശുശ്രൂഷ സ്വതന്ത്രമായും നൈയാമികമായും ചെയ്തുതരുവാൻ മേല്പറഞ്ഞ മെത്രാന് ശ്ലൈഹികാധികാരത്താൽ ഈ ശിപാർശക്കത്തുവഴി നാം അധികാരം നൽകുന്നു.

കൂടാതെ, താങ്കളുടെ ഔദ്യോഗിക കടമയനുസരിച്ച്, ആത്മാക്കളുടെ രക്ഷയിൽ തീക്ഷ്ണത കാണിക്കണമെന്ന് താങ്കളെ നാം ദൈവമായ കർത്താവിൽ ശക്തിയായി ഉദ്ബോധിപ്പിക്കുന്നു. താങ്കൾ വിശുദ്ധരുടെ സുകൃതങ്ങൾ അനുകരിക്കണം. താങ്കളെ ഏല്പിച്ചിരിക്കുന്ന അജഗണത്തെപ്പററി ശ്രദ്ധാപൂർവ്വം നിരന്തര ജാഗ്രത പുലർത്തണം. രക്ഷാകരമായ കത്തോലിക്കാ പ്രബോധനംകൊണ്ട് അവരെ പരിപോഷിപ്പിക്കണം. സ്വയം മെത്രാനാകുകയും, വിശുദ്ധ റോമാസഭയുടെ വിശ്വാസത്തിലേക്കും ഐക്യത്തിലേക്കും അവിടെയുള്ള ക്രിസ്ത്യാനികളെ കൊണ്ടുവരുന്നതിനു തടസ്സം നില്ക്കുകയും കൂട്ടായ്മയിലെത്തിയവരെ അതിൽനിന്നു പിന്തിരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ശീശ്മക്കാരനായ ഏതോ ശീമോന്റെ കുതന്ത്രങ്ങളെ ധീരത

www.malankaralibrary.com

യോടും ഉത്സാഹത്തോടുംകൂടെ എതിർക്കുകയും കീഴമർത്തുകയും ചെയ്യണം. അയാളെയും അയാളെപ്പോലെയുള്ള മററു പാഷണ്ഡികളെയും ശീശ്മക്കാരെയും കത്തോലിക്കാവിശ്വാസത്തിൽനിന്ന് വഴിതെററിപ്പോയ മററുള്ളവരെയും സത്യപാതയിലേക്കു തിരിച്ചുകൊണ്ടുവരണം. അവർ തങ്ങളുടെ അബദ്ധങ്ങളിൽ ശാഠ്യപൂർവ്വം ഉറച്ചുനില്ക്കുകയും മനസ്തപിക്കാൻ മടി കാണിക്കുകയും ചെയ്താൽ, കർത്താവിന്റെ അജഗണവുമായുള്ള സംസർഗ്ഗത്തിൽനിന്ന് അവരെ അകററി നിർത്താനും ആട്ടിയോടിക്കാനും താങ്കളാൽ കഴിവുള്ളതു ചെയ്യണം. ഈ പറഞ്ഞവയെല്ലാം താങ്കളുടെ സ്ഥാനത്തിനു ചേർന്നതും കടപ്പെട്ടതുമാണ്. അതുപോലെ, താങ്കൾ ആർക്കുവേണ്ടി അദ്ധ്വാനിക്കുന്നുവോ ആ സർവ്വശക്തനായ ദൈവത്തിനും നമുക്കും ഇവ വളരെ പ്രീതികരമാണ്. റോമിൽ നിന്ന് 1580 മാർച്ച് 4 ന് നമ്മുടെ ഭരണത്തിന്റെ എട്ടാം വർഷം[42].

## 25

### *അങ്കമാലിയിലെ ജനങ്ങൾക്ക് ഗ്രിഗറി XIII പാപ്പാ 1580 മാർച്ച് 5 ന് എഴുതിയ കത്ത്*

അങ്കമാലി പ്രോവിൻസിലെ പ്രിയ മക്കളായ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും വൈദികർക്കും ഗ്രിഗറി XIII പാപ്പാ: വത്സല മക്കളേ, ആരോഗ്യവും ശ്ലൈഹികാശീർവാദവും.

സത്യവിശ്വാസത്തിന്റെ സ്ഥിരതയും സഭാശിക്ഷണത്തിന്റെ കറതീർന്ന ആത്മാർത്ഥതയും സംബന്ധിച്ച കാര്യങ്ങളിൽ ദൈവസേവനത്തിനും ഭക്തിപ്രകടനത്തിനും കത്തോലിക്കരെല്ലാവരും അതീവതാല്പര്യത്തോടെ സർവകഴിവുകളും വിനിയോഗിക്കണം. കാരണം, ഏതിനുവേണ്ടി സൃഷ്ടിക്കപ്പെടുകയും, നമ്മുടെ കർത്താവീശോമിശിഹായുടെ രക്തത്താലും വേദന നിറഞ്ഞ മരണത്താലും വിളിക്കപ്പെടുകയും ചെയ്തിരിക്കുന്നുവോ, ആ നിത്യസൗഭാഗ്യത്തിലേക്കും മഹത്വത്തിലേക്കും എത്തിച്ചേരാൻ, കത്തോലിക്കാവിശ്വാസത്തിൽ നിന്ന് അകന്നിരിക്കുന്നവർക്കും കുററകൃത്യങ്ങളിൽ മുഴുകിയിരിക്കുന്നവക്കും സാധിക്കുകയില്ല. ആത്മാക്കളുടെ രക്ഷയുടെയും ദൈവമഹത്വത്തിന്റെയും പ്രധാന എതിരാളിയായ പിശാചിന്റെ സന്തതികളും സേവകരുമായ ശീശ്മക്കാരും പാഷണ്ഡികളും രക്ഷയുടെ അടിസ്ഥാനമായ സത്യവിശ്വാസവും ജീവിതവിശുദ്ധിയും സന്മാർഗ്ഗവും തകിടം മറിക്കാനും, മനുഷ്യരെ ദൈവത്തിൽനിന്നു തട്ടിമാററാനും തങ്ങളോടുകൂടെ അവരെയും നിത്യനാശത്തിലേക്കു വലിച്ചിഴയ്ക്കാനും പരിശ്രമിക്കുന്നു.

42 G. Beltrami, *op. cit.* p. 196-7



ഇവരിൽപെട്ട ഒരു ശീമോൻ അവിടെ വന്നിരിക്കുന്നു എന്നു നാം അറിയുന്നു. സ്വയം മെത്രാനാകുന്ന അയാൾ കള്ളനും കവർച്ചക്കാരനുമല്ലാതെ മറെറന്താണ്? ഇതുപോലെയുള്ള സത്വങ്ങളെ ഈ പേരുകളിലാണ് കത്താവു വിളിക്കുന്നത്. ഇതുവരെ ആരൊക്കെ വന്നുവോ, അവരെല്ലാം കള്ളന്മാരും കവർച്ചക്കാരുമായിരുന്നു എന്ന് അവിടുന്നു പറയുന്നു. വിളിക്കപ്പെടാതെയും അയയ്ക്കപ്പെടാതെയും ഇടയന്റെ പേരും സ്ഥാനവും കൈക്കലാക്കാൻ ഇവർ തുനിയുന്നു. എന്നാൽ ശീമോൻ ഇതുകൊണ്ടും തൃപ്തിപ്പെടാതെ സഭയുടെ ഐക്യത്തിൽനിന്നു കത്തോലിക്കരെ അകററുക, സത്യവിശ്വാസം മലിനമാക്കുക, അബദ്ധപ്രബോധനം പ്രചരിപ്പിക്കുക തുടങ്ങിയ വട്ടുപിടിച്ച കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നു എന്നു പറയപ്പെടുന്നു. അതുകൊണ്ട് നിങ്ങളുടെ രക്ഷയിലും നിങ്ങളുടെ സഭയുടെ ശാന്തിയിലും അതീവതാൽപ്പര്യമുള്ള നാം ഉപദേശിക്കുകയും, മുന്നറിയിപ്പു നൽകുകയും ക്രിസ്തു നമുക്കു നൽകിയ അധികാരം ഉപയോഗിച്ച് നിങ്ങളോട് ഇപ്രകാരം കല്പിക്കുകയും ചെയ്യുന്നു. ഈ പകർച്ചവ്യാധിയാൽ നിങ്ങൾ രോഗികളാകരുത്. പിന്നെയോ, സർവശക്തിയും ഉപയോഗിച്ച് അതിൽനിന്നൊഴിഞ്ഞു മാറണം; അയാളുടെ പ്രസംഗങ്ങളിൽനിന്നും ഉപദേശങ്ങളിൽനിന്നും ഓടിയകലുക. കത്തോലിക്കാവിശ്വാസത്തിന്റെയും നിങ്ങളുടെ രക്ഷയുടെയും ക്രിസ്തുവിന്റെ മഹത്വത്തിന്റെയും ശത്രു എന്ന നിലയിൽ അയാളെ പരിഗണിക്കുകയും തകിടം മറിക്കുന്നവൻ എന്ന നിലയിൽ അയാളെ വെറുക്കുകയും ചെയ്യുക. നിങ്ങളുടെ ഇടയിൽനിന്നും സമ്മേളനങ്ങളിൽ നിന്നും അയാളെ പുറത്താക്കണം. നിങ്ങളുടെ ഇടയിൽ വ്യാപരിക്കാനോ, നിങ്ങളുടെ സ്ഥലങ്ങളിൽ തങ്ങാനോ, അയാളെ അനുവദിക്കരുത്. പകർച്ചവ്യാധിപോലുള്ള പ്രബോധനങ്ങളുടെ സ്വാധീനത്താൽ നിങ്ങൾ നശിക്കാതിരിക്കാൻ മററു ശീശ്മക്കാരോടും പാഷണ്ഡികളോടും ഇതുപോലെതന്നെ പ്രവത്തിക്കണം. കർത്താവിൽ നിങ്ങളുടെ ആർച്ചുബിഷപ്പായ അബ്രഹാമിനെയും പാലൂർ മെത്രാനായ ഗീവർഗീസിനെയും അനുസരിക്കുവിൻ. സത്യവിശ്വാസത്തിലും പെരുമാററലാളിത്യത്തിലും മാതാവായ വിശുദ്ധ സഭയുടെ ഐക്യത്തിലും നിലനില്ക്കുകയും ജീവിക്കുകയും ചെയ്യുവിൻ. അങ്ങനെ, വിശുദ്ധിയോടും ഭക്തിയോടുംകൂടെ ജീവിക്കുന്നവർക്ക് സജ്ജമാക്കിയിരിക്കുന്ന നിത്യസൗഭാഗ്യത്തിലും നിത്യമഹത്വത്തിലും നിങ്ങൾ എത്തിച്ചേരുവാൻ ഇടയാകട്ടെ. ദൈവം അതു നിങ്ങളുടെമേൽ വർഷിക്കട്ടെ എന്നു പൂർണഹൃദയത്തോടെ നാം പ്രാർത്ഥിക്കുന്നു.

റോമിൽ നിന്ന്, 1580, മാർച്ച് 5.
നമ്മുടെ ഭരണത്തിന്റെ എട്ടാം വർഷം[43].

43. Theiner, ad an. 1580 t. 3. p. 231,

www.malankaralibrary.com

## 26

## പോർട്ടുഗീസ് രാജാവിന് 1580 മാർച്ച് 5 ന് ഗ്രിഗറി XIII പാപ്പാ എഴുതിയ കത്ത്

പോർട്ടുഗലിന്റെയും അൽഗാർബിയരുടെയും പ്രശസ്തരാജാവും മിശിഹായിൽ നമ്മുടെ പ്രിയമകനുമായ ഹെൻട്രിക്ക്: അങ്കമാലി ആർച്ചുബിഷപ്പിനെ ശിപാർശ ചെയ്തുകൊണ്ട് ഗ്രിഗറി XIII പാപ്പാ.

ക്രിസ്തുവിൽ നമ്മുടെ പ്രിയമകനേ, ആരോഗ്യവും ശ്ലൈഹികാശീർവാദവും. നമ്മുടെ വന്ദ്യസഹോദരനും അങ്കമാലി ആർച്ചുബിഷപ്പുമായ മാർ അബ്രഹാം തന്റെ സർവശക്തിയോടും കൂടെ കർത്താവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കുകയാണെന്ന് അദ്ദേഹത്തെപ്പററി നമുക്ക് വളരെ നല്ല വിവരം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തെ താങ്കൾക്കു ശിപാർശ ചെയ്യുന്നു. അദ്ദേഹത്തിന്റെ അധികാരത്തെ ആരും ധിക്കരിക്കാനും തന്റെ കടമനിർവഹണത്തിൽ തടസ്സം സൃഷ്ടിക്കാനും ഇടവരുത്തരുതെന്ന് അവിടെയുള്ള താങ്കളുടെ ഉദ്യോഗസ്ഥന്മാരോട് കല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദൈവമഹത്വത്തിനും അവിടെയുള്ള ജനങ്ങളെ ക്രിസ്തുവിന്റെ ആരാധനയിലേക്കു തിരിക്കുന്നതിനും ഇതു വളരെ സഹായകമാണ്. അദ്ദേഹത്തിന്റെ ആവശ്യങ്ങൾ അനവധിയാണെങ്കിലും അവയൊക്കെ സാധിച്ചുകൊടുക്കാൻ താങ്കൾ ശ്രമിക്കണം.

റോമിൽ നിന്ന്, 1580 മാർച്ച് 5.
നമ്മുടെ ഭരണത്തിന്റെ എട്ടാം വർഷം[44]

44. G. Beltrami, *op. cit.* p. 271.



## 27

## ജസ്വിട്ട് ജനറൽ മെർക്കൂറിയാനോയ്ക്ക് 1580 ഡിസംബർ 23 ന് പീറാർ ലൂയിസ് പാതിരി എഴുതിയ കത്തിൽനിന്ന്

ക്രിസ്തുവിൽ ശ്രേഷ്ഠപിതാവേ, അങ്ങേയ്ക്കറിയാവുന്നതുപോലെ ബർണദീൻ ഫെറാറി മലാക്കായിലെ സുപ്പീരിയർ ആയി അയയ്ക്കപ്പെട്ടു. ഫാ. ജോർജ്ജ്കാസ്ട്രോ ''അവിടുത്തെ ക്രിസ്ത്യാനികളുടെ പിതാവായി'' ഗോവയിലേക്ക് അയയ്ക്കപ്പെട്ടതിനാൽ ഞാനിപ്പോൾ ഫാ. ഗാസ്പർ ഡിയാസിന്റെ കൂടെയാണ്. കാസ്ട്രോ ഈ ക്രിസ്ത്യാനികൾക്ക് വലിയ സഹായമായിരുന്നു. ഫാ. കാസ്ട്രോയേപോലെ ഒരാൾ ഇവിടെ വരുന്നില്ലെങ്കിൽ ഈ മാററത്തെപ്പററി എനിക്കു പറയാനുള്ളത്, കാസ്ട്രോതന്നെ ചേരരാജ്യത്തു വീണ്ടും വരാൻ അങ്ങു കല്പിക്കണമെ എന്നാണ്. ചില നാമമാത്രമായ തെററുകൾ[45] ഉള്ള ഈ ക്രിസ്തുമതത്തെ റോമാസഭയുമായി അനുരൂപപ്പെടുത്താൻ[46] നമ്മുടെ (പോർട്ടുഗീസ്) കൃതികൾ അറിയാവുന്ന ക്രിസ്ത്യാനികൾ ഉണ്ടായിരിക്കുക അത്യാവശ്യമാണ്. അതിനു പോർട്ടുഗലിന്റെ സഹായം ഉണ്ടായിരിക്കുക ആവശ്യമാണ്. അടുത്ത കാലംവരെ അവർക്കു ചില സഹായങ്ങൾ ലഭിച്ചു. മനസ്സാക്ഷിയിൽ ബോദ്ധ്യപ്പെട്ടില്ലെങ്കിൽ ആരും സ്വന്തം തെററ് ഏററുപറകയില്ല; അല്ലെങ്കിൽ ബലപ്രയോഗം നടത്തണം; അതിനു നമുക്കു കഴിവില്ല. അതുകൊണ്ട് മറെറാരുവഴി ആവശ്യമായിരിക്കുന്നു. അതിനു പണം വേണം. നമ്മുടെ കർത്താവ് അവരെ പ്രകാശത്തിൽ എത്തിക്കട്ടെ. മുപ്പത്തിമൂന്നുവർഷത്തെ പ്രയത്നം കൊണ്ട് ഇതിനായിട്ടാണ് മിശിഹാ തന്റെ വലത്തുകൈകൊണ്ട് മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചത്. തങ്ങൾ മൂന്നരവർഷം ചേരരാജ്യത്തിലായിരുന്നു' എന്ന് ഈ ക്രിസ്ത്യാനികളെപ്പററി എഴുതുന്ന നമ്മുടെ ചില വൈദികർ പറയാനിടയുണ്ട്. 'എന്നാൽ ഒന്നും കാണാനില്ല; അവരൊന്നും കാണുന്നുമില്ല. താൻ തെററിലാണ് എന്ന് ആർച്ചുബിഷപ്പ് ഏററുപറയുന്നില്ല. ഈ ക്രിസ്ത്യാനികളാകട്ടെ, അവരുടെ പഴയരീതികളിലാണ് ഇപ്പോഴും ജീവിക്കുന്നത്. അവർ

45. material errors.
46. reduce in comformity

www.malankaralibrary.com

അവരുടെ അന്യായപ്പലിശ ഈടാക്കലൊകട്ടെ, വിവാഹത്തിലും ഉപവാസത്തിലും ഉള്ള അന്ധവിശ്വാസങ്ങളും ചടങ്ങുകളും ഉപേക്ഷിക്കുന്നില്ല. അതുകൊണ്ട് അവരെ തുടർന്ന് ഇവിടെ ജീവിക്കാൻ അനുവദിക്കണം'. അതിനു ഞാൻ മറുപടിപറയാം: 'ഈ വൈദികർ വിതയ്ക്കുന്നതിനുമുൻപ് കൊയ്യാൻ ആഗ്രഹിച്ചു. ക്രിസ്തുമതത്തിന്റെ അരൂപിയില്ലാതെയാണ് ഈ ക്രിസ്തുമതത്തെപ്പറ്റി അവർ തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നത്. ഈ വൈദികർ വീട്ടിലിരുന്ന് *പഠനം നടത്തിയാൽ*, കൂടുതൽ പേരെ ക്രിസ്ത്യാനികളാക്കാൻ അവർക്ക് കഴിഞ്ഞേക്കും. കോളേജിൽ താമസിക്കയല്ലാതെ അവരെക്കൊണ്ട് ഒരു പ്രയോജനവുമില്ല. ഈ ക്രിസ്തുമതത്തിൽ നിന്നുള്ള ഫലം സാവധാനത്തിലും വളരെ ക്ഷമയോടുകൂടിയും ആയിരിക്കണം'.

അവരെ ലത്തീൻ രീതിയിലേക്ക് മാനസ്സാന്തരപ്പെടുത്തുന്ന[47] ഈ അവസരം പരിശുദ്ധ പിതാവ് ഗ്രിഗറി XIII നും ജനറാളും വളരെ കരുണയുള്ളവരായിരിക്കണം. ജനറാൾ എന്ന നല്ല പിതാവിനെ ലഭിച്ചതിനാൽ ക്രിസ്ത്യാനികൾ കർത്താവിനോട് വളരെ നന്ദിയുള്ളവരായിരിക്കണം... വലിയനോമ്പുകാലത്ത് ആർച്ചുഡീക്കനും ആർച്ചുബിഷപ്പും കുമ്പസാരം കേൾക്കാനും കുർബാന കൊടുക്കാനുമായി വിവിധ സ്ഥലങ്ങളിലൂടെ പോകുന്ന പതിവ് ഇവിടെയുണ്ട്. കുർബാന സ്വീകരണാനന്തരം ആർച്ചുബിഷപ്പും ആർച്ചുഡീക്കനും സ്റ്റൂളിട്ട് ഇരിക്കുന്നു. അപ്പോൾ പണക്കാരും അവരുടെ മക്കളും സംഭാവനകൾ നൽകുന്നു. ഇപ്രകാരം കിട്ടുന്ന പണവും വെള്ളിനാണയങ്ങളും കൂട്ടികലർത്തുന്നു. ആർച്ചുഡീക്കന്റെ പള്ളിക്ക് പരിശുദ്ധ പിതാവ് ഒരു ജൂബിലി ബന്ധവിമോചനം അയച്ചുകൊടുത്തു. തദവസരം അവിടെ ധാരാളമാളുകൾ ഒന്നിച്ചുകൂടിയിരുന്നു. ആഘോഷങ്ങൾക്ക് ഞങ്ങളും അവിടെ പോയി. ഏതാണ്ട് 15000 പേർ കുർബാന സ്വീകരിച്ചു. തദനന്തരം ആർച്ചുഡീക്കൻ ഇരുന്നപ്പോൾ അവർ അദ്ദേഹത്തിന് 200 ക്രൂസാദോ[48] സമ്മാനമായി നൽകി. ഈ പണത്തിലൊരംശം അനാഥ പെൺകുട്ടികളുടെ വിവാഹത്തിനും ജയിലിൽ കിടക്കുന്നവരുടെ മോചനത്തിനും ദാനം കൊടുക്കാൻ യൂറോപ്പിൽനിന്ന് ഒരു നിർദ്ദേശം കൊടുത്താൽ വളരെ നന്നായിരിക്കും. അനാഥപെൺകുട്ടികളുടെ വിവാഹത്തിനും കാരാഗൃഹവാസികളുടെ മോചനത്തിനുമായി അവർ കുറേ ദാനം ചെയ്യാറുണ്ട്. അതുപോലെ പാവപ്പെട്ടവർക്കും പള്ളിക്കും അനാഥപെൺകുട്ടികളുടെ വിവാഹത്തിനും തടവുകാരുടെ മോചനത്തിനുമായി പലിശ കൂടാതെ അവർ പണം കടം കൊടുക്കാറുണ്ട്. മോൺസെരാത് പാതിരി ഒരിക്കൽ

47 reduce

48 ഒരു പോർട്ടുഗീസ് നാണയം



നടത്തിയതുപോലെ, കടുത്ത ദാരിദ്ര്യം നിമിത്തം, ഈ രാജ്യത്ത് 10 ക്രൂസാദോസുകൊണ്ട് ഒരു അനാഥപ്പെണ്ണിനെ കെട്ടിച്ചയയ്ക്കാം. പെൺകുട്ടികൾ എട്ടാം വയസ്സിലും ആൺകുട്ടികൾ പന്ത്രണ്ടാം വയസ്സിലും വിവാഹിതരാകുന്ന പതിവാണ് ഈ നാട്ടിലുള്ളത്. ഈ ജനങ്ങളുടെ ഇടയിൽ ത്രെന്തോസ് സൂനഹദോസിന്റെ കാനോനാകൾ നടപ്പാക്കാൻ പ്രയാസമാണ്. സാധ്യമാണെങ്കിൽ പ്രശസ്തനും, ഗൗരവപ്രകൃതിക്കാരനും, സുമുഖനുമായ ഒരാൾ പരിശുദ്ധ പിതാവിന്റെ പ്രതിനിധിയായി യൂറോപ്പിൽനിന്ന് വന്ന് ഇൻഡ്യയിലെ എല്ലാ രൂപതകളും സന്ദർശിക്കട്ടെ. അയാൾക്കു ധാരാളം പ്രവർത്തിക്കാൻ ഉള്ളതുകൊണ്ടും എല്ലാ കാര്യങ്ങളും ക്രമീകരിക്കാൻ കഴിയുന്നതുകൊണ്ടും അയാൾ ഇവിടെ താമസിക്കട്ടെ. അപ്രകാരം സംഭവിച്ചാൽ അത് ഒരു മഹാസംഗതിയായിരിക്കും. യൂറോപ്പിൽനിന്ന് ഒരാൾക്കു വരാൻ സാധ്യമല്ലെങ്കിൽ ഇൻഡ്യയിലെ ഇൻക്വിസിറ്റർ വന്ന് ആർച്ചുഡീക്കനെ മെത്രാനായും അദ്ദേഹത്തിന്റെ സഹോദരൻ യോഹന്നാൻ കത്തനാരെ ആർച്ചുഡീക്കനായും നിയമിക്കാൻ വേണ്ട ക്രമീകരണം ചെയ്യണം. അങ്ങനെയാണെങ്കിൽ ഈ വിവരം ആർച്ചുഡീക്കനെ അറിയിക്കുന്നത് ദോഷമായിരിക്കയില്ല എന്നു മാത്രമല്ല, വളരെ പ്രയോജനകരമായിരിക്കും. രണ്ടുപ്രാവശ്യം കെട്ടിയ ചില കത്തനാരന്മാരും ഇവിടെയുണ്ട്. സിറിയായിലെ പാത്രിയർക്കീസും ത്രെന്തോസ് സൂനഹദോസിൽ സന്നിഹിതനായിരുന്നതിനാൽ, സിനഡിന്റെ ഡിക്രിക്കുശേഷം പ്രത്യേകിച്ച്, ഈ കത്തനാരന്മാർ പൗരോഹിത്യധർമ്മം അനുഷ്ഠിക്കാതിരിക്കുന്നതാണ് ഏറ്റം നല്ലത്. അവരെ കുർബാന ചൊല്ലാനും അനുവദിച്ചുകൂടാ. അവർ പട്ടം ഒരു തൊഴിലായി സ്വീകരിക്കുന്നതിനാൽ കൗൺസിൽ നിർദ്ദേശിക്കുന്നതുപോലെ ഭാവിയിൽ അവർ കരുതലുള്ളവരായിരിക്കും.

ഇരുപത്തഞ്ചുവർഷം മുൻപ് അംബ്രോസിയുസ് (ബുട്ടിഗെഗ്) എന്ന മെത്രാൻ യൂറോപ്പിൽ നിന്ന് തുർക്കിവഴി ഇവിടെ വന്നു. അദ്ദേഹം ഈ ജനത്തിന്റെ ഇടയിൽ ധാരാളം അധ്വാനിച്ചു. ആക്കെങ്കിലും വരാൻ സാധിച്ചാൽ നല്ല ഫലമുണ്ടാകും. എന്നാൽ അയാൾ ഒരു ജസ്വിട്ടനോ, ഫ്രാൻസിസ്കനോ, അഗസ്റ്റീനിയനോ, ഡൊമിനിക്കനോ ആകാൻ പാടില്ല. സിറിയായിലെ അരഡസൻ ആളുകളെ അവിടെയുള്ള നമ്മുടെ സെമിനരിയിൽ പഠിപ്പിക്കുന്നത് വളരെ നല്ലതാണ്. അവരെ ലത്തീനും കൽദായയും പഠിപ്പിച്ച് പിന്നീട് മെത്രാന്മാരാക്കണം. അല്ലെങ്കിൽ ജസ്വിട്ട് സൊസൈറ്റിയിൽപ്പെട്ട ആരെങ്കിലും മറ്റുള്ളവരെപ്പോലെ കൽദായഭാഷ പഠിച്ച് ഒർമൂസ് വഴി വരണം; ലത്തീൻകാരനായി കാണപ്പെടരുത്, സുറിയാനിയിൽ കാനോനാ നമസ്കാരം ചൊല്ലണം.''[49]

49 J. Wicki, *Documenta Indica*, XII. Roma, 173-7

www.malankaralibrary.com

## 28

### മാർ അബ്രഹാം 1581 ജനുവരി 1 ന് ജസ്വിട്ട് ജനറൽ ക്ളൗദിയോ അക്വവീവായ്ക്ക് എഴുതിയ കത്തിൽനിന്ന്

''ഈ ക്രിസ്ത്യാനികൾക്കും എനിക്കും അങ്ങ് ചെയ്തിട്ടുള്ളതിനും ചെയ്തുകൊണ്ടിരിക്കുന്നതിനും ഞാൻ അങ്ങേയ്ക്കു നന്ദി പറയുന്നു. ഈ രാജ്യത്തെ പ്രൊവിൻഷ്യലിന്റെ കത്തനുസരിച്ച് അയയ്ക്കപ്പെട്ട പാതിരിമാർ ഈ രാജ്യത്തു് ചുററിനടക്കുന്നു. കൂദാശകളുടെ പരികർമ്മം സംബന്ധിച്ച് അവർ അങ്ങയെ അറിയിക്കുമെന്നു ഞാൻ കരുതുന്നു. അങ്കമാലി പള്ളിയിലെ നാല് പെരുന്നാളുകൾക്ക് കഴിഞ്ഞ വർഷം തന്ന ഇരുപത്തഞ്ചുവർഷത്തേയ്ക്കുള്ള ബന്ധവിമോചനത്തിനും രണ്ടു കത്തുകൾക്കും നന്ദിപറഞ്ഞുകൊണ്ട് പരിശുദ്ധ പിതാവായ പാപ്പായ്ക്കും ഞാൻ എഴുതുന്നുണ്ട്. ഈ വർഷമെങ്കിലും ആ ബന്ധവിമോചനം എന്നേക്കുമുള്ളതാക്കണം. ഓരോ പ്രാവശ്യവും പരിശുദ്ധ സിംഹാസനത്തോട് ആവശ്യപ്പെടാൻ ഞങ്ങൾ അത്ര അടുത്തുമല്ലല്ലോ താമസിക്കുന്നതു്. ഉയിർപ്പുകഴിഞ്ഞു് രണ്ടാം ദിവസമാണ് ബന്ധവിമോചനം. ജനങ്ങൾ വിവിധ സ്ഥലങ്ങളിൽനിന്നും വിദൂരസ്ഥലങ്ങളിൽനിന്നും എത്തുന്നതിനാൽ ഉയിർപ്പിന്റെ എല്ലാ എട്ടാമിടകൾക്കുമായി ഇതു് വ്യാപിപ്പിക്കണം''.

മ്ഹീലാ അബ്രാഹാം മെത്രോപ്പോലീത്താ
ദ് അങ്കമാലി മ്ശംശാനാക് [50]

50 J. Wicki, XII. p. 186–8



## 29

### ജസ്വിട്ട് ജനറൽ ക്ളൗദിയോ അക്വവീവായ്ക്ക് മാർ അബ്രഹാം 1581 ഡിസംബർ 29 ന് എഴുതിയ കത്തിൽനിന്ന്

''അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. മുൻജനറൽ മെർക്കുറിയന്റെ ഔദാര്യം എന്നെ വളരെ സഹായിച്ചു. എന്നെ ഒരെളിയ ദാസനായും സൊസൈററിയിലെ ഏററം ചെറിയ സഹോദരനായും അങ്ങും സ്വീകരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അതെനിക്ക് ദൈവത്തിന്റെ വലിയൊരു കരുണയായിരിക്കും.

ഈ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആവശ്യങ്ങളെപ്പററി അങ്ങ് കേട്ടിട്ടുണ്ടെന്നു ഞാൻ കരുതുന്നു. ഈ ക്രിസ്തുമതത്തെ റോമൻ അനുഷ്ഠാനങ്ങളിലേയ്ക്ക് മാററാനായി, ജസ്വിട്ട് പാതിരിമാർ നാലുവർഷം കൊണ്ട് തീക്ഷ്ണമായി അധ്വാനിച്ചുകൊണ്ടിരിക്കുകയാണ്. അതിനായി പരിശുദ്ധപിതാവ് പാപ്പായിൽ നിന്ന് ഈ ക്രിസ്ത്യാനികൾക്കുവേണ്ടി അവർ പല ആനുകൂല്യങ്ങളും കൃപകളും സമ്പാദിച്ചിട്ടുണ്ട്.

ജസ്വിട്ട് പാതിരിമാർ ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ചും ആ വിത്തു് മുളച്ച് എന്തു ഫലം പുറപ്പെടുവിച്ചു എന്നതിനെക്കുറിച്ചും അവർ തന്നെ അങ്ങേയ്ക്കു് എഴുതുന്നതാണ്. ഈ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ സാധാരണ രണ്ടു പാതിരിമാർ മാത്രമേയുള്ളു. ജനങ്ങൾ താല്പര്യമുള്ളവരാണ്. പാതിരിമാർ സന്തോഷപൂർവ്വം എല്ലാ പള്ളികളിലും പോയി പ്രസംഗിക്കുകയും റോമൻ രീതിയിൽ കൂദാശകൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. ഈ ക്രിസ്ത്യാനികൾ കത്തോലിക്കാ പ്രബോധനങ്ങളിൽ നിന്നു വളരെ അകലെയല്ല. അവർ അക്രൈസ്തവരുടെ ഇടയിൽ ആയിരുന്നതിനാലത്രേ അവർ അതിൽ നിന്ന് വ്യതിചലിച്ചതു്. ഈ ക്രിസ്ത്യാനികൾ സ്വതന്ത്രരും ആത്മാവിനാൽ നിറഞ്ഞവരും ആയതിനാൽ അവരുടെ ഇടയിൽ കൂടുതൽ പാതിരിമാർ പ്രവർത്തിക്കേണ്ടതു് ആവശ്യമാണ്. സബ്സിഡിയുടെ കുറവു നിമിത്തമാണ് കൂടുതൽ പേരേ ഞാൻ ആവശ്യപ്പെടാത്തതു്. എനിക്കോ ജസ്വിട്ട് പാതിരിമാർക്കോ സബ്സിഡി ഒന്നും കിട്ടുന്നില്ല. ഈ ക്രിസ്ത്യാനികളിൽ നിന്ന് സംഭാവന സ്വീകരിക്കാൻ ജസ്വിട്ട് സമൂഹനിയമം അവരെ അനുവദിക്കുന്നുമില്ല''.....

മ്ഹീലാ അബ്രാഹാം മെത്രോപ്പോലീത്താ ദ് അങ്കമാലി. [51]

51 J. Wicki, *op.cit.* XII. p. 518-520

www.malankaralibrary.com

## 30

### ജസ്യൂട്ട് ജനറൽ അക്വാവീവായ്ക്ക് ആർച്ചു ഡീക്കൻ ഗീവർഗീസ് 1581 ഡിസംബർ 30 ന് എഴുതിയ കത്തിൽ നിന്ന്

''വികാരി ഒലിവേരിയോ പാതിരിയുടെ കത്ത് എനിക്ക് കിട്ടി. ജോർജ്ജ് കാസ്ത്രോയിൽ നിന്ന് അങ്ങയുടെ തെരഞ്ഞെടുപ്പിനെപ്പററി ഞങ്ങൾ അറിഞ്ഞു......ഫൊൻസേക്കാ പാതിരി[52] ഞങ്ങളോട് താല്പര്യം കാണിക്കാൻ വേണ്ടതു ചെയ്യണം. പരിശുദ്ധ പിതാവായ മാർപ്പാപ്പായിൽ നിന്ന് അദ്ദേഹം പല നന്മകളും സഹായങ്ങളും നേടിത്തന്നു. എൻെറ നാമത്തിൽ അങ്ങ് പരിശുദ്ധ പിതാവിൻെറ പാദം മുത്തി, എനിക്കയച്ച കത്തിനും ബൂളായ്ക്കും നന്ദി പറയണം.......

റോമൻ സഭയുമായി കൂടുതൽ അനുരൂപമാകുവാനും ലത്തീനിൽ കുർബാനയർപ്പിക്കാനും ഞാൻ വളരെയധികം ആഗ്രഹിക്കുന്നു. ഞാൻ വായിക്കാൻ തുടങ്ങിയിട്ടുണ്ട്, മററനേകരും അപ്രകാരം ചെയ്യും. എന്നാൽ ചേരരാജ്യത്ത് ഒരു പാതിരി മാത്രം, ചിലപ്പോൾ രണ്ടുപേർ മാത്രം, ഉള്ളതിനാൽ നിരവധി ആവശ്യങ്ങൾ സാധിക്കാൻ അവക്ക് കഴിയുന്നില്ല. പള്ളികൾ വളരെയുണ്ട്. വിവിധ സ്ഥലങ്ങളിൽ ചുററിക്കറങ്ങേണ്ടതായിട്ടുണ്ട്. ആർച്ചുബിഷപ്പും ഞാനും വളരെ പാവപ്പെട്ടവരാണ്. പോർട്ടുഗൽ രാജാവിൻെറ പണം ഇതുവരെ എത്തിയില്ല. രണ്ടുപേർക്കു വന്ന പണം രണ്ടുപേർക്കുമായി പങ്കിട്ടു കൊടുത്തു. അതുകൊണ്ട് എനിക്കും മറേറ വൈദികനും അവശ്യസംഗതികളില്ല. ഈ ക്ലേശഭൂയിഷ്ഠമായ മലകളിൽ ജീവിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഞങ്ങളുടെ ആവശ്യങ്ങൾ നിരത്തിവയ്ക്കുകയും അതിനുള്ള പ്രതിവിധി അപേക്ഷിക്കുകയും ചെയ്യുകയല്ലാതെ എനിക്ക് മറെറാന്നും ചെയ്യാനില്ല.

ഗീവർഗീസ് അർക്കിദിയാക്കോൻ
മ്ശംശാനാ ദീലാക്[53]

---

52. ഇൻഡ്യൻ കാര്യങ്ങളിൽ മെർക്കുറിയൻെറ അസിസ്റ്റൻറായിരുന്നു.
53. J. Wicki, *op. cit.* XII. p. 521-2.



## 31

### ജസ്യൂട്ട് ജനറൽ ക്ലൗദിയോ അക്വാവീവായ്ക്ക് 1582 ജനുവരി 2 ന് ജോർജ് ദി കാസ്ത്രോ പാതിരി എഴുതിയ കത്തിൽ നിന്ന്

''അർമേനിയൻ (സുറിയാനി) മെത്രാൻ[54] ബാഹ്യമായി സ്നേഹവും മമതയും കാണിക്കുന്നു. ഇങ്ങനെയാണെങ്കിലും ബഹുമാനങ്ങളിലേക്കും സമ്പത്തുകളിലേക്കും ആണ് അദ്ദേഹത്തിൻെറ ചാച്ചിൽ. തൻെറ അജഗണത്തോടൊപ്പം തെററിലും ആദ്ധ്യാത്മികമായ അരിഷ്ടതയിലും കഴിഞ്ഞുകൂടിക്കൊണ്ട് അജപാലക ദൗത്യങ്ങൾ നിറവേററാതെ ഈ കാര്യങ്ങളിലാണ് അദ്ദേഹത്തിനു കൂടുതൽ താല്പര്യം. അദ്ദേഹം അർഹിക്കുന്നതിലുപരി നമ്മുടെ ചില പാതിരിമാർ തങ്ങളുടെ കത്തുകളിൽ അദ്ദേഹത്തെപ്പററി എഴുതിയതിനാൽ, അദ്ദേഹത്തിനു കൊടുത്ത ചില സഹായങ്ങളും ഔദാര്യങ്ങളും നഷ്ടപ്പെട്ടവ തന്നെ. ഇവയൊക്കെ സംബന്ധിച്ച് ഇക്കാര്യം നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം. റോമാസഭയുമായി അദ്ദേഹം അനുരൂപപ്പെടുകയും, ലത്തീൻ രീതികളിലേക്ക് തൻെറ അജഗണത്തെ നയിക്കാനായി[55] പരിശ്രമിക്കുകയും ചെയ്താലേ പരിശുദ്ധ പിതാവോ, പോർട്ടുഗീസ് രാജാവോ സഹായം നൽകുകയുള്ളു എന്ന വ്യവസ്ഥയിന്മേൽ ആയിരിക്കണം എന്തെങ്കിലും കൊടുക്കുന്നത്. അല്ലെങ്കിൽ തൻെറ കടമയെപ്പററി ഈ പാവപ്പെട്ട മെത്രാൻ മനസ്സിലാക്കാൻ കൂടുതൽ തയാറാകുന്നതിനുവേണ്ടി ഫാദർ പ്രൊവിൻഷ്യലിൻെറ അഭിപ്രായമനുസരിച്ച് ഈ കാര്യങ്ങളെല്ലാം തീരുമാനിക്കപ്പെടണം. ഈ മെത്രാൻ ഇന്നുവരെ ഇടയൻ എന്നതിനേക്കാൾ വലിയ പ്രകടനതല്പരനായ ഒരു ഓഫീസറാണ്''.[56]

---

54. മാർ അബ്രഹാം
55. reduce
56. J. Wicki, *Documenta Indica,* XIII. Rome,1972, p. 543-4.

www.malankaralibrary.com

## 32

### ജസ്വീട്ട് ജനറൽ ക്ലൗദിയോ അക്വവീവായ്ക്ക് 1582 ഡിസംബർ 30 ന് ജോർജ് കാസ്ത്രോ പാതിരി എഴുതിയ കത്തിൽ നിന്ന്

''ഇവിടെ രണ്ട് ജസ്വീട്ട് പാതിരിമാർ ഉണ്ടായിരുന്നു. ഈ ക്രിസ്ത്യാനികളുമായി ഇടപഴകുക, ഈ ജനത്തിൻെറ കഴിവുകളും മനോഭാവവുമായി പൊരുത്തപ്പെട്ടുപോകുക എന്നിവയായിരുന്നു അവരുടെ ജോലി. കാരണം, ഇങ്ങനെ മാത്രമേ നാം ആഗ്രഹിക്കുന്ന കാര്യം നമുക്ക് നേടിയെടുക്കാൻ സാധിക്കുകയുള്ളു. നമ്മുടെ സത്യവിശ്വാസത്തിനെതിരായി ഈ ക്രിസ്ത്യാനികളുടെ ഇടയിലുള്ള നിരവധി അനുഷ്ഠാനക്രമങ്ങളും ആരാധനാരീതികളും മാററിക്കൊണ്ടുള്ള സമൃദ്ധമായ വിളവെടുപ്പാണ് നടന്നിരിക്കുന്നത്. അവരിപ്പോൾ രണ്ടു സാദൃശ്യങ്ങളിലും കുർബാന സ്വീകരിക്കുന്നില്ല; പരമപരിശുദ്ധമെന്ന് കരുതപ്പെട്ടിരുന്ന നെസ്തോറിയൻ പ്രബോധനങ്ങളെ അവർ ന്യായീകരിക്കുന്നില്ല. റോമാസഭയുമായി അനുരൂപപ്പെട്ടുപോകാനുള്ള താല്പര്യം എല്ലാവരിലും കാണാവുന്നതാണ്. ദൈവകൃപയാൽ, നാം ആഗ്രഹിച്ചതുപോലെ, എല്ലാവരും ശരിയായി അതിലേക്കു വരുമെന്ന് സംശയമെന്യേ നാം പ്രത്യാശിക്കുന്നു. അനുകൂലസാഹചര്യമുള്ളതുകൊണ്ട് ഇതത്ര പ്രയാസമുള്ള കാര്യമല്ല. കാരണം, അവർ ഞങ്ങളോടു വളരെ സ്നേഹമുള്ളവരും വിനയശീലരും ഭക്തരും രക്ഷയിൽ തല്പരരും ആണ്. അതുകൊണ്ട് അവർ സന്തോഷപൂർവം കുർബാനയിലും പ്രസംഗത്തിലും പങ്കെടുക്കുന്നു. പ്രത്യേകിച്ചും നമ്മുടെ പാതിരിമാർ എല്ലാ ദിവസവും കുർബാന ചൊല്ലുന്ന ഗ്രാമങ്ങളിൽ ഉള്ള ആളുകൾക്കെല്ലാം ഈ വിശുദ്ധ കുർബാനയിൽ അനുഭവവേദ്യമാകുന്ന ഭക്തിയും സന്തോഷവും വളരെ വലുതാണ്. നമ്മുടെ പാതിരിമാർ മററു സ്ഥലങ്ങളിലേക്കു പോകുമ്പോഴും അവർ ഉടൻ തന്നെ തിരികെ വരണം എന്ന് ഈ ജനങ്ങൾ നിർബന്ധിക്കാറുണ്ട്. കുർബാന ഇല്ലാതെ തങ്ങളെ ഉപേക്ഷിച്ചു പോകല്ലെ എന്ന് അവർ പാതിരിമാരോട് അപേക്ഷിക്കുന്നു. ദൈവവചനം ശ്രവിക്കുന്നതിനും ഇതേ വിശപ്പും ദാഹവുമാണ് അവർക്കുള്ളത്. മുൻകാലങ്ങളിൽ അവർക്ക് ഇതില്ലായിരുന്നു. ഇത് അവർക്ക് അപരിചിതവുമായിരുന്നു. ആർച്ചുഡീക്കൻെറയും ആർച്ചുബിഷപ്പിൻെറയും പള്ളികളിൽപോലും മൂന്നു പ്രാവശ്യമേ പ്രസംഗമുള്ളു. ഇവിടെ ഒരു വൈദികൻ എപ്പോഴും പ്രസംഗം പറയും. അദ്ദേഹത്തിന് ഭാഷയറിയാം, സമയവും ആവശ്യവും അറിയാം. ഇതൊക്കെയാണെങ്കിലും അവർ പിന്നെയും പ്രസംഗത്തിനായി മുറവിളി കൂട്ടുകയാണ്. അവരുടെ ആത്മീകവും ലൗകികവുമായ ആവശ്യങ്ങളിൽ ഞങ്ങൾ ലാഭേച്ഛ കൂടാതെ സഹായിക്കുന്നു. സ്വാർത്ഥത കൂടാതെ ഞങ്ങൾ പ്രവർത്തിക്കുന്നതിനാൽ അവർക്കു വലിയ മാതൃകയുമാണ്........ ഇതിൻെറ ഫലമായി നിരവധി ആളുകൾ രഹസ്യമായും പരസ്യമായും തങ്ങളുടെ വൈദികരെയും മെത്രാനെയും വെറുക്കുകയും കുററപ്പെടുത്തുകയും ചെയ്യുന്നു. ഭാവിയിൽ തങ്ങളുടെ ഭരണത്തിൽ നിന്നും അധികാരത്തിൽ നിന്നും തങ്ങൾക്കു നഷ്ടപ്പെടാൻ പോകുന്നത് എന്താണെന്ന് ഈ മെത്രാനും വൈദികരും ഇതിനോടകം മനസ്സിലാക്കിയിട്ടുണ്ട്. അക്കാരണത്താൽ, ഞങ്ങളുടെ ഇവിടത്തെ താമസം ഇവിടത്തെ നിവാസികൾക്ക് നിരവധി നാശനഷ്ടങ്ങൾക്ക് ഹേതുവാകും എന്നു പറഞ്ഞുകൊണ്ട്, നാട്ടിലെ രാജാവ് ഈ നാട്ടിൽ നിന്ന് നമ്മുടെ പാതിരിമാരെ ഓടിക്കാനായി അവരിൽ ചിലർ കഴിഞ്ഞവർഷം മററു ചിലരുമായി കൂടിച്ചേർന്നു പ്രവർത്തിക്കുകയുണ്ടായി. എന്നാൽ സത്യം ജയിച്ചു; അങ്ങനെയാണ് ജനങ്ങൾ പറയുന്നത്. ഈ ചരടുവലികൾ നടത്തുന്നവർക്ക് വലിയ ഫലം ഉണ്ടാകുകയില്ല. ബാഹ്യമായി വിധിക്കാൻ കഴിയുന്നിടത്തോളം, ആർച്ചുബിഷപ്പും ആർച്ചുഡീക്കനും ഈ വിഭാഗത്തിൽ പങ്കില്ല. ചേരരാജ്യത്ത് സ്വതന്ത്രമായി ചുററി സഞ്ചരിക്കാൻ അനുവാദം തന്നുകൊണ്ടും, സ്നേഹത്തിൻെറ അടയാളമായി ആത്മീയവും ശാരീരികവുമായ നിരവധി കാര്യങ്ങളിൽ നമ്മുടെ സഹായം സ്വീകരിക്കാൻ അനുവദിച്ചുകൊണ്ടും അവർ എപ്പോഴും നമ്മെ സഹായിക്കുകയും തുണയ്ക്കുകയും ചെയ്യുന്നു''.[57]

57. ARSI- Goa - Mal. 13. fol. 243-4

www.malankaralibrary.com

# 33

## പോപ്പ് ഗ്രിഗറി XIII ന് മാർ അബ്രഹാമിൻെറ കത്ത്

(ജനുവരി 13, 1584)

+

ഈശോ

ഭാഗ്യവാനും പരിശുദ്ധനുമായ പിതാവേ,

അങ്ങയുടെ തൃപ്പാദത്തിങ്കൽ എളിമയോടെ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടും പൈതൃകാശീർവാദം യാചിച്ചുകൊണ്ടും അങ്ങേയ്ക്കർഹമായ അനുസരണത്തിൻെറ സാക്ഷ്യമായി നാം ഈ കത്തെഴുതുന്നു. നമുക്കും അങ്കമാലിയിലെ ചെറിയ അജഗണത്തിനുമായി അങ്ങ് കൊടുത്തയച്ച സ്വർഗീയ ദാനവും അമൂല്യനിക്ഷേപവുമായ കുന്സ്റ്റോദിയും വിശുദ്ധരുടെ തിരുശേഷിപ്പും ജസ്വിട്ട് വൈദികരിൽനിന്ന് ഈ വർഷം നമുക്കു കിട്ടി. അങ്ങയെ നിരന്തരം അനുസ്മരിക്കുന്നതിന് അയോഗ്യരായ ഈ അജഗണവും നാമും കടപ്പെട്ടിരിക്കുന്നു എന്നു നാമറിയുന്നു.

തെറ്റുകൾ തിരുത്തുന്നതിനെക്കുറിച്ചും, റോമിലെ ശ്ലൈഹിക സഭയുടെ ആചാരങ്ങളോട് ഈ ക്രിസ്ത്യാനികളുടെ ആചാരങ്ങൾ അനുരൂപപ്പെടുത്തുന്നതിനെക്കുറിച്ചും ഈ ജസ്വിട്ട് പാതിരിമാർ ഇക്കൊല്ലം നമ്മോടും നമ്മുടെ ആർച്ച്ഡീക്കനോടും സംസാരിക്കുകയുണ്ടായി. അതു് ഉചിതവും ആവശ്യവുമായി നമുക്കു തോന്നി. ഉചിതമായ കാര്യങ്ങളുടെ ആവശ്യകത മനസ്സിലാക്കി സമ്മനസ്സോടെ എല്ലാവരും സ്വീകരിക്കാനായി എല്ലാ കത്തനാരന്മാരും അൽമായ പ്രമുഖരും ഉൾപ്പെട്ട ഒരു രൂപതാസിനഡു നാം വിളിച്ചുകൂട്ടി. ദൈവ സഹായത്താലും എന്നെ സഹായിച്ചവരുടെ പരിശ്രമത്താലും അങ്ങയുടെ കല്പനകളനുസരിച്ചുള്ള കാര്യങ്ങളെല്ലാം അഭിപ്രായ വ്യത്യാസം കൂടാതെ ഏകയോഗമായി സമ്മനസ്സോടെ അവർ അംഗീകരിച്ചു.

പരിശുദ്ധ പിതാവേ, നമുക്കും ഈ പ്രോവിൻസിലെ ജനത്തിനും വൈദികഗണത്തിനും ഇക്കൊല്ലവും അങ്ങയുടെ കത്തു കിട്ടി.



ഈ പ്രോവിൻസിൽ നുഴഞ്ഞു കയറിയ മെത്രാനായ ശീമോനെ പുറം തള്ളുന്നതിനും, ഈ നശിച്ച മനുഷ്യനെ തുറന്നമനസ്സോടെ ഇവിടെ നിന്നോടിക്കുന്നതിനും, മഹറോനിൽ ഉൾപ്പെട്ടവനും ഇടച്ച്‌വരുത്തുന്നവനുമായ ഒരുവൻെറ പിടിവാശി മൂലം തങ്ങൾ അസ്വസ്ഥരും കൊടിയ ദാരിദ്ര്യത്തിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടവരും ആയി എന്നു കണ്ട്, അവനെ അനുഗമിച്ചിരുന്ന ചുരുക്കം ചില അനുഗാമികൾ – അവർ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു – അവനെ ഉപേക്ഷിക്കുന്നതിനും, അവനു് അർഹമാംവിധം അവനിലുള്ള വിശ്വാസം നഷ്ടപ്പെട്ട് അവനെ അവർ വിട്ടുപേക്ഷിക്കത്തക്കവിധം അവനെ പീഡിപ്പിക്കുന്നതിനും ഞങ്ങൾ എന്തുമാത്രം പ്രവർത്തിക്കണമെന്നു് അങ്ങയുടെ കത്തിൽനിന്നു ഞങ്ങൾ മനസ്സിലാക്കി. ഇക്കാര്യത്തിനു് അങ്ങയുടെ സഹായവും പ്രോത്സാഹനവും ലഭിച്ചപ്പോൾ ഈ ക്രിസ്ത്യാനികൾക്കു വളരെ സന്തോഷമുണ്ടായി. ശീമോനെ ഇപ്രകാരമുള്ള അവസ്ഥയിൽ ആക്കിത്തീക്കുന്നതിനു് പ്രൊവിൻഷ്യൽ സിനഡിലേക്കു് വിളിക്കപ്പെടുന്ന അവസരത്തിൽ, അവനെതിരായി ചെയ്തിട്ടുള്ളവയെക്കുറിച്ചു് യാതൊരറിവും ഇല്ലാത്തവരും പുറത്തുനിന്നു് പുതുതായി ഇവിടെ വന്നവരും ''ഫ്രാൻസിസ്കൻ ഒബ്സേർവൻറ്സ്'' വിഭാഗത്തിൽ പെട്ടവരും ആയ രണ്ടു സന്യാസികൾ, ഞങ്ങൾ പലപ്പോഴും അങ്ങയുടെ തിരുവെഴുത്തുകൾ അവരെ കാണിച്ചെങ്കിലും അതിനെ മാനിക്കാതെ, ശീമോൻെറ നുഴഞ്ഞുകയററം ഉണ്ടാക്കിയതിനേക്കാൾ കൂടുതൽ ഉതപ്പു് എല്ലാവർക്കും നൽകിക്കൊണ്ടു് അവനെ മോചിക്കുകയും സഹായിക്കുകയും മെത്രാനായി പരിഗണിക്കുകയും ചെയ്തു. വിശുദ്ധ റോമാസഭയിലെ ക്രിസ്ത്യാനികളുടെ ഇടയിൽ ഐക്യവും ധാരണയും ഉണ്ടെന്നും ക്രിസ്തുവിൻെറ വികാരി എന്ന നിലയ്ക്കു് അവർ അങ്ങയെ അനുസരിക്കുന്നവരാണെന്നും ഇത്രയും നാൾ ഞങ്ങൾ വിചാരിച്ചു. എന്നാൽ ഇപ്പോൾ സന്യാസികളായ പോർട്ടുഗീസുകാർ പോലും തമ്മിൽ തമ്മിൽ ഭിന്നിച്ചിരിക്കുകയും ശീശ്മക്കാരെ വിശ്വസിക്കുകയും ചെയ്യുന്നു. ഈ വിഷയം ഇവിടെ മലബാറിലുള്ള ക്രിസ്ത്യാനികളുടെയും പുറജാതികളുടെയും ഇടയിൽ ഒരു ചർച്ചാവിഷയമായിത്തീർന്നിരിക്കയാണ്. ചിലർ അങ്ങയുടെ കല്പന അനുസരിക്കുമ്പോൾ മററു ചിലർ തങ്ങളുടെ ഇടയിൽ വ്യത്യസ്താഭിപ്രായങ്ങളും പിളർപ്പുകളും ഉണ്ടായിരിക്കുന്നതിൽ തെറ്റൊന്നുമില്ല എന്നു കരുതുന്നതു് എതിരാളികൾ കാണുമ്പോൾ ശീശ്മക്കാരുടെ തിരിച്ചുവരവിനായി നന്നായി പരിശ്രമിച്ച പലരും അതിൽനിന്നു പിന്മാറാൻ ഇടയുണ്ടു്. സാഹചര്യസമ്മർദ്ദം കൊണ്ടാണ് അയാൾ നമ്മയെ ആശ്ലേഷിച്ചതു്. (വലിയ അധികാരത്തോടെ അയാളെ അയയ്ക്കാമെന്നു് സന്യാസികൾ വാഗ്ദാനം ചെയ്യുന്നു). അവരെ അനുഗമിച്ചു് അയാൾ അങ്ങയുമായി യോജിക്കാൻ തീരുമാനിച്ചു. അങ്ങനെ സംഭവിച്ചു കഴിഞ്ഞാൽ അതു് ആദ്യത്തേതിനേക്കാൾ കഷ്ടതരമായിരിക്കും.

www.malankaralibrary.com

ഈ മനുഷ്യനെതിരായി ഇൻഡ്യയിലെ മുൻ ആർച്ചുബിഷപ്പെഴുതിയ റിപ്പോർട്ടും ഈ എഴുത്തോടുകൂടി അയയ്ക്കുന്നു. ഒന്നുകിൽ തന്റെ സ്ഥാനത്തിനാധാരമായ രേഖ കാണിക്കണം, അല്ലെങ്കിൽ ദൈവത്തിന്റെയും മനുഷ്യരുടെയും അവകാശങ്ങളെ ലംഘിച്ചുകൊണ്ട് അന്യന്റെ അധികാരാതിർത്തിയിൽ മെത്രാനടുത്ത കർമ്മങ്ങൾ നിർവഹിക്കുന്നതിൽ നിന്നു പിൻതിരിയണം എന്ന് കൽപ്പിച്ചുകൊണ്ട് അദ്ദേഹം പലപ്പോഴും ശീമോനോട് പ്രതിഷേധിച്ചിട്ടുണ്ട്. അയാളാകട്ടെ, ഇക്കാര്യമോ, അങ്ങയുടെ തിരുവെഴുത്തോ അനുസരിക്കാൻ തയാറായില്ല. അസ്സീറിയാ പാത്രിയർക്കീസിന്റെ അധികാരപത്രമോ വിശ്വസനീയമായ സാക്ഷ്യപത്രങ്ങളോ കാണിച്ചതുമില്ല. അയാൾ വെറുമൊരു പട്ടക്കാരൻ മാത്രമാണെന്ന് ഞങ്ങൾക്കു ബോധ്യമായിരിക്കുന്നു. എങ്കിലും അയാൾ പാത്രിയർക്കീസിന്റെ അധികാരപത്രം കാണിക്കുകയാണെങ്കിൽ, അത് സത്യമാണോ എന്നു കഴിവുള്ള ആൾവഴി പരിശോധിക്കാൻ കല്പിക്കണം എന്ന കാര്യം അങ്ങയെ ഓർപ്പിക്കുന്നു. ഈ മനുഷ്യന്റെ ജീവിതവും നടപടികളും അറിയാൻ പ്രത്യേക താൽപ്പര്യം ഉണ്ടെങ്കിൽ സംശയാതീതരായ ആളുകളെക്കൊണ്ട് അന്വേഷിക്കാൻ കല്പിച്ചാലും. ദൈവസേവനത്തിനു കൂടുതൽ സഹായകമായതു സംഭവിക്കട്ടെ എന്നല്ലാതെ മറെറാരാഗ്രഹവും ഞങ്ങൾക്കില്ല. ശീമോൻ തിരികെപോയാലും പ്രസ്തുത ശിശ്യ തുടരുന്ന അവന്റെ ചൈതന്യം തുടരുമോ എന്നതാണ് ഞങ്ങളിപ്പോൾ കൂടുതലായി പേടിക്കുന്നത്. നമ്മിൽനിന്നോ കൊച്ചിയിലെ മെത്രാന്മാരിൽനിന്നോ പട്ടം സ്വീകരിച്ചിട്ടില്ലാത്തവരും, നമ്മിൽനിന്നു മഹറോൻ ഏററവരും ശീമോനിൽനിന്നു പട്ടം ഏററവരും ആയ വൈദികരിൽ ചിലരെയെങ്കിലും പോർട്ടുഗീസുകാരിൽ ആരെങ്കിലും സഹായിക്കുകയും സംരക്ഷിക്കുകയും, തങ്ങളുടെ ആശ്രമങ്ങളിൽ കർബാന ചൊല്ലാൻ അനുവദിക്കുകയും ചെയ്യുമോ എന്നും നാം ഭയപ്പെടുന്നു. പോർട്ടുഗീസുകാർ തങ്ങളുടെ സഭയെയും മതത്തേയും സംബന്ധിച്ച് ഭിന്നാഭിപ്രായക്കാരും ശിശ്മക്കാരുമാണെന്ന അഭിപ്രായം ഇവിടത്തെ പുറജാതികൾ ഉറപ്പിക്കാൻ ഇടയുണ്ട്.

അങ്ങയെ അറിയിക്കാൻ ഒരു കാര്യംകൂടെയുണ്ട്: നാം ജീവിച്ചിരിക്കുന്നിടത്തോളം കാലം നമുക്കു കീഴ്പ്പെട്ടും നമ്മെ അനുസരിച്ചും കഴിയുമെന്ന വ്യവസ്ഥയിൽ നമ്മുടെ ആർച്ചുഡീക്കനും പാലയൂർ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടവനുമായ മിശിഹായുടെ ഗീവർഗീസിനെ നമ്മുടെ പിൻഗാമിയും പിൻതുടർച്ചാവകാശമുള്ള സഹായമെത്രാനും ആയി നാം തിരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ട് ഇത് ഉറപ്പിക്കാൻ ദയവുണ്ടാകണമെന്ന് എളിമയോടെ അപേക്ഷിക്കുന്നു. വിശുദ്ധ ആശീർവാദം യാചിക്കുന്നു[58].

അങ്കമാലി പട്ടണത്തിൽനിന്ന് ജനുവരി 13, 1584.

58. S. Giamil, *op. cit.* 97ff.



## 34

### *വലിഞ്ഞാനോ പാതിരി ജസ്വീട്ട് ജനറൽ ക്ളൗദിയോ അക്വവീവായ്ക്ക് 1584 ഡിസംബർ 12 ന് എഴുതിയ കത്തിൽ നിന്ന്*

വളരെ പണം ഖജനാവിൽ നിന്നു ചെലവാക്കാതെ ഒരു സെമിനാരി പണിയാൻ രാജാവ് (ഫിലിപ്പ് II) ശിപാർശ ചെയ്തെന്ന് വൈസ്രോയി എന്നോടു പറഞ്ഞു. ചെയ്യേണ്ട കാര്യങ്ങളെല്ലാം ഞാൻ അദ്ദേഹത്തെ അറിയിച്ചു. അക്രൈസ്തവരാജാവിന്റെ അനുവാദം കിട്ടാൻ അല്പം പ്രയാസമായിരിക്കും; എന്നാൽ അയാളെ വഞ്ചിച്ച് നാം ആഗ്രഹിക്കുന്നത് കുറേശ്ശെകുറേശ്ശെ ആരംഭിക്കുക ആവശ്യമത്രേ. അദ്ദേഹം ഇതെല്ലാം ചോദിച്ചതിനാൽ രാജാവിനയച്ചുകൊടുക്കാനായി ഓരോന്നോരോന്നായി ഞാൻ അദ്ദേഹത്തിനു എഴുതിക്കൊടുത്തു. ജോലി ഉടനെ തുടങ്ങാനായി പാതിരിമാർക്കു ഗ്രാൻറു കൊടുക്കാം. അങ്കമാലി ആർച്ചുബിഷപ്പിനു സമ്മനസ്സുണ്ടായിരുന്നെങ്കിൽ അത് കൂടുതൽ എളുപ്പമായിരുന്നേനേം. *എന്നാൽ അക്രൈസ്തവ രാജാവിനെക്കാൾ അയാളെ വഞ്ചിക്കേണ്ടത് കൂടുതൽ ആവശ്യമാണെന്ന് തോന്നുന്നു.* ഈ ക്രിസ്തുമതത്തെ ലയിപ്പിക്കുക (reduce) വളരെ പ്രയാസമായിരിക്കും എന്നു ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ഇപ്പോൾ സാധ്യമായത് ഞങ്ങൾ ചെയ്യുവാൻ പോകുകയാണ്. *സെമിനാരിയും ഭവനവും പണിയാൻ സാധിച്ചാൽ, നാം കാര്യം നേടി.* ഈ ക്രിസ്തുമതത്തിൽ ചിട്ടയും ക്രമവും വരുത്താൻ പരിശുദ്ധ പിതാവിന്റെ നാമത്തിൽ ഞങ്ങളിൽ ഒരാളെ അയയ്ക്കണം എന്ന് കഴിഞ്ഞ വർഷം ഞാൻ എഴുതിയതു് നടപ്പിലാക്കണം. അതു വളരെ നല്ലതായിരിക്കും. അത് ഈ ആർച്ചുബിഷപ്പിനു് ഒരു കടിഞ്ഞാണായിരിക്കും. കഴിഞ്ഞവർഷം ചോദിച്ച കൽദായ അക്ഷരങ്ങളെപ്പററി ഞങ്ങൾ ആരോടും ഒന്നും പറയുന്നില്ല. അതയച്ചുതരുന്നത് വലിയ കുഴാമറിച്ചിലായിരിക്കും.[59]

59. J. Wicki, *Documenta Indica,* XIII. Rome, 1975, p. 591-2.

www.malankaralibrary.com

## 35

### *ജസ്വിട്ട് ജനറൽ ക്ളൗദിയോ അക്വവീവായ്ക്ക് ഫാ. റോസ് 1587 ജനുവരി 6 ന് എഴുതിയ കത്ത്*

ജസ്വിട്ട് സൊസൈററി വഴി ചേരരാജ്യത്തെ ഈ ക്രിസ്തുമതത്തെ ദൈവസേവനത്തിനു വിധേയമാക്കേണ്ടതിന്റെ കാരണം ഞാൻ പറയാം. എല്ലാററിനുമുപരി, അവരുടെ ഗ്രന്ഥങ്ങളിലുള്ള പാഷണ്ഡതകൾ, അതായത്, നെസ്തോറിയൂസ്, തിയഡോർ, ദിയദോർ എന്നിവരുടെ പ്രബോധനങ്ങൾ, (മലബാറിലുള്ള മററാരേക്കാളും) നന്നായി നമുക്കാണറിയാവുന്നത്. ആർച്ചുബിഷപ്പ് (മാർ അബ്രഹാം) ആവശ്യപ്പെട്ടതുകൊണ്ട് ചില ഗ്രന്ഥങ്ങൾ തിരുത്തുന്ന ജോലിയിൽ ഞങ്ങൾ ഇതിനോടകം ഏർപ്പെട്ടുകഴിഞ്ഞു. ആർച്ചുബിഷപ്പിന്റെയും കത്തനാരന്മാരുടെയും മററു വൈദികസ്ഥാനികളുടെയും ചില പള്ളികളിലെ ഗ്രന്ഥങ്ങൾ ഞങ്ങൾ തിരുത്താൻ തുടങ്ങി. പരിതാപകരമായ സാഹചര്യമാണിവിടെയുള്ളത്. കാരണം, ഇരുപതു വർഷം മുൻപ്, നാലാം പീയൂസ് പാപ്പായുടെ കാലത്ത് റോമിൽവച്ച് ആർച്ചുബിഷപ്പ് വിശ്വാസപ്രഖ്യാപനം നടത്തുകയും പല പ്രാവശ്യം പ്രതിജ്ഞ ചെയ്യുകയും ചെയ്തെങ്കിലും, ഈ ഗ്രന്ഥങ്ങളിലെല്ലാം പാഷണ്ഡതാവിഷമുണ്ട്. വൈദികർക്കതു മനസ്സിലാകുന്നുമുണ്ട്. ഇതു ഭയംകൊണ്ടാണോ എന്ന് എനിക്കറിയില്ല; പള്ളികളിലും പാഷണ്ഡികളെ പരസ്യമായി അനുസ്മരിക്കുന്നുണ്ട്. 'കന്യക മറിയം ദൈവത്തെ പ്രസവിച്ചു' എന്നു പറയുന്നവർ പാഷണ്ഡികളാണ് എന്ന് അവർ പഠിപ്പിക്കുന്നു. നമ്മുടെ കർത്താവിൽ രണ്ടു *സുപ്പോസിതാ*[60] ഉണ്ടെന്ന് പരസ്യമായി അവർ പ്രഖ്യാപിക്കുന്നു; അവരുടെ ഭാഷയിൽ *ക്നോമ* എന്നു പറയും. ഇവ (സുപ്പോസിതാ-ക്നോമാ) ഏക വ്യക്തിയിൽ (ബ്ഹാദ് പർസോപ്പാ) ഐക്യപ്പെട്ടിരിക്കുന്നു എന്ന് അവർ പറയുന്നു. നമ്മുടെ കർത്താവ് സ്വഭാവത്താലെ ദൈവമല്ല, പിന്നെയോ കൃപയാലാണ് (ബ്തൈബൂസാ) എന്ന് അവരുടെ ഗ്രന്ഥങ്ങളിൽ അവർ പ്രസ്താവിക്കുന്നു. ആഗമനകാലത്തും നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെപ്പററി ചച്ച്

60. Supposita



ചെയ്യുമ്പോഴും ആണ് അവർ പ്രധാനമായി ഈ ദൈവദൂഷണം പറയുന്നത്. വിശുദ്ധ സീറിൾ നെസ്തോറിയൂസിനെ ശപിച്ചതിനാൽ അവർ സിറിലിനെ 'സാത്താന്റെ പ്രവർത്തകൻ'[61] എന്നു വിളിക്കുന്നു. കാര്യം ഗ്രഹിക്കാതെ ഇത്തരം ദൈവദൂഷണങ്ങൾ അവർ അവരുടെ നമസ്കാരങ്ങളിൽ ചൊല്ലാറുണ്ട്........

ഞാൻ ചെയ്ത പ്രസ്താവനയിലേക്കു തിരിയാം: ഇവിടെയുള്ള ഗ്രന്ഥങ്ങൾ ഞങ്ങൾ തിരുത്തിക്കൊണ്ടിരിക്കുകയാണ്. ശരിയായ രീതിയിൽ പട്ടം കിട്ടാത്ത വൈദികസ്ഥാനികൾക്ക് റോമൻ റീത്തനുസരിച്ച് സുറിയാനി ഭാഷയിൽ വീണ്ടും പട്ടം കൊടുത്തു. കഴിഞ്ഞ വർഷം ആർച്ചുബിഷപ്പും ഞാനുംകൂടി ഒന്നിച്ച് ലത്തീൻ റീത്തുമായി താരതമ്യപ്പെടുത്തിക്കൊണ്ട് എല്ലാ പട്ടംകൊടയുടെയും ക്രമങ്ങൾ തയാറാക്കി സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. നെസ്തോറിയൂസിനെയും അയാളുടെ അനുയായികളെയും പരസ്യമായി ശപിച്ചു. വിശ്വാസത്തെ സംബന്ധിച്ചും മനുഷ്യാവതാര രഹസ്യം സംബന്ധിച്ചും ആർച്ചുബിഷപ്പ് ജനങ്ങൾക്കു വിശദീകരിച്ചു കൊടുത്തു. അദ്ദേഹം ഇടവകാധ്യക്ഷന്മാരെ അഥവാ വികാരിമാരെ അവരുടെ പള്ളികളിൽ നിയമിക്കാൻ തുടങ്ങി. കഴിഞ്ഞ ഒരു വർഷം ഒരാളെ മാത്രമേ നിയമിച്ചുള്ളു. ആർച്ചുബിഷപ്പ് ഇപ്രകാരമൊക്കെ പ്രവർത്തിച്ചു എന്നതു സത്യമാണെങ്കിലും, അദ്ദേഹത്തെ തണുപ്പനായി കാണുകയും മറുവശത്ത് അദ്ദേഹത്തിന്റെ സദ്പ്രവൃത്തികൾ കാണുകയും ചെയ്യുമ്പോൾ യഥാർത്ഥത്തിൽ അത്ഭുതപ്പെട്ടുപോകുകയാണ്. തന്റെ ഉള്ളിന്റെ ഉള്ളിൽ അദ്ദേഹത്തിൽ ഏതോ നെസ്തോറിയനിസം ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം ഗോവായിൽ ആയിരുന്നപ്പോൾ നെസ്തോറിയൂസിനെയും അയാളുടെ എല്ലാ പാഷണ്ഡതകളെയും ശപിച്ചിരുന്നു. ആവശ്യത്തിനുള്ള നവീകരണം വരുത്തണം എന്നു പറയുകയും ചെയ്തു.[62] പറഞ്ഞതിനപ്പുറത്തൊന്നും അദ്ദേഹം പ്രവർത്തിച്ചില്ല.

തന്റെ സ്വന്തം കാര്യങ്ങളിലെന്നപോലെ ഈ കാര്യങ്ങളിലും അദ്ദേഹം താല്പര്യം കാണിച്ചിരുന്നെങ്കിൽ, ഇത് യഥാർത്ഥത്തിൽ വളരെ എളുപ്പമായിരുന്നേനേ. മററു ക്രിസ്ത്യാനികൾ ചെയ്യുന്നതുപോലെ അദ്ദേഹവും പലിശയ്ക്കു പണം കൊടുക്കുന്നു എന്നത് മലങ്കര മുഴുവനും പൊതുസംസാരമാണ്. വളരെ മോശമായ കാര്യങ്ങളും അവർ പറയാറുണ്ടെങ്കിലും അവ വളരെയധികം ഉള്ളതിനാൽ ഞാൻ അങ്ങയോടു വിവരിക്കുന്നില്ല. എന്നാൽ നല്ല ജീവിതമുള്ള ആരെയെങ്കിലും പരിശുദ്ധ പിതാവ് അയയ്ക്കുന്നത് ഈ ക്രിസ്ത്യാനികളുടെ

61. പാലാ ദ്സാത്താനാ

62 മൂന്നാം ഗോവൻ സിനഡിൽ (1585-ൽ)

www.malankaralibrary.com

നമ്മുക്ക് വളരെ നന്നായിരിക്കും എന്ന് അങ്ങയെ അറിയിക്കാതെ ഞാൻ വിട്ടുകളയുന്നില്ല. ഈയാൾ ഏതെങ്കിലും രീതിയിൽ ജസ്വീട്ട് പാതിരിമാർക്ക് കീഴ്പ്പെട്ടിരിക്കണം. അദ്ദേഹം ചേരരാജ്യം സന്ദർശിച്ച് എല്ലാം ക്രമീകരിക്കുകയും ഈ ആർച്ചുബിഷപ്പിനെ സ്ഥാനഭ്രഷ്ടനാക്കുകയോ റോമിലേക്ക് അയയ്ക്കുകയോ ചെയ്യണം. കാരണം അനുഭവം പഠിപ്പിക്കുന്നതുപോലെ, ബാബിലോണിയൻ മെത്രാന്മാർ മലങ്കരയിൽ വരുന്നിടത്തോളം കാലം ഒന്നും സുരക്ഷിതമായിരിക്കുകയില്ല എന്നതാണു സത്യം.

ചേരരാജ്യം എത്രമാത്രം ആവശ്യത്തിലാണ് കഴിയുന്നതെന്ന് അങ്ങു മനസ്സിലാക്കാൻവേണ്ടി ചില റിപ്പോർട്ടുകളനുസരിച്ച് ഞാൻ കണ്ടു മനസ്സിലാക്കിയവ ഞാൻ പറയാം.

ക്രിസ്ത്യാനികൾ തെക്കു മുതൽ വടക്കുവരെ മലങ്കരയിലുടനീളം ചിന്നിച്ചിതറിക്കിടക്കയാണ്. അവരുടെ സംഖ്യ മൂന്നുലക്ഷമോ അതിലധികമോ വരും. അവരിൽ ചിലർ വളരെ വിദൂരത്തിൽക്കഴിയുന്നതിനാലും വളരെയധികം ഉള്ളതിനാലും കുമ്പസാരം സ്വീകരിക്കാൻ സാധിക്കുന്നില്ല. അന്ത്യകൂദാശയും മൂറോനഭിഷേകവും മാത്രമല്ല, സ്നാനവും കുർബാനയും ഇല്ല. എഴുപതും നാല്പതും മുപ്പതും വയസ്സുള്ളവരും വിവാഹിതരും ആയ ധാരാളമാളുകളെ ഞാൻ സ്നാനപ്പെടുത്തിയിട്ടുണ്ട്. പതിനഞ്ചുവയസ്സുള്ളവരും പത്തുവയസ്സോ അതിനു താഴെയുള്ളവരോ ആയവരും ആയ നിരവധിയാളുകൾ സ്നാനപ്പെട്ടവരല്ല. എനിക്കു സമയമുണ്ടായിരുന്നെങ്കിൽ, ഉൾനാട്ടുകളിലേക്ക് പോകാൻ കഴിഞ്ഞിരുന്നെങ്കിൽ, ആവശ്യങ്ങൾ കൂടുതൽ മനസ്സിലാക്കാൻ എനിക്കു സാധിച്ചേനേ. ഞാൻ 20 ലീഗോ അതിൽ കുറച്ചോ മാത്രമേ ഉള്ളിലേക്കു കടന്നുള്ളു. ഞാൻ വിവരിച്ചവ അപ്പോളെനിക്കു കാണാൻ കഴിഞ്ഞു. അറുപതും എഴുപതും ഇരുപതും അതിനു താഴെയും വയസ്സ് പ്രായമുള്ള ആളുകളുടെ കുമ്പസാരം ഞാൻ കേട്ടു.

അവരുടെ ഇടയിൽ പുറജാതികളുടെ അനുഷ്ഠാനങ്ങളും അന്ധവിശ്വാസങ്ങളും എനിക്കു കാണാൻ ഇടയായി. ആക്ക് അവ എണ്ണാനാകും? അവർക്കു രോഗം വന്നാൽ, കുഞ്ഞ് ജനിച്ചാൽ, എന്തിനും, ലക്ഷണം പറയുന്നവരെ അവർ സമീപിച്ച് നിർദ്ദേശം തേടുന്നു. ചുരുക്കത്തിൽ, പുറജാതികളെപ്പോലെയാണ് അവർ എല്ലാ കാര്യങ്ങളും ചെയ്യുന്നത്. ക്രിസ്തുമതത്തിന്റെ ഈ മുന്തിരിത്തോട്ടം ഒരായിരം വർഷത്തേക്ക് കൃഷി ചെയ്യാതെയും പരിത്യക്തമായും കിടന്നു. തൊണ്ണൂറ് വർഷം മുൻപ് കുമ്പസാരത്തെപ്പററി അവരോടു പറയുക ഹാനികരമായിരുന്നു. അവർ പന്ത്രണ്ടു വയസ്സുള്ള കുട്ടികളെ വൈദി



കരായി പട്ടം കൊടുത്തിരുന്നു. ചില മെത്രാന്മാരെ ഇപ്രകാരം ചെയ്തുള്ളു, എല്ലാവരുമില്ല. എന്നാൽ എല്ലാവരും പട്ടത്തോടനുബന്ധിച്ച് സംഭാവനകൾ സ്വീകരിച്ചിരുന്നു.

നെസ്തോറിയുസിന്റെ പേര് ചൊല്ലാതെ വിട്ടുകളഞ്ഞിട്ട് അധികനാളായില്ല. അവരുടെ കൽദായദേശത്തെ ചില മെത്രാന്മാരുടെ പേരുകളും അവർക്കുണ്ട്. നെസ്തോറിയുസിന്റെ കാലത്തുതന്നെ, അയാളുടെ പേര് ചേരരാജ്യത്ത് അനുസ്മരിച്ചിരുന്നു. അവരെയൊക്കെ അവർ വിശുദ്ധരായി വണങ്ങുന്നു. അത്തരം പല വിശുദ്ധരുണ്ട്. എന്നാൽ ഞാനതു കാര്യമാക്കുന്നില്ല. വളരെ നാളായിട്ടുള്ളതാണിത്. ഈ ക്രിസ്തുമതത്തിൽ ഇവ ആഴമായി വേരുറച്ചിരിക്കുന്നതിനാൽ യഥാർത്ഥമായി മാററിക്കളയാൻ സാധ്യമല്ലാത്ത മററ് പല സംഗതികളും അവർക്കുണ്ട്. പരിശുദ്ധ പിതാവിന്റെ കല്പനയോടുകൂടി ആരെങ്കിലും വരുന്നില്ലെങ്കിൽ സർവതും കെട്ടുകഥകളിലും വഞ്ചനയിലും അവസാനിക്കും. സൂലാക്കാ പാത്രിയക്കീസിന്[63] എഴുതിക്കൊണ്ട്, പരിശുദ്ധ പിതാവ് ഇതിന്റെ ഉത്ഭവത്തിൽതന്നെ വേണ്ട പ്രതിവിധി ചെയ്തില്ലെങ്കിൽ, ഇതിനൊന്നും പരിഹാരം കാണാനാവില്ല. കാരണം, അവിടെനിന്നു വരുന്നവരെല്ലാം പരുക്കന്മാരും സംസ്കാരശൂന്യരുമാണ്. മാർ അബ്രഹാം ഇപ്രകാരമാണ് പ്രവർത്തിച്ചത്. മാർ ശീമോനും ഇപ്രകാരംതന്നെ. ശീമോൻ ഈ ക്രിസ്തുമതത്തെ വലിയ കുഴപ്പത്തിലും ശിശ്മയിലുമാക്കി. അയാളെ അനുകൂലിക്കുന്നവർ ഇവിടെയുണ്ട്. ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കരുതെന്നും[64] തന്നെ മാത്രം അവർ വിശ്വസിക്കണമെന്നും ശീമോൻ പറഞ്ഞിട്ടുണ്ടെന്നു വാദിച്ചുകൊണ്ട് ഇക്കൂട്ടർ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കുന്നില്ല. വളരെ പ്രധാനപ്പെട്ട സംഗതിയെ സംബന്ധിച്ച് അയാൾ ഇവിടെ അഭിപ്രായാന്തരം ഉണ്ടാക്കി. അതുകൊണ്ട് അയാൾ തിരിച്ചുവരാഞ്ഞത് ഭാഗ്യം. മാർപ്പാപ്പായെ അനുസരിക്കണമെന്നും അദ്ദേഹം നിയമിച്ച യഥാർത്ഥ മെത്രാനെ അനുസരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് അയാൾ ഈ ജനങ്ങൾക്ക് ഒരു കത്തയയ്ക്കുന്നതു വളരെ നന്നായിരിക്കും. അയാൾ ഇതു ചെയ്തില്ല. മററുപലരും ചെയ്തതുപോലെ

63. അദ്ദേഹം നേരത്തെ മരിച്ചുപോയിരുന്നു. 1587-ലെ പാത്രിയക്കീസ് ശെമദാൻ ദെൻഹാ ആയിരുന്നു.

64. 'ഇൻതർ ഗ്രവീസ്സിമാസ്' എന്ന ഡിക്രിവഴി 1582 ഫെബ്രുവരി 24-ന് ഗ്രിഗറി XIII പാപ്പാ, ഗ്രിഗോറിയൻ കലണ്ടർ നടപ്പാക്കി. അക്കൊല്ലം (1582) ഒക്ടോബർ 4 നുശേഷം അടുത്തദിവസം ഒക്ടോബർ 15 ആയി എണ്ണണം എന്ന് പാപ്പാ നിർദ്ദേശിച്ചു. ജൂലിയൻ കലണ്ടറിന് സോളാർ വർഷങ്ങളുമായുള്ള പൊരുത്തക്കേടു തീർക്കാനാണ് പാപ്പാ ഇപ്രകാരം ചെയ്തത്. മാർ അബ്രഹാം 1583-ൽ ഇതു സ്വീകരിച്ചു.

www.malankaralibrary.com

അയാളും അവിടെ മറെറാരു രീതിയിലായിരിക്കും പ്രത്യക്ഷപ്പെടുക. കുറച്ചു ദിവസങ്ങൾക്കുമുൻപ് ഞാൻ ശീശ്മക്കാരുടെ തലവനോട് സംസാരിക്കുകയുണ്ടായി. അയാളുടെ മനസ്സുതിരിക്കാൻ എനിക്കു കഴിഞ്ഞില്ല. ഈ പുതിയ കലണ്ടർ സ്വീകരിക്കുന്നുവെങ്കിൽ അത്ഭുതങ്ങൾ കാണണം എന്ന് അയാൾ പറയുകയുണ്ടായി.

ഈ ക്രിസ്ത്യാനികളെ (ലത്തീൻ ആചാരാനുഷ്ഠാനങ്ങളിലേക്ക്) മാനസാന്തരപ്പെടുത്താനായി കൽദായരുടെ ഒരു സെമിനരി തുടങ്ങാൻ ഇപ്പോൾ ഫാ. പ്രൊവിൻഷ്യൽ കല്പിക്കുന്നു. ആർച്ചുബിഷപ്പ് ഇതിനനുകൂലമല്ലെങ്കിലും, ദൈവകൃപയാൽ കുറച്ചുദിവസങ്ങൾക്കകം ഞങ്ങൾ അവിടെ പോകുന്നതാണ്. അനുഭവം ഞങ്ങളെ പഠിപ്പിക്കുന്നതുപോലെ, പൊതുവെ കാര്യങ്ങൾ പിന്നത്തേക്കു തള്ളിനീക്കിക്കൊണ്ടിരിക്കയാണെങ്കിലും, അയാളോടുകൂടെ ഞങ്ങൾ ഒന്നും പ്രവർത്തിക്കയില്ല.

അടുത്തവർഷം എനിക്കു പുസ്തകങ്ങൾ അയച്ചുതരാൻ ജോൺ ബാതിസ്താ ദി റിബേരായ്ക്ക് കല്പനകൾ അയയ്ക്കണമെന്ന് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. ഇവിടൊരു പ്രസ്സ് ഇല്ലാത്തതിനാൽ ജോലി വളരെ പ്രയാസമാണ്; എല്ലാം കൈകൊണ്ട് എഴുതണം. അവരുടെ (പുസ്തകങ്ങളിലെ) അക്ഷരമാല സുറിയാനിയാണ്; അവരുടെ സ്വരങ്ങൾ വ്യത്യസ്തങ്ങളാണ്. എങ്കിലും ഭാഷ ഒന്നുതന്നെ. പുസ്തകങ്ങൾ വിവർത്തനം ചെയ്യാൻ ഒട്ടും സമയം കിട്ടുന്നില്ല; അതാരും ഏറെറടുത്തു നടത്തുന്നില്ല. കാരണം, *ഇവിടുത്തെ ആളുകൾ മടിയൻമാരും, പ്രകൃത്യാ സുഖലോലുപതലപരരുമാണ്*. അതുകൊണ്ട് പ്രസ്സുണ്ടെങ്കിൽ അതു ഞങ്ങളുടെ ജോലി വളരെ എളുപ്പമാക്കും.[65]

65. J. Wicki - J. Gomes, *Documenta Indica*, 14. Rome, 1979, p. 562-9.



## 36

### *ജസ്യൂട്ട് ജനറൽ ക്ലൗദിയോ അക്വാവീവായ്ക്ക് ജറോണിമോ സവീയേർ പാതിരി 1587 ഡിസംബർ 28ന് എഴുതിയ കത്തിൽനിന്ന്*

ഈ ആർച്ചുബിഷപ്പ് വൃദ്ധനും രോഗഗ്രസ്ഥനുമാണ്. അദ്ദേഹം അധികനാൾ ഇനി ജീവിച്ചിരിക്കുകയില്ല.[66] മൂന്നു വർഷം മുൻപ് റോമിലെത്തിയ മാർ ശീമോൻ വീണ്ടും വന്നില്ല. ഈ അർമേനിയർ മേലിൽ വരാൻ പാടില്ല. ലത്തീൻ റീത്തിൽപ്പെട്ട മെത്രാന്മാരെ പരിശുദ്ധ പിതാവ് ഈ ക്രിസ്ത്യാനികൾക്കായി നിയമിക്കണം. ഈ രീതിയിൽ ഈ ക്രിസ്ത്യാനികളെ കൂടുതൽ എളുപ്പത്തിൽ ലത്തീൻകാരാക്കാം. ഈ ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള സെമിനരിയെപ്പററി രാജാവ് വൈസ്രോയിക്ക് എഴുതി. അവരുടെ കുട്ടികളെ പഠിപ്പിക്കാൻ വേണ്ടിയുള്ളതാണിത്.[67]

## 37

### *വൈപ്പിക്കോട്ട സുപ്പീരിയർ ജോർജ് കാസ്ത്രോ പാതിരി 1588 ജനുവരി 1ന് പോർട്ടുഗലിലുള്ള സുപ്പീരിയർ ഫൊൻസെക്കാ പാതിരിക്ക് എഴുതിയ കത്തിൽനിന്ന്*

അവർ വൈപ്പിക്കോട്ടയിൽ രണ്ടാമതൊരു വീടും താമസസ്ഥലവും പണിതു. ഒന്നാമത്തേത് അമുക്കോസ് തീവച്ചു നശിപ്പിച്ചുകളഞ്ഞു.[68] അവരെ ശിക്ഷിക്കുന്നതിൽ പോർട്ടുഗീസുകാർ കാർക്കശ്യം കാണിച്ചില്ല. ദൈവത്തിന്റെയും രാജാവിന്റെയും പീഡകരോട്

66. അപ്പോൾ അദ്ദേഹത്തിന് ഏതാണ്ട് 80 വയസ്സുണ്ടായിരുന്നു. അദ്ദേഹം തുടർന്ന് ഒൻപതുവർഷം കൂടി ജീവിച്ചു.
67. J. Wicki, *Ibid*. 765-6.
68. Amoucos (ചാവേർപട)

www.malankaralibrary.com

പ്രതികാരം ചെയ്യുന്നതിനും ഈ കുററവാളികൾ അർഹിക്കുന്ന ശിക്ഷ അവർക്കു നല്കുന്നതിനും ആഗ്രഹിച്ചുകൊണ്ട് ക്രിസ്ത്യാനികളുടെയും നമ്മുടെ സ്നേഹിതരുടെയും കപ്പലുകൾ സംഘടിപ്പിച്ച് ഒന്നിച്ചുകൂട്ടുവാനും അങ്ങനെ പാത്രർ രാജ്യത്തിനെതിരെ കുറച്ചാഴ്ചകൾക്കകം യുദ്ധം തുടങ്ങുവാനും ഉടമ്പടിയും സമാധാനവും ഉണ്ടാക്കാൻ രാജാവിനെ നിർബന്ധിക്കുവാനും വൈസ്രോയി എന്നോടു കല്പിച്ചു. കൊച്ചീരാജാവിനെ മധ്യവർത്തിയായി സ്വീകരിച്ചുകൊണ്ട് പോർട്ടുഗീസുകാർ തങ്ങളെത്തന്നെ അവരുടെ കൈകളിൽ ഏല്പിച്ചുകൊടുത്തു. കുററവാളികൾ അർഹിക്കുന്നതുപോലെയും, പ്രായശ്ചിത്തം ചെയ്യാമെന്ന് അവർ വാഗ്ദാനം ചെയ്തതുപോലെയും ഒന്നും നടക്കാതെ പോയതു് ഇതുകൊണ്ടാണ്. അതുകൊണ്ട് അയാൾ കത്തിച്ച പള്ളിക്ക് ഒരാനയെ നടയിരുത്തി. നമ്മുടെ വീടിനു വരുത്തിയ കേടിനു് 300 *ക്രുസാദോ* തന്നു. ഈ രാജ്യത്തു വച്ച് കഴിഞ്ഞയാണ്ടിൽ മുറിവേററ ലൂയിസ് പാതിരിക്ക്, നീതി നടപ്പിലാക്കാനായി മൂന്നു വിജാതീയകുററവാളികളെ അദ്ദേഹം ഏല്പിച്ചുകൊടുത്തു. ഈ പ്രായശ്ചിത്തം വളരെ നിസ്സാരമാണെങ്കിലും ഈ മനുഷ്യർക്ക് ഇതു് ബഹുമാന്യവും ഉന്നതവുമാണ്. പെട്ടെന്ന് തീപിടിക്കാത്ത രീതിയിലും ഈടുനിൽക്കുന്ന രീതിയിലും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഞാൻ പള്ളി പണിതു. കുറച്ചു കുട്ടികളുമായി തുടങ്ങിയിരുന്ന സെമിനാരിയുടെ വലിയ കെട്ടിടം ഞാൻ പൂർത്തിയാക്കി; ഞങ്ങൾ മലയാളവും, ഈ നാട്ടിലെ കുട്ടികൾ കൽദായയും ലത്തീനും പോർട്ടുഗീസും പഠിക്കുന്നതിന്റെ ആരംഭം മാത്രമാണിതു്. നമ്മുടെ കോളേജിൽ നാലുഭാഷകളിൽ ഇപ്പോൾ സംസാരിക്കാനാവും. ഈ മിഷനെ ഈ വഷം വീണ്ടും രാജാവ്(ഫിലിപ്പ് II) വൈസ്രോയിക്ക് ശിപാശ് ചെയ്തതിനാൽ, അദ്ദേഹം മററു രണ്ട് പാതിരിമാർക്കുകൂടി സബ്സിഡി നൽകി. ആറുപേർക്കു നൽകാനാണ് രാജാവ് ഉദ്ദേശിച്ചതു്. 'രാജ്യം ഇപ്പോൾ പട്ടിണിയാലും ആവശ്യങ്ങളാലും ബുദ്ധിമുട്ടിലാണ്' എന്നു പറഞ്ഞുകൊണ്ട് വർഷത്തിൽ 30 കുട്ടികൾക്ക് 300 ക്രുസാദോകൾ അയാൾ തരുന്നു. അയാൾ കൂടുതൽ ഒന്നുംതന്നില്ല. അതു നൽകാൻ ദൈവം ഇടവരുത്തട്ടെ; അല്ലെങ്കിൽ കാര്യം നിയന്ത്രണാതീതമാകും.

ദൈവകൃപയാൽ ക്രിസ്തീയരാജാക്കന്മാർ നന്നായിട്ടാണ് പെരുമാറുന്നതു്. കൗൺസിൽ തീരുമാനിച്ച നിരവധി സംഗതികളേക്കുറിച്ച് ആർച്ചുബിഷപ്പ് തണുപ്പൻ നയവും നിരുത്സാഹവും കാണിക്കാതിരുന്നെങ്കിൽ അവർ ഇതിലും നന്നായിരുന്നേനേ. അദ്ദേഹം ഒളിച്ചുകളി നടത്തുകയും ഭംഗിവാക്കുപറയുകയുമാണ് എന്ന് ഞങ്ങൾക്കു തോന്നുന്നു; അതേ നാണയത്തിൽ ഞങ്ങളും മടക്കിക്കൊടുക്കും. *വഞ്ചിതരായ ഈ മനുഷ്യരുടെ ഇടയിൽ നമുക്കു സ്വാധീനം കിട്ടാനും നമ്മെ അവർ വിലമതിക്കാനും വേണ്ടി*



*ഞങ്ങൾ ഇപ്പോൾ പരിശ്രമിക്കുന്നു.* ഈ മെത്രാനു പ്രായമാകുന്നതോടുകൂടിയും നിരവധി രോഗങ്ങളാൽ അയാൾ അലട്ടപ്പെടുന്നതോടുകൂടിയും (ഇതു സാധ്യമാകുമെന്നു) ഞങ്ങൾ പ്രതീക്ഷിക്കുന്നു. സിറിയാ രാജ്യത്തുനിന്നും അവരുടെ പ്രബോധനങ്ങളിൽനിന്നും ഈ ക്രിസ്തുമതത്തെ ദൈവം സ്വതന്ത്രമാക്കട്ടെ; അതിനുശേഷം ഈ ജനങ്ങൾ റോമൻ കത്തോലിക്കാ മെത്രാന്മാരെ മാത്രം സ്വീകരിക്കാൻ കഴിവുള്ളവരായിത്തീരും. ചുരുങ്ങിയ സമയത്തിനുള്ളിൽ അവർ വിശുദ്ധീകരിക്കപ്പെടുകയും, സത്യത്തിലേക്ക് മാനസ്സാന്തരപ്പെടുകയും ഈ ക്രിസ്തുമതത്തിന്റെ നന്മയ്ക്കുവേണ്ടി മാത്രമല്ല, രാജാവിന്റെ സേവനത്തിനുവേണ്ടികൂടിയും ഈ അർമേനിയക്ക് വാതിൽ അടയ്ക്കപ്പെടുകയും ചെയ്യും. അത്തരം മെത്രാന്മാർ ചേരരാജ്യത്തു മേലിൽ വരാതിരിക്കുക ആവശ്യമാണ്. കാരണം, സുകൃതമില്ലാത്തവരും, തുർക്കികളുടെ ദാസരുമായ *അവർ നമ്മുടെ രാജാവിനോട് വിധേയത്വം ഇല്ലാത്തവരാകാൻ സാധ്യതയുണ്ട്.* ഈ ക്രിസ്ത്യാനികൾ നിയന്ത്രിക്കുന്ന കുരുമുളകു കച്ചവടത്തിൽ, അവരെ വിശ്വസിക്കാൻ സാധ്യമല്ല. കാരണം, അവർക്കു പല ഉപദേശകരുണ്ട്. എങ്ങനെയായാലും, അവർ ആ രാജ്യത്തുനിന്നു വരുന്നവരാകയാൽ ഞങ്ങൾക്ക് അവരെപ്പററി സംശയമുണ്ട്.

ഈ വർഷം ഈ ക്രിസ്ത്യാനികളുടെ ഇടയിൽ എന്തുമാത്രം കലക്കം ഉണ്ടായി! ഫ്രാൻസിസ്ക്കന്മാർ വഴി വന്ന ചില കത്തുകളും വാർത്തകളുമായിരുന്നു അതിനു വഴിയൊരുക്കിയതു്. മാർ ശീമോൻ, ലിസ്ബണിലുള്ള അവരുടെ ആശ്രമത്തിലാണെന്നും, വളരെ നല്ല താൽപ്പര്യമുള്ളവനാണെന്നും മലങ്കരയിലെ ആർച്ചുബിഷപ്പായി അടുത്ത വർഷം ഇൻഡ്യയിലേക്കു വരാൻ അനുവാദം ലഭിച്ചിരിക്കയാണെന്നും ഈ കത്തുകളിൽ പറയുന്നു. തന്റെ ആർച്ചുഡീക്കനായി അയാൾ ഇവിടെ വിട്ടിട്ടുപോയ ഒരു കത്തനാരിൽ ഈ വാർത്ത പരിവർത്തനം ഉളവാക്കിയിട്ടുണ്ട്. അയാളുടെക്കൂടെ പത്തോ പന്ത്രണ്ടോ കുടുംബങ്ങളുണ്ട്. അവർ മാത്രമേ അയാളുടെ വിഭാഗത്തിലുള്ളു. ഇവിടെ പ്രത്യേക ശ്രദ്ധ ആവശ്യമായിരിക്കുന്നു. നുള്ളിക്കളഞ്ഞ ശീശ്മ വീണ്ടും കിളിത്തു വരുന്നു. ഞങ്ങളും കൊച്ചീമെത്രാനും വളരെ നിർബന്ധിച്ചെങ്കിലും ആ കത്തനാരും അയാളുടെ സഹപ്രവർത്തകരും ഇതുവരെ പുതിയ കലണ്ടർ സ്വീകരിച്ചിട്ടില്ല. അതിനയാൾ ഇപ്രകാരം മറുപടി പറഞ്ഞു: അതെടുത്താൽ മാർതോമായുടെ നിയമത്തെയും മാർ ശീമോനേയും വിട്ടുപേക്ഷിക്കേണ്ടതായി വരും. ദൈവമാണ് ഈ പുതിയ കലണ്ടർ തന്നതെങ്കിൽ ഏതെങ്കിലും അത്ഭുതം കൊണ്ട് അതു് തെളിയിക്കേണ്ടിയിരിക്കുന്നു. അയാൾ ഇത്തരം അപവാദങ്ങളും ദൈവദൂഷണങ്ങളും വിഡ്ഢിത്തങ്ങളും വിളിച്ചുപറയുന്നു. ലിസ്ബണിൽ മാർ ശീമോന് സഹായം നല്കി ആ സന്യാസികൾ അറിവില്ലാത്ത ഈ മനുഷ്യരെ തുണച്ചില്ലായിരുന്നെങ്കിൽ, ഈ പാവ

www.malankaralibrary.com

പ്പെട്ട മനുഷ്യൻ ഇത്തരം വിസ്തൃതങ്ങൾ എഴുന്നെള്ളിക്കയില്ലായിരുന്നു. കാരണം, തങ്ങളുടെ മെത്രാൻ ഈ പുറജാതികളുടെ ഇടയിൽ പാർക്കാനായി തിരികെ വരുന്നതിനാൽ നോമ്പുകാലത്തു അവർ ഈ നാട്ടിൽ ചുററി നടന്നു് ആഘോഷങ്ങൾ നടത്തുന്നു. സഭയിലെ അനൈക്യം നിമിത്തം ക്രിസ്ത്യാനികൾക്ക വലിയ ഇടച്ചിലായിരിക്കുന്നു. (രണ്ടു കലണ്ടർ ഉപയോഗിക്കുന്ന രണ്ടു വിഭാഗം ക്രിസ്ത്യാനികൾ തമ്മിൽ കിടമത്സരമാണെന്നു് പുറജാതികൾ കരുതുന്നതിനാലുള്ള ഇടച്ചിൽ). അതുപോലെ രാജാവിനു് വലിയ സൈന്യനഷ്ടവും ഉണ്ടാകും. താൻ മലബാറിലെ രാജ്യങ്ങളിൽ സന്നിഹിതനാണെങ്കിൽ, (റോമൻ കത്തോലിക്കാസഭയുടെ രീതികളിലേക്കു്) നിരവധിയാളുകളെ മാനസ്സാന്തരപ്പെടുത്താമെന്നു് ശീമോൻ വാഗ്ദാനം ചെയ്യുന്നു. എന്നാൽ ഈ ക്രിസ്ത്യാനികളുടെ ഇടയിൽ സന്ദർഭം കിട്ടിയാൽ മററയാളെപോലെ ഇയാളും പ്രവർത്തിക്കും എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. അപ്പോൾ നിരവധി പാഷണ്ഡതകളിൽ നിന്നുള്ള ശുദ്ധീകരണവും (കാതോലിക) തത്വങ്ങളുടെ പ്രചരണവും നടക്കില്ല. ഈ അർമേനിയർ ഈ ക്രിസ്തുമതത്തിൽ പ്രചരിപ്പിച്ച വലിയ തെററുകൾ അങ്ങു് കണ്ടു ഗ്രഹിക്കാനായി രണ്ടുവഴിക്കു് ചില ലഘുലേഖകൾ അയയ്ക്കുന്നു. തനിക്കു കിട്ടിയ ചില ഗ്രന്ഥങ്ങളിൽ നിന്നു് ഫ്രാൻസിസ് റോസ് പാതിരി പകർത്തിയെഴുതിയതാണ് അവ[69]. അവരുടെ കൃതികളിലുള്ള മററു തെററുകളും ഈ ലഘുലേഖകളിൽനിന്നു് അങ്ങേയ്ക്കു് ഗ്രഹിക്കാനാവും. കപ്പലുകൾ പുറപ്പെടാൻ ധൃതികൂട്ടിയതിനാൽ ഈ ലഘുലേഖകൾ പെട്ടെന്നു് എഴുതപ്പെട്ടവയാണ്. അങ്ങു് നോക്കി ഇതിന്റെ ലത്തീൻ തിരുത്തണം. ഇവിടെ സംഭവിക്കുന്നതു് എന്താണെന്നറിയാൻ റോമിൽ റൊഡ്രീഗസ് പാതിരിക്കു്[70] ഇതു് അയച്ചു കൊടുക്കണം[71].

69. റോസ് 1586/7 ൽ 'പൗരസ്ത്യഇൻഡ്യയിൽ പാർക്കുന്ന നെസ്തോറിയരുടെ തെററുകൾ' (*De Erroribus*) എന്നപേരിൽ ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചു. *Orientalia Christiana*, vol. XI. no.40, Rome, 1928: *CO* 10/4 (1989); ജി. ചേടിയത്തു്, മാർത്തോമാശ്ലീഹായുടെ ഇൻഡ്യൻസഭ, കോട്ടയം, 1988, പേ.152-170.

70. ജസ്വിട്ട് ജനറലിന്റെ റോമിലുള്ള പോർട്ടുഗീസ് അസിസ്റ്റൻറായിരുന്നു (1581-94) ഈ പാതിരി.

71. *J. Wicki, op. cit.* 14. p. 801–7.



## 38

### *അൽബർതോ ലേർസ്യോ പാതിരിയുടെ കത്തിൽ നിന്നു്* (1588 നവംബർ 22)

കൊച്ചിക്കടുത്തു് ചേര എന്നു വിളിക്കപ്പെടുന്ന പ്രോവിൻസിൽ മാർതോമ്മാശ്ലീഹായുടെ ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന ഒന്നര ലക്ഷം ക്രിസ്ത്യാനികളുണ്ടു്. മലബാർ മുഴുവനിലും കോഴിക്കോട്ടു രാജ്യത്തിലുമുള്ള മററെല്ലാവരേക്കാളും ഇവർ കുലീനരാണ്. അവരുടെ ആർച്ചുബിഷപ്പ് കൽദായക്കാരനായതിനാലും വൈദികരും ജനങ്ങളും നെസ്തോറിയൻ വിഭാഗത്തെ അനുഗമിക്കുന്നവരായതിനാലും അവരുടെയിടയിൽ ധാരാളം തെററുകൾ ഉണ്ടു്. അവരിൽ പകുതിയോ ഏതാണ്ടു് മുഴുവനുമോ ശീശ്മക്കാരാണ്. വിസിററർ പാതിരി ഈ ആത്മാക്കളെയെല്ലാം ''മാനസ്സാന്തരപ്പെടുത്താൻ'' കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കുന്നുണ്ടു്. ഇതിനായിട്ടു് നമ്മുടെ ഒരു പാതിരി വളരെ ബുദ്ധിമുട്ടി കൽദായ ഭാഷ പഠിക്കുന്നുണ്ടു്.[72] കാരണം, അവരുടെ ഗ്രന്ഥങ്ങളെല്ലാം കൽദായ ഭാഷയിലാണ്. അതു പഠിച്ചശേഷം വൈപ്പിക്കോട്ട എന്നു പേരുള്ളതും ചേരയിലുള്ളതുമായ നമ്മുടെ ആശ്രമത്തിലേക്കു് അദ്ദേഹം അയയ്ക്കപ്പെട്ടു. അവിടെ രണ്ടു് പാതിരിമാർ പ്രവർത്തിച്ചു് വളരെ ഫലം പുറപ്പെടുവിച്ചു. കുർബാന തക്സാ, കൂദാശക്രമം, കൽദായയിൽ നടത്തപ്പെടുന്ന മററു് അനുഷ്ഠാനങ്ങൾ തുടങ്ങിയ അവരുടെ കൽദായഗ്രന്ഥങ്ങളിൽ വളരെയധികം തെററുകൾ ഉണ്ടെന്നു് അദ്ദേഹം കണ്ടു പിടിച്ചു. കാരണം 500 വർഷത്തിലധികമായി അവരുടെ മെത്രാന്മാർ കൽദായഭാഷയിലാണ് എല്ലാക്കാര്യങ്ങളും നടത്തുന്നതു്.[73] ബാബിലോണിയായിലെ പാത്രിയർക്കീസാണ് അവരെ അയച്ചുകൊണ്ടിരിക്കുന്നതു്.

72. റോസ് പാതിരി

73. നാലാം നൂററാണ്ടോടുകൂടി മലങ്കരനസ്രാണികൾ പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടു എന്ന പാരമ്പര്യം ഉണ്ടെങ്കിലും 8/9 നൂററാണ്ടോടു കൂടിയാണ് അവിടെനിന്നുള്ള മെത്രാന്മാരെപ്പററി നാം കേൾക്കാൻ ഇടയാകുന്നതു്. ക്നായിത്തൊമ്മൻ എന്ന വർത്തകപ്രമാണിയുടെ വരവോടുകൂടി (8/9 നൂററാണ്ടു്) ആയിരിക്കാം പശ്ചിമേഷ്യൻ ബന്ധവും പശ്ചിമേഷ്യൻ ആധിപത്യവും സുദൃഢമായതു്. ഈ കച്ചവടക്കാരൻ വന്നതു് നാലാം നൂററാണ്ടിലല്ല എന്ന യാഥാർത്ഥ്യത്തിലേക്കു് ഈ കത്തു വിരൽ ചൂണ്ടുന്നു. നാട്ടുകാരെ മെത്രാന്മാരാക്കാതെ പേർഷ്യാക്കാരുടെ വരവു തുടങ്ങിയതും 8/9 നൂററാണ്ടിലെ ഈ കുടിയേററത്തോടു കൂടിയാകാം. ഇവിടുത്തെ ക്രിസ്തുമതത്തിൽ സാരമായ മാററങ്ങൾ വരുത്തിയ കുടിയേററമായിരുന്നു ഇതു്.

www.malankaralibrary.com

മററൊന്നു്, മാമോദീസാ എന്ന കൂദാശ ഒഴികെ ഇവിടത്തെ മററൊരു കൂദാശയും വാസ്തവമല്ല എന്നും അദ്ദേഹം കണ്ടുപിടിച്ചു. കാരണം, ഒന്നുകിൽ കർമ്മവചനം ശരിയല്ല; അല്ലെങ്കിൽ ശരിയായ കർമ്മസാധനം ഇല്ല. നെസ്തോറിയുസിൻെറ മററനേകം തെററുകളും ഉണ്ടായിരുന്നു.

അവിടെ പ്രവർത്തിക്കുന്ന നമ്മുടെ പാതിരിമാരെ വളരെപ്പേർക്കു് ഇഷ്ടമാണ്. ദൈവസഹായത്താൽ അവർ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. അവരുടെ ആർച്ചുബിഷപ്പ് ''ശരിയായ'' രീതിയിൽ പട്ടം കൊടുക്കാതിരുന്നതിനാൽ[74] ആർച്ചുബിഷപ്പിനെക്കൊണ്ടു് അവരുടെ വൈദികർക്കെല്ലാം രണ്ടാമതു് പട്ടം കൊടുപ്പിച്ചു. വിവാഹവും കുമ്പസാരവും അതുപോലെതന്നെ ആയിരുന്നതിനാൽ നിരവധി പൊതുകുമ്പസാരം നടന്നു. കുർബ്ബാനക്രമത്തിലെ നിരവധി തെററുകൾ അവർ തിരുത്തി. ഇങ്ങനെ നമ്മുടെ കർത്താവിനു് വളരെ സേവനം ലഭിക്കുന്നു; ഇതാണല്ലോ ഇൻഡ്യയിലെ വളരെ പ്രധാനപ്പെട്ട സംഗതി. ഇവിടത്തെ ആശ്രമത്തിൽ നാട്ടുകാർക്കായി ഒരു സെമിനാരി ഉണ്ടാക്കാൻ ശ്രമം നടക്കുന്നു. അങ്ങനെ കാലാന്തരത്തിൽ നാട്ടുകാർക്കു് വൈദികരാകാനും ലത്തീൻ സഭയുടെ രീതിയനുസരിച്ചു് ഈ ആത്മാക്കളെ സഹായിക്കാനും കൽദായ സഭയുടെ തെററുകളിൽ നിന്നു് ജനങ്ങളെ മോചിക്കാനും അവർക്കു കഴിയും''.[75]

74. ലത്തീൻ രീതിയിൽ

75. J. Wicki — J. Gomes, *Documenta Indica*, vol.15. Roma, 1981, p. 107-108. ഈ കത്തു് ആർക്കാണ് അയച്ചിരിക്കുന്നതെന്നു് കത്തിൽ നിന്നു വ്യക്തമല്ല. ഗോവായിൽ നിന്നാണ് അയച്ചിരിക്കുന്നതു്.



## 39

### *ഫാ. റോസ് 1589 നവംബർ 18 ന് ജസ്യൂട്ട് ജനറൽ ക്ലൗദിയോ അക്വാവിവായ്ക്ക് എഴുതിയ കത്തിൽ നിന്ന്*

'' ...... മുൻകാലത്തേക്കാൾ കൂടുതലായി ഇപ്പോൾ ജനങ്ങൾ സൊസൈററിയെ വിലമതിക്കുന്നുണ്ടു്. അതുപോലെ സെമിനാരിയുടെയും പാതിരിമാരുടെയും കാര്യങ്ങൾക്കാണ് അവർ ആദ്യമായി പ്രാധാന്യം കൊടുക്കുന്നതു്. അതിനുശേഷമേ മാർ അബ്രഹാമിൻെറയും മററു് വൈദികരുടെയും കാര്യങ്ങൾക്കു് പ്രാധാന്യം കൊടുക്കുന്നുള്ളു. ഇക്കാരണത്താൽ, അങ്ങാവശ്യപ്പെട്ട സെമിനാരിപ്പണിക്കാര്യം സംബന്ധിച്ചു് ആർച്ചുബിഷപ്പിനു് വളരെ ഉത്ക്കണ്ഠയുണ്ടു്. കാരണം പാത്രിയർക്കീസിനു ചേരരാജ്യത്തുള്ള അധികാരം നഷ്ടപ്പെടാൻ ഇടയുണ്ടു് എന്നു് അവർ ഭയപ്പെടുന്നു. അതുകൊണ്ടു്, നമ്മുടെ കൂടെ പഠിക്കാൻ ആരും വരാതിരിക്കാൻ അദ്ദേഹം സർവാത്മനാ പരിശ്രമിക്കുന്നു. അക്കാരണത്താൽ വൈദികരിലും ഡീക്കന്മാരിലും ഭൂരിഭാഗവും വളരെ അജ്ഞരാണ്. കൽദായ ഭാഷ പഠിക്കാൻ അവർ നമ്മുടെ ഭവനത്തിലേക്കു വരേണ്ടിയിരിക്കുന്നു. ഇവിടെ സുറിയാനി ഭാഷ നന്നായി കൈകാര്യം ചെയ്യുന്നുണ്ടു്. എന്നാൽ അതിനു വരുന്ന ചിലരെ ആർച്ചുബിഷപ്പ് തടയുന്നു; സുറിയാനി ഗ്രന്ഥങ്ങൾ നമുക്കു വില്ക്കാതിരിക്കാൻ അദ്ദേഹം മററുചിലർക്കു തടസ്സങ്ങളുണ്ടാക്കുന്നു. ഒരിക്കൽ ഒരു വൈദികൻ സുവിശേഷങ്ങളുടെ ഒരു സുറിയാനി കോപ്പി എനിക്കു് വിററതിനു്, അദ്ദേഹം അയാളെക്കൊണ്ടു് പിഴ ഇടുവിച്ചു. നമ്മുടെ കൂടെ പഠിച്ച ചിലക്ക് അദ്ദേഹം ഒരിക്കലും പട്ടം നൽകിയിട്ടില്ല. എന്നാൽ പ്രായമോ പഠിത്തമോ പരിഗണിക്കാതെ അജ്ഞരും പട്ടത്തിനു് പൂർണ്ണമായും അനർഹരുമായ മററുള്ളവർക്കു് അദ്ദേഹം പട്ടം നൽകുന്നു. നെസ്തോറിയുസിനെയും അയാളുടെ സ്നേഹിതരെയും പരസ്യമായി തള്ളിപ്പറഞ്ഞതിനുശേഷവും ഗോവൻ സിനഡിൽ നിന്നു് തിരികെ വന്നതിനുശേഷവുമാണ് മാർ അബ്രഹാം ഇതൊക്കെ ചെയ്തുകൂട്ടുന്നതു്. കഴിഞ്ഞ വർഷങ്ങളിൽ ഇവയെപ്പററിയെല്ലാം വിശദമായി അങ്ങേയ്ക്കു് എഴുതിയിട്ടുള്ളതാണല്ലോ. ഇക്കാരണത്താൽ ഞങ്ങളുടെ പക്കൽ സുറിയാനി ഗ്രന്ഥങ്ങളില്ല. അങ്ങു കല്പിച്ചതുപോലെ ഞങ്ങൾ ഞങ്ങളുടെ പ്രവർത്തനങ്ങൾ തുടരുന്നു. ലത്തീൻ ഭാഷകൊണ്ടു് എന്നതിനേക്കാൾ ഈ സുറിയാനി ഭാഷകൊണ്ടു് വളരെ

www.malankaralibrary.com

നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇപ്പോഴും സാധിക്കുന്നുണ്ട്. ഇവിടെ ഞങ്ങളുടെ പക്കലുള്ള ഗ്രന്ഥങ്ങളെല്ലാം കൈയെഴുത്തു പ്രതികളാണ്; അവതന്നെയും വളരെ കുറച്ചുമാത്രം; കൂടുതൽ കണ്ടെത്താനും പ്രയാസമാണ്. ഞാൻ പറഞ്ഞതുപോലെ, ആർച്ചുബിഷപ്പ് അവയെല്ലാം തടഞ്ഞു വച്ചിരിക്കുകയാണ്.

എന്നാൽ ഈ പുരാതന ക്രൈസ്തവരെ സഹായിക്കാനുള്ള അങ്ങയുടെ താല്പര്യം മനസ്സിലാക്കിക്കൊണ്ട്, റോമിലുള്ള ചില സുറിയാനി ഗ്രന്ഥങ്ങൾ ഞങ്ങൾക്ക് അയച്ചുതരണമെന്ന് ദൈവസ്നേഹത്തെപ്രതി അങ്ങയോട് ഞാനപേക്ഷിക്കുന്നു. നിരവധി ബാബിലോണിയരും അർമേനിയരും അവിടെ വച്ച് മരിക്കുന്നുണ്ടല്ലോ. അവരുടെ ചില പുസ്തകങ്ങൾ, പ്രത്യേകിച്ച് പഴയനിയമം അയച്ചുതരണം. ഇവിടെ ഞങ്ങൾക്ക് പുതിയ നിയമമുണ്ട്. ചില സുറിയാനി മല്പാന്മാരുടെ ഗ്രന്ഥങ്ങൾ പകർത്തിയെഴുതാവുന്നതാണ്. കുറേ വർഷങ്ങൾക്കു മുൻപ് പരിശുദ്ധ പിതാവ് വിളിച്ചതിനാൽ ഒരു മാർ യൗസേപ്പ് ഈ രാജ്യത്തുനിന്നു പോകുകയുണ്ടായി. അദ്ദേഹം ഇവിടെ നിന്ന് ചില വളരെ നല്ല പുസ്തകങ്ങളും എടുത്തിരുന്നു. അദ്ദേഹം റോമിൽ വച്ചു മരിച്ചു; അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ റോമിൽ തന്നെയുണ്ട്.[76] ദൈവസ്നേഹത്തെ പ്രതി, പഴയനിയമഗ്രന്ഥവും സുറിയാനി പിതാക്കന്മാരുടെ ഗ്രന്ഥങ്ങളും അയച്ചു തരണം. അങ്ങേയ്ക്കു ഈ ക്രിസ്ത്യാനികളോടുള്ള സ്നേഹം ഇപ്രകാരം അവർ മനസ്സിലാക്കട്ടെ. ആർച്ചുബിഷപ്പിന്റെ ഗ്രന്ഥങ്ങൾ കൂടാതെ നമുക്കു ജീവിക്കാൻ കഴിയും എന്ന് അദ്ദേഹവും ഗ്രഹിക്കട്ടെ. തന്റെ നിരോധനവും ഭീഷണിയും കൊണ്ട് നമ്മുടെ മുന്നേറ്റത്തെ തടയാൻ തനിക്കാകും എന്ന് അയാൾ സ്വപ്നം കാണാതിരിക്കട്ടെ. ഇപ്രകാരം ശത്രുവിനെതിരെയുള്ള ശരിയായ ആയുധം നമ്മുടെ പക്കലുണ്ടായിരിക്കും. ദൈവസഹായംകൊണ്ട് അദ്ദേഹത്തെ കീഴടക്കാൻ എളുപ്പമാണ്''.[77]

76. അദ്ദേഹത്തിന്റെ വക 18 സുറിയാനി, ഒരു അറബി, ഒരു പേർഷ്യൻ കൈയെഴുത്തു പ്രതികൾ ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥശേഖരത്തിലുണ്ട്.

77. J. Wicki — J. Gomes, *Documenta Indica* vol.15, Rome, 1981, p.390—2. വൈപ്പിക്കോട്ട നിന്നെഴുതിയതാണ് ഈ കത്ത്.



## 40

## ജസ്യൂട്ട് ജനറൽ ക്ലൗദിയോ അക്വവീവായ്ക്ക് ജറോം സേവ്യർ പാതിരി 1590 ജനുവരി 8 ന് എഴുതിയ കത്തിൽ നിന്ന്

''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ (ഇന്നാർ) മാമോദീസാ മുക്കപ്പെടുന്നു. ആമ്മേൻ'' എന്നാണ് മുൻപ് സ്നാനത്തിനുപയോഗിച്ചിരുന്ന ഫോർമുല. ഈ ഫോർമുല അനുസരിച്ച് ഇവിടുത്തെ ചില പ്രായമുള്ളവർ സ്നാനപ്പെട്ടിട്ടുണ്ട്. പിന്നീട് ലത്തീൻ ഫോർമുല കൽദായ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു..... അവരെ നന്നായി സ്നാനപ്പെടുത്തുക ആവശ്യമാണ്. എന്നാൽ പ്രായോഗികമായി അതിന് ബുദ്ധിമുട്ടുണ്ട്. അത്തരം നിരവധി വൃദ്ധജനങ്ങളുണ്ട്. കാരണം അവരുടെ ഒരു ആർച്ചുബിഷപ്പ് നമ്മുടെ ഫോർമുല കൽദായയിലേക്കു വിവർത്തനം ചെയ്തു.[78] അതിനുശേഷം അവർ അതാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. എന്നാൽ കൽദായയിലുള്ള നമ്മുടെ ഫോർമുലയുടെ അർത്ഥം പോലും ചില വൈദികർക്കു മനസ്സിലായില്ല; അവർ മഹാമണ്ടത്തരം ചെയ്തുകൂട്ടി. കാരണം, 'ലാക്'' എന്നു പറയേണ്ടതിനു പകരം അവർ 'ലേക്'' എന്നുപറയുന്നു. ആൺകുട്ടികളെ സ്നാനപ്പെടുത്തുമ്പോൾ 'ലാക്'' എന്നും, പെൺകുട്ടികളെ സ്നാനപ്പെടുത്തുമ്പോൾ 'ലേക്'' (Ego te baptizo), എന്നുമാണ് പറയേണ്ടത്. എന്നാൽ ആൺകുട്ടികൾക്ക് 'ലേക്'' എന്നാണ് അവർ പറയുന്നത്. ആൺകുട്ടിയാണെങ്കിൽ പെൺകുട്ടിയെന്നും പെൺകുട്ടിയാണെങ്കിൽ ആൺകുട്ടിയെന്നും അവർ പറയുന്നു. ഇത്തരം സ്നാനം ഒത്തിരി നടക്കുന്നുണ്ട്.

പട്ടം കൊടുക്കുന്നതിലുള്ള തന്റെ തെറ്റുകളെപ്പറ്റി ബോധ്യപ്പെട്ട ചേരരാജ്യത്തെ ആർച്ചുബിഷപ്പ്[79] കുറേ വർഷങ്ങൾക്കുമുൻപ് ചില വൈദികക്ക് വീണ്ടും നന്നായി പട്ടം കൊടുക്കുകയുണ്ടായി. എങ്കിലും വൈദികപട്ടം നൽകുന്നതിൽ അദ്ദേഹം മറ്റൊരു തെറ്റ് ചെയ്യുന്നുണ്ട്. ''അധികാരം സ്വീകരിക്കുക.....'' (accipe potestatem…)

78. മാർ യൗസേപ്പ് (+1569)

79. മാർ അബ്രഹാം

www.malankaralibrary.com

എന്നുള്ള കൂദാശാഫോർമുല ചൊല്ലുമ്പോൾ കാസാ കൊടുക്കുന്നെങ്കിലും അതിൽ വീഞ്ഞില്ലാതെയും പീലാസായിൽ ഓസ്തി ഇല്ലാതെയുമാണ് കൊടുക്കുന്നത്. തങ്ങളുടെ ഗ്രീക്കുപാരമ്പര്യങ്ങൾകൊണ്ടുള്ള ഈ കാപട്യത്തെപ്പറ്റി ഇപ്രകാരം പട്ടം കിട്ടിയവരെ സാധ്യമെങ്കിൽ അങ്ങ് ഉപദേശിക്കേണ്ടത് ആവശ്യമാണ്. കൈവയ്പ്പ മാത്രംകൊണ്ട് പട്ടം ലഭിച്ചവർക്ക് റോമൻരീതി അനുസരിച്ച് വീണ്ടും പട്ടം നല്കുകയുണ്ടായി.[80]

പാപങ്ങൾ പൊതുവായിട്ടല്ലാതെ, ഇനംതിരിച്ച് ഏററുപറയുന്ന രീതി അവർക്ക് പതിവില്ലായിരുന്നു. പ്രായമുള്ള നിരവധിയാളുകൾ ജീവിതകാലം മുഴുവൻ ഇപ്രകാരമാണ് കുമ്പസാരിക്കുന്നത്. ഒരു പൊതുകുമ്പസാരം നടത്താൻ വിവേകപൂർവം ഞങ്ങൾ അവരോട് ആവശ്യപ്പെടാറുണ്ട്.

ശരിയാണെന്ന ബോധ്യത്തിൽ അവർ ചെയ്യുന്ന പല സംഗതികളുമുണ്ട്. അവർ പണം കടം കൊടുക്കാറുണ്ട്; എന്നാൽ പലിശ കൂടാതെ അവർ അതു തിരികെ സ്വീകരിക്കുകയില്ല. അതു വളരെ തുച്ഛമാണ്; പലർക്കും ഭക്ഷിക്കാനായി ഒന്നും തന്നെയില്ല. നല്ല വിശ്വാസത്തിലും ശുദ്ധനിയോഗത്തിലും അവർ കുമ്പസാരിക്കയും പലിശ വാങ്ങുകയും ചെയ്യുന്നുണ്ട്..... ഈ ആളുകളെ സംബന്ധിച്ച് എന്താണ് ചെയ്യേണ്ടത്? നമ്മുടെ സെമിനാരിയിലെ വിദ്യാർത്ഥികളുടെ ഇടയിലുള്ള മററുപല സംഗതികളുമുണ്ട്. ഈ ക്രിസ്ത്യാനികളുടെ നന്മയ്ക്കുവേണ്ടി അവർ അവരുടെ ഇടയിൽ പ്രവർത്തിക്കുന്നതിനായി ഈ കാര്യത്തിൽ അവരെ ഞങ്ങൾ പഠിപ്പിക്കുന്നുണ്ട്.....

അവർക്ക് *കാർണിവൽ*[81] ഇല്ലാത്തതിനാൽ നമ്മുടേതിനേക്കാൾ മൂന്നുദിവസം മുമ്പാണ് അവർക്കു വലിയ നോമ്പ് തുടങ്ങുന്നത്. ആഗസ്റ്റുമാസത്തിൽ മാതാവിന്റെ പെരുന്നാളിനുമുമ്പ് 15 ദിവസം അവർ ഉപവസിക്കുന്നു. വലിയ നോമ്പിനു 18 ദിവസം മുൻപ് അവർ മൂന്നുദിവസം ഉപവസിക്കുന്നു. ഏതോ വസന്തയിൽനിന്ന് വിമുക്തരാക്കി ദൈവം അവരുടെമേൽ അനുഗ്രഹവർഷം ചൊരിഞ്ഞതിനുവേണ്ടിയാണിത്. അവർക്കു നമ്മുടേതുപോലെയുള്ള ഉപവാസകാലങ്ങളല്ല ഉള്ളത്.[82] ഈ ദിവസങ്ങളിലെ ഉപവാസരീതി കഠിന

80. ലത്തീൻരീതിയനുസരിച്ചുള്ള *traditio instrumentorum* കൂടാതെ സുറിയാനിരീതി അനുസരിച്ച് മാർ അബ്രഹാം പട്ടം കൊടുത്തിരുന്നു. അതിനാലാണ് അദ്ദേഹം കൊടുത്ത പട്ടം വാസ്തവമല്ലെന്ന് പോർട്ടുഗീസുകാർ ധരിച്ചുവശായത്.

81 ലത്തീൻ സഭയിൽ വലിയ നോമ്പിനുമുമ്പുള്ള ആഘോഷദിവസങ്ങൾ.

82 "No tienen quatro temporas como nostros" (p. 494).



തരമാണ്. കാരണം, ഉപവാസദിവസങ്ങളിൽ പാൽ, പാലിൽനിന്നുള്ള വസ്തുക്കൾ, മുട്ട, മത്സ്യം, വീഞ്ഞ്, വെററില എന്നിവ അവർക്കു നിഷിദ്ധങ്ങളാണ്. വായിലിട്ട് എപ്പോഴും ചവയ്ക്കാൻ ഉപയോഗിക്കുന്നതും പടർന്നു കയറുന്നതുമായ ഒരു ചെടിയുടെ ഇലയാണ് വെററില. വെററില മുറുക്കാതിരിക്കുക അവർക്കു വലിയ പ്രായശ്ചിത്തം തന്നെയാണ്. അവർ കഴിക്കുന്ന ചില ഭക്ഷണപദാർത്ഥങ്ങളാകട്ടെ, വൈകിട്ട് അഞ്ചുമണിക്കു മുൻപ് ഭക്ഷിക്കാറുമില്ല. ചിലർ കഞ്ഞി, അഥവാ വെള്ളത്തിൽ വേവിച്ച ചോറ്, കുടിക്കുമെന്നതു ശരിതന്നെ. അവർക്ക് വിലക്കപ്പെട്ടിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ ഭക്ഷിക്കുന്നതു സംബന്ധിച്ച് ഞങ്ങൾ അവരുടെ രീതി സ്വീകരിക്കണമോ എന്ന് ഞങ്ങൾ സംശയിക്കുന്നു. കാരണം അവരെ സംബന്ധിച്ച്, അവർ താമസിക്കുകയും വ്യാപരിക്കുകയും ചെയ്യുന്ന രാജ്യത്തിന്റെ പൊതുനിയമം അനുസരിച്ച് അവർ കടപ്പെട്ടവരാണ്. അവർ ഉപവസിക്കുമ്പോൾ ഞങ്ങൾ മാംസവും മത്സ്യവും ഭക്ഷിക്കുന്നതും വീഞ്ഞുകുടിക്കുന്നതും ഈ ക്രിസ്ത്യാനികൾ കാണുകയാണെങ്കിൽ അവർക്ക് ഇടർച്ചയുണ്ടാകും എന്നതും വാസ്തവമാണ്. ഇതുവരെ ചില പാതിരിമാരും ചില ക്രിസ്ത്യാനികളും ഈ രാജ്യത്തെ അനുഷ്ഠാനങ്ങളുമായി പൊരുത്തപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അവരെ വളരെ ജനങ്ങൾ നന്നായി സ്വീകരിക്കുന്നു. എന്നാൽ ഇപ്രകാരം അനുഷ്ഠിക്കാൻ വിഷമം തോന്നുന്ന മററുള്ളവരാകട്ടെ ഈ നടപടിയെ കുററപ്പെടുത്തുന്നു. ഇതുപോലെ പ്രവർത്തിക്കാൻ തങ്ങളുടെ പിൻഗാമികളും നിർബന്ധിതരായേക്കും എന്ന ഭയമാണ് അവർക്കുള്ളത്. അതുകൊണ്ട് ഈ നാട്ടിലെ രീതികളെല്ലാം ഉപേക്ഷിച്ചിട്ട്, എല്ലാക്കാര്യങ്ങളിലും അവർ ലത്തീൻ രീതി അനുവർത്തിക്കുന്നു. ഈ കാര്യങ്ങൾ റോമാസഭ മററു രീതിയിലാണ് ആചരിക്കുന്നതെന്ന്, ഇടർച്ച ഒഴിവാക്കാനായി, അവർ ക്രിസ്ത്യാനികളോടു പറയുന്നു. അതുകൊണ്ട് ലത്തീൻകാരുടെ ഇടയിൽ എന്നപോലെയാണ് ഞങ്ങൾ അവരുടെ ഇടയിൽ. ഈ ക്രിസ്ത്യാനികൾക്ക് ഇടർച്ച ഒന്നും ഇല്ലെന്ന് എനിക്കു തോന്നുന്നു; എന്നാൽ ഇത് ദുർമാതൃകയും അസന്തുഷ്ടിയും ഉളവാക്കുന്നുണ്ട്. റോമാസഭയിൽപെട്ട നമ്മൾ അവരേക്കാൾ ആത്മീയം കുറഞ്ഞവരാണ് എന്ന് അവർ കരുതുമോ എന്ന് എനിക്കറിയില്ല. അവരുടെ അനുഷ്ഠാനങ്ങൾ സ്വീകരിക്കുന്ന പാതിരിമാരോട് അവർക്കു ബഹുമാനമാണ്. എന്നാൽ ഇതു് നമ്മുടെ പ്രകൃതിക്കും പാരമ്പര്യത്തിനും വളരെ പ്രയാസമുള്ള സംഗതിയാണ്. ഇക്കാര്യം അവരുമായി ചർച്ച ചെയ്തിട്ടുള്ളതാണ്; എന്നാൽ അവർക്കിപ്പോഴും സംശയമുണ്ട്; എന്നാലതു് പുറത്തുകാണിക്കുന്നില്ല എന്നുമാത്രം. സംശയമനഃസ്ഥിതിയുള്ളവർ, സ്വന്ത അധികാരത്തിൽ ഇത്തരം പ്രയാസമുള്ള കാര്യങ്ങൾ ഒന്നും നടപ്പാക്കുകയില്ല. അതുകൊണ്ട്, ഞങ്ങളെല്ലാവരും ഒരുപോലെ ആചരിക്കാൻ ഈ കാര്യത്തിൽ അങ്ങയുടെ അധികാരം ഉപയോഗിക്കേണ്ടിയിരിക്കുന്നു. കാരണം, ഈ ക്രിസ്ത്യാ

www.malankaralibrary.com

നികളുമായി ഇടപഴകുന്ന, ഈ സെമിനരിയിലെ ചില പാതിരിമാരുടെ ഇടയിൽപോലും വ്യത്യസ്താഭിപ്രായങ്ങളാണുള്ളത്. ഞാൻ കണ്ടുകൊണ്ടിരിക്കുന്നതുപോലെ, ചിലർ സംശയഗ്രസ്തരാണ്; മററുള്ളവർ അങ്ങനെയല്ല. ചിലർ ഒരു രീതിയിലും മററുള്ളവർ മററു രീതികളിലും പെരുമാറുന്നു. ഇന്നുവരെ ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല; കാര്യങ്ങൾ വ്യക്തവുമല്ല. തങ്ങളുടെ ഇഷ്ടമനുസരിച്ച് നടക്കാൻ ഞാൻ അവരെ അനുവദിച്ചിരിക്കുകയാണ്. എന്റെ മുൻഗാമികളും ഇപ്രകാരമാണ് പ്രവർത്തിച്ചിട്ടുള്ളത് എന്ന് എനിക്കു തോന്നുന്നു. എന്നാൽ അങ്ങയുടെ തീരുമാനം വരുന്നതുവരെ എനിക്കു മനസ്സമാധാനം ഇല്ല. പാതിരിമാരെപ്പററി എനിക്കുള്ള സംശയങ്ങളേക്കാൾ വളരെ കൂടുതലായി ഈ സെമിനരിയുടെ മക്കളായ വിദ്യാർത്ഥികളെപ്പററിയുണ്ട്; കാരണം അവർ ഈ രാജ്യത്തുനിന്നുള്ളവരും, ഈ രാജ്യത്തു ജീവിക്കുന്നവരും ഈ രാജ്യത്തിനുവേണ്ടി പരിശീലനം നേടുന്നവരുമാണ്. ഞങ്ങളുടെകൂടെ ഒരേ ഭവനത്തിൽ കഴിയുന്നവരോട് ഈ രാജ്യത്തെ ആചാരാനുഷ്ഠാനങ്ങൾ അനുഷ്ഠിക്കാൻ നിർബന്ധിക്കുക ബുദ്ധിപൂർവ്വകമല്ല എന്നു തോന്നുന്നു. എന്നാൽ അതേസമയം അവരുടെ നല്ല ആചാരരീതികളിൽനിന്ന് അവരെ അകററുന്നതും ബുദ്ധിപൂർവ്വകമല്ല; കാരണം, നാം അവരെ അവരുടെ ജനങ്ങൾക്കു വേണ്ടിയാണല്ലോ പരിശീലിപ്പിക്കുന്നത്. ഈ കാര്യങ്ങളിൽ ഞങ്ങൾ ഒരു തീരുമാനവും എടുത്തിട്ടില്ല. വിദ്യാർത്ഥികളെ റോമൻ രീതികളിലേക്ക് പ്രേരിപ്പിക്കുക ആവശ്യമാണെന്ന് എനിക്കു തോന്നുന്നു. കാരണം, അവരുടെ സത്യവിശ്വാസവും റോമൻ പ്രബോധനവുംകൊണ്ട് സുറിയാനി ആചാരാനുഷ്ഠാനങ്ങളിൽനിന്ന് അവരെ പിൻതിരിപ്പിക്കാനും എളുപ്പത്തിൽ റോമൻ ആചാരാനുഷ്ഠാനങ്ങളിലേക്കു മാററാനും നമുക്കു സാധിക്കും. എന്നാൽ ഈ ആചാരങ്ങളുടെ അനുഷ്ഠാനം സംബന്ധിച്ച് ഈ മെത്രാന്മാരോട് അവക്കുള്ള വിധേയത്വം സംബന്ധിച്ച് നമുക്ക് എന്തു പറയുവാൻ സാധിക്കും? *നമ്മളും നമ്മുടെ വിദ്യാർത്ഥികളും നോമ്പാചരിക്കുന്നില്ല എന്നു കണ്ടു ചില ക്രിസ്ത്യാനികളും നോമ്പാചരണം ഉപേക്ഷിച്ചിരിക്കുകയാണ്. എന്നാൽ അവർ ഉത്തമ ക്രിസ്ത്യാനികളൊന്നുമല്ല*; ഇതു് അവരുടെ ചില അയൽക്കാർക്ക് ഇടർച്ചയ്ക്കു ഹേതുവായിട്ടുണ്ട്.

നോമ്പുകാലത്തു ഭാര്യാഭർത്താക്കന്മാർ ലൈംഗികബന്ധത്തിൽ ഏർപ്പെടാറില്ല; കാരണം അതു പാപമായി കരുതപ്പെടുന്നു. അതുപോലെ ബുധനാഴ്ചയും വെള്ളിയാഴ്ചയും അവർ ബന്ധപ്പെടാറില്ല. അവർ അതു കുമ്പസാരത്തിൽ ഏററുപറഞ്ഞില്ലെങ്കിൽ അതു പാപമല്ല എന്ന് അവരോടു പറഞ്ഞിട്ടുണ്ട്. എങ്കിലും ഇതൊരു നല്ല കാര്യമാണ്; നല്ല ആചാരവുമാണ്. ഇരുവരും സമ്മതിക്കയാണെങ്കിൽ ഇതു് നിരോധിച്ചിട്ടുമില്ല.



അവർക്ക് മറെറാരു വ്യത്യസ്താചാരമുണ്ട്. ബുധനാഴ്ചയും വെള്ളിയാഴ്ചയും അവർ മാംസം വർജ്ജിക്കുന്നു. എന്നാൽ അവർ ശനിയാഴ്ച മാംസം ഭക്ഷിക്കുന്നു. ഉപവാസം തുടങ്ങുന്നതു് തലേ ദിവസം സൂര്യാസ്തമയത്തോടു കൂടിയാണ്; വ്യാഴാഴ്ച വൈകിട്ടും അങ്ങനെതന്നെ. വ്യാഴാഴ്ച വൈകിട്ട് അവർക്ക് മാംസം ഭക്ഷിക്കാൻ പാടില്ല; അവർ ജോലിവേലകൾ ചെയ്യാറുമില്ല. അതുപോലെ അവസാനിപ്പിക്കുന്നതും ഉപവാസദിവസം വൈകിട്ടുതന്നെയാണ്. അതുപോലെ ഞായറാഴ്ച വൈകിട്ട് അവർക്ക് ജോലി ചെയ്യാം. ബുധനാഴ്ചയും വെള്ളിയാഴ്ചയും വൈകിട്ട് അവർക്കു മാംസം ഭക്ഷിക്കാം. എന്നാൽ ഞങ്ങളാകട്ടെ ഇന്നുവരെ റോമൻ രീതിയനുസരിച്ചാണ് ജീവിച്ചിരുന്നത്. അതവർക്കു ദുർമാതൃകയാണോ സന്മാതൃകയാണോ എന്ന് എനിക്കറിയില്ല. അവരുടെ രീതി മാററാൻ ഞാൻ ന്യായമൊന്നും കാണുന്നില്ല. കാരണം റോമാസഭയ്ക്ക് എതിരല്ലാത്ത അവരുടെ പാരമ്പര്യങ്ങളും ആചാരരീതികളും ഉപേക്ഷിക്കാതിരിക്കാൻ അവർക്കു കൂടുതലായ കടപ്പാടുണ്ട്.

കത്തനാരന്മാരും ശെമ്മാശ്ശന്മാരും പള്ളിയിൽനിന്ന് വളരെ ദൂരെയാണ് താമസിക്കുന്നതെങ്കിലും അവർ അവരുടെ പള്ളിയിൽ വന്ന് കാനോനാനമസ്കാരം ചൊല്ലാറുണ്ട്. എല്ലാ വൈദികസ്ഥാനികളും ഇപ്രകാരം ചെയ്യുന്നു. ഞങ്ങൾ പള്ളിയിൽ പോയി ചൊല്ലുന്നതു കാണുക അവക്കു വളരെ സന്മാതൃകയാണ്. ഇക്കാരണത്താൽ അവർ നമ്മേക്കാൾ അധികമായി അവരുടെ വൈദികരെ ബഹുമാനിക്കുന്നു. ജീവിതം സംബന്ധിച്ചല്ല, കാനോനാനമസ്കാരം സംബന്ധിച്ചാണ് ഞാനിതു പറയുന്നതു്. കാനോനാനമസ്കാരം സംബന്ധിച്ച് ഞാൻ അധികമൊന്നും പറയുന്നില്ല. അവരുടെ കുർബാനയും കാനോനാനമസ്കാരവും നമ്മുടേതിൽനിന്നു വ്യത്യസ്തമാണെന്നു മാത്രമല്ല, നാം സുറിയാനിയിൽ പ്രാർത്ഥിക്കുന്നില്ലെങ്കിൽ, നമുക്ക് അവരുടേതുമായി അനുരൂപപ്പെടുവാനും പ്രയാസമാണ്. എന്നാൽ സുറിയാനിയിൽ ചൊല്ലുക സൗകര്യപ്രദമല്ല. അതു മാത്രമല്ല, അവരുടെ വിവാഹവും ശവസംസ്കാരവും ഒക്കെ വ്യത്യസ്തമാണ്. ഇതെല്ലാം സുറിയാനിയിൽ ആകയാൽ, നാം എളുപ്പത്തിൽ അവ അനുകരിക്കയില്ലെന്ന് അവർ കരുതുന്നു.

'രാജാക്കന്മാരുടെ ദിവസം' മുതൽ വലിയനോമ്പുവരെയുള്ള വെള്ളിയാഴ്ചകളിൽ അവർക്ക് കടപ്പെട്ട വെള്ളിയാഴ്ച പെരുന്നാളുകളുമുണ്ട്. നമ്മുടേതിൽനിന്നും വ്യത്യസ്തമായ പൊതു അനുഷ്ഠാനമാണിതു്; അതു് അവർ വളരെ കൃത്യമായി അനുഷ്ഠിക്കുന്നുമുണ്ട്. ചിലതു് കൃത്യമായിട്ടുണ്ട്; ചിലതു് അപ്രകാരമില്ല. അവരുടെ അനുഷ്ഠാനരീതികളുമായി നാം പൊരുത്തപ്പെടണമോ

www.malankaralibrary.com

എന്നതു സംബന്ധിച്ച് ഞങ്ങളുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ട്. യൂറോപ്പിലെ വ്യത്യസ്തരൂപതകളിൽ വ്യത്യസ്ത വിശുദ്ധരും പെരുന്നാൾ ദിനങ്ങളും ഉണ്ടല്ലോ. ചില പാതിരിമാർ ഇവ അനുഷ്ഠിക്കുന്നു; എന്നാൽ മററു ചിലർ അനുഷ്ഠിക്കുന്നില്ല. അനുഷ്ഠിക്കുന്നവർ മററുള്ളവരെ ശരിയായ അനുഷ്ഠാനമില്ലാത്തവരായി കണക്കാക്കുന്നു. അവർ അനുഷ്ഠിക്കാത്തതിനാൽ മറേറ കൂട്ടരുടെ മനസ്സാക്ഷിയിൽ കലക്കം ഉണ്ടാകുന്നു.

അവരുടെ പെരുന്നാളുകളെപ്പററി പറഞ്ഞാൽ, അവ അനുഷ്ഠിക്കാൻ എളുപ്പമാണ്; അതുപോലെ അവരുടെ ഉപവാസവും. എന്നാൽ *അവരുടെ ഉപവാസരീതി നമുക്ക് പ്രയാസമാണ്. ആത്മീയ തീക്ഷ്ണത വർദ്ധിക്കുമെങ്കിലും, പതിനൊന്നുമണിക്കും വൈകിട്ടും മാത്രം ഭക്ഷിക്കുക നമുക്ക് വളരെ വേദനാജനകമാണ്.* അവർ വർജ്ജിക്കുമ്പോൾ നാം മാംസം ഭക്ഷിക്കുകയും അവർ ജോലി ചെയ്യാതിരിക്കുമ്പോൾ നാം ജോലി ചെയ്യുകയും ചെയ്യുന്നതു് അവർക്കു് ദുർമാതൃകയാണ് എന്നതു് വാസ്തവത്തിൽ ശക്തിയായ ഒരു വാദമുഖം തന്നെയാണ്. ലത്തീൻ രീതികൾ അനുഷ്ഠിക്കാൻ തുടങ്ങിയ ക്രിസ്ത്യാനികൾ, ദൈവശാസ്ത്രത്തിൽ വളരെയധികം പ്രബോധനം ലഭിച്ചവരൊന്നുമല്ല. ഉപദ്രവം ഒന്നും ഇല്ലാത്ത പ്രബോധനവുമായി ഈ ഇൻഡ്യ വേഗത്തിൽ താദാത്മ്യപ്പെടുന്നു. അങ്ങനെ നാം ഇന്നുവരെ മുന്നോട്ടു പോകുന്നു. ഉന്നതാധികാരികൾ വളരെ അപൂർവമായി മാത്രമേ ഇക്കാര്യം ശ്രദ്ധാപൂർവം പഠിക്കാറുള്ളു. അവർ ഈ ക്രിസ്ത്യാനികളുടെ പക്കലേക്കു് വരുമ്പോൾ, വളരെ കുറച്ചുദിവസംമാത്രമേ ഇവിടെ തങ്ങാറുള്ളു; അവരുടെ അസാന്നിധ്യത്തിൽ *തങ്ങൾക്കു ലഭിച്ച ശിക്ഷണമനുസരിച്ച് ഓരോ പാതിരിയും തനിക്കിഷ്ടമുള്ളതുപോലെ പ്രവർത്തിക്കുന്നു.*

വിസിററർ വലിഞ്ഞാനോ പാതിരി ഒരിക്കൽ ഞങ്ങളെ സന്ദർശിച്ചു. അദ്ദേഹം ഈ ക്രിസ്ത്യാനികളുടെ ഇടയിൽ പല കാര്യങ്ങളും കാണുകയും പലതും പ്രവർത്തിക്കുകയും ചെയ്തു. അദ്ദേഹം വളരെയധികം സംസാരിച്ചെങ്കിലും പല കാര്യങ്ങളെപ്പററിയും–വളരെ അവധാനതാപൂർവം തീരുമാനിക്കേണ്ട കാര്യങ്ങളും, എന്താണ് ചെയ്യേണ്ടതെന്നു ഞങ്ങൾ അറിയാനായി ലിഖിതരൂപത്തിൽ നൽകേണ്ട തീരുമാനങ്ങളും – തീരുമാനം എടുക്കാതെ മുന്നോട്ടുപോകാൻ അനുവദിച്ചു.

മലബാറിലെ, നാട്ടുകാരായ വിദ്യാർത്ഥികളെ ഈ സെമിനരിയിൽ ഞങ്ങൾ പഠിപ്പിക്കുന്നുണ്ടല്ലോ. അവരെ സുറിയാനി പഠിപ്പിക്കുന്നതു സംബന്ധിച്ച് എന്റെ അഭിപ്രായം വളരെ വിശദമായി



കഴിഞ്ഞവർഷം ഞാൻ അങ്ങേയ്ക്കു് എഴുതിയിരുന്നു. അവർ ഇതു വിലമതിക്കുന്നു; ഫാ.റോസ് സുറിയാനി പഠിച്ചതു് എത്രമാത്രം പ്രാധാന്യമുള്ളതായിരുന്നു എന്നും പ്രാധാന്യമുള്ളതാണെന്നും കാണാൻ ഇതിടയാക്കുന്നു. അതുകൊണ്ടു് അദ്ദേഹം ഇക്കാര്യത്തിൽ വളരെയധികം അഭിനന്ദനം അർഹിക്കുന്നു; അദ്ദേഹം നിരവധി തെററുകൾ കണ്ടുപിടിച്ചു; സത്യ രീതികളിൽ നിന്നു വ്യത്യസ്തമായി കൂദാശകളുടെ നിരവധി രീതികൾ കാണാനിടയായി. അനേകം ഗ്രന്ഥങ്ങൾ അദ്ദേഹം തിരുത്തി. ചിലയാളുകൾ ശരിയായി (Validly) അവരുടെ പാപങ്ങൾ ഏററു പറഞ്ഞിരുന്നില്ല; ചിലർ സ്നാനം സ്വീകരിച്ചിരുന്നില്ല. ചിലർക്കു് ശരിയായി പട്ടം കിട്ടിയിരുന്നില്ല. പുസ്തകങ്ങൾ തിരുത്തുക, മററു് കൽദായ കാര്യങ്ങൾ പരിഷ്കരിക്കുക തുടങ്ങി ഇക്കാര്യത്തിൽ ഇനിയും വളരെ ചെയ്യാനുണ്ടു്. ഈ പാതിരി മാത്രമേ ഇതിനൊക്കെ കഴിവുററവനായുള്ളു. (ഗ്രന്ഥങ്ങൾ തിരുത്തുക തുടങ്ങിയ കാര്യങ്ങൾക്കു്). അതുകൊണ്ടു് അദ്ദേഹം ബഹുമാനിക്കപ്പെടുന്നു. അദ്ദേഹവും ഒരു മനുഷ്യനാണ്; അദ്ദേഹത്തിന്റെ മരണത്തോടുകൂടി വളരെ അഭികാമ്യവും മാതൃകാപരവും സുപ്രധാനവുമായ ഒരു കാര്യം അവസാനിക്കും. രണ്ടു് പാതിരിമാർ മലബാർ ഭാഷ പഠിക്കാൻ കാര്യമായി പരിശ്രമിക്കുന്നു എന്നതു് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പതിനഞ്ചോ ഇരുപതോ കുട്ടികൾ ഈ ഭവനത്തിൽ ഉണ്ടെങ്കിലും രണ്ടു പേർ മാത്രമേ റോസിന്റെ കൂടെ കൽദായഭാഷ പഠിക്കുന്നുള്ളു. അവക്കെല്ലാം പഠിക്കാവുന്നതേയുള്ളു. രണ്ടുപേർ മാത്രം പഠിക്കുന്നതിനാൽ അവക്കു വലിയ താല്പര്യമില്ല. അവർക്കു പഠിക്കാൻ ഒട്ടു താല്പര്യമോ സന്തോഷമോ ഇല്ല. ആറോ എട്ടോ ശിഷ്യന്മാർ ഉണ്ടായിരുന്നെങ്കിൽ അവക്കും നമ്മുടെ പാതിരിമാക്കും കൂടുതൽ ധൈര്യം കിട്ടിയേനേ. അപ്പോൾ കൂടുതൽ ശിഷ്യന്മാരും ഉണ്ടായേനേ. റോസ് പാതിരി മൺമറഞ്ഞു കഴിയുമ്പോൾ ഇവരിൽ ഒരാൾക്കു് കാലാന്തരത്തിൽ അദ്ധ്യാപകനാകാം എന്നും പ്രതീക്ഷിക്കാമായിരുന്നു.

ഇതുകൊണ്ടും മററു കാരണങ്ങളാലും കൽദായഭാഷ പഠിപ്പിക്കണമെന്നു് സെമിനരിക്കു നൽകിയ നിയമത്തിൽ വിസിററർ ശിപാർശ ചെയ്തിട്ടുമുണ്ടു്. ഇതിനു് ആരെയെങ്കിലും ലഭിക്കുമെന്ന പ്രതീക്ഷയിൽ ഫാ. പ്രൊവിൻഷ്യൽ (മാർട്ടിൻസിനു്) എഴുതുകയുണ്ടായി. *അവരെ കൽദായഭാഷയിൽനിന്നു് അകററുന്നതിന് നമുക്ക് കഴിയുന്നതിനായി കൽദായഭാഷ നാം കാര്യമായി പഠിപ്പിക്കേണ്ടതില്ലെന്നും അത് ലത്തിനീകരണത്തിനുള്ള ഒരു നല്ല വഴിയായിരിക്കുമെന്നും അതുകൊണ്ട് കാര്യങ്ങൾ ഈ രീതിയിൽ ചെയ്താൽ മതിയെന്നും അദ്ദേഹം മറുപടി തന്നു.* എന്നാൽ മുകളിൽ പറഞ്ഞ കാരണങ്ങൾ അങ്ങയുടെ മുൻപാകെ ഞാൻ അവതരിപ്പിക്കുന്നു. ഇവിടെനിന്നു് ഒരു ലീഗ് അകലെയു

www.malankaralibrary.com

ള്ളതും ലത്തീൻ പഠിപ്പിക്കുന്നതുമായ മറേറ സെമിനരിപോലെയാണിതു് എന്നു് അവർ നമ്മെ ദൂഷണം പറയും എന്നതുകൊണ്ടും ഞാൻ ഇവ അവതരിപ്പിക്കുന്നു. എന്നാൽ ഇവിടെ ഞങ്ങൾ കൽദായഭാഷ പഠിപ്പിക്കുന്നു; അതെല്ലാവർക്കും വലിയ സന്മാതൃകയാണ്. ഈ ക്രിസ്ത്യാനികൾക്കു് ഇതിനുള്ള സൗകര്യം നാം ചെയ്തുകൊടുക്കുന്നതു വഴി ഈ സെമിനരി വളരെ നന്നായി ഉപയോഗപ്രദമായി തീരുകയാണ് എന്നു് എനിക്കു തോന്നുന്നു. ഈ ക്രിസ്ത്യാനികളെ നാം ഗൗരവമായി പരിഗണിക്കുകയാണെങ്കിൽ കാനോനാനമസ്കാരം ചൊല്ലുന്നതു്, കർബാന അർപ്പിക്കുന്നതു്, മററു് കർമ്മങ്ങൾ അനുഷ്ഠിക്കുന്നതു് എന്നിവയിൽ ഉപയോഗിക്കുന്ന *അവരുടെ ഭാഷ പൂർണമായി ഉപേക്ഷിക്കുന്നത് കഠിനതരമായിരിക്കും.* കൂടാതെ ഈ ക്രിസ്ത്യാനികളുടെ വൈദികരുടെ ശമ്പളവും മററു വരുമാനങ്ങളും തുലോം തുച്ഛമാണ്. അവക്കു് ലത്തീനും പോർട്ടുഗീസും മാത്രമേ അറിവുള്ളെങ്കിൽ, മലബാറിലേക്കു പോകാൻ ആരുമുണ്ടാകില്ല. കർബാനസ്സു് നല്ല കർബാനധർമ്മമുള്ള ലത്തീൻ (കൊച്ചി) രൂപതയിലേക്കു് എല്ലാവരും പോകും.

ഫ്രാൻസിസ്കൻ പാതിരിമാരുടെ കൊടുങ്ങല്ലൂർ സെമിനരിയിൽ പരിശീലനം ലഭിച്ച ഒരു വൈദികനും മാർത്തോമാക്രിസ്ത്യാനികളുടെ ഇടയിൽ താമസിക്കുന്നില്ല എന്നു് അനുഭവം തെളിയിക്കുന്നു. ആറുവർഷം മുൻപു് റോമിൽനിന്നു തിരികെ വന്നയാളും ജനങ്ങളുടെ ബഹുമാനപാത്രവും അവരുടെ ഇടയിൽ താമസിച്ചു് അവർക്കു് ശുശ്രൂഷ ചെയ്യുമെന്നു് പ്രതീക്ഷിച്ചിരുന്നവനും ആയ പ്രോട്ടോനോട്ടറി ജോൺ എന്ന മലബാർ നാട്ടുകാരൻ വൈദികൻ പോലും നാട്ടിലെത്തിയ ഉടനെ പോർട്ടുഗീസുകാരുടെകൂടെ താമസം തുടങ്ങി. തന്റെ നാട്ടിലേക്കു പോകുവാൻ നിർബന്ധിക്കപ്പെട്ടപ്പോഴും അവരുടെ ഇടയിലല്ല അയാൾ താമസിക്കുന്നതു്; പോർട്ടുഗീസുകാരുടെ പക്കലേക്കു പോകാനാണ് അയാളുടെ തീവ്രാഭിലാഷം. കാരണം *അവിടെ കൂടുതൽ പണവും എല്ലാ സാധനങ്ങളും കിട്ടും; അവിടുത്തെ വരുമാനം വളരെ കൂടുതലുമാണ്.* കൽദായ ഭാഷ പഠിക്കാതെയും ലത്തീൻമാത്രം പഠിച്ചും വന്നിരിക്കുന്നതിനാൽ ക്രിസ്ത്യാനികൾ തങ്ങളുടെ ഒരു സഭാശുശ്രൂഷക്കും അയാളെ വിളിക്കാറില്ല. പോർട്ടുഗീസുകാരിൽനിന്നു് അയാൾക്കു കർബാനധർമ്മം കിട്ടുന്നുണ്ടു്. *നമ്മുടെ കുട്ടികൾ ലത്തീനും പോർട്ടുഗീസും പഠിക്കാതെ കൽദായഭാഷ മാത്രം പഠിച്ചാൽ അവർ കൂടുതൽ ശാന്തരായിരുന്നുകൊള്ളും.* ശരിയായ പ്രബോധനത്തിലും അനുഷ്ഠാനങ്ങളിലും പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ ഈ രാജ്യത്തെല്ലായിടത്തും ഉണ്ടായിരിക്കുകയും ചെയ്യും.



ഫാ. റോസിനു് ഉപയോഗിക്കാനുള്ള നിരവധി കൽദായ അഥവാ സുറിയാനി പുസ്തകങ്ങൾ ഞങ്ങൾക്കിവിടെയില്ല. പുസ്തകക്കച്ചവടക്കാരുടെ കൈകളിൽ എത്തിച്ചേരാനോ, വില്ക്കാനോ കത്തനാരന്മാർ ഒരു കാരണവശാലും സമ്മതിക്കുന്നില്ല. റോമിൽ നിന്നു് കുറേ പുസ്തകങ്ങൾ ലഭിക്കാൻ അങ്ങു് പരിശ്രമിക്കണം. അല്പം പഴയതാണെങ്കിലും പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ചില ഗ്രന്ഥങ്ങളെങ്കിലും കിട്ടിയാൽ വളരെ പ്രയോജനപ്രദമായിരിക്കും. കാരണം, വിവർത്തനത്തിനുപോലും ഇവിടൊരു കോപ്പി കാണാനില്ല. ഗ്രന്ഥങ്ങളുടെ അഭാവത്തെപ്പററി ഫാ. റോസ് വളരെയധികം വിലപിക്കുന്നു.

ഈ ക്രിസ്ത്യാനികളുടെ കാര്യങ്ങൾ പറഞ്ഞു് ഞാൻ അങ്ങയെ അസഹ്യപ്പെടുത്തുകയായിരുന്നു. കുറേ സഭാവാർത്തകൾ അറിയിച്ചുകൊണ്ടു് ഇതു ഞാൻ അവസാനിപ്പിക്കാം. സെമിനരിയിൽ നാലു് പാതിരിമാരുണ്ടു്: സുപ്പീരിയറായ ഫാ. ജോർജ്ജ് ദി കാസ്ത്രോ, ഫാ. റോസ്, ഫാ. അന്തോണിയോ തൊസ്കാനോ, ഫാ. ഗ്രാസ്യാ ഗാർചെസ്. ഈ മൂന്നുപേർക്കു മലബാർഭാഷ അറിയാം. ഫാ. റോസ് മലയാളത്തിൽ നന്നായി പ്രസംഗിക്കുന്നുണ്ടു്. മററു രണ്ടുപേർക്കു് ഇപ്പോഴേ കുമ്പസാരം കേൾക്കാം; അധികം താമസിയാതെ അവരും നാട്ടുഭാഷയിൽ പ്രസംഗിച്ചു തുടങ്ങും. ഈയാണ്ടിൽ വളരെ പ്രധാനപ്പെട്ട ഒരു നേട്ടം ഉണ്ടായി. മലബാർ ഭാഷയ്ക്കു് ഒരു വ്യാകരണഗ്രന്ഥം ഉണ്ടായി.[83] കിഴക്കേ കടൽത്തീരത്തു് മലബാർ-തമിഴു് സംസാരിക്കുമ്പോൾ ഈ ചേരരാജ്യത്തു് മലബാർ ഭാഷ സംസാരിക്കുന്നു. ഈ രണ്ടു ഭാഷകളും വളരെ വ്യത്യസ്തങ്ങളാണ്. ഇതിനു മുമ്പു് ഈ ഭാഷയിൽ ഒരു വ്യാകരണം എഴുതപ്പെട്ടിട്ടില്ല. ഭാഷ പഠിക്കേണ്ടിവന്നപ്പോൾ ഗാർചെസ് ഈ വ്യാകരണഗ്രന്ഥത്തിന്റെ നിയമങ്ങൾ എല്ലാം പഠിച്ചു. അദ്ദേഹം മററുള്ളവരുടെ സഹായം തേടി; നാട്ടുകാരും മററുള്ളവരും അദ്ദേഹത്തെ സഹായിച്ചു എന്നെനിക്കു കാണാൻ കഴിഞ്ഞു. അദ്ദേഹം പഠിച്ച സംഗതി അദ്ദേഹത്തിന്റെ സ്ഥിരപരിശ്രമംകൊണ്ടു് അദ്ദേഹം പൂർണ്ണമാക്കി. ഇപ്പോൾ അവർ ഒരു നിഘണ്ടു ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പുതുതായി വരുന്നവർക്കു് ഈ വ്യാകരണവും ഈ നിഘണ്ടുവും ഉപയോഗിച്ചു് ആറുമാസംകൊണ്ടു് വളരെ വേഗം ഈ ഭാഷ പഠിക്കാനും അവരുടെ ഭാഷയിൽ കുമ്പസാരം കേൾക്കാനും സാധിക്കും. ദൈവത്തിനുള്ള മറെറാരു സേവനമായിരിക്കും ഇതു്."[84]

83 ഗാർചെസ് പാതിരി രചിച്ച ഗ്രന്ഥം

84 J. Wicki — J. Gomes, *op. cit.* vol. 15, p. 491-503. കൊച്ചിൻ ജസ്വിട്ട് കോളേജ് റക്ടറായിരുന്ന ജറോം സേവ്യർ പാതിരി.

www.malankaralibrary.com

## 41

### *ജസ്വീട്ട് ജനറൽ ക്ലൗദിയോ അക്വവീവായ്ക്ക് മാനുവൽ കർവാളേല്ലാ പാതിരി 1593 ഡിസംബർ 20ന് എഴുതിയ കത്തിൽ നിന്ന്*

സുറിയാനി പഠിക്കാനായി കോയിംബ്ര്യയിൽനിന്ന് ഞാൻ ഈ മാർതോമാക്രിസ്ത്യാനികളുടെ ഇടയിലേക്കുവന്നു എന്ന കാര്യം അങ്ങ് അറിഞ്ഞുകാണുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഈ ഡിസംബർ മാസത്തിൽ, ഈ കാര്യത്തിനായി അവർ എന്നെ ഗോവായിൽ നിന്ന് ഇവിടേക്കയച്ചു. ഞാനാഗ്രഹിച്ചതു് എനിക്കു ലഭിച്ചതിനാൽ എനിക്കു വളരെ സന്തോഷമുണ്ട്. ഞാൻ മലയാളവും സുറിയാനിയും പഠിക്കാൻ തുടങ്ങി. ഞങ്ങൾക്കിവിടെ ഗ്രന്ഥങ്ങളില്ല; അതു വലിയൊരു പ്രശ്നമാണ്. അതുകൊണ്ട് ഞങ്ങൾക്കു സുറിയാനി വ്യാകരണഗ്രന്ഥങ്ങൾ അയച്ചുതരണമെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. സിറിയായിൽ ദീർഘകാലമായി താമസിച്ചിരുന്ന ഒരു ഫ്രാൻസിസ്കൻ ഫ്രയർ ഒരു പുസ്തകം അയച്ചുതരാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അതു് അച്ചടിച്ചുകഴിഞ്ഞെങ്കിൽ, ഈ സെമിനാരിക്ക് അതിന്റെ ഒരു കോപ്പി, വെനീസിലച്ചടിച്ച ഒരു ഹീബ്രു വ്യാകരണത്തോടൊപ്പം അയച്ച തരാൻ അങ്ങ് വേണ്ട നിർദ്ദേശം നൽകണം. ഇതു് അങ്ങു പരിഗണിക്കുന്നില്ലെങ്കിൽ ഞങ്ങൾക്കു പുസ്തകങ്ങൾ ഇല്ലാതെ വരും. കിട്ടുമെങ്കിൽ പഴയനിയമഗ്രന്ഥങ്ങളും വേണം. അലക്സാന്ദ്രിയാ വഴി മററാരെങ്കിലും വരുന്നതിനു മുൻപ് അങ്ങു വഴി ഒരു ലത്തീൻ ബിഷപ്പ് വളരെ വേഗം വന്നുചേരുക എന്നുള്ളതാണ് പ്രാധാന്യമേറിയ സംഗതി. ആരോടോ വരാൻ പറഞ്ഞെന്നു ഞങ്ങൾ കേൾക്കുകയുണ്ടായി. അതു് ഞങ്ങൾക്കു വളരെ ഉപദ്രവകരമായിരിക്കും.[85] ഫാ. കാസ്ത്രോ റോമിലേയ്ക്കു എഴുതുന്നുണ്ട്. ഈ കത്തുകൾ യഥാസമയം റോമിൽ എത്താൻ ഇടയാകട്ടെ. വളരെ തീക്ഷ്ണതയോടുകൂടെ ഈ സെമിനാരിയിലെ വിദ്യാർത്ഥികൾ പഠിക്കുന്നു; ഭാഷ അറിയാവുന്ന പാതിരിമാർ വളരെ പ്രയോജനപ്രദമായി അധ്വാനിക്കുന്നു.[86]

---

85 മാർ ശീമോൻ പോർട്ടുഗലിൽനിന്നു തിരികെ വന്നേക്കാം എന്ന കാര്യം.

86 J. Wicki, —J. Gomes, *Documenta Indica,* vol 16. Roma, 1984, p. 589-590. വൈപ്പിക്കോട്ട നിന്നാണ് ഈ കത്ത്.



## 42

### *ജസ്വീട്ട് ജനറൽ ക്ളൗദിയോ അക്വവീവായ്ക്ക് 1593 ഡിസംബർ 21 ന് ഫാ. റോസ് എഴുതിയ കത്തിൽ നിന്ന്*

നെസ്തോറിയുസിന്റെ പാഷണ്ഡതകൾ മൂലം വിരൂപമാക്കപ്പെട്ട ഈ സഭയ്ക്കു് നമ്മുടെ കർത്താവു് തന്റെ കാരുണ്യത്താൽ നിരവധി അനുഗ്രഹങ്ങൾ ചൊരിയുന്നതിനുള്ള സമയം സമാഗതമായി കഴിഞ്ഞു. കാരണം, ഈ മെത്രാന്റെ (മാർ അബ്രഹാമിന്റെ) ശാരീരികബലം കുറഞ്ഞുകൊണ്ടിരിക്കയാണ്. അദ്ദേഹത്തിന്റെ ആരോഗ്യനില വളരെ വഷളായിക്കൊണ്ടിരിക്കുന്നു; അദ്ദേഹം തന്റെ മരണത്തെ സമീപിച്ചിരിക്കുകയാണ്. നല്ല ഒരു കൽദായ മെത്രാനെ അയയ്ക്കണം. പരിശുദ്ധ പിതാവു് ഒരാളെ അയയ്ക്കണമെന്നു് പ്രൊവിൻഷ്യൽ ഫ്രാൻസിസ് കബ്രാളും ഫാ. കാസ്ത്രോയും അപേക്ഷിച്ചിട്ടുണ്ട്. അനേകം വർഷംകൊണ്ട് ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഈ കാര്യം സംശയമെന്യേ സാധിച്ചുതരണം.

ഈ സെമിനരിക്ക് കുറേ സുറിയാനി ഗ്രന്ഥങ്ങൾ അയച്ചുതരാമെന്ന് അങ്ങ് വാഗ്ദാനം ചെയ്തിരുന്നല്ലോ. ഞങ്ങൾക്കവ വളരെ ആവശ്യമാണ്. ഇവിടെ വളരെ കുറച്ചു പുസ്തകങ്ങളേ ഉള്ളു. *ഈ രാജ്യത്തെ സംബന്ധിച്ചുള്ള ലക്ഷ്യം സാധിക്കാൻ ഈ ഭാഷ വളരെ ആവശ്യമാണ്.* ഫാ. അബ്രഹാം ദി ജോർജ്ജ് വഴി കൊടുത്തയച്ച ഒരു പുതിയനിയമഗ്രന്ഥമല്ലാതെ മറ്റൊന്നും ഇതുവരെ ഇവിടെ കിട്ടിയിട്ടില്ല. മാറോനീത്തരുടെ സെമിനരിയിൽ സുലഭമായ ചില പുസ്തകങ്ങൾ അയച്ചുതരണമെന്ന് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. പ്രത്യേകിച്ച്, പഞ്ചഗ്രന്ഥം ഒഴികെയുള്ള പഴയനിയമഗ്രന്ഥങ്ങളും സുറിയാനി മല്പാന്മാരുടെ ചില കൃതികളും വേണം. അതുവഴി ഇവിടുപയോഗിക്കുന്ന നെസ്തോറിയരുടെ ഗ്രന്ഥങ്ങൾ കുഴിച്ചുമൂടാൻ സാധിക്കും. അതുകൊണ്ട് വൈദികരും സെമിനരി വിദ്യാർത്ഥികളും ഡീക്കനും ഇവ ആവശ്യപ്പെടുന്നുണ്ട്.[87]

---

87 *Ibid*. p. 591–2

www.malankaralibrary.com

## 43

## ജോർജ്ജ് കാസ്ത്രോ പാതിരി 1593 ഡിസംബർ 23 ന് ജസ്വിട്ട് ജനറൽ അക്വവീവായ്ക്ക് എഴുതിയ കത്തിൽനിന്ന്

''ഇവിടെ ഇപ്പോൾ അഞ്ചുവൈദികരാണുള്ളത്; കാരണം, മാറോനീത്താക്കാരൻ ഫാ. അബ്രഹാമിനെ പ്രൊവിൻഷ്യൽ എത്യോപ്യയിലേക്കയച്ചു ... വൈദികരും ഡീക്കൻമാരുമായി ഈ സെമിനരിയിലുള്ള മലബാർ വിദ്യാർത്ഥികളെ എന്റെ സഹപ്രവർത്തകർ പഠിപ്പിക്കുന്നു. അവർ സുറിയാനിയും സന്മാർഗ്ഗശാസ്ത്രവും വിശ്വാസ സംബന്ധമായ സംഗതികളും പഠിക്കുന്നു. ഈ രാജ്യത്ത് അവർ പിന്നീട് അവ പ്രസംഗിക്കുന്നതിനുവേണ്ടിയാണിത്. മറ്റൊരു പാതിരി ലത്തീൻ പഠിപ്പിക്കൽ തുടരുന്നു; അതിനു ഫലവും ഉണ്ട്... വലിയനോമ്പിലും ഇരുപത്തഞ്ചുനോമ്പിലും സെമിനരിയിലെ ചില പാതിരിമാർ വിവിധ പള്ളികളിൽപോയി ശുശ്രൂഷകൾ നടത്തുന്നു; അതു നല്ല ഫലം പുറപ്പെടുവിക്കുന്നുണ്ട്. വളരെ സന്തോഷത്തോടുകൂടിയാണ് ജനങ്ങൾ പ്രബോധനം സ്വീകരിക്കുന്നതും, അർമേനിയൻ മെത്രാന്മാരുടെ പരിതാപകരമായ അനാസ്ഥമൂലം ഇപ്പോൾ വരെ തങ്ങൾ എന്തിൽ ജീവിച്ചോ, ആ തെറ്റുകളും അജ്ഞതയും അവ്യക്തതകളുമെല്ലാം ഉപേക്ഷിക്കുന്നതും. നമ്മുടെ പ്രബോധനം സ്വീകരിക്കാതിരിക്കാൻ, അവരെ അകറ്റാനായി സർവ്വശക്തിയോടുംകൂടിയാണ് ഇപ്പോൾ അവർ (മാർ അബ്രഹാമും അനുയായികളും) പരിശ്രമിക്കുന്നത്. എന്നാൽ ഈ കാര്യങ്ങളിലെല്ലാം ദൈവം തന്റെ ശക്തമായ കരത്താൽ നമ്മെ സഹായിക്കുന്നു; കാരണം, മേല്പറഞ്ഞ മെത്രാന്റെ ഇംഗിതത്തിനു വിരുദ്ധമായി പല സ്ഥലങ്ങളിൽനിന്നും ജനങ്ങൾ നമ്മുടെ സേവനം ആവശ്യപ്പെടുന്നു. അക്രൈസ്തവ രാജാക്കന്മാരും ഞങ്ങളെ ക്ഷണിക്കുന്നു. സഭയുടെ ശത്രുക്കൾക്കെതിരായി അവർ ഞങ്ങളെ പിൻതുണയ്ക്കുകയും ചെയ്യുന്നു. എന്നാൽ പരിചയസമ്പത്തില്ലാത്ത ചില സന്യാസികൾ (ഫ്രാൻസിസ്കൻ), സഭയ്ക്കെതിരെ കലഹമുണ്ടാക്കുന്ന ചില മലബാറുകാരെ പിൻതുണയ്ക്കുകയും അർമേനിയൻ മെത്രാന് സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തുകൊണ്ട് യാതൊരു പരിഗണനയും കൂടാതെ ഇവിടെ പിളർപ്പുണ്ടാകുന്നു എന്നതും വിസ്മരിച്ചുകൂടാ. സഭയെക്കുറിച്ച് പരിഗണനയോ



അനുസരണയോ ഇല്ലാതെ അവർ അവരെ പിൻതുണയ്ക്കുന്നു. പരസ്നേഹത്താൽ എന്നതിൽ കൂടുതൽ വിദ്വേഷത്താൽ പ്രേരിതമായാണ് അവർ ഇപ്രകാരം പ്രവർത്തിക്കുന്നത്. പട്ടണങ്ങളിലുള്ള അവരുടെ ആശ്രമങ്ങളിൽ അവർ അടങ്ങിയൊതുങ്ങി കഴിഞ്ഞിരുന്നെങ്കിൽ അവക്കു പരസ്നേഹം ഉണ്ടെന്നു പറയാമായിരുന്നു. അവരാരും ഈ ക്രിസ്ത്യാനികളുടെ ഇടയിൽ പാക്കുന്നില്ല; അവക്കാർക്കും അവരുടെ മലയാളഭാഷയോ, സുറിയാനിഭാഷയോ അറിയില്ല. ഈ ക്രമരാഹിത്യം മൂലം ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും ഒരുപോലെ വളരെയധികം ഇടർച്ച ഉണ്ടായിരിക്കുകയാണ്. ഇപ്പോൾ നുഴഞ്ഞുകയറ്റക്കാരനും കള്ളമെത്രാനുമായ മാർ ശീമോനെ വരുത്താം എന്നു ധിക്കാരപൂർവ്വം അവർ വാഗ്ദാനം ചെയ്യുന്നു. അയാൾ ഇപ്പോൾ പോർട്ടുഗലിലാണ്; എല്ലാ വർഷവും അയാൾ ഈ ക്രിസ്ത്യാനികൾക്ക് കത്തുകളയയ്ക്കാറുണ്ട്.

ഈ സെമിനരിയിൽ പഠിക്കുകയും സുകൃതത്തിൽ പുരോഗമിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന വൈദികർ താല്പര്യപൂർവ്വം സൊസൈറ്റിയുടെ ആദ്ധ്യാത്മികാനുഷ്ഠാനങ്ങൾ ആചരിക്കുന്നു. അവർക്കതിൽ വളരെ പുരോഗതിയും കരുതലും ഉണ്ട്. അവരുടെ സ്ഥലങ്ങളിൽ പോകുമ്പോൾ ഇപ്രകാരം പഠിപ്പിക്കാൻ അവർ വളരെ ശ്രദ്ധിക്കുന്നു. മലബാറിലെ വൈദികരെക്കാൾ അവർ സൊസൈറ്റിയിലെ സന്യാസികളെപ്പോലെയാണ്. ഞങ്ങൾ എണ്ണത്തിൽ കുറവും ജോലികളിൽ മുഴുകിയിരിക്കുന്നവരും ആകയാൽ, ഞങ്ങൾക്കു ചെയ്യാൻ കഴിവില്ലാത്ത അനേക കാര്യങ്ങളിൽ ദൈവകൃപയാൽ അവർ ഞങ്ങളെ സഹായിക്കുന്നു.'' [88]

88 *Ibid*. p. 592-5. വൈപ്പിക്കോട്ട സുപ്പീരിയർ ആയിരുന്ന ജോർജ്ജ് കാസ്ത്രോ പാതിരി.

www.malankaralibrary.com

## 44

### ജസ്വിട്ട് ജനറൽ അക്വവീവായ്ക്ക് ഫാ. റോസ് 1593 ഡിസംബർ 24 ന് എഴുതിയ കത്തിൽനിന്ന്

''ഇൻഡ്യയിലെ പ്രൊക്കുറേറ്റർ ആയിരുന്ന ഫ്രാൻസിസ് മോന്തേകാർലോ പാതിരി അവിടെ (റോമിൽ) വന്നെങ്കിലും, ഈ മുന്തിരിത്തോട്ടത്തെപ്പറ്റിയും അവരുടെ നെസ്തോറിയൻ മെത്രാനെപ്പറ്റിയും[89] ലിഖിതരൂപത്തിൽ കൊണ്ടുപോയിരുന്ന വിവരങ്ങൾ അങ്ങയെ ധരിപ്പിച്ചില്ല. കൊടുങ്ങല്ലൂരുള്ള ഫ്രാൻസിസ്കൻ സന്യാസികൾ ഭാഷയും പുസ്തകങ്ങളും അറിയാതെ, നാം സന്യാസികളല്ല, സാധാരണ വൈദികരാണ് എന്ന് ജസ്വിട്ട് സൊസൈറ്റിയെപ്പറ്റി പറഞ്ഞുകൊണ്ട്, ഇപ്പോഴും ആർച്ചുബിഷപ്പിനെ പിൻതുണയ്ക്കുന്നു. നമുക്കതിൽ ഒരു ചുക്കുമില്ല; എന്നാൽ ജനങ്ങൾക്കുണ്ടാകുന്ന ഇടർച്ചയാണു ഭയങ്കരം! എന്നാൽ മാർപ്പാപ്പാ ഈ രാജ്യത്തേക്കു് ഒരു മെത്രാനെ അയയ്ക്കാനുള്ള നടപടികൾ അങ്ങ് സ്വീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അയാൾ ഒരു ലത്തീൻകാരനോ പോർട്ടുഗീസുകാരനോ ആണെങ്കിൽ അവർക്കെങ്ങനെ സ്വീകരിക്കാൻ കഴിയും എന്ന് എനിക്കറിയില്ല. മുകളിൽ പറഞ്ഞ ആർച്ചുബിഷപ്പിനും അയാളുടെ അനുയായികൾക്കും എതിരായി നടപടിയെടുക്കാൻ മാർപ്പാപ്പാ ഒരു ഇൻക്വിസിറ്ററെ അയയ്ക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ ക്രിസ്ത്യാനികൾക്കുള്ള നിരവധി ആനുകൂല്യങ്ങളോടുകൂടി നമ്മുടെ കർത്താവ് ഈ സഭയെ തനിക്കായി ഒരു പറുദീസാ ആക്കട്ടെ. സദയം പഴയനിയമവും സുറിയാനി വ്യാകരണവും ഞങ്ങൾക്ക് അയച്ചുതരിക. ഞങ്ങൾക്കിവിടെ പുതിയനിയമവും പഞ്ചഗ്രന്ഥവും ഉണ്ട്. ഇതും സങ്കീർത്തനവും കൂടാതെ ഞങ്ങൾക്കിവിടെ മറ്റൊരു നല്ല കാര്യവും ഇല്ല.''[90]

89. മാർ അബ്രഹാം.
90. *Ibid.* p. 596-7. വൈപ്പിക്കോട്ടയിൽ നിന്ന് എഴുതിയത്.



## 45

### ജസ്വിട്ട് ജനറൽ അക്വവീവായ്ക്ക് ആന്റണി തൊസ്ക്കാനോ പാതിരി 1593 ഡിസംബർ 28 ന് അയച്ച കത്തിൽനിന്ന്

ഞാൻ സെമിനരിയിലെ വിദ്യാർത്ഥികളെ ഇക്കഴിഞ്ഞ അഞ്ചാറു വർഷമായി ലത്തീൻ പഠിപ്പിക്കുകയായിരുന്നു.[91] ആറുവർഷം മുമ്പ് ദിവ്യമായ അനുസരണം എന്നെ ഈ സ്ഥലത്തേയ്ക്കയച്ചു; ഇവിടെ ഇരുപതോ മുപ്പതോ ലീഗ് വിസ്തീർണ്ണത്തിൽ പതിനയ്യായിരം മാർതോമാ ക്രിസ്ത്യാനികൾ ഉണ്ട്. മുഹമ്മദീയർ, ഹിന്ദുക്കൾ, മറ്റ് ഇൻഡ്യാക്കാർ എന്നിവരുടെ ഇടയിൽ വിവിധ രാജ്യങ്ങളിലായി അവർ ജീവിക്കുന്നു. ദൈവകൃപയാൽ ശ്ലീഹാ മാനസാന്തരപ്പെടുത്തിയവർക്ക് ബലിയാലുമായുള്ള അവരുടെ ഇടപാടുകൾകൊണ്ടും ബന്ധപ്പെടൽകൊണ്ടും ധാരാളം വൻ അപകടങ്ങൾ ഉണ്ടായിരിക്കുകയും അവരുടെ (അക്രൈസ്തവരുടെ) ചീത്ത അനുഷ്ഠാനങ്ങളും ദുരാചാരങ്ങളും പഠിക്കുകയും ചെയ്യെങ്കിലും ആരും തന്നെ ഇക്കഴിഞ്ഞ 1500 വർഷത്തോളം ഇന്നുവരെ വിശ്വാസം ഉപേക്ഷിച്ചിട്ടില്ല. കൂടാതെ, അവരെ നയിക്കാനായി തീക്ഷ്ണമതികളായ മെത്രാന്മാരോ വിവേകമതികളായ ഇടയന്മാരോ അവർക്കില്ല. പിന്നെയോ, തങ്ങളുടെ ആടുകളെപ്പറ്റി വേണ്ടത്ര പരിഗണന ഇല്ലാത്ത കൂലിവേലക്കാരാണ് അവർക്കുള്ളത്. ചേരരാജ്യത്തുള്ള ഇരുനൂറോളം വരുന്ന വൈദികരെല്ലാവരും അറിവില്ലാത്തവരാണ്. അവരുടെ ആർച്ചുബിഷപ്പിന് സുറിയാനിയല്ലാതെ മറ്റൊന്നും അറിവില്ല; അദ്ദേഹത്തിനു സുറിയാനിഭാഷ നന്നായറിയാം. വൈദികർക്കും സുറിയാനിയിൽ സാമാന്യജ്ഞാനമുണ്ട്. എന്നാൽ ധാർമ്മികശാസ്ത്രം തുടങ്ങിയ മറ്റു ശാസ്ത്രവിഷയങ്ങളൊന്നും അവർക്കറിയില്ല.

രക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ അജ്ഞരായ ഈ ആളുകളെ എപ്രകാരം നന്നായി പഠിപ്പിച്ച് പ്രബുദ്ധരാക്കാം എന്ന് അങ്ങ് കാണുന്നുവല്ലോ. വൈദികരുടെയും അൽമായരുടെയും അജ്ഞത വളരെ പരിതാപകരമായ അവസ്ഥയിലാണ്. ഈ പാവപ്പെട്ട

91. വൈപ്പിക്കോട്ട സെമിനരിയിലെ ലത്തീൻ ഭാഷാദ്ധ്യാപകനായിരുന്ന തൊസ്ക്കാനോ പാതിരി.

www.malankaralibrary.com

വൈദിക സ്ഥാനികളിൽ ചിലർക്ക് പത്തോ പതിനഞ്ചോ വയസ്സു മാത്രം പ്രായമുള്ളു. സങ്കീർത്തനങ്ങളും അവരുടെ നിരവധി പ്രാർത്ഥനകളും മനസ്സിലാക്കാതെ ചൊല്ലാനല്ലാതെ, മറ്റൊന്നും അവർക്കറിയില്ല. ഞാൻ കണ്ടതുപോലെ, അവരിൽ അനേകർക്ക് എഴുതാൻ അറിയില്ല. എന്നാൽ ഇപ്പോൾ, നമ്മുടെ സെമിനരിയിൽ സുറിയാനി പഠിപ്പിക്കുന്ന ഫാ. റോസിൻെറ നേതൃത്വവും താല്പര്യവും കൊണ്ട് രണ്ടോ മൂന്നോ വിദ്യാർത്ഥികൾ സുറിയാനി നന്നായി പഠിക്കുന്നുണ്ട്. അവർക്കു സുറിയാനിഭാഷ മതിയാംവണ്ണം അറിയാം; സെമിനാരിക്കു പുറത്തുള്ള ഏതൊരാളേക്കാളും നന്നായിട്ട് അവർ സുറിയാനി കൈകാര്യം ചെയ്യും. എന്നാൽ അച്ചടിച്ച പുസ്തകങ്ങൾ കിട്ടാനില്ല എന്ന വലിയ അസൗകര്യം ഉണ്ട്. കാനോനാ നമസ്കാരം ചൊല്ലാനും കുർബാന ചൊല്ലാനും പഠിക്കാനുമായി പകർത്തിയെഴുതി അവരുടെ സമയം മുഴുവൻ അവർ ചെലവഴിക്കുന്നു. പഠനത്തിനും മറ്റു ജോലികൾക്കുമായി കൂടുതൽ സമയം ചെലവഴിക്കാൻ അവർക്കു സാധിക്കുന്നില്ല. ഇപ്രകാരം അവർ ചെയ്യുന്നില്ലെങ്കിൽ അവർക്കു പഠിപ്പിക്കാനും പ്രാർത്ഥന ചൊല്ലാനും ഒരു പുസ്തകവും കാണില്ല. ഇക്കാരണത്താൽ നാം പഠിക്കുന്നത്ര അവർ പഠിക്കുന്നില്ല. പൊതുവേ അവർക്ക് ആവശ്യത്തിനു പുസ്തകങ്ങളില്ല; അതുകൊണ്ട് കാനോനാ നമസ്കാരം അവർ പള്ളികളിലേ ചൊല്ലാറുള്ളു. അവിടെത്തന്നെയും പൊതുവായ ഉപയോഗത്തിന് കുറേ വളരെ പഴയ പുസ്തകങ്ങൾ മാത്രമേയുള്ളു. എന്തെങ്കിലും ജോലിമൂലമോ മറ്റെന്തെങ്കിലും കാരണത്താലോ അല്ലെങ്കിൽ യാത്രയിലായിരിക്കുന്നതിനാലോ പള്ളിയിൽ പോകാൻ സാധിക്കുന്നില്ലെങ്കിൽ അവർ അവരുടെ പ്രാർത്ഥനകൾ ചൊല്ലാറില്ല. കൂടാതെ പുസ്തകങ്ങളില്ലാത്തതും ഒരു കാരണമാണ്. അവർക്ക് വിശുദ്ധ ഗ്രന്ഥത്തിലെ എല്ലാ പുസ്തകങ്ങളുമില്ല; അതുപോലെ നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ ഗ്രന്ഥങ്ങളുമില്ല; പിന്നെയോ നിരവധി തെറ്റുകളോടുകൂടി അവരുടെ മല്പാന്മാരുടെ ചില പുസ്തകങ്ങൾ മാത്രമേ അവർക്കുള്ളു. അവർക്ക് ധാർമ്മികശാസ്ത്രമോ, പ്രസംഗമോ പ്രബോധനമോ ഇല്ല. അവരുടെ സഭാശുശ്രൂഷ അനുസരിച്ചുള്ള കാര്യങ്ങളിൽ പ്രബോധനം ലഭിക്കണമെങ്കിൽ അവർക്കു പുസ്തകങ്ങൾ ഉണ്ടായിരിക്കുക അത്യാവശ്യമാണ്. വളരെയധികം സമയം എടുത്ത് അവ പകർത്തിയെഴുതേണ്ടിയിരിക്കുന്നു. അതു വളരെ ശ്രമകരമാണ്. അവ അച്ചടിക്കാമെന്നു വച്ചാൽ അത് ഏതാണ്ട് അസാദ്ധ്യകാര്യമാണ്; കാരണം, അച്ചടിക്ക് അക്ഷരവും അച്ചും ഉണ്ടാക്കാനും മറ്റു ചിലവുകൾക്കും ആയി ആയിരക്കണക്കിനു *ഡുക്കാദോസ്*[92] വേണ്ടിവരും. ഞങ്ങൾ 1000 ഡുക്കാദോസ് കടത്തിലാകയാൽ ഞങ്ങളുടെ ഭക്ഷണത്തിനാവശ്യമായ പണംപോലും

92. പോർട്ടുഗീസ് നാണയം



ഞങ്ങളുടെ കൈയിലില്ല. അതുകൊണ്ട് വൈദികർ ലത്തീൻ പഠിക്കുക വളരെ അത്യാവശ്യമാണെന്ന് എനിക്കു തോന്നുന്നു; എന്നാൽ അവർ കൊച്ചിയിൽ പോകാൻ പാടില്ല. ഈ കോളേജിലെ റെക്ടറുടെ പ്രത്യേകാനുവാദം കൂടാതെ ഈ സെമിനാരിയിലെ വിദ്യാർത്ഥികളെ മറ്റു രൂപതകളിൽ സ്വീകരിക്കരുതെന്ന് കല്പിക്കുന്ന ഒരു കത്ത് അങ്ങ് സമ്പാദിക്കണം. കാനോനാ നമസ്കാരവും കുർബാനയും ചൊല്ലാൻ കഴിവുണ്ടാകുന്നതിനും മറ്റ് പൊതുവായ സഭാശുശ്രൂഷകൾക്കും വേണ്ടി നമ്മുടെ ഈ ലത്തീൻ വിദ്യാർത്ഥികൾ അല്പം സുറിയാനിയും പഠിക്കട്ടെ. അങ്ങനെയാണെങ്കിൽ ഈ ക്രിസ്ത്യാനികളുടെ ഇടയിൽ അവർ നന്നായി സ്വീകരിക്കപ്പെടും. അതിനധികം സമയമൊന്നും ആവശ്യമില്ല. സുറിയാനി പുസ്തകങ്ങളും മറ്റു കാര്യങ്ങളും ഒന്നും അതിന് ആവശ്യമില്ല; കാരണം അവർക്കു ലത്തീനുണ്ടല്ലോ. ചത്തു പണിയെടുത്ത് മുഴുവൻ സമയവും പകർത്തിയെഴുതേണ്ട ആവശ്യവും ഇല്ല. അതുപോലെ സെമിനാരിയിലെ മറ്റ് ബുദ്ധിമുട്ടുകളും മാറിക്കിട്ടും; അതായത്, ഒന്നിച്ചു താമസിക്കുകയും വിവിധ വിഷയങ്ങൾ പഠിക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾ തമ്മിലുള്ള മത്സരവും ഒഴിവാക്കാം. ജനങ്ങൾ സുറിയാനി ഉപയോഗിക്കുന്നതിനാൽ, വിദ്യാർത്ഥികൾ ലത്തീൻ മാത്രം പഠിച്ചാൽ ജനങ്ങൾക്ക് അവർ സ്വീകാര്യരായിരിക്കയില്ല. അതുപോലെ ലത്തീൻകൂടാതെ സുറിയാനി മാത്രം പഠിച്ചാലും പോരാ. കാരണങ്ങൾ : – 1, പുസ്തകങ്ങളുടെ അഭാവം. 2. പുതുതായി വരുന്ന പാതിരിമാർക്ക് ലത്തീനല്ലാതെ സുറിയാനി അറിയില്ല; അവർ ഭാഷയുടെ വിവിധ കാലങ്ങളും (ഭൂതം, ഭാവി, വർത്തമാനം) അവസ്ഥകളും (Indicative, subjunctive) പഠിക്കണം. 3. അവർ ഇതിനോടകം ലത്തീൻ പഠിച്ചു കഴിഞ്ഞു; ചിലർ നാലുവർഷം മുൻപ് തുടങ്ങി; മറ്റുള്ളവർ മൂന്ന്; മറ്റു ചിലർ രണ്ട്; വളരെയധികം സമയം എടുത്തു പഠിച്ച ലത്തീൻ മറക്കുന്നത് നന്നല്ല. 4. നമ്മുടെ കുർബാനയും പെരുന്നാളുകളും വിശുദ്ധരോടുള്ള ഭക്തിയും ഒക്കെ ഈ ക്രിസ്ത്യാനികൾക്കു വളരെ ആവശ്യമാണ്. അവർ ലത്തീൻ പഠിക്കുകയും പാട്ടുകുർബാന, ഹാശാആഴ്ചയിലെ ശുശ്രൂഷകൾ, കുർബാനയുടെ ആരാധന, പുല്ക്കൂട് തുടങ്ങി റോമാസഭയിലെ ചടങ്ങുകളിൽ പങ്കുകൊള്ളുകയും വേണം. ഇതറിഞ്ഞുകൊണ്ട് ജപ്പാനിലെ ബിഷപ്പ്[93] പ്രൊവിൻഷ്യൽ ആയിരുന്നപ്പോൾ[94] പണച്ചെലവുള്ളതാണെങ്കിലും അപ്രകാരം ചെയ്യാൻ നിർബന്ധിക്കുകയുണ്ടായി.[95] മേല്പറഞ്ഞ ചടങ്ങുകൾക്കുള്ള ശുശ്രൂഷ

93. പെഡ്രോ മാർട്ടിൻസ്.

94. 1587-92

95. ലത്തീനീകരണം പ്രോത്സാഹിപ്പിച്ച ആളായിരുന്ന ഈ ജസ്വിട്ട് പാതിരി.

www.malankaralibrary.com

കൾക്കും പാട്ടുകൾക്കും ലത്തീൻ വിദ്യാർത്ഥികളില്ലെങ്കിൽ ഇതു സാധ്യമാകില്ല. 5. ലത്തീൻ കർബാനസ്സു ഞങ്ങൾക്കു ശുശ്രൂഷകരില്ല; തൈലം പൂശലിനും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾക്കും ഞങ്ങൾക്കു സഹായകരുമില്ല. പലപ്പോഴും വൈദികർ തന്നെയാണ് സഹായികളായി വർത്തിക്കുന്നത്. അവർക്ക് റോമാസഭയെപ്പററി ഒരു തെററായ ധാരണയുണ്ട്.

ഓരോരുത്തരും താല്പര്യമുള്ളതു പഠിക്കട്ടെ എന്ന അഭിപ്രായമാണ് ഇതു കണ്ടപ്പോൾ വലിഞ്ഞാനോ പാതിരിക്കുണ്ടായിരുന്നത്.[96] ആരെയും ലത്തീൻ ഭാഷയ്ക്കോ സുറിയാനിഭാഷയ്ക്കോ വേണ്ടി നിർബന്ധിക്കാൻ പാടില്ല; അങ്ങനെ ഇന്നുവരെ തുടർന്നു. ഇപ്പോൾ ഇതിൻെറ ഫലമായി ഈ ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളും ശ്രദ്ധയിൽ പെട്ടു. ഇതു പരിഹരിക്കാൻ വിദ്യാർത്ഥികളെ യോജിപ്പിക്കേണ്ടിയിരിക്കുന്നു; അതിന് എല്ലാവരും പ്രഥമവും പ്രധാനവുമായി ലത്തീൻ ഭാഷ പഠിക്കണം; ഈ ക്രിസ്ത്യാനികൾക്ക് പ്രയോജനകരമായ ഭാഷ എന്ന നിലയിലും അനുബന്ധം കണക്കെയും സുറിയാനിയും പഠിക്കണം. അങ്ങനെ ഈ പ്രശ്നം പരിഹരിക്കാം. പക്ഷേ അങ്ങാണ് ഇതു തീരുമാനിക്കേണ്ടത്''.[97]

## 46

## ഫാ. റോസ് 1594 ഡിസംബർ 30ന് മാർ അബ്രഹാമിനെപ്പററി എഴുതിയ രേഖ

ചേരരാജ്യത്തുള്ള കൽദായ പുസ്തകങ്ങളിലെ തെററുകളും പാഷണ്ഡതകളും തിരുത്തണമെന്ന് അങ്കമാലി ആർച്ചുബിഷപ്പ് മാർ അബ്രഹാമിനെ അനേകം പ്രാവശ്യം ഉപദേശിക്കുകയും താക്കീതു നൽകുകയും ചെയ്തിട്ടും അദ്ദേഹം തന്നെയോ മററാരും വഴിയോ ഒരിക്കലും അപ്രകാരം ചെയ്തില്ല. താഴെപ്പറയുന്നവയാണ് തെററുകളും പാഷണ്ഡതകളും:

96. അലക്സാണ്ടർ വലിഞ്ഞാനോ പാതിരി 1583-7 ൽ ഗോവൻ പ്രൊവിൻഷ്യൽ ആയിരുന്നു.

97. J. Wicki - J. Gomes, *Ibid.* 16. p. 598-602.



1. കത്തോലിക്കാ പ്രൊഫസർമാർ പറയുന്നതുപോലെ ''ദൈവികവചനം അവതരിച്ചില്ല'' എന്ന്, ദൈവികശക്തി ഗ്രഹിക്കാതെയും വിശുദ്ധഗ്രന്ഥങ്ങൾ മനസ്സിലാക്കുന്നതിൽ തെററിലകപ്പെട്ടും (പഠിപ്പിക്കുന്നു).
2. ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ട് *സുപ്പോസിതാ* ഉണ്ട്.
3. യേശുവും അമ്മാനുവേലും വ്യത്യസ്ത *സുപ്പോസിതാ*യാണ്.
4. യേശുക്രിസ്തു ഇപ്പോൾ സ്വഭാവത്താലെ ദൈവമല്ല, ദൈവത്തിൻെറ ആലയമാണ്.
5. കന്യകമറിയം ദൈവത്തെ പ്രസവിച്ചില്ല, പിന്നെയോ, ഒരു പാവപ്പെട്ട മനുഷ്യനെ മാത്രമേ പ്രസവിച്ചുള്ളു.
6. മരണശേഷം കന്യകാമറിയത്തിൻെറ ശരീരം ശ്ലീഹന്മാരും മാലാഖാമാരുടെ നിരകളുംകൂടി ഭൗമികപറുദീസായിലേയ്ക്കു വായുവിൽ സംവഹിച്ചു. അവസാനവിധിദിവസംവരെ അത് അവിടെയായിരിക്കും.
7. വിധിദിവസംവരെ നീതിമാന്മാരുടെ ആത്മാക്കൾ സ്വർഗ്ഗത്തിലേക്കു കരേറുകയില്ല.
8. കന്യകമറിയത്തെ കൂടാതെ മറിയത്തിൻെറ ഭർത്താവായ യൗസേപ്പിന് വാസ്തവത്തിൽ മററൊരു ഭാര്യ ഉണ്ടായിരുന്നു.
9. മാലാഖയുടെ മംഗലവാർത്ത ജറുസലേമിൽവച്ചാണു നടന്നത്.
10. ഉണ്ണിയേശുവിനെ ആരാധിച്ചതുവഴി വിദ്വാന്മാർ ഒന്നും നേടിയില്ല. ആരാധനയ്ക്കുശേഷവും അവർ യേശുവിൽ വിശ്വസിച്ചില്ല.
11. കത്തോലിക്കാ മല്പാനായ മാർ അപ്രേം നെസ്തോറിയുസിൻെറ കാലടികൾ പിൻതുടർന്നു.
12. ബാബിലോണിയാക്കാർക്കെതിരായി കോൺസ്ററൻൈറൻ രാജാവ് യുദ്ധത്തിനു പോയപ്പോൾ, താൻ വിജയശ്രീലാളിതനായി തിരിച്ചു വരുന്നതിന് നെസ്തോറിയസുമായി ഒരു പ്രതിജ്ഞ ചെയ്തു.
13. മാർ യൗസേപ്പ് ഉണ്ണിയേശുവിനെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്തു; യേശു നിരവധി കുസൃതികൾ ചെയ്തുകൂട്ടുകയും ഉപദ്രവങ്ങൾ ചെയ്യുകയും ചെയ്തതിനാലാണ് അദ്ദേഹം അവനോട് ഇപ്രകാരം പ്രവർത്തിച്ചത്.

www.malankaralibrary.com

14. മുകളിൽ പറഞ്ഞ യൗസേപ്പിനെ ഉണ്ണിയേശു പ്രകോപിപ്പിച്ചു; യൗസേപ്പ് അവനെ കൈയ്ക്കു പിടിച്ചു വലിച്ചു കൊണ്ടുപോയി.

15. അവൻ യേശുവിനെ പഠിപ്പിക്കാനായി മിക്കപ്പോഴും സ്കൂളിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

16. പിതാവായ ദൈവവും മനുഷ്യനായിത്തീർന്നു എന്നു തുടങ്ങിയ മററു കാര്യങ്ങൾ.

ചേരരാജ്യത്തെ പുസ്തകങ്ങളിൽ കണ്ടവയും പലപ്പോഴും വായിച്ചവയും ആണിവ. അവ ചില വൈദികരുടെ പക്കലുണ്ട്. പള്ളികളിൽ വായിക്കാൻ പരസ്യമായി വച്ചിട്ടുമുണ്ട്. പ്രത്യേകിച്ച് പാഷണ്ഡിയായ ഒരു നെസ്തോറിയൻ ബിഷപ്പുണ്ടാക്കിയതും അവരുപയോഗിക്കുന്നതുമായ സുവിശേഷത്തിലെ വായനയിൽ, നിരവധി പാഷണ്ഡതകളും കെട്ടുകഥകളും പച്ചക്കള്ളങ്ങളും, ഇത്തരം പ്രസ്താവനകളും കാണാം.

പരിശുദ്ധാത്മാവ് പുത്രനിൽനിന്നു പുറപ്പെടുന്നു എന്ന് പ്രതിപാദിക്കുകയും തെളിയിക്കുകയും ചെയ്യുന്ന ഒരു പുസ്തകവും മുകളിൽ പറഞ്ഞ, ചേരരാജ്യത്തെ ആർച്ചുബിഷപ്പിന്റെ പക്കലുണ്ട്. നെസ്തോറിയുസിന്റെ മറെറാരു പുസ്തകവും ഉണ്ട്. മനുഷ്യപ്രകൃതിയുടെ ശിക്ഷകൾ ഉത്ഭവപാപം മൂലമല്ല എന്ന് അതിൽ പറഞ്ഞിരിക്കുന്നു; അത് വിശുദ്ധഗ്രന്ഥത്തിന് (റോമാക്കാർക്കുള്ള ലേഖനത്തിന്) എതിരാണ്. അതുപോലെ കാനോനിക ലേഖനങ്ങളിൽ, നെസ്തോറിയുസിന്റെ സഭകൾക്കെതിരായി ഉദ്ധരിക്കാവുന്ന എല്ലാ ഭാഗങ്ങളും, 'രക്തം ചിന്തൽ വഴി മരിച്ചു' എന്ന് ദൈവത്തിന് ആരോപിച്ചിരിക്കുന്ന ഭാഗങ്ങളും നെസ്തോറിയുസ് തിരുത്തിയിരിക്കുന്നു. ഇതെല്ലാം ഞാൻ കണ്ടതും വായിച്ചതുമാണ്; ഈ പുസ്തകങ്ങൾ ഇപ്പോഴും ഉള്ളവയാണ്.

ആർച്ചുബിഷപ്പും ചേരരാജ്യത്തെ മൂന്നാല് ആളുകളുംകൂടി രഹസ്യമായി എല്ലാവർഷവും നെസ്തോറിയുസിന്റെ പെരുന്നാൾ ആഘോഷിക്കുകയും അദ്ദേഹത്തിന്റെ ഓർമ്മ കൊണ്ടാടുകയും ചെയ്യുന്നു എന്ന്, ആർച്ചുബിഷപ്പ് ഗോവായിലായിരുന്നപ്പോൾ, അറിയാതെ നെസ്തോറിയുസിന്റെ തെററിൽ ഉൾപ്പെട്ടിരുന്ന ഒരു കത്തനാർ എന്നോടു പറയുകയുണ്ടായി. ചേരരാജ്യത്തുടനീളം മൊപ്സുവെസ്ത്യായിലെ തിയഡോറിന്റെയും, ദിയദോറിന്റെയും നെസ്തോറിയുസിന്റെയും പെരുന്നാളുകൾ എല്ലാവർഷവും ആഘോഷിക്കാറുണ്ട്.



അതുപോലെ അവർ കത്തോലിക്കാ മല്പാന്മാരുടെയും പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുകളിൽ പറഞ്ഞ പാഷണ്ഡികളെ വളരെ പ്രകീർത്തിച്ചുകൊണ്ട് അവരുടെ ബഹുമാനാർത്ഥമാണ് വായനകൾ ക്രമീകരിച്ചിരിക്കുന്നത്. 'ദൈവം മനുഷ്യകുലത്തിനുവേണ്ടി മരിച്ചില്ല' എന്ന് അവരുടെ ഇടയിൽ ഒരു ചൊല്ലുണ്ട്. മുകളിൽ പറഞ്ഞ പാഷണ്ഡചിന്തകൾക്കു വിപരീതമായി വിശ്വസിക്കുന്നവർക്കെല്ലാം ദൈവകോപം ഉണ്ടാകട്ടെ എന്ന് അവർ അപേക്ഷിക്കുന്നു. റോമിനെ അവർ 'കൽദായരുടെ ഊർ' എന്നു വിളിക്കുന്നു. നെസ്തോറിയുസിനെ എതിർക്കുകയും എഫേസോസ് കൗൺസിലിൽ ആധ്യക്ഷ്യം വഹിക്കുകയും ചെയ്ത സിറിലിന്റെ അസൂയമൂലമാണ് നെസ്തോറിയുസ് പീഡിപ്പിക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തത് എന്ന് അവർ പറയുന്നു. വി. സിറിൽ മാത്രമല്ല അദ്ദേഹത്തെ പീഡിപ്പിച്ചത്; പിന്നെയോ, അദ്ദേഹത്തിന്റെ കൂടെയുള്ളവരുടെ അസൂയനിമിത്തവും അദ്ദേഹം പീഡിപ്പിക്കപ്പെട്ടു. അവർ വി. സിറിലിനെ 'സാത്താന്റെ ദാസൻ' എന്നു വിളിക്കുന്നു. നാലാം പീയൂസിന്റെ കാലത്ത് റോമിൽവച്ച് മുകളിൽ പറഞ്ഞ ആർച്ചുബിഷപ്പ് സ്വന്തം കൈപ്പടയിൽ എഴുതി വായിച്ച വിശ്വാസപ്രഖ്യാപനത്തിൽ, ''ദൈവപുത്രൻ മനുഷ്യസ്വഭാവം സ്വീകരിച്ചു'' എന്ന വാക്കുകൾ ലത്തീനിൽനിന്നു കൽദായയിലേക്ക് സ്വന്തം കൈപ്പടയിൽ എഴുതിയപ്പോൾ ''ദൈവപുത്രൻ'' ''*മാനുഷിക ആളെ*''[98] സ്വീകരിച്ചു എന്ന് വിശ്വാസം പഠിപ്പിക്കുന്നതിനു വിപരീതമായി തിരുത്തി എഴുതുകയുണ്ടായതായി എനിക്കു കാണാൻ കഴിഞ്ഞു. ഞാനിത് മുകളിൽ പറഞ്ഞ ആർച്ചുബിഷപ്പിനെ കാണിച്ചപ്പോൾ അദ്ദേഹം പുഞ്ചിരിക്കുക മാത്രം ചെയ്തു; എന്നാൽ ഒരു കത്തനാർ ഈ വാക്ക് നീക്കിക്കളഞ്ഞു. വിശ്വാസപ്രഖ്യാപനത്തിൽ ''abjuro'' (ഉപേക്ഷിക്കുന്നു) എന്നു ലത്തീനിൽ പറഞ്ഞ് എല്ലാ പാഷണ്ഡതകളും തള്ളിക്കളയുന്നു എന്ന് പറഞ്ഞിരിക്കുന്നിടത്ത് ഭാവികാലമാണ് ഉപയോഗിച്ചിരിക്കുന്നത്; ഇപ്രകാരമാണ് ചേരരാജ്യത്തു കൊടുത്തിരിക്കുന്ന വിവർത്തനത്തിൽ കാണുന്നത്.

ഒരു പാഷണ്ഡിയും ശീശ്മക്കാരനുമായ അവരുടെ പാത്രിയർക്കീസിനെ അനുദിനപ്രാർത്ഥനയിൽ 'സാർവ്വത്രിക ഇടയൻ' എന്നാണ് അവർ വിളിക്കുന്നത്.[99] ഈ പാത്രിയർക്കീസിനെ 'പിതാക്കന്മാരുടെ പിതാവ്'' എന്നും 'ഇടയന്മാരുടെ ഇടയൻ' എന്നും 'കത്തോലി

98 മാനുഷിക ക്നോമാ എന്നു സുറിയാനിയിൽ. റോസ്, ക്നോമാ എന്ന പദം ആൾ (person) എന്ന് തെററായി വിവർത്തനം ചെയ്തു.

99 ഗ്രിഗറി XIII പാപ്പാ 1581 ജൂലൈ 16 ന് അംഗീകരിച്ച് പാലിയം നല്കിയ ശീമോൻ IX ദനഹാ ആയിരുന്നു അപ്പോഴത്തെ കൽദായ പാത്രിയർക്കീസ്.

www.malankaralibrary.com

ക്കരുടെ സൂര്യൻ' എന്നും വിളിക്കുന്ന ഒരു രേഖ ഈ അങ്കമാലി ആർച്ചുബിഷപ്പിൻെറ പക്കലുണ്ട്;[100] അതിനുപകരം മാർപാപ്പായുടെ പേരു് കൂട്ടിച്ചേർക്കണം എന്നു് അതുകണ്ടു് മിക്കപ്പോഴും അദ്ദേഹത്തോടു് ആവശ്യപ്പെട്ടിട്ടും അദ്ദേഹം ഇതുവരെയും അപ്രകാരം ചെയ്തില്ല.

താൻ വൃദ്ധനായിത്തീർന്നതിനാലും തൻെറ എതിരാളികൾ, അതായതു്, റോമാസഭയിൽപ്പെട്ട ജസ്വിട്ടരായ നാം, അദ്ദേഹത്തിൻെറയും ഈ ക്രിസ്ത്യാനികളുടെയും തലസ്ഥമുകളിൽ ഒരു ചുററികയായിരിക്കുന്നതിനാലും ഈ മാർത്തോമാ ക്രിസ്ത്യാനികൾക്കുവേണ്ടി ഒരു മെത്രാനെ ശ്രദ്ധാപൂർവ്വം അയയ്ക്കണമെന്നു്, മുകളിൽ പറഞ്ഞ കത്തിൽ, അങ്കമാലി ആർച്ചുബിഷപ്പ്, താൻ സാധാരണ എഴുതാറുള്ള പാത്രിയർക്കീസിനോടു് ആവശ്യപ്പെട്ടു. അദ്ദേഹം ഒരാളെ ഇടയനായി ഇവിടേക്കയയ്ക്കുമ്പോൾ താഴെപ്പറയുന്ന വാക്കുകളുള്ള രേഖ ഉണ്ടായിരിക്കണം എന്നു് അയാൾ എഴുതുന്നു: ''ദൈവത്തിൻെറയും, എല്ലാ സഭകളുടെയും മാതാവായ വിശുദ്ധ റോമാസഭയുടെയും കൃപയാൽ ഇപ്പോൾ ആ സ്ഥലത്തെ പാത്രിയർക്കീസായ ഞാൻ, മാർത്തോമാ ക്രിസ്ത്യാനികളുടെ മെത്രാനായി (ഇന്നാരെ) അയയ്ക്കുന്നു. ഈ വാക്കുകൾക്കുശേഷം അദ്ദേഹത്തിനു് കത്തു് അവസാനിപ്പിക്കാം.'' വിവേകികൾക്കു് ബാക്കി ഗ്രഹിക്കാൻ കുറച്ചുവാക്കുകൾ മതിയാകുമല്ലോ.

നമ്മുടെ രക്ഷകൻെറ പീഡാനുഭവം അനുസ്മരിക്കുന്നതു് അവിടത്തെ നിന്ദിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നതാകയാൽ അപ്രകാരം ചെയ്യാൻ പാടില്ലെന്നു് മുകളിൽ പറഞ്ഞ ആർച്ചുബിഷപ്പ് ജനങ്ങളെ വിലക്കുകയും പഠിപ്പിക്കുകയും ചെയ്തു. ജോൺ കൽദൈഓ എന്ന നെസ്തോറിയൻ മനുഷ്യാവതാരത്തെപ്പററി എഴുതിയ കൃതി താൻ ഗോവായിലായിരുന്നപ്പോൾ ലത്തീനിൽനിന്നു് കൽദായയിലേക്കു ഭാഷാന്തരപ്പെടുത്തിയെന്നു് തൻെറ കത്തിൽ മേല്പറഞ്ഞ ആർച്ചുബിഷപ്പ് പാഷണ്ഡിയായ ബാബിലോണിയൻ പാത്രിയർക്കീസിനു് എഴുതിയിരിക്കുന്നു. അതു് ലത്തീനിൽ അവതരിപ്പിക്കാൻ വേണ്ടി ഗോവൻ സിനഡിൽ സന്നിഹിതരായിരുന്ന പണ്ഡിതന്മാരെ അദ്ദേഹം അതു കാണിച്ചെന്നും അതു വായിച്ചവർക്കെല്ലാം വലിയ തൃപ്തിയുണ്ടായി ദൈവത്തെ സ്തുതിച്ചെന്നും തുടർന്നു പറയുന്നു. അതു കള്ളമാണ്. അയാൾ കത്തോലിക്കരെ പാഷണ്ഡികളാക്കുകയാണ്. കാരണം, ഗോവായിൽവച്ചു് ഞാനാണ് കൽദായയിൽ ഉള്ള മേല്പറഞ്ഞ പ്രതിപാദനങ്ങൾ അതിലെ പാഷണ്ഡതകൾ കണ്ടു് വായിച്ചതു്: അതായതു് മനുഷ്യാവതാരം മൂന്നാളുകൾക്കും പൊതുവാണ്, മൂന്നുപേരും മനുഷ്യാവതാരം ചെയ്തു, നമ്മുടെ കർത്താവായ ക്രിസ്തു സ്വഭാവത്താലേ ദൈവമല്ല, വിശുദ്ധർ എഴുതിയിരിക്കുന്നതുപോലെ കൃപയാൽ മാത്രമാണ് ദൈവമായിരിക്കുന്നതു്.

100 Vat. Syr. Codex-22. fol. 94; Giamil, p. 573.



ക്രിസ്തുവിനെതിരായി വേറെ പല ദൂഷ്കാര്യങ്ങളും ഉണ്ടു്. ആർച്ചുബിഷപ്പ് മററു ഗ്രന്ഥങ്ങൾ എന്നിൽനിന്നു മറച്ചുവയ്ക്കും എന്നു കണ്ടു് അദ്ദേഹത്തോടു് ഒന്നും പറയാതെ, ഈ പാഷണ്ഡതകൾ ഒഴിവാക്കിക്കൊണ്ടു് ഞാൻ ഈ കൃതി കത്തോലിക്കാ അർത്ഥത്തിൽ വിവർത്തനം ചെയ്തു. ഇപ്രകാരം വിവർത്തനം ചെയ്തിട്ടു് അതു ചിലരെ കാണിച്ചു. ഈ ഗ്രന്ഥത്തിൽ ഇന്നയിന്ന പാഷണ്ഡതകൾ ഉണ്ടെന്നു് ഞാൻ പിന്നീടു് മാർ അബ്രഹാമിനു ചൂണ്ടിക്കാണിച്ചുകൊടുത്തു; ഭയംകൊണ്ടു് അദ്ദേഹം അവ ഉടനെ തന്നെ നീക്കം ചെയ്തു. അവ കത്തോലിക്കാവിശ്വാസത്തിനെതിരായുള്ള പാഷണ്ഡതകളാണെന്നു് നാം അദ്ദേഹത്തെ ഗുണദോഷിച്ചു എന്നു പറയാതെ, ആ പുസ്തകത്തിലെ ദൈവദൂഷണങ്ങൾ നാം നീക്കി എന്നു് നമ്മെപ്പററി അപവാദം പറഞ്ഞുകൊണ്ടുള്ള ഈ കാര്യങ്ങളാണ് അദ്ദേഹം തൻെറ പാത്രിയർക്കീസിനു് എഴുതിയതു്. *മുകളിൽ പറഞ്ഞ കത്ത് എൻെറ പക്കലുണ്ട്.*

മനുഷ്യാവതാരത്തിലെ ഐക്യം സ്നേഹത്തിലും ഇച്ഛയിലും ഉള്ള ഐക്യമാണ് എന്നു പറയാൻ സാധിക്കുമോ എന്നു് ഈ ആർച്ചുബിഷപ്പ തന്നെ എന്നോടു ചോദിച്ചു. അദ്ദേഹം ഇതു പറഞ്ഞപ്പോൾ എനിക്കു മറുപടി പറയാൻ കഴിയുന്നതിനു മുൻപുതന്നെ അദ്ദേഹം മഞ്ഞളിച്ചുപോയി, കാരണം, ഈ ചോദ്യം നെസ്തോറിയനാണ്.

പിശാചുക്കളെ പുറത്താക്കാനും രോഗശാന്തി വരുത്താനും വ്യാജ അത്ഭുതങ്ങൾ പ്രവർത്തിക്കാനുമായി ഉപയോഗിക്കുന്ന ഒരു പുസ്തകം മേല്പറഞ്ഞ ആർച്ചുബിഷപ്പിൻെറയും വൈദികരുടെയും പക്കലുണ്ടു്. അതിൽ അനേകം അന്ധവിശ്വാസങ്ങളും അപരിചിത നാമങ്ങളും ഉണ്ടു്. ഒരിക്കലും കേട്ടിട്ടില്ലാത്തവയും പൈശാചികവുമാണ് ഈ വാക്കുകൾ എല്ലാം. സ്ത്രീകളിൽ സ്നേഹം ജനിപ്പിക്കാനായി വേദവാക്യങ്ങളോടുകൂടി ഏതോ ചില വാക്കുകളും ചേർത്തിട്ടുണ്ടു്.

അവർക്കു് വ്യാജ അത്ഭുതങ്ങളും അന്ധവിശ്വാസങ്ങളും ഉണ്ടു്; റോമാസഭയ്ക്കെതിരായി അക്ഷരങ്ങളുണ്ടു്. അതു് സ്വർഗ്ഗത്തിൽനിന്നു വീണുപോയി എന്നു് അവർ പറയുന്നു. റോമാസഭയിൽ പെട്ടവർ വിശ്വാസത്യാഗികളും വിശ്വാസം ഉപേക്ഷിച്ചവരും ആണെന്നു് അതിൽ എഴുതിയിട്ടുണ്ടു്. ഇതു കേൾക്കുന്ന ജനം ഇതെല്ലാം സത്യമാണെന്നു് കരുതും. അവരുടെ വൈദികർ പ്രസംഗങ്ങളിൽ ഐതിഹാസിക മൗഢ്യകാര്യങ്ങളും പാഷണ്ഡതകൾ പോലും പറഞ്ഞു പിടിപ്പിക്കുന്നു.

www.malankaralibrary.com

കൂടുതൽ പ്രത്യേകമായവയിലേയ്ക്കു വരുമ്പോൾ, ഒന്നാമതായി, ഈ ആർച്ചുബിഷപ്പ് ഈ ക്രിസ്ത്യാനികൾക്കും പുറജാതികൾക്കുപോലും വളരെ ഇടർച്ച വരുത്തിക്കൊണ്ടാണു ജീവിക്കുന്നത്. കുമ്പസാരംകൂടാതെ, പണം വാങ്ങിക്കൊണ്ട് നിരവധി പ്രാവശ്യം അദ്ദേഹം അനേകം ആളുകൾക്ക് കുർബാന കൊടുത്തു. മരിച്ച ഒരാളെ മുളന്തുരുത്തിയിൽ വച്ച് അദ്ദേഹം മോചിക്കുന്നതു ഞങ്ങൾ കണ്ടു. പാപമോചനം സ്വീകരിക്കാൻ ആ വ്യക്തിക്കു പ്രാപ്തിയില്ല എന്നു ഞങ്ങൾ പറഞ്ഞു; എന്നിട്ടും അദ്ദേഹം കൗദാശികമായി അയാളുടെ പാപം പോക്കി.

1. അദ്ദേഹം പണം വാങ്ങിയാണ് എല്ലാ കൂദാശകളും പരികർമ്മം ചെയ്യുന്നത്.
2. അദ്ദേഹം തൈലങ്ങൾ ആശീർവദിക്കാറില്ല; അതിനുള്ള ക്രമവുമില്ല. സ്നാനത്തിന്റെ തൈലം തന്നെ മറ്റെല്ലാറ്റിനും ഉപയോഗിക്കുന്നു. ആ തൈലവും മെത്രാന്മാരല്ല ആശീർവദിക്കുന്നത്.
3. കാസായും കല്ലും ആശീർവദിക്കാൻ കുറഞ്ഞപക്ഷം അയാൾ *സാൻ തോമായിലേക്കു* എടുത്തുകൊണ്ടുപോകുന്നു.[101]
4. പഴയ മൂറോനാണ് അദ്ദേഹം ഉപയോഗിക്കുന്നത്. അത് അദ്ദേഹത്തിനു ലഭിക്കുന്നുണ്ട്. മൂറോനഭിഷേകം എന്ന കൂദാശ അയാൾ പരികർമ്മം ചെയ്യാറില്ല; അന്ത്യകൂദാശ വളരെ അപൂർവമായി മാത്രവും.
5. അയാളും മറ്റെല്ലാവരും അംഗീകരിച്ചതാണെങ്കിലും അയാൾ ''ശ്ലീഹന്മാരുടെ പെരുന്നാൾ'' കൊണ്ടാടാറില്ല.
6. താൻ സ്വീകരിച്ച സിനഡിന്റെ തീരുമാനങ്ങൾ അയാൾ നടപ്പാക്കാറില്ല.
7. റോമാസഭയുടെ ശുശ്രൂഷകരെ അയാൾ പീഡിപ്പിക്കുന്നു. ''നെസ്തോറിയുസിന്റെ തെറ്റുകൾ'' തിരുത്തുന്നതിനായി ഗ്രന്ഥങ്ങൾ നൽകാമെന്ന് വാഗ്ദാനം ചെയ്തെങ്കിലും ഇതുവരെ അയാൾ തന്നിട്ടില്ല.[102]

---

101 അത്ഭുതകരമായി ഒററത്തടിയിൽ മാർതോമാശ്ലീഹാ തീർത്ത തന്റെ വാസസ്ഥലം. പോർട്ടുഗീസുകാർ വന്നപ്പോഴും ഇത് കേരളത്തിൽ ഉണ്ടായിരുന്നു. 'സാൻ തോമാ' എന്നതുകൊണ്ട് ഇതായിരിക്കാം ഉദ്ദേശിക്കുന്നത് എന്നു ചിലർ കരുതുന്നു.

102 റോസിന്റെ ''ദെ എറോരിബുസ്'' എന്ന ലഘുലേഖയിലെ ആശയങ്ങളാണ് ഇവ: ജി. ചേടിയത്ത്, *മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ*, കോട്ടയം, 1988, പേ. 152–170



8. കാനോനാനമസ്കാരം ചൊല്ലുന്നതിനുള്ള നിർബന്ധമായ കടമ ചുമത്തുന്നില്ല. അവർ വളരെ അപൂർവമായേ അതു ചൊല്ലുന്നുള്ളു. കുർബാനധർമ്മം കിട്ടുന്നിടത്ത് അവർ കുർബാന ചൊല്ലുന്നു.
9. റോമാസഭയെപ്പററി നല്ല അഭിപ്രായമല്ല അദ്ദേഹത്തിനുള്ളത്. ലത്തീൻ പഠിച്ച് റോമൻ രീതികളിൽ പരിശീലനം ലഭിച്ചവർക്കും, റോമാസഭയിലെ പാതിരിമാരുടെ ശിക്ഷണം ലഭിച്ച സുറിയാനിക്കാർക്കും അയാൾ വൈദികപട്ടം കൊടുക്കാറില്ല.
10. റോമാസഭയുടെ പാതിരിമാർക്കും അവരുടെ പ്രബോധനം പിൻചെല്ലുന്ന ക്രിസ്ത്യാനികൾക്കുമെതിരെ അയാൾ പുറജാതിക്കാരെ സംരക്ഷിക്കുകയും പിൻതുണയ്ക്കുകയും ചെയ്യുന്നു.
11. അവർക്കു പട്ടംകൊടക്രമം ഇല്ലായിരുന്നു. അവരുടെ ഭാഷ അറിയാവുന്ന നമ്മുടെ പാതിരിമാർ ഗുണദോഷം നല്കിയപ്പോൾ, കുർബാന ചൊല്ലുകയും കുമ്പസാരം കേൾക്കുകയും ചെയ്തുകൊണ്ടിരുന്ന അനേകം വൈദികർക്ക് അദ്ദേഹം വീണ്ടും പട്ടം കൊടുത്തു.
12. പട്ടം കൊടുക്കുമ്പോൾ കാസായിൽ വെള്ളത്തേക്കാൾ കൂടുതൽ (വീഞ്ഞ്) ഒഴിക്കുവാൻ താൻ പരിചയിച്ചിട്ടില്ലെന്ന് പാതിരിമാരുടെ മുഖത്തുനോക്കി വ്യക്തമായി അയാൾ പറയുകയുണ്ടായി. പാതിരിമാർ സുറിയാനിയിലേക്കു വിവർത്തനം ചെയ്ത *പട്ടംകൊടക്രമം* അനുശാസിക്കുന്നതു കാണാനോ അതുപയോഗിക്കാനോ അയാൾ കൂട്ടാക്കുന്നില്ല.
13. ഗോവൻ സിനഡിൽവച്ച് വാഗ്ദാനം ചെയ്തതിനും നിർബന്ധിക്കപ്പെട്ടതിനും വിരുദ്ധമായി പട്ടത്തിന് കഴിവോ അറിവോ ഇല്ലാത്ത അനേകർക്ക് അയാൾ പട്ടം കൊടുക്കുന്നു. നേരത്തെ പറഞ്ഞതുപോലെ, മെത്രാന്മാരെ അയയ്ക്കണമെന്ന് നിരന്തരമായി അപേക്ഷിച്ചുകൊണ്ട് ബാബിലോണിയൻ പാത്രിയർക്കീസിന് അയാൾ കത്തുകൾ അയയ്ക്കുന്നു.
14. പ്രാർത്ഥനകളിൽ അയാൾ ഒരിക്കലും പാപ്പായുടെ പേര് ഉൾപ്പെടുത്താറില്ല; എന്നാൽ പാത്രിയർക്കീസിന്റെയും നെസ്തോറിയുസിന്റെ സ്നേഹിതരുടെയും പേരുകൾ അനുസ്മരിക്കുന്നുണ്ട്. പ്രബോധനമോ, ക്രിസ്ത്യാനികളുടെ ജീവിതമോ ഒന്നും അയാൾ പരിഗണിക്കുന്നില്ല; ജനിച്ച കുട്ടികൾ സ്നാനപ്പെട്ടോ എന്നു ശ്രദ്ധിക്കാറില്ല. തത്ഫലമായി

www.malankaralibrary.com

സ്നാനമില്ലാത്ത നിരവധി പ്രായമുള്ളവരും വൃദ്ധജനങ്ങളും ഇവിടെ ഉണ്ട്; ഇവരാകട്ടെ, മററ് കൂദാശകൾ സ്വീകരിക്കുന്നുമുണ്ട്; തങ്ങൾ സുകൃതം സമ്പാദിക്കുകയാണെന്ന് അവർ കരുതുന്നു, എന്നാലങ്ങനെയല്ല.

15. കുമ്പസാരം കൂടാതെ ക്രിസ്ത്യാനികൾ മരിക്കുന്നു.

16. അമ്പതുനോമ്പിൻെറ അവസരം കുമ്പസാരത്തിനുള്ള ശ്രദ്ധയില്ല; പലരും തങ്ങളുടെ പാപങ്ങൾ ഏററുപറയാറില്ല; അവരെ ആരും നിർബന്ധിക്കാറുമില്ല.

17. കൈയിൽ പണം വച്ചുകൊടുക്കാതെ അയാൾ കുർബാന കൊടുക്കാറില്ല; കത്തനാരന്മാരും അങ്ങനെതന്നെ.

18. വൈദികരില്ലാതെ പരിത്യക്തമായ അനേകം സ്ഥലങ്ങളുണ്ട്.

19. ലത്തീൻ സഭയിലെ പാതിരിമാരുടെകൂടെ പഠിക്കുന്ന കത്തനാരന്മാരെ അയാൾ ഭീഷണിപ്പെടുത്തുന്നു. അവർക്കു ഭാഷയറിയാം; അവർ മററുള്ളവരെ പഠിപ്പിക്കുന്നു.

ഈ ക്രിസ്ത്യാനികൾ പുറജാതികളുടെ ഇടയിലാണ് എന്ന് അയാൾ പറയുന്നെങ്കിൽ അയാൾക്കു മാപ്പു നൽകാനാവില്ല. കാരണം, ആരുടെയും തടസ്സം കൂടാതെ സഭാനിയമങ്ങൾ അനുസരിച്ച് അയാൾക്ക് അവരെ ഭരിക്കാവുന്നതേയുള്ളു: അയാൾ അപൂർവമായേ കുർബാന ചൊല്ലാറുള്ളു. കുർബാന കാണാനോ ജനങ്ങളോട് പ്രസംഗിക്കാനോ അയാൾ താല്പര്യം കാണിക്കാറില്ല.

വിശ്വാസപ്രമാണം തൊട്ട് തുടങ്ങുന്ന ചെറുതും വെട്ടിച്ചുരുക്കിയതുമായ കുർബാന അയാൾ ചൊല്ലുന്നതായി ഒരിക്കൽ ഞങ്ങൾ കണ്ടു.

അയാളെ പ്രീതിപ്പെടുത്താനായി അയാളുടെ ചില കത്തനാരന്മാർ നെസ്തോറിയുസിൻെറ തെററുകൾ പ്രസംഗിച്ചു. ശുദ്ധീകരണസ്ഥലമില്ലെന്ന് കുറേ വർഷങ്ങൾക്കു മുൻപ് ആർച്ചുഡീക്കൻ അവരുടെ പള്ളിയിൽ പ്രസംഗിച്ചു. അതുപോലെ രക്ഷകൻെറ ബാല്യകാലത്തെപ്പററി പല അപഹാസ്യകാര്യങ്ങളും വിവരിക്കുകയുണ്ടായി.

പണത്തിനുവേണ്ടി ചെയ്യുന്നതല്ലെങ്കിൽ ഒരാത്മീയകാര്യവും പ്രയോജനപ്രദമല്ല എന്ന് ചിന്തിക്കാൻ ഈ അർമേനിയർ ഈ ക്രിസ്ത്യാനികളെ പഠിപ്പിച്ചിരിക്കുകയാണ്.



കുറേ ദിവസങ്ങൾക്കു മുൻപ് ഈ മെത്രാൻ ഒരു മലയിൽക്കൂടി കടന്നുപോകുമ്പോൾ ഒരു അക്രൈസ്തവസ്ത്രീയുമായി സഹവസിക്കുന്ന (concubine) ധനാഢ്യനായ ഒരു ക്രിസ്ത്യാനിയെ കണ്ടു. അവനെ അദ്ദേഹം വരുത്തി. പരസ്പരം വേർപിരിയണം എന്ന നിബന്ധനയില്ലാതെ ഒരു പിഴ നൽകണമെന്നു കല്പിച്ചു. അവളുമായി തുടർന്ന് അയാൾക്കു താമസിക്കാമോ എന്ന് ക്രിസ്ത്യാനികൾ ചോദിച്ചപ്പോൾ പണം കൊടുത്താൽ ആകാം എന്ന് ആർച്ചുബിഷപ്പ് മറുപടി പറഞ്ഞു. പണം വാങ്ങി അദ്ദേഹം തൃപ്തനായി അവിടെനിന്നു പോയി. എന്നാൽ അതു് ക്രിസ്ത്യാനികൾക്ക് ഉതപ്പു നൽകുകയാണുണ്ടായതു്.

പതിനാറുവർഷമായി ഞങ്ങൾ ഈ മെത്രാനുമായി ഇടപെടുന്നു. അയാളുടെ രക്ഷയ്ക്കും തൻെറ അജഗണത്തിൻെറ നന്മയ്ക്കുംവേണ്ടി ഇക്കാലമെല്ലാം ഞങ്ങൾ അയാൾക്ക് നിരവധി ഉപദേശം നൽകി. പലപ്പോഴും വിശദാംശങ്ങളിലേക്കു പോകുകയും പ്രത്യേക കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തു. ഇവ നടപ്പാക്കാനുള്ള മനഃസ്ഥിതി കാട്ടുകയാകട്ടെ, ജനത്തിൻെറ നവീകരണത്തിനായി ആർച്ചുഡീക്കനെമായി ഒരു ധാരണയിൽ എത്തുന്നതിനു ഞങ്ങളെ അനുവദിക്കുകയാകട്ടെ അദ്ദേഹം ഒരിക്കലും ചെയ്തില്ല. മുമ്പ് നമ്മളുമായി സ്നേഹത്തിൽ ആയിരുന്നപ്പോൾ, ആവശ്യമെങ്കിൽ (തെററുകൾ) തിരുത്താമെന്ന് വാഗ്ദാനം ചെയ്യാനും, രാജാവിൽനിന്നും പരിശുദ്ധ പിതാവിൽനിന്നും നമ്മൾ ചില സഹായം നേടിക്കൊടുക്കണം എന്നു പറയാനും അയാൾ നമ്മുടെ അടുത്തുവന്നു. ഈ ക്രിസ്ത്യാനികൾ അയാളോട് മനസ്സലിവുള്ളവരായിരിക്കുമെന്നും നാം ഭാഷ പഠിച്ച് അയാളുടെ തെററു മനസ്സിലാക്കുകയില്ലെന്നും അയാൾക്കു തോന്നിയതിനാൽ കൂടി ആയിരിക്കാം ഇതു്. എന്നാൽ (ഗോവൻ) കൗൺസിലിൽ നിന്ന് അയാൾ തിരികെ വന്നപ്പോൾ, നാം സെമിനരി പണിയുന്നതും മലബാറിലെ ഭാഷയും കൽദായയും പഠിക്കുന്നതും കത്തനാരന്മാരെ പഠിപ്പിക്കുന്നതും കണ്ട് അയാൾ വളരെ ദുഃഖിതനായി. *ഓരോരുത്തനും തന്നിഷ്ടമായി ജീവിക്കാൻ സാധിക്കയില്ല, പിന്നെയോ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ രീതികളനുസരിച്ചെങ്കിലേ പററുകയുള്ളു എന്ന് ഈയാളുകളോട് പറഞ്ഞുകൊണ്ട്* അവരെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന തൻെറ തെററുകൾ ഒരു കാരണത്താലും ഉപേക്ഷിക്കാത്തവിധം അതോടുകൂടി അയാൾ റോമാസഭയുടെ ശത്രുവായിത്തീർന്നു. അവർ കൊടുക്കാനായി പിരിവെടുക്കുന്നു. അയാൾക്ക് മാർതോമ്മായുടെ നിയമമുണ്ട്. നമുക്കു പത്രോസിൻേറതും എന്നതാണ് ഈ ജനങ്ങളെ ചതിക്കാനായി അയാൾ ഉപയോഗിക്കുന്ന അടിസ്ഥാനം: ''ഇതുവരെ തങ്ങൾ ജീവിച്ച തങ്ങളുടെ നിയമം, അതായതു് മാർത്തോമ്മായുടെ നിയമം മറെറാരു നിയമം (പത്രോസിൻെറ നിയമം) സ്വീകരിക്കുന്നതുവഴി

www.malankaralibrary.com

ഉപേക്ഷിക്കുന്നത് വളരെ ഗൗരവമായ ഒരു പാപവും ക്രിസ്ത്യാനികൾക്ക് അവമതിയും ആയിരിക്കും. പോർട്ടുഗീസുകാർ അവരുടെമേൽ പോർട്ടുഗീസുകാരുടെ റോമൻ നിയമം അടിച്ചേല്പിക്കും''. ഇതിനായി അയാൾ ചില കള്ളങ്ങളും കെട്ടുകഥകളും കെട്ടിച്ചമയ്ക്കുന്നു. ഉദാ. പത്രോസിന്റെ നിയമം അംഗീകരിക്കയാണെങ്കിൽ ധാരാളം പണം തരാമെന്ന് അയാൾ ഗോവൻ സിനഡിൽ പോയപ്പോൾ, മെത്രാന്മാർ വാഗ്ദാനം ചെയ്തു എന്നു തുടങ്ങിയ സംഗതികൾ. ഇപ്പോൾ അയാളുടെ തെറ്റുകൾ പരസ്യമായെന്നും ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും റോമൻ സഭയുടെ പ്രബോധനങ്ങളിൽ വ്യാപരിക്കുന്നെന്നും കണ്ട് കത്തോലിക്കാസഭയുടെ ശുശ്രൂഷകർക്കെതിരായി അയാൾ ചെറുതായി ആളുകളെ ഇളക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ അയാളുടെ ഭാഷയും ദുഷ്ടതയും ഗ്രഹിക്കാത്ത റോമാസഭയിലെ മറ്റു ചില സന്യാസികളുമായി [103] അയാൾ ചങ്ങാത്തം കൂടാൻ ശ്രമിക്കയാണ്. ശുദ്ധഗതിക്കാരായ അവരുടെ മുൻപാകെ അയാൾ സ്വയം നീതീകരിച്ചുകൊണ്ട് ചേരരാജ്യത്ത് പുതിയ ശീശ്മ ഉണ്ടാക്കും. അയാൾ ശീശ്മക്കാരനും റോമാസഭയുടെ ശത്രുവും ആയിരുന്നിട്ടും അവർ അയാൾക്ക് ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നു. താൻ ജയിലിൽ അടയ്ക്കപ്പെട്ടേക്കുമോ എന്നു ഭയന്ന് തന്റെ തെറ്റുകളിലും ശീശ്മയിലും നിൽക്കാനും തന്റെ നിലപാട് ന്യായീകരിക്കാനുമായി അയാൾ അവരുടെ രീതികളനുസരിച്ച് ചുററിനടക്കുന്നു. ഇതാണ് ചേരരാജ്യത്തെയും മലബാറിലെയും ക്രിസ്ത്യാനികളുടെയും അവരുടെ മെത്രാന്റെയും സ്ഥിതി. അതുകൊണ്ട് വിവേകമതിയായ ഒരു കത്തോലിക്കാ മെത്രാന്റെയും, കൂടുതൽ തിന്മകൾ നുഴഞ്ഞുകയറുകയും ചെന്നായ്ക്കൾ അകത്തുകടക്കുകയും ചെയ്യുന്നതിനുമുൻപ് ഈ മെത്രാനെ ശിക്ഷിക്കുക എന്ന പ്രത്യൗഷധത്തിന്റെയും ആവശ്യകത വ്യക്തമാണല്ലോ. [104]

103 ഫ്രാൻസിസ്ക്കൻ സന്യാസികൾ

104 ഈ കത്തിന്റെ രണ്ട് കോപ്പികൾ ഉണ്ട്. ഒന്ന് പോർട്ടുഗീസിൽ (ARSI. Goa-Mal. 32. fol. 529-532) മററത് സ്പാനിഷിൽ (*Ibid.* 525-7). എഴുതിയ ആളിന്റെ പേരും ഒപ്പും ഇല്ല. ആക്കാണ് എഴുതിയതെന്നും ഇല്ല. എന്നാൽ റോസ് തന്നെയാണ് ഇതിന്റെ കർത്താവ്. 'ദെ എറോരിബൂസിലെ' ആശയങ്ങളാണ് മിക്കതും: J. Wicki-J. Gomes, *Documənta Indica*, 16, p. 1029-1039.



## 47

## ജസ്വിട്ട് ജനറലിന് ജോർജ്ജ് ദി കാസ്ട്രോ പാതിരി 1594-ൽ എഴുതിയ കത്തിൽ നിന്ന്

''വൈപ്പിക്കോട്ടയിലെ സെമിനരിയുടെ നന്മയ്ക്കുവേണ്ടിയുള്ള ചില സുപ്രധാന സംഗതികൾ: റോമിൽ പരിശീലനം ലഭിച്ചവനും നമ്മുടെ പാതിരിമാർക്കു കീഴ്പ്പെട്ടവനും ആയ ഒരു കത്തോലിക്കാ വൈദികനെ മെത്രാനാക്കി ഉടനെ ഇങ്ങോട്ടയയ്ക്കണം. ഈ അർമേനിയൻ മരിച്ചാലുടൻ, പിൻവാതിലിലൂടെ മററാരും കയറുന്നതിനു മുൻപ് പെട്ടെന്ന് സ്ഥാനാരോഹണം നടത്തത്തക്കവണ്ണം അയാൾ കത്തുകളുമായി എത്തട്ടെ.

ചേരരാജ്യത്ത് ഒരു കത്തോലിക്കാ മെത്രാൻ വരാത്തപക്ഷം, ദുഷ്ടതയോടുകൂടി സ്വന്തം മെത്രാൻ എതിർത്താലും, പാതിരിമാർക്കിഷ്ടമുള്ള ഇൻഡ്യയിലെ ഏതെങ്കിലും മെത്രാനിൽ നിന്ന് സെമിനരിയിലെ വിദ്യാർത്ഥികൾക്ക് പട്ടം സ്വീകരിക്കാം.

റോമൻ സഭയുമായി കലഹത്തിലായിരിക്കുകയോ, ഇവിടത്തെ ശുശ്രൂഷകരായ ജസ്വിട്ടരുടെ വികാരങ്ങളെ വ്രണപ്പെടുത്തുകയോ ചെയ്തിട്ടുള്ള, സന്യാസിയോ അല്ലാത്തവനോ ആയ യാതൊരു പോർട്ടുഗീസുകാരനും ഈ ക്രിസ്ത്യാനികളുടെ സ്ഥലങ്ങൾ സന്ദർശിക്കാൻ പാടില്ല. ഈ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രവർത്തിക്കുന്ന പാതിരിമാരുടെ സുപ്പീരിയറിന്റെ പ്രത്യേകാനുവാദം കൂടാതെ അവർ ഇവരുമായി സംസർഗ്ഗം ചെയ്യാനും പാടില്ല. മറിച്ചു സംഭവിച്ചാൽ അത് ഈ ക്രിസ്ത്യാനികൾക്കിടയിൽ വലിയ ഇടച്ചിലും ശീശ്മയും കാരണമാകും.

മലബാറിൽ താമസിക്കുന്ന ക്രിസ്ത്യാനികളുടെ ഇടയിൽ താമസിക്കാനും അവരുടെ ഇടയിൽ പ്രവർത്തിക്കാനും സന്യാസികളെ നിർബന്ധിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്; അവരുടെ ഇടയിൽ വിജയിക്കണമെങ്കിൽ സന്യാസികൾ സുറിയാനിയും ജനങ്ങളുടെ ഭാഷയും അറിഞ്ഞിരിക്കണം. മറിച്ചാണെങ്കിൽ അനേകരുടെ നാശത്തിനും ഇടച്ചിലും ശീശ്മയും, ഗ്രൂപ്പുണ്ടാകുന്നതിനും, കലഹം ഉണ്ടാകുന്നതിനും അല്ലാതെ മറെറാന്നിനും അവർ ഉപകരിക്കയില്ല.

www.malankaralibrary.com

ഈ ക്രിസ്ത്യാനികളുടെ ഇടയിലേക്കു പോകുന്ന ജസ്വിട്ട് പാതിരിമാരുടെ ഉപയോഗാർത്ഥം, അവ്യക്തവും കുഴഞ്ഞുമറിഞ്ഞതുമായ പലിശ സംബന്ധിച്ച് പരിശുദ്ധപിതാവിന്റെ ഒരു പരിഹാരരേഖ (Bull of Compensation) അനേകരുടെ ആത്മസമാധാനത്തിനുവേണ്ടി ആവശ്യമായിരിക്കുന്നു. കാരണം അനേകം വർഷങ്ങൾക്കു മുൻപ് ആർച്ചുബിഷപ്പിനുവേണ്ടി സൊസൈററി സമ്പാദിച്ച ഒരു രേഖ (Bull) അയാളുടെ ദുഷ്ടതയും തണ്ടപ്പൻ മനഃസ്ഥിതിയും നിമിത്തം നടപ്പിലാക്കിയില്ല. കാരണം വിശുദ്ധ റോമാസഭ പട്ടം കൊടുക്കാത്തതോ അംഗീകരിച്ചുറപ്പിക്കാത്തതോ ആയി വരുന്ന യാതൊരു അർമേനിയൻ അഥവാ സിറിയൻ ആർച്ചുബിഷപ്പിനെയും സ്വീകരിക്കാൻ പാടില്ലെന്നു് മൂന്നാം ഗോവൻ പ്രൊവിൻഷ്യൽ സിനഡിൽ തീരുമാനിക്കുകയുണ്ടായി. ചേരരാജ്യത്തെ ആർച്ചുബിഷപ്പും അതിൽ സന്നിഹിതനായിരുന്നു. ഈ ഡിക്രി മററനേകം കാര്യങ്ങളോടു കൂടി ഈ ക്രിസ്ത്യാനികൾ അംഗീകരിച്ചിട്ടുള്ളതാണ്. ഈ ഡിക്രി പ്രാവർത്തികമാക്കുക എന്നതും അർമേനിയരും നെസ്തോറിയരുമായ മെത്രാന്മാരെ സ്വീകരിച്ചതു വഴി ഈ ക്രിസ്ത്യാനികൾ സഹിച്ച മഹാദുരിതങ്ങൾ ഒഴിവാക്കുവാൻ പരിശുദ്ധ പിതാവ് ഒരു മെത്രാനെ അയച്ചുതരിക എന്നതും വളരെ പ്രധാനപ്പെട്ടതാണ്.

ഇപ്പോൾ ചേരരാജ്യത്തെ ആർച്ചുബിഷപ്പായിരിക്കുന്ന മാർ അബ്രഹാമിൽ കാണാനിടയുള്ള തെററുകളും പാഷണ്ഡതകളും ഇൻഡ്യയിലെ ഇൻക്വിസിററും സൊസൈററിയുടെ പ്രൊവിൻഷ്യലും കൂടി പരിശോധിക്കുക ആവശ്യമാണ്. അല്ലെങ്കിൽ വേറെ ഏതെങ്കിലും അർമേനിയൻ മെത്രാന്മാർ കൂടി ചേരരാജ്യത്തു കടന്നുകൂടും. അത്തരം മെത്രാന്മാർ തങ്ങളുടെ പ്രബോധനവും സാന്നിദ്ധ്യവും വഴി അജ്ഞരായ ഈ ആളുകളിൽ ഉളവാക്കുന്ന തിന്മയും ഇടർച്ചയും പെട്ടെന്നു് ഒഴിവാക്കാനായി, കുററക്കാരെന്നു കണ്ടാൽ അത്തരക്കാരെ ഉടൻ തന്നെ മാർപ്പാപ്പായുടെ പക്കലേക്കയയ്ക്കാൻ സാധിക്കും.

ഇവർക്കു് ഒരു കത്തോലിക്കാ മെത്രാൻ ഉണ്ടെങ്കിൽ, കീഴ്പ്പെടുവാനും റോമാസഭയിൽ ലയിക്കാനും തക്ക വളരെ നല്ല മാനസികാവസ്ഥയുള്ളവരാണ് ഈ ക്രിസ്ത്യാനികൾ. പരിശുദ്ധ പിതാവിൽ നിന്നു് അധികാരം ലഭിച്ച ഒരൽമായനെ തെരഞ്ഞെടുക്കാൻ അവരുടെ ഇടയിൽ താമസിക്കുന്ന ജസ്വിട്ട് പാതിരിമാക്ക് സാധിച്ചാൽ അതു് അവരുടെ സൽഭരണത്തിനും സംരക്ഷണത്തിനും വളരെ പ്രധാനപ്പെട്ടതായിരിക്കും. മലബാറിലെ ഈ മാർത്തോമ്മാക്രിസ്ത്യാനികളെയും മലബാറിലുള്ള മററുള്ളവരെയും സഹായിക്കാനും വേണ്ടതു നൽകാനും കഴിവുള്ള ഈ വ്യക്തി അക്രൈസ്തവ രാജാക്കന്മാരുടെയും ഏകാധിപതികളുടെയും മുൻപാകെ അവർക്കുവേണ്ടി സംസാരിക്കുകയും അവരുടെ കേസുകളിൽ അവക്കുവേണ്ടി വാദിക്കുകയും ചെയ്യും. തെററു



കാരെ അമർച്ച ചെയ്യാനും നല്ലവരെ അനുകൂലിക്കാനും ഉള്ള സ്വാതന്ത്ര്യവും കഴിവും വിവേകവും ഈയാളിനുണ്ടായിരിക്കണം. വലിയ ഒച്ചപ്പാടും ബഹളവും കൂടാതെ വളരെ എളുപ്പത്തിൽ അതു സാധിക്കാവുന്നതേയുള്ളു.

റോമിലുള്ള നമ്മുടെ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളും പരിഗണനകളും ഈ സെമിനരിയിലെ മൂന്നു വിദ്യാർത്ഥികളും ആവശ്യപ്പെടുന്നു. നമ്മുടെ പാതിരിമാരുടെയും ചേരരാജ്യത്തെ മലബാർ വൈദികരുടെയും ഉപയോഗത്തിനായി നമ്മുടെ പാതിരിമാർ റോമൻ തക്സാ സുറിയാനിയിലേക്കു വിവർത്തനം ചെയ്യാനുള്ള അനുവാദവും അവർ ചോദിക്കുന്നു. ഈ സെമിനരിയിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയെയും മററു രൂപതകളിൽ സ്വീകരിക്കാൻ പാടില്ല എന്നു നിശ്ചയിച്ച് ഒരു കല്പന അയയ്ക്കേണ്ടതാണ്. ഈ സെമിനരിയിലെ വിദ്യാർത്ഥികൾ മാർത്തോമ്മാക്രിസ്ത്യാനികളാകയാൽ, സെമിനരിയിലെ സുപ്പീരിയറിന്റെ പ്രത്യേകാനുവാദം കൂടാതെ ഇൻഡ്യയിലെ ഒരു മെത്രാനും ഈ സെമിനരിയിലെ വിദ്യാർത്ഥികളെ സ്വീകരിച്ചുകൂടാ.

ഈ നാടിന്റെ പല ഭാഗങ്ങളിൽ നിന്നുമായി, ക്രൈസ്തവരും അക്രൈസ്തവരും, സ്ത്രീകളും പുരുഷന്മാരുമായി ധാരാളമാളുകൾ ആരംഭംമുതലേ, ക്രിസ്ത്യാനികളുടെയും പുറജാതികളുടെയും ഇടയിൽ പുതുതായി നിർമ്മിച്ചിരിക്കുന്ന ഈ വൈപ്പിക്കോട്ട ഭവനം സന്ദർശിക്കാറുണ്ടായിരുന്നു. നമ്മുടെ ജോലിയും ജീവിതരീതിയും പാതിരിമാരുടെ പെരുമാററവും കാണാനാണ് വരുന്നതു്. മലബാറിലെ ജനങ്ങൾക്കിതു പുതുമയും കൗതുകമുണർത്തുന്നതുമാണ്. ബ്രാഹ്മണരുടെയും പുറജാതികളുടെയും, അർമേനിയൻ മെത്രാന്മാരുടെയും മലബാറിലെ വൈദികരുടെയും വൈദികസ്ഥാനികളുടെയും ജീവിതരീതിയിൽ നിന്നു് വ്യത്യസ്തമായി റോമാസഭയിലെ ഈ പാതിരിമാരുടെ ജീവിതരീതി ജനങ്ങൾക്കെല്ലാം മാതൃകാപരമായിരുന്നു; അവർ അഭിനന്ദനം അറിയിക്കയും ചെയ്തു. നമ്മുടെ ദാരിദ്ര്യം നിമിത്തം ഈ ഭവനം ഒരിക്കലും ആർക്കെതിരെയും വാതിലടച്ചു കളയാറില്ല. ഈ ക്രിസ്ത്യാനികൾ പൂർണമായി റോമാസഭയുടെ അനുഷ്ഠാന രീതികൾ സ്വന്തമാക്കിയിട്ടില്ല. ജപ്പാന്റെ മാതൃക സ്വീകരിച്ചുകൊണ്ടു് ഇന്നുവരെ ഈ സെമിനരിയിൽ സ്ത്രീകൾക്കും സന്ദർശനം അനുവദിച്ചിട്ടുണ്ട്; കാരണം, അവർ കുലീനരാണ്; അവർ തങ്ങളുടെ ഭർത്താക്കന്മാരോടും മാതാപിതാക്കളോടും, കുടുംബത്തോടും അയൽക്കാരോടും കൂടെ കൂട്ടത്തോടെയാണ് വരുന്നതു്. ഇവിടെ വന്നു് അവർ നമ്മുടെ ഭവനവും സെമിനരിയും സന്ദർശിക്കുന്നു. നാമിതു തടഞ്ഞാൽ അനേകം ക്രിസ്ത്യാനികൾക്കും വിജാതിയർക്കും അതു് ഇടർച്ചയ്ക്കു

www.malankaralibrary.com

കാരണമാകും. ഇക്കാര്യത്തിൽ ഞങ്ങൾ എന്തു ചെയ്യണമെന്ന് അങ്ങ് തീരുമാനിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. പ്രൊവിൻഷ്യാളിനും ഇതേ അപേക്ഷ അയച്ചിട്ടുണ്ട്.

റോമൻ രീതികളിലേക്ക് ഈ ക്രിസ്ത്യാനികളെ മാററുന്നതിലും കൽദായ മെത്രാന്മാരിൽ നിന്ന് അവർ പഠിച്ച ദുരാചാരങ്ങളിൽ നിന്ന് അവരെ ശുദ്ധീകരിക്കുന്നതിലും ചേരരാജ്യത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ ഞാൻ വ്യാപൃതനായിരുന്നു. ഇവിടൊരു വൈദികനും ഇല്ലാതിരുന്ന അവസരം, ഈ രാജ്യത്തെ കത്തോലിക്കാപള്ളികളുടെ ചുമതല ഞാൻ ഏറെറടുക്കാനായി, ഇൻഡ്യയിലെ വൈസ്രോയിയുടെ നിരന്തരാപേക്ഷ പരിഗണിച്ച് വിശുദ്ധ അനുസരണയിൽ താല്ക്കാലികമായിട്ടത്രേ എന്നെ ഇവിടേക്ക് രാജാവയച്ചത്''.[105]

## 48

### *പോർട്ടുഗീസ് രാജാവ് ഫിലിപ്പ് രണ്ടാമന് 1594ൽ ഒരു ജസ്വിട്ട് എഴുതിയ കത്തിൽ നിന്ന്*

''...താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്താൽ ഈ സെമിനാരിയിൽ (വൈപ്പിക്കോട്ട) നിന്ന് അങ്ങേയ്ക്കു ലഭിക്കുന്ന പ്രധാന ഫലം വലുതായിരിക്കും: ഒന്ന്, അർമേനിയൻ മെത്രാന്മാരുടെ പോരായ്മകൾ നിമിത്തം അവരിലാരും ഈ സ്ഥലത്ത് പ്രവേശിക്കാൻ പാടില്ല: ഞാൻ മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ അവർ അറിവില്ലാത്തവരും സ്വാത്ഥതല്പരരും സാധാരണയായി പാഷണ്ഡതാഗ്രസ്തരുമാണ്. ഇപ്പോൾ അങ്കമാലി ആർച്ചുബിഷപ്പായിരിക്കുന്ന മാർ അബ്രഹാമിനെപ്പററി പറഞ്ഞാൽ പൂർണ്ണമായി നന്നാക്കാമെന്നുള്ള ഒരു പ്രതീക്ഷയ്ക്കും വകയില്ല. അയാൾക്ക് വയസ്സ് തൊണ്ണൂറായി; ആരോഗ്യവും നശിച്ചു. അനേകം പ്രാവശ്യം അയാൾ മരണവക്ത്രത്തിലെത്തി; ഇനി അയാൾ അധികനാൾ ജീവിക്കയില്ല.

കുറേക്കൂടി കാര്യക്ഷമമായ രണ്ടാമത്തെ കാര്യം. രാജാവ് ഒരു കത്തോലിക്കാമെത്രാനെ നാമനിർദ്ദേശം ചെയ്യണം; അദ്ദേഹത്തെ

105. ARSI. Goa-mal. 32.fol.533-4; 535-6. വൈപ്പിക്കോട്ട സുപ്പീരിയർ ആയിരുന്ന കാസ്ട്രോപാതിരി.



മാർപ്പാപ്പാ വാഴിക്കണം. വൃദ്ധരും, സംസ്കാരശൂന്യരും, അജ്ഞരുമായ കത്തനാരന്മാർ ക്രിസ്ത്യാനികളോട് നന്നായി പെരുമാറുന്നില്ല; അവർ മരിച്ചുകൊണ്ടിരിക്കുകയാണ്. മാർപ്പാപ്പാ നിയമിക്കുന്ന മെത്രാൻ ഈ കത്തനാരന്മാരെ കുമ്പസാരം കേൾക്കുന്നതിൽ നിന്നു മുടക്കണം. ജസ്വിട്ട് പാതിരിമാർ അവരെ ധാർമ്മികസംഹിത പഠിപ്പിക്കണം. അവരുടെ മാതൃഭാഷയായ മലയാളത്തിൽ എല്ലാ ധാർമ്മികസംഹിതകളും അവർക്കു വിവരിച്ചുകൊടുക്കണം.

വളരെ പ്രധാനപ്പെട്ട മൂന്നാമത്തെ കാര്യം: മാർ അബ്രഹാമിന്റെ പിൻഗാമിയായി വരുന്ന മെത്രാന് താഴെപ്പറയുന്ന നല്ല ഗുണങ്ങൾ ഉണ്ടായിരിക്കണം: ഈ ആർച്ചുബിഷപ്പ് ദൈവശുശ്രൂഷയ്ക്കും അങ്ങയുടെ ശുശ്രൂഷയ്ക്കും സമർപ്പിതനായിരിക്കണം. അർമേനിയരുടെ തിന്മകൾ ഇല്ലാതിരിക്കാനായി അയാൾ ഒന്നാമതായി വിശുദ്ധനും സ്വാത്ഥത ഇല്ലാത്തവനും ആയിരിക്കണം. ദൈവത്തിന്റെയും രാജാവിന്റെയും ശുശ്രൂഷയിൽ അയാൾ തീക്ഷ്ണനായിരിക്കണം. അനുഭവം പഠിപ്പിക്കുന്നതുപോലെ ഈ മാർതോമാക്രിസ്ത്യാനികൾക്ക് (പോർട്ടുഗീസുകാരല്ലാതെ) മററ് രാജ്യക്കാരെ പരിചയമോ, അവരുമായി ധാരണയോ ഇല്ലാത്തതിനാൽ ഈ മെത്രാൻ പോർട്ടുഗീസുകാരനായിരിക്കണം. ഇവിടെ പ്രവർത്തിക്കുന്ന പോർട്ടുഗീസുകാരായ ജസ്വിട്ട് പാതിരിമാരും ബിഷപ്പും തമ്മിൽ നല്ല ധാരണ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്; അല്ലെങ്കിൽ ഒരു ഫലവും ഉണ്ടാകുകയില്ല.

ഈ രാജ്യത്തെ പ്രയാസങ്ങൾ സഹിക്കാൻ കഴിവുണ്ടായിരിക്കത്തക്കവിധം ആർച്ചുബിഷപ്പ് നല്ല ആരോഗ്യമുള്ള ചെറുപ്പക്കാരനായിരിക്കുന്നതു് നല്ലതാണ്. അദ്ദേഹത്തിനു പ്രയാസങ്ങൾ സഹിക്കേണ്ടതായി വരും. കാരണം, വളരെ ദുർഗമമായ മലകളിലും വിവിധ അക്രൈസ്തവ രാജ്യങ്ങളിലുമായി ചിന്നിച്ചിതറിക്കിടക്കുകയാണ് ഈ ക്രിസ്ത്യാനികൾ. ഇവിടെ ആഹാരം കുറവും ദാരിദ്ര്യം കഠിനവും ചൂട് അസഹനീയവും ആണ്. അനേകം ക്രിസ്ത്യാനികൾ താമസിക്കുന്ന പാശ്രൂർ എന്ന ഒരു രാജ്യം ചേരരാജ്യത്തെ ഈ അതിത്രുപതയിലുണ്ട്. ഈ മാർത്തോമ്മാക്രിസ്ത്യാനികൾക്കു വേണ്ടി ഭാവിയിൽ മാർ അബ്രഹാമിന്റെ പിൻഗാമിയും മെത്രാനുമായി അങ്കമാലിയിലെ ആർച്ചുഡീക്കനെ പരിശുദ്ധപിതാവ് നിയമിച്ചിരുന്നു. എന്നാൽ ആർച്ചുഡീക്കൻ മരിച്ചുപോയതിനാൽ ആർച്ചുബിഷപ്പിന് അദ്ദേഹത്തെ വാഴിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ ഈ സാഹചര്യത്തിൽ പാശ്രൂരിലെ ക്രിസ്ത്യാനികൾക്കുവേണ്ടിയും ഭാവിയിൽ മാർ അബ്രഹാമിന്റെ പിൻഗാമിയായും ഒരാളെ നാമനിദ്ദേശം

www.malankaralibrary.com

ചെയ്ത് മെത്രാനായി വാഴിക്കാം, അങ്ങനെ മറെറാരു അർമേനിയൻ വരുന്നതു തടയാനാവും. മററ് അർമേനിയരേപ്പോലെ പുതിയ അർമേനിയനും ഈ ക്രിസ്ത്യാനികളുടെ ഇടയിലെ നവീകരണത്തെ തടസ്സപ്പെടുത്തും

രാജശുശ്രൂഷയ്ക്ക് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കണം: ഒന്ന്, സാധാരണയായി ആളുകളിൽ നിന്ന് കുരുമുളക് വാങ്ങി തങ്ങൾക്കിഷ്ടമുള്ളവർക്കു വിൽക്കുന്നതു് ഈ ക്രിസ്ത്യാനികളാണ്. കച്ചവടക്കുത്തക അവർക്കാകയാൽ, രാജശുശ്രൂഷയിൽ തല്പരനായ നല്ല ഒരു ആർച്ചുബിഷപ്പുണ്ടെങ്കിൽ, കുരുമുളകിന്റെ ഇടപാടിൽ കച്ചവടക്കാരോട് കൗശലം കാണിക്കുന്ന കൊച്ചീരാജാവിന്റെ തടസ്സം ഒന്നും കൂടാതെ കുരുമുളകു മുഴുവൻ നേരിട്ട് നമ്മുടെ കപ്പലിൽ കയററാൻ സാധിക്കും; കൊച്ചീരാജാവിന്റെ കൗശലമൊന്നും നടക്കുകയുമില്ല. അങ്ങയുടെ ശുശ്രൂഷയ്ക്ക് പരമപ്രധാനമായ രണ്ടാമത്തേതു് ഇതാണ്: ബഹുമാന്യരും ധൈര്യശാലികളുമായ 30000 ക്രിസ്തീയ പടയാളികൾ ഈ രാജ്യത്തുണ്ട്. അവർക്കൊരു ക്യാപ്ററൻ വേണമെന്നാണ് അവർ ആഗ്രഹിക്കുന്നതു്. അയാളെ അവർ അനുസരിക്കും. ഇൻഡ്യയിലെ വൈസ്രോയിക്ക് അവർ കീഴ്പ്പെട്ടിരിക്കുകയും ചെയ്യും. താഴെപ്പറയുന്ന ആവശ്യവുമായി ധനാഢ്യനായ ഒരു പ്രഭുവിനെ രാജസമക്ഷം അയയ്ക്കമെന്ന്, ഞാൻ ചേരരാജ്യത്തു് ചുററി നടന്നപ്പോൾ ക്രിസ്ത്യാനികൾ എന്റെ പക്കൽ വന്ന് നിർബന്ധപൂർവം പറയുകയുണ്ടായി: തങ്ങൾ മലമുകളിൽ ചിതറിക്കിടക്കുന്നതിനാൽ തങ്ങളുടെ ഇടയിൽനിന്ന് രണ്ടു ക്യാപ്ററന്മാർ ഉണ്ടായിരിക്കണം. അവരെ ഈ ക്രിസ്ത്യാനികൾ അനുസരിക്കും. പുറജാതികളുടെ ഉപദ്രവങ്ങളിൽ നിന്ന് അവരെ അവർ പ്രതിരോധിച്ച് സംരക്ഷിക്കണം. ഈ രണ്ട് ക്യാപ്ററൻമാരും ഇൻഡ്യയിലെ വൈസ്രോയിക്ക് വിധേയരായിരിക്കണം; അദ്ദേഹം അവരെ സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യാനാണിതു്. - ഇതു് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അവരെ ഇൻഡ്യയിലെ വൈസ്രോയിക്കു വിധേയമാക്കുക എന്ന പദ്ധതിവഴി ഒരു ചെലവും കൂടാതെ 30000 പേരുടെ സഹായത്താൽ അങ്ങയുടെ ആധിപത്യം ഉറപ്പുള്ളതും സംരക്ഷിതവും ആകും. കൊച്ചീരാജാവ് നമ്മോട് എതിരിടുകയും ക്രിസ്ത്യാനികളുടെ ഒരു രഹസ്യശത്രുവായിരിക്കുകയും ചെയ്തിരിക്കുന്ന ഈ സമയത്തു് പ്രത്യേകിച്ചും.[106]

106 മാനുവൽ കർവാള്ളോ പാതിരിയാണ് എഴുതിയതെന്ന് ഊഹിക്കുന്നു. Bri. Mus. Add. Ms. 28461. fol. 57-58: *Documentacao Ultramarina Portuguesa*, vol. 1. p. 65-71.



## 49

### *ജസ്വീട്ട് ജനറൽ അക്വാവീവായ്ക്ക് മാർ അബ്രഹാം 1594 ഡിസംബർ 17 ന് എഴുതിയ കത്തിൽ നിന്ന്*

*യാഹ്*

ഞാൻ സ്വീകരിച്ച താലന്തിന്റെ കണക്ക് ''ഞാൻ പോയി, ദൈവത്തിന് കൊടുക്കുവാനുള്ള സമയം ഉടൻ സമാഗതമാകും എന്ന് എന്റെ വാർദ്ധക്യത്തിൽ എനിക്കു തോന്നുകയാൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭയുടെ അവഗണിക്കപ്പെട്ട അവസ്ഥയെപ്പററിയും, ദുഷിച്ച ജനതകളുടെ മധ്യേ ചിതറപ്പെട്ടു കിടക്കുന്ന ഈയാടുകളെ നന്നായി ഭരിക്കുന്നതിനും സമാശ്വസിപ്പിക്കുന്നതിനും കഴിവുള്ള തീക്ഷ്ണമതിയായ ഒരിടയനുവേണ്ടി പരിശുദ്ധ പിതാവുമായി കൂടിയാലോചന നടത്തേണ്ടതിന്റെ ആവശ്യകതയെപ്പററിയും അങ്ങയെ അറിയിക്കുക എന്റെ കടമയായി ഞാൻ കരുതുന്നു. ഞങ്ങളുടെ സഹായത്തിനും തിരുത്തലിനുമായി അങ്ങ് മലബാറിൽ ആക്കിയിരിക്കുന്ന പാതിരിമാരോടുകൂടി ആ മെത്രാൻ യഥാർത്ഥ കത്തോലിക്കാ പ്രബോധനത്താൽ ഈ അജഗണത്തെ പരിപോഷിപ്പിക്കും. ഞങ്ങളുടെ കൂടെ താമസിക്കുന്ന ജസ്വിട്ട് പാതിരിമാർ നന്നായറിയുന്നവനും ഇപ്പോൾ ഞങ്ങൾ വലിയ പ്രതീക്ഷ വച്ചിരിക്കുന്നവനുമായ *എന്റെ ആർച്ചുഡീക്കനെ എന്റെ പിൻഗാമിയും സഹായമെത്രാനുമാക്കണമെന്ന് പരിശുദ്ധ പിതാവിനോട് ഞാൻ സൂചിപ്പിച്ചിട്ടുണ്ട്.* ഈ മനുഷ്യർ സന്തോഷപൂർവം അദ്ദേഹത്തെ സ്വീകരിക്കും; അവക്ക് അദ്ദേഹം വളരെ പ്രയോജനപ്രദമായിരിക്കുകയും ചെയ്യും. എന്റെ മുൻ ആർച്ചുഡീക്കനെ മെത്രാനായി വാഴിക്കാൻ പാത്രിയർക്കീസിൽ നിന്നും, പിന്നീട് പരിശുദ്ധ പിതാവിൽനിന്നും എനിക്ക് അധികാരപത്രം ലഭിച്ചിരുന്നു. എന്നാൽ അതിനുമുമ്പ് അദ്ദേഹം മരിച്ചുപോയി. അതുകൊണ്ട് അദ്ദേഹത്തിന്റെ അനന്തിരവനും പിതാക്കന്മാരുടെ പ്രബോധനങ്ങളിലും ഉപദേശങ്ങളിലും ശിക്ഷണം ലഭിച്ചവനുമായ ഇപ്പോഴത്തെ ആർച്ചുഡീക്കനെ അദ്ദേഹത്തിന്റെ സ്ഥാനത്തു വാഴിക്കാൻ ഞാൻ അനുവാദം ചോദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ തീക്ഷ്ണതയും സദ്ഗുണ

www.malankaralibrary.com

ങ്ങളും നിമിത്തം, ''തന്റെ ഭവനത്തിന്മേൽ നിയമിച്ചാക്കിയ വിശ്വസ്തനും വിവേകിയുമായ ശുശ്രൂഷകനായിരിക്കും'' അദ്ദേഹം എന്ന് ഞങ്ങൾക്കെല്ലാവർക്കും ആത്മവിശ്വാസം ഉണ്ട്. എണ്ണത്തിൽ കുറവാണെങ്കിലും, ഞങ്ങളുടെയിടയിൽ ജോലി ചെയ്യുന്ന പാതിരിമാരുടെ സഹായം കൊണ്ടും ദൈവകൃപയാൽ അവർ നടത്തുന്ന സെമിനാരി വഴിയും ഈ സഭയ്ക്ക് വളരെയധികം സഹായം ലഭിക്കുന്നുണ്ട്; ഈ സെമിനാരിയിൽ പരിശീലനം ലഭിച്ച വൈദികരുടെ പ്രവർത്തനത്തിന്റെ ഫലം നാട്ടുകാർ അനുഭവിക്കുന്നുമുണ്ട്. സുറിയാനിഭാഷയിലുള്ള തന്റെ പാണ്ഡിത്യം ഉപയോഗിച്ച് ലത്തീനിൽനിന്നു ചില ഭാഗങ്ങൾ വിവർത്തനം ചെയ്യാനും, കത്തോലിക്കാസഭയുടെ വിശുദ്ധിക്കും നിർമ്മലതയ്ക്കും എതിരായ തെററായ പ്രബോധനങ്ങളുണ്ടായിരുന്ന ചില ഗ്രന്ഥങ്ങൾ തിരുത്താനും ഫാ. റോസ് എന്നെ സഹായിച്ചു. ചില ആചാരാനുഷ്ഠാനങ്ങൾ നവീകരിച്ചതിനു ഞങ്ങൾ ഈ പാതിരിമാരുടെ പ്രവർത്തനങ്ങളോട് കടപ്പെട്ടിരിക്കുന്നു. ശേഷിച്ചിരിക്കുന്നവ, അവിശ്വാസികളുടെ ഇടയിൽ ജീവിക്കുന്ന ഈ ക്രിസ്ത്യാനികൾക്കുവേണ്ടി പൂർത്തിയാക്കപ്പെടുന്നതാണ്. ഞാൻ ക്ഷീണിതനും രോഗഗ്രസ്തനുമാകയാൽ എന്റെ കടമകളെല്ലാം നിർവഹിക്കാൻ എനിക്കു സാധ്യമല്ല''[107].

മ്ഹീലാ അബ്രാഹാം മ്ശമ്ശാനാ.ദാബാഗ്ദസാക്

## 50

### ഗോവാ ആർച്ചുബിഷപ്പിനു ക്ളെമൻറ് VIII പാപ്പാ അയച്ച കത്ത് (ജനുവരി 27, 1595)

ഗോവൻ ആർച്ചുബിഷപ്പായ വന്ദ്യ സഹോദരനു
ക്ലെമൻറ് VIII പാപ്പാ.

വന്ദ്യ സഹോദരാ, ആരോഗ്യവും ശ്ലൈഹികാശീർവാദവും. കൊച്ചീരാജ്യത്തിലും മലബാറിലും അഥവാ ഇൻഡ്യയിലും ഉള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അങ്കമാലി ആർച്ചുബിഷപ്പായ മാർ അബ്രഹാം കത്തോലിക്കാ പ്രബോധനം സ്വീകരിച്ച് ശ്ലൈഹിക

107. J.Wicki – J.Gomes, *op.cit.* Vol.16.p. 989-991. അങ്കമാലിയിൽ നിന്ന്. സ്പാനിഷ് ഭാഷയിലാണ് മൂലം.



സിംഹാസനത്തോട് വിധേയത്വം കാണിക്കുകയും, ഗോവായിലെ പ്രൊവിൻഷ്യൽ സിനഡിൽവച്ച് തന്റെ രൂപതയെ മുഴുവൻ കത്തോലിക്കാവിശ്വാസത്തിലേക്കും ശ്ലൈഹികസിംഹാസനത്തിന്റെ അനുസരണയിലേക്കും കൊണ്ടുവരുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു എങ്കിലും അടുത്തകാലത്ത് നെസ്തോറിയൻ പാഷണ്ഡതയുടെ തെററുകൾ ആവർത്തിക്കുന്നതിലേക്ക് ദയനീയമായി വീണെന്നും മുന്നറിയിപ്പു നൽകിയിട്ടും പശ്ചാത്തപിക്കാൻ മനസ്സായില്ലെന്നും, ആ രൂപതയിലും പ്രോവിൻസിലും ഉള്ള പള്ളികളിൽ പാരായണം ചെയ്യുന്ന, പ്രസ്തുത തെററുകൾ നിറഞ്ഞ കൽദായപ്പുസ്തകങ്ങൾ വെട്ടിത്തിരുത്തുന്നതിനു അനുവദിച്ചില്ലെന്നും, വളരെയധികം *സൈമണി*[108] പ്രവർത്തിച്ചെന്നും വളരെ മനഃപ്രയാസത്തോടുകൂടെയാണ് നാം അറിയാൻ ഇടയായത്.

നമ്മെ ഏല്പിച്ചിരിക്കുന്ന ശ്ലൈഹികമായ ഉത്തരവാദിത്വം വഴി സഭകളുടെ, വിശിഷ്യാ, ശ്ലൈഹികസിംഹാസനത്തിൽനിന്ന് വിദൂരത്തിലുള്ള സഭകളുടെ, അജപാലകർ കുറയററ പ്രബോധനം ഉള്ളവരാണോ എന്നും തങ്ങളെ ഏല്പിച്ചിരിക്കുന്ന അജഗണത്തെ കത്തോലിക്കാ പ്രബോധനത്തിന്റെ രക്ഷാകരമായ ഭോജനത്താൽ തീററിപ്പോററുന്ന കാര്യത്തിൽ ശ്രദ്ധയും താല്പര്യവും കാണിക്കുന്നവരാണോ എന്നും ശ്രദ്ധിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. ഈ കാര്യങ്ങളിൽ വേണ്ട വിധം ശ്രദ്ധിക്കുന്നതിനു ആഗ്രഹിച്ചുകൊണ്ടും, താങ്കളുടെ വിശ്വാസത്തിലും സുകൃതജീവിതത്തിലും കത്തോലിക്കാമതത്തോടുള്ള തീക്ഷ്ണതയിലും കർത്താവിൽ നമുക്കു നല്ല വിശ്വാസം ഉള്ളതുകൊണ്ടും, മാർ അബ്രഹാമിന്റെ ജീവിതവും പെരുമാററവും പ്രബോധനവും ശ്രദ്ധാപൂർവ്വം അന്വേഷിക്കുന്നതിനും, അന്വേഷണഫലമായി, മേല്പറഞ്ഞ കാര്യങ്ങളിൽ അയാൾ കുററവാളി ആണെന്നു കണ്ടാൽ അയാളെ ഗോവയിൽ താങ്കളുടെ പക്കലേയ്ക്കു വരുന്നതിനു കല്പിക്കുകയും വരുത്തുകയും ചെയ്യുന്നതിനും, അവിടെ സുരക്ഷിതവും മാന്യവുമായ ബന്ധവസിൽ വയ്ക്കുന്നതിനും, അവിടെ താങ്കൾ നടത്തിയ വിചാരണയുടെ ഫലം ഔദ്യോഗികരൂപത്തിൽ നമുക്കും പരിശുദ്ധ സിംഹാസനത്തിനും അയയ്ക്കുന്നതിനും ഇപ്രകാരം ശ്രദ്ധാപൂർവ്വം അന്വേഷിക്കുകയും പരിശോധിക്കയും ചെയ്ത വിചാരണവഴി ആർച്ചുബിഷപ്പ് മാർ അബ്രഹാമിന്റെ കേസ് ന്യായാനുസൃതം അവസാനിപ്പിക്കാൻ നമുക്കു കഴിയുന്നതിനും ഈ തിരുവെഴുത്തുവഴി സഹോദരനെ നാം ഭരമേല്പിക്കുകയും ചുമതലപ്പെടുത്തുകയും ചെയ്യുന്നു. ഇതിനിടയ്ക്ക്, തെററിലുൾപ്പെട്ട ആർച്ചുബിഷപ്പിന്റെ അസാന്നിധ്യം മൂലം മേല്പറഞ്ഞ അങ്ക

108 വിശുദ്ധ വസ്തുക്കൾ പണം വാങ്ങി കൈകാര്യം ചെയ്യുന്നത്: ഉദാ: പണം വാങ്ങി പട്ടം കൊടുക്കുക.

www.malankaralibrary.com

മാലി പ്രോവിൻസിനും രൂപതയ്ക്കും സഭയ്ക്കും ആത്മീയവും ലൗകികവുമായ കാര്യങ്ങളിൽ എന്തെങ്കിലും കുറവോ, വീഴ്ചയോ ഉണ്ടാകാതിരിക്കാൻ, സാധിക്കുമെങ്കിൽ കൽദായ അഥവാ സുറിയാനിഭാഷ വശമുള്ള ലത്തീൻ സഭയിൽപ്പെട്ട ഏതെങ്കിലും ഒരു വൈദികനെ ആ സഭയിലും രൂപതയിലും, പട്ടത്തിന്റെ മാത്രമല്ല ഭരണത്തിന്റെയും എല്ലാ അവകാശാധികാരങ്ങളും നൽകി വികാരി അപ്പസ്തോലിക്കാ ആയി നിശ്ചയിക്കുകയും നിയമിക്കുകയും ചെയ്യണം. താങ്കൾക്കു യുക്തമെന്നു തോന്നുമ്പോഴൊക്കെ അയാളെ മാററുന്നതിനും വേറൊരാളെ, ഒരിക്കലോ പലതവണയോ തൽസ്ഥാനത്തു പകരം വയ്ക്കുന്നതിനും വീണ്ടും നിശ്ചയിക്കുകയും നിയമിക്കുകയും ചെയ്യുവാൻ താങ്കൾക്കധികാരമുണ്ടായിരിക്കും.

ആർച്ചുബിഷപ്പ് മാർ അബ്രഹാം സ്ഥലത്തില്ലാതിരിക്കുകയോ, മരിക്കുകയോ ചെയ്യുകയാണെങ്കിൽ, മാർ അബ്രഹാമും അദ്ദേഹത്തിന്റെ സഭയും രൂപതയും സ്വീകരിച്ച ഗോവാ പ്രൊവിൻഷ്യൽ സിനഡിന്റെ നിശ്ചയമനുസരിച്ച്, ശ്ലൈഹികസിംഹാസനം നിശ്ചയിച്ച ആളെ അല്ലാതെ മററാരെയും ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കുന്നതിനോ, നിയമിക്കുന്നതിനോ, അവിടെയാക്കുന്നതിനോ അനുവദിക്കരുത്. ഇതുപോലുള്ള തെററിലുൾപ്പെട്ട ആരെയെങ്കിലും ആ രൂപതയിലോ പ്രോവിൻസിലോ കാണുകയാണെങ്കിൽ, താങ്കൾ നേരിട്ടോ, അക്കാര്യത്തിനായി താങ്കൾ നിയമിക്കുന്ന വികാരി അപ്പസ്തോലിക്കാ വഴിയോ അയാളെപ്പററി അന്വേഷണം നടത്തി വിചാരണ നടത്തണം. അല്ലെങ്കിൽ കാനോനികശിക്ഷാക്രമമനുസരിച്ച് മറെറാരാളെക്കൊണ്ട് അന്വേഷിപ്പിക്കുകയും വിധി നടത്തുകയും ചെയ്യുക. ശ്ലൈഹികാധികാരത്താൽ ഈ കാര്യങ്ങൾ ഓരോന്നിലും പൂർണ്ണവും വിപുലവുമായ അധികാരവും അനുമതിയും ഈ തിരുവെഴുത്തുവഴി താങ്കൾക്കു നാം കല്പിച്ചനുവദിക്കുന്നു.

പ്രൊവിൻഷ്യൽ സിനഡോ, പൊതുസംഘമോ, ശ്ലൈഹിക സിംഹാസനമോ പൊതുവായോ പ്രത്യേകമായോ ഉണ്ടാക്കുന്ന കോൺസ്ററിററ്യൂഷനുകൾക്കും കല്പനകൾക്കും, മെത്രാന്മാർക്കെതിരായി, അന്വേഷണത്തിനുവേണ്ടിപോലും കേസുനടത്താൻ പാടില്ലെന്നുള്ള ത്രെന്തോസ് സൂനഹദോസിന്റെ ഡിക്രിക്കും, റോമൻ മാർപ്പാപ്പാ സ്വന്തം കൈപ്പടയാൽ ഒപ്പിട്ടു നിയമിച്ച കമ്മീഷന് അല്ലാതെ, ഇതിനെതിരായ യാതൊരു തിരുവെഴുത്തിനും മററു ഡിക്രികൾക്കും വിലയില്ല. കൂടാതെ, സത്യപ്രതിജ്ഞ വഴിയോ, ശ്ലൈഹികസമ്മതം വഴിയോ, മറേറതെങ്കിലും തരത്തിലോ അംഗീകരിച്ചുറപ്പിച്ചിട്ടുള്ള, അങ്കമാലി സഭയുടെ നടപടിക്രമങ്ങൾക്കും പാരമ്പര്യങ്ങൾക്കും അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും, നൽകിയിട്ടുള്ളതും അംഗീകരിച്ചുറപ്പിച്ചിട്ടുള്ളതുമായ ശ്ലൈഹികകത്തുകൾക്കും, മുൻപറഞ്ഞവയ്ക്കെതിരാ



ണെങ്കിൽ പ്രാബല്യമുണ്ടായിരിക്കുന്നതല്ല. എന്തൊക്കെ എതിർന്യായങ്ങളുണ്ടെങ്കിലും മുൻപറഞ്ഞവയുടെയൊക്കെ സാധുത ഈ പ്രാവശ്യം പ്രത്യേകമായ രീതിയിലും വ്യക്തമായും നാം ഇല്ലാതാക്കുന്നു. ഇതു കാണുന്ന എല്ലാവർക്കും വിശ്വാസ്യത ഉണ്ടാകുവാൻവേണ്ടി ഒരു സഭാസ്ഥാനിയുടെ മുദ്ര പതിച്ച് ഒരു *പബ്ലിക് നോട്ടറിയെ*കൊണ്ട് എഴുതി ഒപ്പിടുവിച്ച് ഈ തിരുവെഴുത്തയയ്ക്കണമെന്നു നാം ആഗ്രഹിക്കുന്നു. റോമിൽനിന്ന്, ജനുവരി 27, 1595. നമ്മുടെ ഭരണത്തിന്റെ മൂന്നാംവർഷം.[109]

## 51

### *ജസ്യൂട്ട് ജനറൽ അക്വാവീവായ്ക്ക് കബ്രാൾ പാതിരി 1595 നവംബർ 20ന് എഴുതിയ കത്തിൽനിന്ന്*

''ആർച്ചുബിഷപ്പിന്റെയും മററുള്ളവരുടെയും നിലപാട് എന്താണെന്ന് ജോർജ് ദി കാസ്ട്രോ പാതിരിയിൽ നിന്ന് അറിയുന്നതുവരെ (റോമിൽനിന്നുള്ള) ബൂളാ നടപ്പാക്കാതിരിക്കുന്നതാണ് നല്ലതെന്ന് എനിക്കു തോന്നുന്നു എന്ന കാര്യം ഞാൻ ആർച്ചുബിഷപ്പ് മെനേസിസിനെ അറിയിക്കുക കൂടി ചെയ്തു. കാരണം, ആർച്ചുബിഷപ്പും ആർച്ചുഡീക്കനും പാതിരിമാരുമായി ധാരണയിലെത്തിയെന്നും അവർ അവരുമായി അനുരഞ്ജനപ്പെട്ടെന്നും, കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ പിൻചെല്ലാൻ അവർ എല്ലാവരെയും ഉപദേശിച്ചെന്നും, തെററുകൾ തിരുത്താനായി ഫാ. റോസിന്റെ പക്കൽ ആർച്ചുഡീക്കൻ ഗ്രന്ഥങ്ങൾ ഏല്പിച്ചെന്നും പറഞ്ഞുകൊണ്ട് ആറുമാസങ്ങൾക്കു മുൻപാണ് പാതിരിമാരിൽ നിന്ന് കത്തുകൾ വന്നത്. ആർച്ചുബിഷപ്പ് മെനേസിസിന്റെ പ്ലാനും പദ്ധതികളും ഒക്കെ നല്ലതാണെങ്കിലും, ഈ കാര്യത്തിൽ കൂടുതൽ വെളിച്ചം കിട്ടിയിട്ട് മുന്നോട്ടുപോകാൻ സാധ്യതയുള്ളതിനാൽ, പിന്നീടുണ്ടായിട്ടുള്ള സംഭവവികാസങ്ങൾ പാതിരിമാരിൽ നിന്നു ശേഖരിക്കുന്നതുവരെ, തല്ക്കാലത്തേക്ക് ബൂളാ നടപ്പാക്കുന്നത് മാററിവയ്ക്കണമെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. കൂടാതെ, ഇതേപ്പററി ആർച്ചുബിഷപ്പ് അറിഞ്ഞാൽ അദ്ദേഹം സ്വമനസ്സാ വന്നില്ലെങ്കിൽ

109 G. Beltrami, *op. cit.* p. 248-250

www.malankaralibrary.com

*ചതിവിലല്ലാതെ അദ്ദേഹത്തെ വരുത്താൻ സാധിക്കുകയില്ല.* കാരണം, അദ്ദേഹത്തെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന അക്രൈസ്തവ രാജാക്കന്മാരുടെ രാജ്യത്താണ് അദ്ദേഹം പാർക്കുന്നത്. അവരും അവരുടെ ബന്ധുക്കളും കീഴിലുള്ളവരും, തങ്ങളുടെ സംരക്ഷണയിൽ സ്വീകരിച്ചിട്ടുള്ളവർക്ക് എന്തെങ്കിലും ആപത്ത് സംഭവിക്കുന്നതിനേക്കാൾ മരിക്കുവാൻ തയാറാണ്. *അതുകൊണ്ട് പോർട്ടുഗീസ് രാജാവിന്റെ സർവശക്തിയും വിചാരിച്ചാൽപോലും അദ്ദേഹത്തെ അവരുടെ രാജ്യത്തിൽ നിന്ന് പുറത്തു കൊണ്ടുപോകാൻ സാധ്യമല്ല.* കൂടാതെ, ഇപ്പോൾ ശാന്തരായിക്കഴിയുന്ന ഈ ക്രിസ്ത്യാനികൾക്കിടയിൽ വലിയ ബഹളം ഉണ്ടാകുകയും ചെയ്യും. ഇക്കാരണങ്ങളാൽ ഇപ്പോഴുള്ള സാഹചര്യം എങ്ങനെയാണെന്ന് പാതിരിമാരോട് ആദ്യമായി ആരായുന്നതാണ് ആർച്ചുബിഷപ്പിനു നല്ലതെന്നു തോന്നുന്നു. ഉപരി ദൈവമഹത്വത്തിനായി ഈ സ്ഥലത്ത് ചെയ്യേണ്ട പ്രവർത്തന രീതിയെപ്പറ്റി പാതിരിമാർക്ക് അവരുടെ അഭിപ്രായം രഹസ്യമായി അദ്ദേഹത്തെ അറിയിക്കാവുന്നതാണ്. ഈ ബൂളായെപ്പറ്റി ഞാൻ ഫാ.ജോർജ് ദി കാസ്ത്രോയിക്ക് എഴുതിയിട്ടുണ്ട്; അദ്ദേഹവും മറ്റുള്ളവരും ഇതിന്റെ രഹസ്യസ്വഭാവം കാക്കണം എന്നും ഞാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഞാൻ അയാളുടെ മറുപടി കാത്തിരിക്കുകയാണ്; അതനുസരിച്ചായിരിക്കും ആർച്ചുബിഷപ്പ് തന്റെ തീരുമാനം എടുക്കുക.[110]

110 J. Wicki, *Documenta Indica*, vol. 17, Rome, 1988, p. 230-1. ഗോവയിൽ നിന്നാണ് ഈ കത്തെഴുതുന്നത്. ഫ്രാൻചിസ്കോ കബ്രാൾ ഗോവൻ പ്രൊവിൻഷ്യൽ (1592-7) ആയിരുന്നു.



## 52

### ജസ്വീട്ട് ജനറലിന് കാസ്ത്രോ പാതിരി 1595 ഡിസംബർ 31 ന് എഴുതിയ കത്തിൽനിന്ന്

''ആർച്ചുബിഷപ്പും ആർച്ചുഡീക്കനും പരാജയപ്പെട്ടു. ഈ ക്രിസ്ത്യാനികളെ നാം ഉപേക്ഷിച്ചുപോകുന്നതിന് മതിയായതല്ല അവരുടെ പീഡനങ്ങളും പാതിരിമാർക്കെതിരായി അക്രൈസ്തവ രാജാക്കന്മാർ സ്വീകരിച്ച നിലപാടുകളും എന്ന് അവർക്ക് ബോധ്യവുമായിരിക്കുന്നു. — രാജാക്കന്മാർ പാതിരിമാർക്കുവേണ്ടിയായിരുന്നു എന്ന് ഗ്രഹിക്കുക—ഞാൻ കഴിഞ്ഞ വർഷം അങ്ങേയ്ക്ക് എഴുതിയതുപോലെ, അവർക്കാവശ്യം വന്നതുകൊണ്ട് അവർ നേട്ടമുണ്ടാക്കുന്നു. അതുകൊണ്ട് അവർ നമ്മളുമായി വലിയ സ്നേഹഭാവേന അനുരഞ്ജനപ്പെട്ടു. മാർപ്പാപ്പായ്ക്കും രാജാവിനും ഈ ക്രിസ്ത്യാനികളെ സമർപ്പിച്ചുകൊണ്ട് അവർ ഇരുവർക്കും എഴുതുകയും ചെയ്തു. ഇവിടെ ചിതറിക്കിടക്കുന്ന ആടുകളെ ഭരിക്കാൻ കഴിവുള്ള ഒരു കത്തോലിക്കാമെത്രാനെ അയച്ചുതരണമെന്നും അവർ ആവശ്യപ്പെട്ടിരിക്കുകയാണ്. മനുവെൽ ദി വേഗാ പാതിരി വിശദമായി അങ്ങയെ ധരിപ്പിക്കുന്നതുപോലെ, അവർ സത്യപ്രബോധനത്തിനായി കാത്തിരിക്കുയാണ്. റോമിൽ എത്തിച്ചേരാൻ നമ്മുടെ കർത്താവ് അയാളെ അനുവദിക്കട്ടെ.''[111]

111 ARSI. Goa - Mal. 14. fol. 310.

www.malankaralibrary.com

## 53

### ഫാബിയോ ബിയോണ്ടിക്ക് ആർച്ചുബിഷപ്പ് മെനെസിസ് 1596 ഡിസംബർ 22ന് എഴുതിയ കത്തിൽ നിന്ന്

''ശ്ലീഹന്മാരുടെ കാലം മുതൽ ഇവിടെയുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അങ്കമാലി ബിഷപ്പിനെപ്പററി വിവരം ശേഖരിക്കാൻ നമ്മുടെ നാഥനായ പരിശുദ്ധ പിതാവ് മാർപ്പാപ്പ ഒരു കത്തുവഴി എന്നെ ചുമതലപ്പെടുത്തി. ഈ അതിരൂപതയെ പതിവായി ഭരിച്ചുകൊണ്ടിരുന്നതു് ബാബിലോണിയൻ പാത്രിയർക്കീസ് അയച്ചിരുന്ന മെത്രാന്മാരാണ്. എന്നാൽ പോർട്ടുഗീസ് ആധിപത്യകാലം മുതൽ ഈ മെത്രാന്മാർ പാപ്പായോട് വിധേയത്വം ഉള്ളവരായിരിക്കാൻ പോർട്ടുഗീസുകാർ ശ്രദ്ധിച്ചിരുന്നു. അതനുസരിച്ച് നാലാം പീയൂസിന്റെ കാലത്തു് ഇപ്പോഴത്തെ ആർച്ചു ബിഷപ്പിനെ അവർ റോമിലേയ്ക്കയച്ചു.[112] അതുപോലെ ഈ പട്ടണത്തിലെ ആർച്ചുബിഷപ്പുമാരായി അപ്പസ്തോലിക രേഖകൾ അവരെ അംഗീകരിക്കാനും, ഇവിടെ വച്ചു നടത്തുന്ന പ്രൊവിൻഷ്യൽ സിനഡുകളിൽ അവർ സംബന്ധിക്കാനും പോർട്ടുഗീസുകാർ വേണ്ടതു ചെയ്തു. എന്നാൽ ഇങ്ങനെയൊക്കെയാണെങ്കിലും, ഇപ്പോഴത്തേയാൾ, താൻ നേരത്തെ ആയിരുന്നതുപോലെ നെസ്തോറിയൻ പാഷണ്ഡിയായിത്തന്നെ നിലകൊള്ളുന്നു. ഞാൻ ശേഖരിച്ച വിവരങ്ങൾ വെവ്വേറെ ആദ്യത്തെ മൂന്നു കപ്പലുകളിൽ കൊടുത്തയയ്ക്കുന്നു. ഞാൻ നടത്തിയ അന്വേഷണത്തിന്റെ സാക്ഷ്യത്തിനായി മൂലരേഖ ഞാൻ സൂക്ഷിച്ചു വയ്ക്കുന്നു. രണ്ടു കോപ്പികൾ അങ്ങ് മാർപ്പാപ്പായ്ക്കു് അയച്ചുകൊടുക്കണം; മൂന്നാമത്തേതു് അങ്ങ് സൂക്ഷിക്കണം; ഇക്കാര്യത്തിൽ ഞാൻ കാണിച്ച ശുഷ്കാന്തിയും, വേണ്ടത്ര അനുസരണയോടും ബഹുമാനത്തോടും കൂടെ അപ്പസ്തോലിക നിർദ്ദേശം നടപ്പാക്കാൻ ഞാൻ കാണിച്ച സന്നദ്ധതയും അറിയപ്പെടാൻവേണ്ടിയാണിതു്.''[113]

---

112 കൽദായ കത്തോലിക്കാ പാത്രിയർക്കീസായ അബ്ദീശോയാണ് അയച്ചതു്.

113 Arch. Secret. Vat. Fondo Gonfalonieri, vol. 31. fol. 388 - 9 ഫാബിയോ ബിയോണ്ടി ലിസ്ബണിലെ വൈസ് ലെഗേററും മെനേസിസിന്റെ സ്നേഹിതനും ''ജറുസലേം പാത്രിയർക്കീസ്'' എന്ന സ്ഥാനികനാമം ഉള്ളയാളുമായിരുന്നു.



## 54

### ഗോവാ ആർച്ചുബിഷപ്പ് മെനെസിസിന് ക്ളെമെൻറ് VIII പാപ്പായുടെ കത്ത് (ജനുവരി 21, 1597)

പൗരസ്ത്യ ഇൻഡ്യയിലെ ഗോവാ ആർച്ചുബിഷപ്പായ വന്ദ്യ സഹോദരന് ക്ളെമെൻറ് VIII പാപ്പാ.

വന്ദ്യസഹോദരാ, ആരോഗ്യവും ശ്ലൈഹികാശീർവാദവും.

ഇപ്പോഴത്തെ അങ്കമാലി ആർച്ചുബിഷപ്പ് കാനോനികമായി മറെറാരിടയനെ നിയമിക്കാതെ മരിച്ചുപോയാൽ, ആത്മീയവും ലൗകികവുമായ കാര്യങ്ങളിൽ സ്ഥലകാല ദൈർഘ്യം നിമിത്തം ആ സഭയ്ക്കു് എന്തെങ്കിലും കുറവുണ്ടാകാതിരിക്കാൻ, ആ സഭയുടെ അവസ്ഥയ്ക്കു് അവസരോചിതമായി വേണ്ടതു ചെയ്യാൻ നാം ആഗ്രഹിക്കുന്നു. നാം ആ സഭയ്ക്കു് ഒരു മെത്രാനെ നൽകുന്നതുവരെ, വിവേകവും പക്വതയും വിജ്ഞാനവും ഉള്ളവനും യോഗ്യനെന്ന് താങ്കൾക്കു ബോധ്യമുള്ളവനും ആയ ഏതെങ്കിലും ഒരു വൈദികനെ ആ സഭയുടെ ആത്മീയവും ലൗകികവുമായ കാര്യങ്ങളിൽ അപ്പസ്തോലിക വികാരിയായി ശ്ലൈഹികാധികാരത്താൽ നിശ്ചയിച്ചു നിയമിക്കാൻ താങ്കൾക്കു കഴിയുന്നതിനുവേണ്ട അധികാരം ഈ തിരുവെഴുത്തുവഴി താങ്കൾക്കു നാം കല്പിച്ചനുവദിക്കുന്നു. ശ്ലൈഹിക സിംഹാസനത്തിന്റെ കോൺസ്റ്റിററ്യൂഷനുകളോ, കല്പനകളോ, സത്യപ്രതിജ്ഞവഴിയോ, ശ്ലൈഹികാധികാരംവഴിയോ, മറേറതെങ്കിലും തരത്തിലോ അങ്കമാലിസഭയുടെ നിയമങ്ങളോ പാരമ്പര്യങ്ങളോ ആയി അംഗീകരിച്ചുറപ്പിച്ചിട്ടുള്ളവയോ ഇതിനെതിരാണെങ്കിൽ അവയ്ക്കു് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. അവയുടെ പ്രാബല്യം മററവസരങ്ങളിൽ നിലനില്ക്കുന്നെങ്കിലും ഈ കാര്യത്തിൽ ഈ പ്രാവശ്യത്തേക്കു് ഈ തിരുവെഴുത്തുവഴി വ്യക്തമായും പ്രത്യേകരീതിയിലും ഇല്ലാതാകുന്നു. അതുപോലെ ഇതിനെതിരായ മറെറാന്നിനും പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

റോമിൽനിന്നു്, ജനുവരി 21, 1597.
നമ്മുടെ ഭരണത്തിന്റെ അഞ്ചാം വർഷം.[114]

---

114 G. Beltrami, *op. cit.* p. 252.

www.malankaralibrary.com

## 55

### *ജസ്വിട്ട് ജനറൽ അക്വാവീവായ്ക്ക് കാസ്ത്രോ പാതിരി 1597 ജനുവരി 5ന് എഴുതിയ കത്തിൽ നിന്ന്*

''വേഗാ പിതിരി കൊണ്ടുവന്ന മെമ്മോറാണ്ഡത്തിൽ നിന്ന് അങ്ങു ഗ്രഹിച്ചിരിക്കുന്നതുപോലെ ഒരു പുതിയ മെത്രാൻ വരുന്നത് സമുചിതമാണ്. അടുത്ത വർഷത്തോടുകൂടി, സ്വാഭാവികമായി പറഞ്ഞാൽ മറെറയാൾ (മാർ അബ്രഹാം) പരലോകത്തായിരിക്കും. അങ്ങ് എഴുതിയിരിക്കുന്നതുപോലെ, ജസ്വിട്ട് സൊസൈററിയിൽ നിന്ന് ഒരാളെ തെരഞ്ഞെടുക്കുന്നത് നന്നായിരിക്കും എന്നാണ് സെൻറ് സെവെരീനായുടെ മഹനീയ കർദ്ദിനാളിൻെറയും അഭിപ്രായം. ഞങ്ങൾ എഴുതി അറിയിച്ച നിരവധി കാരണങ്ങളാൽ ഇതുതന്നെയാണ് ഞങ്ങളുടെയും അഭിപ്രായം. ഒരു സിറിയൻ പാതിരിപോലുമില്ലെങ്കിൽ, കുറഞ്ഞപക്ഷം അയാൾ ഒരു റോമാക്കാരനായിരിക്കട്ടെ. ഇവിടെനിന്ന് ജറോം സേവ്യർ പാതിരി ആയിരിക്കുന്നതു വളരെ നല്ലതാണ്. എന്നാൽ അദ്ദേഹം മുഗൾ രാജസദസ്സിൽനിന്നു വരേണ്ടി വരും. സ്പെയിൻകാരനാണെങ്കിലും അദ്ദേഹത്തിനു് ഈ ക്രിസ്ത്യാനികളോട് താല്പര്യമാണ്; കൊച്ചീക്കോളേജിൻെറ റെക്ടർ ആയിരുന്നപ്പോൾ അദ്ദേഹം മലബാറുമായി പരിചയപ്പെട്ടിട്ടുമുണ്ട്. ഈ ക്രിസ്ത്യാനികളുടെ പുരാതനപാരമ്പര്യങ്ങൾ നിമിത്തം ആദ്യ (ലത്തീൻ) മെത്രാനു്, പുതുതായതുകൊണ്ട്, ആദ്യ വഷങ്ങളിൽ ചില ചില്ലറ എതിർപ്പുകൾ അഭിമുഖീകരിക്കേണ്ടിയും വരും. അതിനെ അഭിമുഖീകരിച്ചുകൊണ്ട് സമയോചിതമായി ക്ഷമാപൂർവം ബിഷപ്പ് അവരെ ശാന്തരാക്കണം; കാരണം, നമ്മൾ ആദ്യമായി മലബാറിൽ പ്രവേശിച്ചപ്പോൾ നമുക്ക് വളരെ എതിർപ്പുകൾ നേരിടേണ്ടിവന്നു; എന്നാൽ ഇപ്പോൾ ഈ ജനങ്ങൾ വിനയാന്വിതരും തഴക്കം വന്നവരുമായിത്തീർന്നിരിക്കുന്നു. ലത്തീൻ ആചാരാനുഷ്ഠാനരീതികളിലേക്ക് ഈയാളുകളെ പൂർണമായി പരിവർത്തനം ചെയ്യുന്നത്, തീക്ഷ്ണതയും അപ്പസ്തോലിക മാതൃകകളും ഉള്ള ഒരു റോമൻ മെത്രാനെ ലഭിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. സബ്സിഡി സംബന്ധിച്ചാണെങ്കിൽ രാജാവ് അതു വേഗത്തിൽ



അനുവദിക്കും; കാരണം ഈ ക്രിസ്ത്യാനികളെകൊണ്ട് അദ്ദേഹത്തിനു വളരെ പ്രയോജനം ഉണ്ട്; ഗോവൻ ആർച്ചുബിഷപ്പ് എഴുതിയതുമായി യോജിച്ചുപോകുന്നതുമാണിത്. രാജാവിനുള്ള കത്തിൽ ഞാനും അപ്രകാരം ചെയ്യുന്നതാണ്.''[115]

## 56

### *ജസ്വിട്ട് ജനറൽ അക്വാവീവായ്ക്ക് കാസ്ത്രോ പാതിരി 1597 ജനുവരി 8ന് അയച്ച കത്തിൽനിന്ന്*

''നാലു് പാതിരിമാരും ഒരു സഹോദരനും സെമിനരിയിലെ സാധാരണ ജോലിയിൽ നന്നായി വ്യാപൃതരായിരിക്കുന്നു. ആണ്ടുവട്ടത്തിലെ ചില മാസങ്ങളിൽ ചിലർ ചേരരാജ്യത്തേക്കു വരുന്നുണ്ട്. സെമിനരിയിലെ ചില പാതിരിമാരും ചേരരാജ്യത്തെ ഗ്രാമങ്ങളിൽ പോയി, സെമിനരിയിൽ പഠിച്ചതു് പ്രസംഗിക്കുന്നുണ്ട്. സെമിനരിയിൽ ലത്തീനും സുറിയാനിയും പഠിക്കുന്നതുതുടരുന്നു; എന്നാൽ എല്ലാവരും ഒരുപോലെയല്ല, ഓരോരുത്തരുടെയും കഴിവനുസരിച്ചാണ്. കഴിഞ്ഞ വർഷങ്ങളിൽ പരിശുദ്ധ പിതാവ് ഗോവൻ ആർച്ചുബിഷപ്പിനെഴുതി കല്പിച്ച് ചുമതലപ്പെടുത്തിയ ബൂളായെപ്പററി ഞങ്ങൾ കേട്ടു. തനിക്കു കിട്ടിയ അധികാരത്തെപ്പററി ആർച്ചുബിഷപ്പ് ഞങ്ങളെ വിവരം അറിയിച്ചു; ഈ മെത്രാനെപ്പററിയും ഈ ക്രിസ്ത്യാനികളുടെ അവസ്ഥയെപ്പററിയും നിഷ്പക്ഷമായ[116] ഒരന്വേഷണം നടത്തി അദ്ദേഹത്തെ അറിയിക്കാൻ ഞങ്ങളോടു കല്പിച്ചിരുന്നു. അവസ്ഥ് അദ്ദേഹം എന്തെങ്കിലും പരിഹാരം കണ്ടെത്തേണ്ടതിനു വേണ്ടിയായിരുന്നിതു്. ജന്മംകൊണ്ടും സുകൃതം കൊണ്ടും അദ്ദേഹം മഹനീയനായതിനാൽ, ഈ പാവപ്പെട്ട മനുഷ്യരെ സഹായിക്കുന്നതിൽ അദ്ദേഹം അതീവ തീക്ഷ്ണനാണ്. അദ്ദേഹം ജസ്വിട്ട് സൊസൈററിയോട് വളരെ സ്നേഹത്തിലാണ്.''[117]

---

115 Goa - Mal. 14. fol. 336 - 7. വൈപ്പിക്കോട്ട സെമിനരി സുപ്പീരിയർ ആയിരുന്ന ജോർജ്ജ് ദി കാസ്ത്രോ പാതിരി. 1597 ജനുവരി 3ന് മാർ അബ്രഹാം മരിച്ച കാര്യം പാതിരി അറിഞ്ഞിരുന്നില്ല.

116 in a judicial form

117 ARSI. Goa - Mal. 14. fol. 338-9.

www.malankaralibrary.com

## 57

### *കർദ്ദീനാൾ ആൽദോ ബ്രൻദീനിയുടെ കത്ത്*

(1597 ജനുവരി 18)

(ക്ലെമെൻറ് VIII പാപ്പായുടെ അനന്തിരവൻ കർദ്ദിനാൾ ആൽദോ ബ്രൻദീനി, ഫാബിയോ ബിയോണ്ടിക്ക് ഒരു പേപ്പൽ ബൂളാ അയച്ചുകൊടുത്തു. അതോടൊപ്പം ഒരു കത്തും. ബൂളാ ഗോവൻ മെത്രാൻ മെനേസിസിനു് അയച്ചുകൊടുക്കാൻ കത്തിൽ ആവശ്യപ്പെടുന്നു. പ്രസ്തുത കത്തിൽ നിന്നു്)

അതിശ്രേഷ്ഠനും വന്ദ്യമോൺസിഞ്ഞോറുമായ സഹോദരാ,

''ഇൻഡ്യയിലെ അങ്കമാലി ആർച്ചുബിഷപ്പ് പടുവൃദ്ധനായെന്നും ഏതു നിമിഷവും മരിച്ചുപോകാനിടയുണ്ടെന്നും പരിശുദ്ധ പിതാവ് അറിയാൻ ഇടയായി. അങ്ങനെയുള്ള സാഹചര്യത്തിൽ അലക്സാന്ദ്രിയാ പാത്രിയർക്കീസ് (?) ഒരിക്കൽ ഈ സഭയിലേക്ക് ആരെയോ നിയമിച്ചതുപോലെ തന്റെ അവകാശവാദവുമായി വീണ്ടും മുന്നോട്ടു വരുമെന്ന ഭയന്നു്, ഗോവൻ ആർച്ചുബിഷപ്പിനു് ഒരു കത്തയയ്ക്കാൻ പരിശുദ്ധപിതാവ് തീരുമാനിച്ചു. അതു് ഇതോടൊപ്പം അയയ്ക്കുന്നു. മുകളിൽ പറഞ്ഞ അങ്കമാലി ആർച്ചുബിഷപ്പ് മരിക്കുമ്പോൾ ഒരു വികാരിയേയോ അഡ്മിനിസ്ട്രേറ്ററേയോ നിയമിക്കാൻ പരിശുദ്ധപിതാവ് അദ്ദേഹത്തോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. അതുവഴി അലക്സാന്ദ്രിയൻ പാത്രിയർക്കീസ് ചെയ്തേക്കാവുന്ന ഏതു നിയമനവും നിഷ്ഫലമായിത്തീരും. ഏതെങ്കിലും നെസ്തോറിയനെ അല്ലാതെ മററാരെയും അയാൾ നിയമിക്കുമെന്നു നമുക്കു് പ്രതീക്ഷിക്കാനാവില്ലല്ലോ. ഗോവാസഭയിൽ നിന്നു് ഈ ചെറുസസ്യത്തെ പിഴുതുകളയാനേ അയാൾ പരിശ്രമിക്കയുള്ളു. പരിശുദ്ധ പിതാവ് ഈ നടപടി എടുത്തിരിക്കുകയാണ്; ഈ വിവരം അങ്ങയെ അറിയിക്കാനും ഈ ബൂളാ സുരക്ഷിതമായി ലക്ഷ്യസ്ഥാനത്തെത്താൻ ഈ കത്തു് അയച്ചുതരാനും എന്നോടു് ആവശ്യപ്പെട്ടു. ഈ ബൂളാ നടപ്പാക്കുന്നതു സംബന്ധിച്ച് അങ്ങു് അങ്ങയുടെ സന്മനസ്സനുസരിച്ച് ഗോവൻ ആർച്ചുബിഷപ്പിനു് എഴുതുക. ഈ കമ്മീഷന്റെ വിജയത്തിനാവശ്യമായ കാര്യങ്ങൾ അങ്ങയുടെ



വിവേകമനുസരിച്ച് ഇതുമായി കൂട്ടിച്ചേർക്കാവുന്നതാണ്. എനിക്കു് കൂടുതലായി ഒന്നും അങ്ങയോടു് പറയാനില്ല. ദൈവം എല്ലാ നന്മകളും അങ്ങയുടെമേൽ വർഷിക്കട്ടെ.

റോമിൽ നിന്നു്[118]. ജനുവരി 18, 1597.

## 58

### *ജസ്വീട്ട് ജനറലിനു് ഫാ. റോസ് 1597 ഡിസംബർ 24 നു് അയച്ച കത്തിൽ നിന്നു്*

''ആർച്ചുബിഷപ്പിന്റെ പിൻഗാമിയായി അദ്ദേഹത്തിന്റെ വികാരിജനറാളായ ആർച്ചുഡീക്കനെ നിയമിക്കണമെന്നു് പറഞ്ഞുകൊണ്ടു് പരിശുദ്ധ പിതാവിനുള്ള കത്തുകൾകൊണ്ടും മററനേകം കാര്യങ്ങൾകൊണ്ടും ഫാ. മാനുവെൽ ദെ വേഗാ റോമിലേക്കു പോയിട്ടു് നാലു വർഷമായി. മാർപ്പാപ്പാ അതിന്റെ ഉള്ളടക്കം ഗ്രഹിക്കും എന്നതിനേപ്പററി എനിക്കു സംശയമില്ല; കാരണം കത്തുകളെല്ലാം കൽദായയിലാണെങ്കിലും അവയുടെ ലത്തീൻ വിവർത്തനങ്ങളും ചേർത്തിട്ടുണ്ടു്. എന്നാൽ നമ്മുടെ കർത്താവിന്റെ തീരുമാനം മഹനീയമായിരുന്നു. മുകളിൽ പറഞ്ഞ കത്തുകളുടെ ഒരു മറുപടിയും ആർച്ചുബിഷപ്പിനു കിട്ടിയില്ല; ഈയടുത്ത കാലത്തു തിരികെ വന്ന വേഗാ പാതിരിയും ഒരു മറുപടിയും കൊണ്ടുവന്നില്ല. ഇക്കാരണത്താൽ ജനങ്ങൾക്കു നമ്മിലുണ്ടായിരുന്ന സർവ്വ വിശ്വാസവും നഷ്ടപ്പെട്ടു; തങ്ങൾക്കു മാർപാപ്പാ അയച്ച കത്തുകൾ നമ്മൾ തടഞ്ഞുവച്ചിരിക്കയാണെന്നു് അവർ ചിന്തിക്കുന്നു. *നമ്മുടെ ഏററം വലിയ എതിരാളികളായ ഫ്രാൻസിസ്കൻ സന്യാസികൾ ഈ വിശ്വാസം നഷ്ടപ്പെട്ടതിൽ സാരമായ പങ്കു വഹിച്ചിട്ടുണ്ടു്.* നമ്മൾ തന്നെ മെത്രാന്മാരാകാൻ തക്കം നോക്കിയിരിക്കുകയാണ് എന്നു് അവർ ജനങ്ങളെ വിശ്വസിപ്പിച്ചിരിക്കുകയാണ്. വേഗാ പാതിരി കത്തുകളൊന്നും കൊണ്ടുവന്നില്ല എന്നു കണ്ടു് അവർ ഇപ്പോൾ നമ്മെ പൂർണ്ണമായി അവിശ്വസിക്കുകയാണ്. മറിച്ച് പരിശുദ്ധ പിതാവ് മുമ്പു് കൂടെക്കൂടെ അവരെ സമാശ്വസിപ്പിച്ചിരുന്നു എന്നു് അവർ അനുസ്മരിക്കുകയും ചെയ്യുന്നു............

---

118. Arch. Secret. Vat. Fondo Gonfalonieri, Vol. 29. fol. 525

www.malankaralibrary.com

ഈ ചേരരാജ്യത്തെ ആർച്ചുബിഷപ്പ് കഴിഞ്ഞ ജനുവരി
മൂന്നിന് മരിച്ചു; എന്നാൽ വളരെ നന്നായിട്ടല്ല. ആർച്ചുഡീക്കനെ
യല്ലാതെ ഒരു ലത്തീൻ മെത്രാനെ മാർപ്പാപ്പാ നിയമിച്ചാൽ അതിൽ
പാപ്പായോട് പ്രതിഷേധിക്കാൻ മാർത്തോമ്മാക്രിസ്ത്യാനികളെല്ലാ
വരും തീരുമാനിച്ചിരിക്കുകയാണ്. ഒരു കൽദായ കത്തോലിക്ക
നെയോ ഒരു മാറോനീത്താക്കാരനെയോ മെത്രാനായി അയയ്ക്കുക
യാണ് ഇതിനുള്ള പരിഹാരം എന്ന് എനിക്കു തോന്നുന്നു; എന്നാൽ
അയാൾ ഒരു സന്യാസിയായിരിക്കാൻ പാടില്ല. ഈ ആർച്ചു
ഡീക്കനെ കോ–അഡ്ജുത്തോറായി നിയമിക്കയും വേണം. അങ്ങ
നെ എല്ലാ കാര്യങ്ങളും വളരെ എളുപ്പം പരിഹരിക്കാം. അങ്ങനെ
നമ്മെപ്പററിയുള്ള സംശയം ദൂരീകരിക്കാം. ആർച്ചുഡീക്കൻ തന്റെ
വിശ്വാസത്തിൽ പൂർണ്ണമായും സത്യവിശ്വാസിയാണ്; അയാൾക്കു
ഒരു ദുരാചാരവുമില്ല. അയാൾ വിവേകിയും വളരെ നല്ല ബുദ്ധി
മാനുമാണ്, കൂടാതെ അദ്ദേഹത്തിന്റെ സഹോദരൻ എന്റെ ശിഷ്യ
നാണ്. ഫാ. ജനറൽ ഈ ജനങ്ങളെ സമാശ്വസിപ്പിച്ച്, സംശയം
ദൂരീകരിക്കുക. ഒരു പേപ്പൽ ബൂളാ വഴി ഗോവൻ ആർച്ചുബിഷ
പ്പിന് ഈ ക്രിസ്ത്യാനികളുടെ സംരക്ഷണം ലഭിച്ചിട്ടുണ്ട്. അദ്ദേഹം
തീക്ഷ്ണനും വിശുദ്ധനുമായ മെത്രാനാണ്. എന്നാൽ ഈ ജനങ്ങളോ
ടിടപെടുമ്പോൾ ശാന്തമായി കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതു
ആവശ്യമാണ്. ബലം പ്രയോഗിച്ചാൽ അവർ നമുക്കു നഷ്ടപ്പെടും.
നന്മകൊണ്ടും നല്ല പെരുമാററം കൊണ്ടും അവർക്കു വളരെ കാര്യങ്ങൾ
ചെയ്തുകൊടുക്കാനാവും''. [119]

119. ARSI. Goa-Mal. 14. fol.357.



## 59

### ഫാബിയോ ബിയോണ്ടിക്ക് ആർച്ചുബിഷപ്പ് മെനെസിസ് 1597 ഡിസംബർ 19ന് അയച്ച കത്തിൽനിന്ന്

''എനിക്ക് മാപ്പാപ്പായുടെ (1597 ജനുവരി 21 ലെ രണ്ടാമത്തെ)
തിരുവെഴുത്തു കിട്ടിയപ്പോഴേക്കും മെത്രാപ്പോലീത്താ മരിച്ചുപോയ
തിനാൽ ജനങ്ങൾ ഒന്നടങ്കം ആർച്ചുഡീക്കനോട് അനുസരണം വാഗ്
ദാനം ചെയ്തു. റോമാസഭയുടെ കീഴിലേക്ക് ഈ ക്രിസ്ത്യാനികളെ
കൊണ്ടുവരേണ്ടതിനായി പോർട്ടുഗീസുകാർ സർവാത്മനാ പ്രയ
ത്നിച്ചു എങ്കിലും അവർ ശീശ്മയിലും നെസ്തോറിയൻ പാഷണ്ഡത
യിലും ദീർഘകാലമായി നിപതിച്ചുകിടന്നതിനാൽ മെത്രാപ്പോലീ
ത്തായോടുപോലും ഈ സംഗതിയിൽ അവർ ബലം പ്രയോഗിക്കാ
തിരുന്നില്ല. വൈദികരും ജനങ്ങളും ഒരുമിച്ച് സമ്മേളിക്കുന്ന ഒരു
സിനഡിൽ മാർപ്പാപ്പാ അവർക്ക് ഒരു സുറിയാനി മെത്രാനെ
നിയോഗിക്കുന്നതായാൽ അദ്ദേഹത്തിനു കീഴ്പ്പെടുമെന്നും, എന്നാൽ
അയയ്ക്കപ്പെടുന്നതു ഒരു ലത്തീൻമെത്രാൻ ആണെങ്കിൽ എന്താണ്
ചെയ്യേണ്ടതെന്ന് ആലോചിക്കുന്നതാണെന്നും അവർ തീരുമാനിച്ചി
രിക്കുകയാണ്. ഒരാൾ പ്രാർത്ഥനയിൽ മാപ്പാപ്പായുടെ നാമം ഉച്ചരി
ച്ചതു കേട്ട വൈദികൻ അതു നിരോധിച്ചതായും ഞാൻ അറിഞ്ഞു.
അതിന് ആ വൈദികനെ ശിക്ഷിക്കുന്നതാണെന്ന് ആർച്ചു
ഡീക്കന്റെ പേർക്ക് ഞാൻ എഴുതി അറിയിച്ചിട്ടുണ്ട്. ഈ ദോഷങ്ങ
ളെയെല്ലാം നിവാരണം ചെയ്യേണ്ടതിനായി, അവരുടെ പക്കലേക്കു
പോകുന്നതിനും, അക്രൈസ്തവ രാജ്യങ്ങളിൽ 600 മൈൽ
വിസ്താരത്തിൽ വ്യാപിച്ചിരിക്കുന്ന പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന
അവരുടെ പള്ളികൾ സന്ദർശിക്കുന്നതിനും ഞാൻ തീർച്ചയാക്കിയി
രിക്കുന്നു. എനിക്ക് ആ രാജ്യങ്ങളിൽ സ്നേഹിതരും സഹകാരികളും
ഉള്ളതിനും പുറമെ, ഞാൻ ഈ രാജ്യത്തിൽ രണ്ടാമൻ ആയിരിക്കുന്ന
തിനാൽ എനിക്കു് എന്റെ സ്വന്ത അധികാരശക്തിയുമുണ്ട്.
അക്രൈസ്തവരാജാവ് (കൊച്ചിരാജാവ്) സ്വകാര്യലാഭത്തിനുവേണ്ടി
എന്നോടു സ്നേഹഭാവത്തിൽ വർത്തിക്കും. ഞാൻ വൈദികരുടെ
ഒരു സിനഡ് വിളിച്ചുകൂട്ടി അവരെ റോമാസഭയ്ക്കു വിധേയമാക്കും;
മാർപ്പാപ്പാ നിയമിക്കുന്ന മെത്രാനെ സ്വീകരിച്ചുകൊള്ളാം എന്ന്

www.malankaralibrary.com

അവരെക്കൊണ്ടു് സമ്മതിപ്പിക്കും. എല്ലാവിധ തെറ്റുകളിൽനിന്നും ശീശ്മയിൽനിന്നും അവരുടെ പള്ളികളെ ശുദ്ധീകരിക്കും. പാഷണ്ഡതകളുള്ള ഗ്രന്ഥങ്ങളെല്ലാം അവരിൽനിന്നു് നീക്കിക്കളയും ചില പണ്ഡിതന്മാരെയും ഈ ക്രിസ്ത്യാനികളുമായും അവരുടെ ഭാഷയുമായി പരിചയമുള്ള ചില ജസ്വിട്ടു് പാതിരിമാരെയും ഞാൻ എൻെറ കൂടെ കൊണ്ടുപോകുന്നുണ്ടു്. ദൈവത്തിനും റോമാസഭയ്ക്കും ഈ യാത്ര വലിയ സേവനമായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ഇതു് ക്ലേശഭൂയിഷ്ഠവും അപകടപൂർണവുമാണ്. ആറോ ഏഴോ മാസം ഞാൻ അവിടെ താമസിക്കേണ്ടിവരും. അതുകൊണ്ടു് തണുപ്പുകാലത്തുള്ള ഇടവേളയിൽ ഈ രാജ്യങ്ങളിലെ ഇടപാടുകൾ അവസാനിക്കുന്നതിനാൽ, ഏപ്രിൽ മാസത്തിൽ യാത്ര തിരിക്കണം. ഒക്ടോബർ വരെ അവിടെ തങ്ങാനാണു പദ്ധതി. ഈ സഭയ്ക്കൊരു മെത്രാൻ കപ്പലിൽ വരുന്നോ എന്നു ഞാൻ കാത്തിരിക്കും. വരികയാണെങ്കിൽ, വളരെ എളുപ്പത്തിൽ എനിക്കു് അദ്ദേഹത്തെ തൻെറ രൂപതയിൽ പരിചയപ്പെടുത്തിക്കൊടുക്കാമല്ലോ. ഈ സഭയ്ക്കുവേണ്ടി ഒരു പുതിയ മെത്രാനെ ഇതുവരെ നിയമിച്ചിട്ടില്ലെങ്കിൽ, ജസ്വിട്ടു് സമൂഹത്തിൽ പെട്ട പാതിരിമാർ ഇവിടെ ഉണ്ടായിരുന്നവരായതിനാൽ ഒരു ജസ്വിട്ടു് പാതിരിയെ തിരഞ്ഞെടുക്കുക എന്നതു് വളരെ പ്രധാനപ്പെട്ട കാര്യമാണെന്നു് ഞാൻ അങ്ങയെ ഉപദേശിക്കട്ടെ. *സ്വാഭാവികമല്ലാത്ത സുറിയാനി ഭാഷ കുറേശ്ശ കുറേശ്ശ ഇല്ലാതാക്കാൻ അയാൾക്കു നിർദ്ദേശം നൽകണം* എന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. അയാളുടെ വൈദികർ ലത്തീൻ ഭാഷ പഠിക്കണം; കാരണം, *എല്ലാ പാഷണ്ഡതകളും ഒഴുകുന്ന ചാനലാണ് സുറിയാനിഭാഷ. സുറിയാനിഭാഷ മാററി തൽസ്ഥാനത്ത് ലത്തീൻ ഭാഷ നടപ്പാക്കുകയാണ് ഉത്തമനായ ഭരണകർത്താവിൻെറ കടമ.* അങ്കമാലി മെത്രാൻ ഈ നഗരത്തിൻെറ (ഗോവാ) സാമന്തൻ ആയിരിക്കണം എന്നതാണ് മറെറന്തിനെക്കാളും കാര്യമായി പരിഗണിക്കേണ്ടതു്. കൊച്ചി രൂപതയുടെ അടുത്താണതു്. അതിൻെറ ഏററം അടുത്തുള്ള അതു് സാമന്ത രൂപതയാണ്. ഈ സഭയെ ഭരിക്കുന്നതിനു് മെത്രാനെ അയയ്ക്കുന്നതു് നെസ്തോറിയനായ ബാബേൽ പാത്രിയർക്കീസാണ്. അല്ലാതെ, നാം കരുതിയിരുന്നതുപോലെ അലക്സാന്ത്രിയൻ പാത്രിയർക്കീസല്ല. അയാൾ (ബാബേൽ പാത്രിയർക്കീസ്) നിരവധി തെറ്റുകൾ നിർലജ്ജം പഠിപ്പിക്കുന്ന ഒരു പാഷണ്ഡിയും ശീശ്മക്കാരനുമാണ്. പരേതനായ മെത്രാപ്പോലീത്താ (മാർ അബ്രഹാം) ഈ വിധമുള്ള ഒരാളായിരുന്നു. തൻെറ തെറ്റുകൾ ഉപേക്ഷിക്കാതെ അയാൾ മരണമടഞ്ഞു. ഞാൻ പ്രസിദ്ധപ്പെടുത്തിയ, മാർപ്പാപ്പായുടെ ജൂബിലി സ്വീകരിക്കാൻ



അയാൾ മനസ്സുവച്ചില്ല. എന്നാൽ ചില പള്ളികളിലെ ജനങ്ങൾ അതു ഭക്തിപൂർവം സ്വീകരിച്ചു. ജസ്വിട്ടു് പാതിരിമാർ വഴിയാണു ഞാനതു പ്രസിദ്ധീകരിച്ചതു്.'' [120]

## 60

### ഉദയംപേരൂർ സൂനഹദോസിനു ക്ഷണിച്ചുകൊണ്ട് ആർച്ചുബിഷപ്പ് മെനെസീസ് എഴുതിയ കത്ത് (1599 മെയ് 14)

ദൈവത്തിൻെറയും പരിശുദ്ധ റോമാസിംഹാസനത്തിൻെറയും കാരുണ്യത്താൽ, ആർച്ചുബിഷപ്പും ഗോവൻ മെത്രാപ്പോലീത്തായും ഇൻഡ്യയുടെയും പൗരസ്ത്യദേശങ്ങളുടെയും പ്രൈമേറ്റുമായ ഡോം ഫ്രെ അലെയ്ക്സോ ദെ മെനേസെസ്. [121]

മലബാർ രാജ്യത്തെ ചേരയിൽ [122] ഉള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആർച്ചുഡീക്കൻ ഗീവർഗീസ് കത്തനാർ, മററു കത്തനാരന്മാർ, ശെമ്മാച്ചന്മാർ, എവുപ്പദ്യാക്കൻമാർ ആദിയായി മിശിഹായിൽ എല്ലാ വൈദികസ്ഥാനികൾക്കും, എല്ലാ നഗരങ്ങൾക്കും ഗ്രാമങ്ങൾക്കും, പ്രദേശങ്ങൾക്കും, മേല്പറഞ്ഞ രൂപതയിൽപ്പെട്ട എല്ലാ ക്രിസ്തീയ വിശ്വാസികൾക്കും നമ്മുടെ കർത്താവീശോമിശിഹായിൽ ആയുരാരോഗ്യങ്ങൾ!

നിങ്ങളെല്ലാവരും ഓരോരുത്തൻ പ്രത്യേകമായും അറിയുന്നതിനു് നാം അറിയിക്കുന്നതെന്തെന്നാൽ: ഇപ്പോൾ ദൈവത്തിൻെറ സഭയിൽ അധ്യക്ഷനായിരിക്കുന്ന റോമിലെ മെത്രാനും ഭൂമിയിൽ നമ്മുടെ

---

120 Arch. Secret. Vat. Nunziat. Portugal, VI. fol. 340-1; *Subsidium ad Bullarium Patronatus* Portugalliae, Allappe,1903. p.12-13. ബർണ്ണാർദ് തോമാ, മാർത്തോമ്മാക്രിസ്ത്യാനികൾ, പാലാ, 1916, പേ. 204-7.

121 മെനെസിസ് പോർട്ടുഗലിൽ ജനിച്ചു. അഗസ്റ്റീനിയൻ സന്യാസിയായി. 1594-ൽ ഗോവാ മെത്രാനായി പോർട്ടുഗീസ് രാജാവു് നാമനിർദ്ദേശം ചെയ്തു. 1595 ഫെബ്രുവരി 13 നു് മാർപ്പാപ്പാ നിയമനം നടത്തി. 1609 വരെ ഗോവൻ ആർച്ചുബിഷപ്പായിരുന്നു. പിന്നീടു് പോർട്ടുഗലിൽ ബ്രാഗാ രൂപതാധ്യക്ഷനായി. 1617-ൽ മാഡ്രിഡിൽ (സ്പെയിൻ) വച്ചു മരിച്ചു.

122 Serra= മല എന്നു പദാർത്ഥം

www.malankaralibrary.com

കർത്താവീശോമിശിഹായുടെ വികാരിയും ദൈവത്തിന്റെ സഭയുടെ അതിനാഥനുമായ അതിപരിശുദ്ധ പിതാവ് ക്ലെമെന്റ് VIII മാർപ്പാപ്പാ:

1595 ജനുവരി 27 നും [123] 1597 ജനുവരി 21 നും [124] ആയി രണ്ടു തിരുവെഴുത്തുകൾ നമുക്കയച്ചുതരികയുണ്ടായി; അദ്ദേഹം തന്റെ അജപാലക ദൗത്യത്താലും, നമ്മുടെ കർത്താവും രക്ഷകനും ദൈവപുത്രനുമായ യേശുക്രിസ്തു ലോകത്തിലുള്ള എല്ലാ സഭകളുടെമേലും പത്രോസിന്റെ പരമോന്നതവും വിശുദ്ധവും ശ്ലൈഹികവുമായ സിംഹാസനത്തിനു് നൽകിയ സാർവ്വത്രികാധികാരത്താലും, മാർ അബ്രഹാം മരിക്കുമ്പോൾ ഇതുവരെ പതിവായിരുന്നതുപോലെ ബാബിലോണിൽനിന്നുള്ള മെത്രാന്മാരോ സഭാധ്യക്ഷന്മാരോ അവിടെ കയറിപ്പററാതിരിക്കാൻ, ഈ സഭയുടെയും രൂപതയുടെയും ഭരണം ഏറെറടുക്കണമെന്നു് എന്നോടു കല്പിക്കുകയുണ്ടായി. അവിടെനിന്നുവരുന്നവരൊക്കെ, വി. റോമാസഭയോടു് വിധേയത്വമില്ലാത്തവരും, ശീശ്മക്കാരും, പാഷണ്ഡികളും, നെസ്തോറിയരും, ഈ പാഷണ്ഡതയുടെ തലവനായ ബാബിലോണിയൻ പാത്രിയർക്കീസിനു വിധേയരുമാണ്. [125] വിശുദ്ധ റോമാസഭ ഈ രൂപതയ്ക്കു് അനുയോജ്യനായ ഒരിടയനെ നിയമിക്കുന്നതുവരെ ആത്മീയവും ലൗകികവുമായ കാര്യങ്ങളിൽ മേല്പറഞ്ഞ രൂപതയെ ഭരിക്കാൻ ഒരു ഗവർണറെയോ ഒരു അപ്പസ്തോലിക വികാരിയെയോ നിയമിക്കാൻ പ്രസ്തുത തിരുവെഴുത്തുകൾ നമ്മെ അധികാരപ്പെടുത്തിയിരുന്നു. അതു വായിച്ചപ്പോൾ അർഹിക്കുന്ന ബഹുമാനത്തോടും വിധേയത്വത്തോടുംകൂടെ ശ്ലൈഹികകല്പനകൾ നടപ്പാക്കാൻ നാം തല്പരനായി. രൂപതയിൽ ഒഴിവുവരുമ്പോൾ അതിന്റെ ചുമതല ഏറെറടുക്കാൻ ആ രൂപതയിൽ ഒരു കാനോനികസംഘം [126] ഇല്ലാത്തതിനാലും നാം ഇതിന്റെയും ഇൻഡ്യയിലും പൗരസ്ത്യദേശങ്ങളിലും ഉള്ള മറെറല്ലാ പള്ളികളുടെയും മെത്രാപ്പോലീത്തായും പ്രൈമേററും ആയതിനാലും ഒരവകാശം എന്ന നിലയിൽ നമ്മുടെമേൽ ചുമത്തപ്പെട്ട ഒരു കർത്തവ്യവുമായിരുന്നു ഇതു്.

തത്സംബന്ധമായി നമുക്കു ലഭിച്ച കല്പനയ്ക്കു് ഒരു ഫലവുമില്ലെന്നും മേല്പറഞ്ഞ രൂപതയിൽ നാം കല്പിച്ചവ അനുസരിക്കപ്പെട്ടില്ലെന്നും അങ്ങനെ നമ്മുടെ അതിപരിശുദ്ധ പിതാവായ റോമാ മെത്രാൻ ഉദ്ദേശിച്ചവ വിഫലമാകാൻ സാധ്യതയുണ്ടെന്നും നാം

123 മുകളിൽ പേജ് 124-5 കാണുക

124 മുകളിൽ പേജ് 131 കാണുക

125 ഈ പ്രസ്താവന പാടേ തെററാണ്

126 Cathedral Chapter



കാണുന്നു. ശീശ്മയും ശ്ലൈഹികസിംഹാസനത്തോടുള്ള അനുസരണരാഹിത്യവും അനേകവർഷങ്ങളായി അവിടെ ആഴത്തിൽ വേരുറച്ചിരിക്കുന്നതിനാൽ, കഴിഞ്ഞ രണ്ടുവർഷം അവിടെ അധ്വാനിച്ചിട്ടും അവിടുത്തെ നിവാസികൾ അപ്പസ്തോലികസിംഹാസനത്തിന്റെയും നമ്മുടെയും കല്പനകൾക്കു് വിധേയരായിരിക്കുന്നതിനുപകരം ഇതേപ്പററി അറിവു ലഭിച്ചപ്പോൾ മുതൽ കൂടുതൽ കൂടുതൽ തങ്ങളെത്തന്നെ കഠിനരാക്കി. പരിശുദ്ധ റോമാസഭയോടുള്ള വിധേയത്വത്തിനെതിരായി കൂടുതൽ തെററുകൾ ചെയ്തുകൂട്ടി. ഈ കാര്യം ദൈവസമക്ഷം സമർപ്പിക്കുകയും നമ്മുടെ രൂപതയിലുടനീളം അപ്രകാരം ചെയ്യണം എന്നു കല്പിക്കുകയും ചെയ്തിട്ട് ശ്ലൈഹികകല്പനകൾ നടപ്പാക്കേണ്ട രീതികളെപ്പററിയുള്ള പക്വമായ ഉപദേശം നാം സ്വീകരിച്ചു. ഈ ജനങ്ങൾ പുറജാതിക്കാരുടെ ഇടയിൽ ജീവിക്കയും വിവിധ സ്ഥലങ്ങളിൽ ചിതറപ്പെട്ടിരിക്കുകയും അവരുടെ പള്ളികളും അവക്കുള്ള സർവ്വസ്വവും എല്ലായ്പ്പോഴും വിഗ്രഹാരാധകരായ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും കീഴ്പ്പെട്ടിരിക്കുകയും വിഗ്രഹങ്ങൾകൊണ്ടും പഗോഡകൾകൊണ്ടും ചുററപ്പെട്ടിരിക്കുകയും, ഈ പ്രദേശങ്ങളിലേക്കു് പോർട്ടുഗീസുകാർ വരുന്നതിനുമുൻപ് മററു് ക്രിസ്ത്യാനികളുമായി സമ്പർക്കം പുലർത്താതിരിക്കുകയും ചെയ്തിട്ടും വിശുദ്ധ *മാർതോമാശ്ളീഹായുടെ സുവിശേഷപ്രസംഗം മുതൽ ഈ ദിവസം വരെ നമ്മുടെ കർത്താവീശോമിശിഹായുടെ വിശ്വാസത്തിൽ അനേകായിരം ആത്മാക്കളെ സംരക്ഷിക്കാൻ ദൈവം കരുണ കാണിച്ചതിനാലും ഈ ജനത്തിന്റെ ഭക്തി തീക്ഷ്ണതയാലും* ഇപ്പോഴും അവരുടെ ഇടയിൽ നിലനില്ക്കുന്ന വിശുദ്ധ മാർതോമാശ്ലീഹായുടെ അധ്വാനഫലം സത്യപ്രബോധനത്തിന്റെ അഭാവത്താൽ നഷ്ടപ്പെട്ടുപോകാൻ പാടില്ല എന്നു് ആഗ്രഹമുള്ളതിനാലുമത്രേ നാമിതു ചെയ്യുക. അപ്പസ്തോലികകല്പനകൾ നിഷ്ഫലമാകാൻ പാടില്ല എന്നതിനാൽ, നമ്മുടെ അഭാവത്തിൽ നമ്മുടെ സ്വന്തം സഭയുടെ ഭരണം സംബന്ധിച്ചു് വേണ്ട ക്രമീകരണങ്ങൾ വരുത്തി; മേല്പറഞ്ഞ രൂപതാഭരണം ഏറെറടുക്കാനായി നേരിട്ട് പോകുവാനും നമ്മുടെ സാന്നിധ്യം കൊണ്ടു് *വിശുദ്ധ റോമാസഭയുടെ അനുസരണയിലേക്ക് അവരെ വിധേയരാക്കാൻ സാധിക്കുമോ എന്നു കാണുവാനും*, ബാബിലോണിയൻ പാത്രിയർക്കീസിന്റെ അനുസരണയിൻ കീഴിൽ അവരെ ഭരിച്ച നെസ്തോറിയൻ പാഷണ്ഡികളും ശീശ്മക്കാരുമായ മെത്രാന്മാർ നടപ്പാക്കുകയും അവരുടെ ഇടയിൽ വിതയ്ക്കുകയും ചെയ്ത തെററായ പ്രബോധനങ്ങളിൽനിന്നും പാഷണ്ഡതകളിൽനിന്നും അവരെ ശുദ്ധീകരിക്കുവാനും, ഈ പാഷണ്ഡതകൾ ഉള്ള പുസ്തകങ്ങൾ വരുത്തി തെററുകൾ തിരുത്തുവാനും, ദൈവം നമ്മെ അനുവദിക്കുന്നതനുസരിച്ച് നമ്മുടെ അജപാലകദൗത്യമനുസരിച്ചു്, അവരോടു് നേരിട്ടു് കാതോലികസത്യം പ്രസംഗിക്കുവാനും നാം വേണ്ട തയാറെടുപ്പു നടത്തി.

www.malankaralibrary.com

തദനുസരണം മേല്പറഞ്ഞ രൂപതയിൽ വന്ന് അവിടെയുള്ള പള്ളികൾ സന്ദർശിക്കാൻ തുടങ്ങി. എന്നാൽ ആത്മാക്കളുടെ നന്മയുടെ വലിയ ശത്രുവായ സാത്താൻ ആ അവസരം വലിയ കലഹവും നമ്മുടെ ഈ നല്ല ഉദ്ദേശ്യത്തിനെതിരായി വലിയ എതിർപ്പും ഇളക്കിവിട്ടതിനാൽ അനേകർ നമ്മിൽനിന്ന് വേർപെട്ടുപോകുകയും വി. റോമാസഭയ്ക്കെതിരായി ഒരു ശീശ്മ ഉടലെടുക്കുകയും ചെയ്തു. നാം നിരവധി അപകടങ്ങളിൽ കൂടിയും പ്രയാസങ്ങളിൽകൂടിയും കടന്നുപോയി. നമ്മുടെ പാപങ്ങളും ദുഷ്കർമ്മങ്ങളും പരിഗണിക്കാതെ, തന്റെ മഹാകരുണയിൽ ദൈവം അവയിൽ നിന്നെല്ലാം നമ്മെ വിടുവിച്ചു. ഈ ക്രിസ്തുമതത്തിന്റെ രക്ഷാധികാരിയും മഹനീയ ശ്ലീഹായുമായ മാർതോമായുടെ സുകൃതത്താലും, അതിലുപരിയായി പാപികളുടെ മരണത്തിൽ ഇഷ്ടപ്പെടാത്തവനും പാപി തിരിച്ചുവന്ന് ജീവിക്കാൻ ആഗ്രഹിക്കുന്നവനും ആയ ദൈവത്തിന്റെ വലിയ കരുണയാലും മനോഗുണത്താലും നമുക്കു പരിപൂർണ്ണ സമാധാനം നൽകുവാൻ ദൈവം തിരുവുള്ളമായി. എല്ലാവരും സത്യത്തിന്റെ പ്രകാശത്തിലേക്കുവന്ന് കത്തോലിക്കാവിശ്വാസം ഏററുപറയുന്നതിൽ നമ്മോടു ചേരണം; നമ്മുടെ പ്രബോധനവും സദുദ്ദേശവും അംഗീകരിച്ച് വിശുദ്ധ റോമാസഭയ്ക്ക് തങ്ങളെത്തന്നെ സമർപ്പിക്കണം; നാം ഇപ്രകാരം ഒക്കെ ചെയ്തിട്ട് ദൈവത്തിനു കൃതജ്ഞതാർപ്പണം നടത്തി. മേല്പറഞ്ഞ സൽഫലങ്ങളെല്ലാം ഉണ്ടാകുന്നതിനും വേണ്ടി മേല്പറഞ്ഞ രൂപതയുടെ മധ്യഭാഗത്ത് സൗകര്യപ്രദമായ സ്ഥലത്ത് ഒരു രൂപതാസിനഡ് കൂടുക അനുയോജ്യമാണെന്ന് നമുക്കു തോന്നി. ദൈവമഹത്ത്വത്തിനും വി. കത്തോലിക്കാ വിശ്വാസത്തിന്റെയും ദിവ്യാരാധനയുടെയും പുകഴ്ചയ്ക്കും, സഭയുടെ നന്മയ്ക്കും, തിന്മയുടെ നിർമ്മാർജ്ജനത്തിനും, മേല്പറഞ്ഞ രൂപതയിലെ ക്രിസ്ത്യാനികളുടെ നവീകരണത്തിനും, അവരുടെ ആത്മാക്കളുടെ നന്മയ്ക്കും സമാധാനത്തിനുമായി ആവശ്യമുള്ള എല്ലാ കാര്യങ്ങളും ചർച്ചചെയ്യാനായിരിക്കും ഇത്. അതിനായി ഉദയംപേരൂർ പള്ളിയും നഗരവും നാം തെരഞ്ഞെടുക്കുന്നു.

മേല്പറഞ്ഞ രൂപതയിലെ എല്ലാ നിവാസികളെയും ക്രിസ്ത്യാനികളെയും അറിയിക്കുന്നതെന്തെന്നാൽ: എല്ലാ ജീവിതാവസ്ഥയിലും ഉള്ള വൈദികസ്ഥാനികളെയും, അൽമായരെയും ഈ വർഷം (1599) ജൂൺ 20 ന് ഉയിർപ്പിനുശേഷം നാലാം ഞായറാഴ്ച മേല്പറഞ്ഞ ഉദയംപേരൂർ നഗരത്തിലേക്ക് ഒരു രൂപതാ സിനഡിനായി നാം വിളിച്ചുകൂട്ടുന്നു. പ്രായാധിക്യത്താലോ മററെന്തെങ്കിലും ന്യായമായ കാരണത്താലോ വരാൻ സാധിക്കാത്തവരൊഴിച്ച്, ഈ രൂപതയിലെ വന്ദ്യനായ ആർച്ചുഡീക്കനും മററെല്ലാ വൈദികരും വിശുദ്ധ കാനോനകൾ അനുസരിച്ച് നമ്മോടുകൂടി രൂപതാസിനഡുകൂടാനായി മേല്പറഞ്ഞ ഉദയംപേരൂർ നഗരത്തിൽ സന്നിഹിതരാകണമെന്ന് *ദിവ്യമായ*



*അനുസരണത്തിന്റെ അവകാശത്തോടും ലംഘനത്തിൽ മഹറോൻ ശിക്ഷ വിധിച്ചുകൊണ്ടും നാം ആജ്ഞാപിക്കുന്നു.* അതിപുരാതനപാരമ്പര്യം അനുസരിച്ചും, ഈ രൂപതയുടെ ആരംഭം മുതൽ ഇവിടെ നടപ്പാക്കപ്പെട്ട അവകാശം അനുസരിച്ചും, മലബാറിലെ എല്ലാ അക്രൈസ്തവ രാജാക്കന്മാരും അംഗീകരിച്ചതനുസരിച്ചും, സഭാഭരണം മുഴുവനും, ക്രിസ്ത്യാനികളെ സംബന്ധിക്കുന്ന ഏതു കാര്യത്തെക്കുറിച്ചുള്ള ചർച്ചകളും, സഭയ്ക്കും അവിടുത്തെ മെത്രാനും ഉള്ളതാണ്. *സഭയിൽ നിശ്ചയിക്കപ്പെടുന്ന എല്ലാ സംഗതികളുടെയും വിവരം ജനങ്ങളെ ബോധ്യപ്പെടുത്തുക എന്നത് ഇവിടുത്തെ പുരാതന പാരമ്പര്യമാകയാൽ*, ഇതെല്ലാവരും നന്നായി അനുവർത്തിക്കാൻ ഈ രൂപതയിലെ എല്ലാ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും എല്ലാ ക്രിസ്ത്യാനികളോടും *അതേ കല്പനയാലും മഹറോനാലും കല്പിക്കുന്നു.* ഗ്രാമങ്ങളില്ലാത്തിടമാണെങ്കിൽ, തങ്ങൾ സാധാരണ ഒന്നിച്ചുകൂടുന്ന തങ്ങളുടെ പള്ളിയിൽ, നമ്മുടെ ഹിതം അറിഞ്ഞാലുടൻ തന്നെ ഒന്നിച്ചുകൂടി തങ്ങളുടെ ഇടയിൽനിന്ന് ഏററം ബഹുമാന്യരും വിവേകമതികളും, അനുഭവജ്ഞാനമുള്ളവരുമായ നാലു പേരെ തെരഞ്ഞെടുത്ത് നിശ്ചയിക്കപ്പെട്ട സമയത്ത് മേല്പറഞ്ഞ സിനഡിൽ തങ്ങളുടെ പേരിൽ സന്നിഹിതരാകുന്നതിന് അയയ്ക്കേണ്ടതാകുന്നു. അംഗീകരിക്കുന്നതിനും, തങ്ങളുടെ നാമത്തിൽ ഒപ്പുവയ്ക്കുന്നതിനും, ഉറപ്പിക്കുന്നതിനും, ആലോചന നൽകുന്നതിനും ആവശ്യമായ അധികാരവും അവർക്കുണ്ടായിരിക്കണം. അങ്ങനെ സിനഡിൽ തീരുമാനിക്കപ്പെടുന്നവയോടു യോജിക്കാൻ അവർ സന്നദ്ധരായിരിക്കണം. തങ്ങളുടെ ജനത്തിന്റെ ആത്മീയവും ലൗകികവുമായ നന്മയ്ക്കുവേണ്ടി പ്രാധാന്യമുള്ളവയെന്ന് തങ്ങൾക്കു ബോധ്യമുള്ള സംഗതികളെല്ലാം ഇവർ സിനഡിൽ അറിയിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യണം. ഈ രൂപതയിലെ വൈദികസ്ഥാനികളും അൽമായരുമായ എല്ലാവർക്കും, മെത്രാനോ മററു ക്രിസ്ത്യാനികളോ തീരുമാനിക്കേണ്ട ഏതെങ്കിലും കാര്യത്തെപ്പററി എന്തെങ്കിലും പരാതിയോ ആവലാതിയോ തർക്കമോ ഉണ്ടെങ്കിൽ അത് സിനഡിൽ കൊണ്ടുവരാൻ നാം പരിപൂർണ്ണ സ്വാതന്ത്ര്യം നൽകുന്നു. അവിടെ അത് ക്ഷമാപൂർവ്വം കേട്ട് വിശുദ്ധ കാനോനാകളും പാരമ്പര്യങ്ങളും രാജ്യത്തെ നൈയാമിക നടപടിക്രമങ്ങളും അനുസരിച്ച് നീതി നടത്തിത്തരുന്നതാണ്.

വലിയ തർക്കവിഷയമായ പല കാര്യങ്ങളും ഈ രൂപതയിൽ ഉണ്ടെന്നു നമുക്ക് അറിവുകിട്ടിയിട്ടുണ്ട്. ക്രിസ്തുമതത്തിനു ചേരാത്ത മററെല്ലാ വഴികളും വിട്ടകന്ന് ഈ നീതിപൂർവകവും വിശുദ്ധവുമായ മാർഗ്ഗം ഉപയോഗിച്ച് തങ്ങളുടെ തർക്കങ്ങളെല്ലാം പറഞ്ഞു് അവസാനിപ്പിക്കാൻ നാം അനുവദിക്കുന്നു എന്നു മാത്രമല്ല അത്തരം എന്തെങ്കിലും കാര്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാവരെയും നാം ഉപദേശി

www.malankaralibrary.com

ക്കുകയും അവരോട്ട് കല്പിക്കുകയും ചെയ്യുന്നു. ഈ കാര്യങ്ങളെല്ലാം ശുഭപര്യവസായിയാകുവാൻ ദൈവത്തിന്റെ കൃപയും സഹായവും അത്യാവശ്യമാണ്. തന്നിൽ നിന്നാണല്ലോ എല്ലാ നല്ലകാര്യങ്ങളും വരുന്നത്. അങ്ങയെക്കൂടാതെ നമുക്ക് ഒന്നും ചെയ്യാനും സാധ്യമല്ലല്ലോ. അതുകൊണ്ട് വിശുദ്ധ പിതാക്കന്മാരുടെയും പുരാതന സൂനഹദോസുകളുടെയും സ്തുത്യർഹമായ മാതൃക പിൻചെന്നുകൊണ്ട്, ദൈവിക കാരുണ്യം, പ്രാർത്ഥനവഴി നമ്മോട്ട് അനുഭാവം ഉണ്ടാകുവാനായി, ഈ രൂപതയിലെ എല്ലാ വിശ്വസ്തരായ ക്രിസ്ത്യാനികളും ഇപ്പോഴം മുതൽ സിനഡു തീരുന്നതുവരെ ശുദ്ധവും നിർമ്മലവുമായ ഹൃദയത്തോടു കൂടെ ഉപവാസത്തിലും ദാനധർമ്മത്തിലും പ്രാർത്ഥനയിലും മററു ഭക്തകർമ്മങ്ങളിലും ഏർപ്പെട്ട്, ശരിയായിട്ടുള്ളതു മാത്രം നാം തീരുമാനിക്കാനും തീരുമാനിക്കുന്നവയോട്ട് യോജിക്കാനും അതു നടപ്പാക്കാനും വേണ്ടി ഒന്നിച്ചു കൂടുന്ന എല്ലാവരുടെയും മനസ്സിനെ പ്രകാശിപ്പിക്കുന്നതിനും ദൈവസ്നേഹത്താൽ നമ്മുടെ ഇച്ഛയെ ജ്വലിപ്പിക്കുന്നതിനും, നിരന്തരമായി ദൈവത്തോടപേക്ഷിക്കണം എന്ന് നാം ഉപദേശിക്കുകയും ദൈവനാമത്തിൽ താല്പര്യപൂർവം അപേക്ഷിക്കുകയും ചെയ്യുന്നു. ഈ സിനഡ് ആരംഭിച്ച് സമാധാനത്തിലും പൊതുവായ ഹൃദയൈക്യത്തിലും മുന്നോട്ട് കൊണ്ടുപോകുന്നതിനും നമ്മുടെ ദൈവമായ കർത്താവിന്റെ എന്നേക്കുമുള്ള മഹത്വത്തിനും ബഹുമാനത്തിനും സ്തുതിക്കുമായി അവസാനിപ്പിക്കുന്നതിനും ഇടയാകുന്നതിനായി, പ്രത്യേകമാം വിധം ആരുടെ സ്തുതിപ്പും ബഹുമാനവും നാം ചർച്ചാവിഷയമാക്കുന്നുവോ ആ അതിപരിശുദ്ധയായ കന്യകാമറിയത്തെയും, ഈ സഭയുടെ കാവൽക്കാരനും മധ്യസ്ഥനും ഗുരുവും മഹനീയനുമായ മാർതോമാശ്ലീഹായേയും, സ്വർഗ്ഗത്തിലുള്ള എല്ലാ വിശുദ്ധരെയും നമ്മുടെ മധ്യസ്ഥരായി നാം തെരഞ്ഞെടുക്കുന്നു.

ഈ രൂപതാ സിനഡിന്റെ പരസ്യപ്പെടുത്തൽ ബന്ധപ്പെട്ട എല്ലാവരും അറിയേണ്ടതിനായി വികാരിമാർക്ക് ഇതു ലഭിച്ചുകഴിഞ്ഞാൽ അടുത്തുവരുന്ന ഞായറാഴ്ച, ഈ രൂപതയിലെ എല്ലാ പള്ളികളിലും ജനങ്ങളെ ഇത് വായിച്ചു കേൾപ്പിക്കണം എന്നും അതിനുശേഷം പള്ളിയുടെ വാതിലിൽ ഒട്ടിച്ചു വയ്ക്കണം എന്നും നാം ആഗ്രഹിക്കുകയും കല്പിക്കുകയും ചെയ്യുന്നു. ചേന്നോട്ടു[127] നിന്ന് 1599-ാം വർഷം മെയ് 14. നമ്മുടെ മുദ്രയും നമ്മുടെ ചാൻസറിയുടെ മുദ്രയും വച്ച്. അതിശ്രേഷ്ഠനായ ആർച്ചുബിഷപ്പ് - പ്രൈമേററിന്റെ സെക്രട്ടറി അൻദ്രേ ചെർക്വെയ്‌രാ എഴുതിയത്.

ഫ്രെയ് അലെയ്സ്ലോ ആർചെബിസ്പോ പ്രീമാസ്. [128]

---

127. ചേന്നമംഗലം

128. M. Geddes, *The History of the Church of Malabar*, London, 1694, p. 89-96; *Bullarium Patronatus Portugalliae, Appendix*-I. Lisbon, 1872, p. 151, 153, 155.